032 : j M84
F1

84 F1.2
RAN NAM-
ra-
MUL
066852

DOCTRINA VIM PROMOVET INSITAM

Madras University Library.

Date Label.

Ac. No. 66852 Cl. No. 032:j M84 F1

This book should be returned on or before the date last marked below.

24 OCT 1960

# വിദ്യാപോഷിണി
# ഗ്രന്ഥാവലി

രണ്ടാം പുസ്തകം.

---

ബ്രഹ്മശ്രീ
പുന്നശ്ശേരിനമ്പി ശ്രീനീലകണ്ഠഗുരു
ഷഷ്ടിപൂർത്തിസ്മാരകം.

---

൧൦൯൯ മിഥുനം ൨[illegible]ാം

UNIVERSITY LIBRARY
8 MAR 1932
MADRAS

---

പ്രസാധകൻ:
ചെമ്പൊഴെ പരമേശ്വരൻ നമ്പീശൻ.

---

൧൦൯൯

---

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

---

വില 1 ക.

---

ഈ പുസ്തകത്തിന്റെ പുനഃപ്രകടനാധികാരം പട്ടാമ്പി സാരസ്വതോദ്യോതിനീസംസ്കൃതമഹാപാഠശാലയിലെ വിദ്യാർത്ഥിസംഘത്തിനുള്ളതാകുന്നു.

66852
032:j M84
F1



ബ്രഹ്മശ്രീ

പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകൾ.

(Maugalodayam Press. Trichur)

UNIVERSITY LIBRARY 3 MAR 1932 MADRAS

# आचार्यसन्देशः ।

---

आयुष्मन्तः सुशिष्या, निजनिजविहितस्मार्तकर्माणि मुक्त्वा,
कर्मस्वन्येषु नैव प्रकुरुत सुरुचिं; तेषु चोरीकुरुध्वम् ।
'कः कालः कानिमित्रे'ति वचनविहितं सर्वदा चिन्तनीयं;
पूर्वाचारानदोषान् न च परिहरत प्रीतिपूर्वाभिरक्ष्यान् ॥

विद्यावत्त्वं विनीतिं यदि न जनयति व्यर्थमेवा,न्यथैवा
शास्यं तत् किञ्च; शत्रून् निजहृदयगतान् षड्जतैनेन शश्वत् ।
बाह्यान् शत्रून् विजेतुं न हि पुनरनघा! यत्नलेशो भवेद्वः,
सारस्सर्वागमानामयमतिमहितः पूज्यतां साधु बुध्वा ॥

नानारूपोपि लोकः सततकृतमिथःप्रीतियोगाद्विधत्ते
नित्यं लब्धप्रतिष्ठः, प्रतिपदविलसत्सम्पदामोदभारम् ।
चित्रं शक्तिस्तु सैका निजमतिवशगं तं स्वयं संविधत्ते;
पात्यत्तीति प्रगल्भं वदति विधिवचस्सारसर्वस्वभूमा ॥

सत्कर्मोत्साहभाजो भवत च सततं, प्रीतिपूर्वं प्रयत्ने
शक्त्यात्ते नो फलं स्याद्यदि विधिविहिते तत्र कार्यो न तापः ।
एवं चित्तेतिशुद्धे नियतमिह फलं सेत्स्यतीति प्रमाणैः
सिध्यत्येतच्चतुर्भि,र्वितरतु सुमतिं वः सदेहापुराम्बा ॥

१०९९ सिंह १७
१—९—१९२४,
पट्टाम्पि.

पुन्नश्शेरि नम्पि नीलकण्ठशर्मा,
सहृदयसमुदायविधेयः.

# മുഖവുര.

"വിദ്യാപോഷിണി ഗ്രന്ഥാവലി"യുടെ 2-ാം പുസ്തകം പ്രസിദ്ധംചെയ്യേണ്ട ഭാരം എന്നിൽ വന്നുചേൎന്നപ്പോൾ ആകപ്പാടെ എന്താണു വേണ്ടതെന്നുള്ള വിചാരം എന്നെ കലശലായി ബാധിക്കാതിരുന്നില്ല. എന്നാൽ, ഉദാരഹൃദയന്മാരും കേരളസാഹിത്യലോകത്തിൽ കേളികേട്ടവരുമായ പല മഹാന്മാരുടേയും സാഹായ്യവും, സ്നേഹാൎദ്രഹൃദയന്മാരായ സതീൎത്ഥ്യസഹൃദയന്മാരുടെ ഹൃദയംഗമമായ സഹകരണവും നിമിത്തംഎന്റെ ഭാരം വലിയ വൈകല്യമൊന്നും കൂടാതെ ഒരുവിധം നിൎവ്വഹിച്ച് പ്രസ്തുതഗ്രന്ഥാവലിയുടെ ദ്വിതീയപുസ്തകത്തെ ഇതാ, സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ പുസ്തകത്തെപ്പററി രണ്ടു വാക്കു പറവാനുള്ളതു ഇവിടെ പ്രസ്താവിക്കുന്നതായാൽ ഉചിതമായിരിക്കുമെന്നു തോന്നുന്നു. ഇതിൽ ചേൎത്തിട്ടുള്ള ഉപന്യാസങ്ങളിൽ അവലംബിച്ചിട്ടുള്ള ആനുപൂൎവ്വി സ്വയംകൃതമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഗദ്യപ്രബന്ധങ്ങളിൽ കുറേനേരം വ്യാപരിച്ചു വായനക്കാരുടെ ബുദ്ധി ആയാസപ്പെടുമ്പോൾ അതിന്ന് അല്പമൊരു വിശ്രമം നല്കുവാൻ ചെറിയ പദ്യപ്രബന്ധങ്ങൾ ഉപകരിക്കുമെന്നുള്ള വിചാരത്താൽ ഗദ്യവും പദ്യവും ഇടവിട്ടിടവിട്ടു ചേൎക്കുന്നതിൽ മനസ്സിരുത്തിയിട്ടുണ്ട്. ഈ ശ്രമം ഒട്ടുമുക്കാലും ഫലിച്ചിട്ടുമുണ്ട്. പ്രബന്ധങ്ങളുടെ വിഷയഗൌരവം നോക്കിയാണ് അവയ്ക്കു 'മുൻപും കയ്യും' കൊടുത്തിട്ടുള്ളതെന്നു വായനക്കാൎക്കു തന്നെ ഗ്രഹിക്കാവുന്നതാണ്. എന്നാൽ, "പ്രാചീനഭാരതത്തിലെ സാമുദായികജീവിതം" "നാടകസാഹിത്യം" എന്നീ രണ്ടുപന്യാസങ്ങൾ

കുറെ ഒടുവിൽ പെടുവാനുള്ള കാരണം, അവ കിട്ടുവാനുണ്ടായ താമസമാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

“പുന്നശ്ശേരി ശ്രീ നീലകണ്ഠാചാര്യ”ന്റെ ഷഷ്ടിപൂർത്തിസ്മാരകമായി പ്രതിവർഷം പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥാവലി, ആ ദേശികാഗ്രേസരന്റെ ജീവിതോദ്ദേശമായ പ്രാചീനസംസ്കൃതവിജ്ഞാനത്തെ കഴിയുന്നത്ര വെളിപ്പെടുത്തുവാൻ ഉപകരിക്കേണമെന്ന് ഞങ്ങൾക്കു വളരെ ആഗ്രഹമുണ്ട്. നവീനപരിഷ്കൃതലോകത്തിലെ നാനാമുഖങ്ങളായ വിജ്ഞാനങ്ങളെ, പ്രാചീനസംസ്കൃതലോകത്തിൽ നിന്നു മാത്രം കിട്ടാവുന്ന ജ്ഞാനവിജ്ഞാനങ്ങളെക്കൊണ്ടു ശാണാഘർഷണം ചെയ്തു തെളിയിച്ചു കാട്ടുന്നതിൽ “വിദ്യാപോഷിണി” ഉപകരിക്കേണമെന്നാണു ഞങ്ങളുടെ ഉദ്ദേശം. ഈ ഉദ്ദേശം തൃപ്തികരമായ വിധത്തിൽ നിർവ്വഹിച്ചിട്ടുണ്ടെന്നു ലേശംപോലും അഭിമാനിക്കുന്നില്ല. എന്നാൽ, ആ ഉദ്ദേശത്തെ ലക്ഷ്യമാക്കിക്കൊണ്ട് രണ്ടടിയെങ്കിലും മുന്നോട്ടു നടക്കുവാൻ സാധിച്ചിട്ടുണ്ടെന്ന ചാരിതാർത്ഥ്യം ഇല്ലായ്കയുമില്ല.

ഉള്ളൂർ, വള്ളത്തോൾ, കുണ്ടൂർ മുതലായ കവിവരന്മാരുടേയും, എം. ആർ. മാധവവാരിയർ, ചേലനാട്ട് അച്യുതമേനോൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, പുത്തേഴത്തു രാമമേനോൻ മുതലായ സാഹിത്യരസികന്മാരുടേയും സന്ദർഭോചിതമായ സഹകരണം സിദ്ധിക്കകയാലാണു ‘വിദ്യാപോഷിണി’ക്കു ക്രമോന്മുഖമായ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിൽ അതുണ്ടാക്കുവാൻ സാധിച്ചിട്ടുള്ളത്. ഇവരുടെ സാഹായ്യത്തിനു കൃതജ്ഞത പറയുന്നതോടുകൂടി, ഈ മഹാന്മാരുടേയും ഇതുപോലെയുള്ള മറ്റു സാഹിത്യരസികന്മാരുടേയും സഹകരണം സാനുബന്ധമായിരിക്കുന്നതായാൽ, വിദൂരമല്ലാത്ത ഭാവിയിൽ ‘വിദ്യാപോഷിണി’ അതിന്റെ നാമധേയത്തെ അന്വർത്ഥമാക്കിച്ചെയ്യുമെന്ന് സവിനയം പ്രസ്താവിക്കുകയും ചെയ്തുകൊള്ളുന്നു.

ഉപന്യാസങ്ങൾ ഉദ്ദിഷ്ടസമയത്തേക്ക കിട്ടാതിരുന്നതു കൊണ്ടാണ് ഈ രണ്ടാം പുസ്തകവും കഴിഞ്ഞകൊല്ലത്തേപ്പോലെ ഗുരുപാദരുടെ ജന്മനക്ഷത്രദിവസം പ്രസിദ്ധം ചെയ്യാൻ സാധിക്കാതെ വന്നത്. എന്നാൽ, ഇക്കൊല്ലവും 'വിദ്യാപോഷിണി' സഭയുടെ വാർഷികയോഗത്തിന്ന തക്കവണ്ണം ഇതു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതിൽ കുറച്ചൊരു സമാധാനവുമുണ്ട്. ഈ പ്രസിദ്ധീകരണത്തിന്ന് ത്രിവിധകരണങ്ങളേക്കൊണ്ടും സഹായിച്ചിട്ടുള്ള ശ്രീമാൻ, സി. എസ്സ്. നായരവർകൾക്ക, ഇതിൻെറ പ്രസാധകൻെറ നിലയിൽ, എനിക്കുള്ള കൃതജ്ഞതയെക്കൂടി പ്രകാശിപ്പിക്കാതെ ഈ മുഖവുര പൂൎണ്ണമാകുന്നതല്ല.

സംസ്കൃതകോളേജ്,<br>പെരുമുഢിയൂർ.<br>24—9—24.

എന്ന്,<br>സി. പരമേശ്വരനമ്പീശ്ശൻ,<br>പ്രസാധകൻ.

———:o:———

# വിഷയവിവരം.


1. മംഗളം
2. ഒരു പുണ്യപുരുഷൻ 1
കവിതിലകൻ, ഉള്ളൂർ. എസ്സ്. പരമേശ്വരയ്യർ, എം. എ, ബി. എൽ., എം. ആർ. എ. എസ്സ്.
3. കാളിദാസനും സംഗീതകലയും 3
വിദ്വാൻ, കെ. സി. മാധവമേനോൻ.
4. ഗുരുദക്ഷിണ 19
വള്ളത്തോൾ.
5. പണ്ഡിതമദനമോഹനമാളവ്യജി 22
വിദ്വാൻ, സി. എസ്. നായർ.
6. ശങ്കരാചാര്യരും ചണ്ഡാലനും 44
കവിതിലകൻ, കുണ്ടൂർ നാരായണമേനോൻ, ബി. എ.
7. രാജ്യമീമാംസാപാഠം 46
എം. ആർ. മാധവ വാരിയർ, ബി. എ; എൽ. എൽ. ബി.
8. അന്തിയാകുമ്പോൾ 59
വള്ളത്തോൾ ഗോപാലമേനോൻ.
9. "ഒരു കൂടിക്കാഴ്ച" 62
ചേലനാട്ട് അച്യുത മേനോൻ, ബി. എ
10. ഒരു സ്മരണ 72
പണ്ഡിതർ, ജി. ശങ്കരക്കുറുപ്പ്.
11. സപ്തർഷികൾ 74
കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, ബി. എ., ബി. എൽ.
12. പരോപകാരം 81
കെ. കെ. രാജാ.
13. സമുദായപരിഷ്കാരം 82
ടി. വി. രയരപ്പക്കുറുപ്പ് ബി. എ., എൽ. ടി.
14. "മർത്ത്യനുമർത്ത്യനെന്തൊന്നുചെയ്വൂ" 85
വിദ്വാൻ, കണ്ണമ്പുഴ കൃഷ്ണവാരിയർ.
15. ശ്രീപാദസപ്തതി 88
കെ. വി. എം.
16. ഒരു കണ്ണുകാണാത്ത കുട്ടി 102
ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ. (തിരുവേഗപ്പുറ)
17. പ്രാചീനഭാരതത്തിലെ സാമുദായികജീവിതം 103
പുത്തേഴത്ത് രാമമേനോൻ, ബി. എ, ബി. എൽ.
18. നാടകസാഹിത്യം 113
സി. ശങ്കുണ്ണിനായർ.
19. പ്രേമരോമാഞ്ചം 133
രാമുണ്ണി.
20. കോമപ്പൻ 135
കുറുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ.

# വിദ്യാപോഷിണി

## ഗ്രന്ഥാവലി.

മംഗളം.

ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു-
ർഗുരുർദ്ദേവോ മഹേശ്വരഃ,
ഗുരുരേവ ജഗത്സർവ്വം
തസ്മൈ ശ്രീഗുരവേ നമഃ

---

# ഒരു പുണ്യപുരുഷൻ.

---

മോഹമാംതമിസ്രത്തിൻ മൂലച്ഛേദലീലസ്ഥനായ്
ദേഹബന്ധംകൈക്കൊണ്ട ദിവ്യജ്യോതിസ്സൊന്നിനാൽ
"ഈഹാംബാപുരം" പൂതമെന്നതാംവാർത്താലാഭ-
മാഹാഭാഗ്യമേശാത്ത മർത്ത്യകർണ്ണമെങ്ങുള്ളൂ!
ആ "പൂന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ"വെ-
ന്നേപ്പെട്ടതാകും ദ്വാദശാക്ഷരം മഹാമന്ത്രം
ഏതുജിഹ്വാഗ്രത്താൽത്താൻജപ്യമായിടുന്നതി;-
ല്ലേതുഹൃൽകോശത്തെത്താൻ വ്യാകോചമാക്കുന്നില!
ശ്രേഷ്ഠഭാരതാദർശപൂരുഷാഗ്രേസരൻ;
നൈഷ്ഠികബ്രഹ്മചാരി; നാനാശാസ്ത്രമർമ്മജ്ഞൻ;-
വാക്കാലുംവരിഷ്ഠമാം കർമ്മവൃത്തത്താലുമി-
നാഗ്ഗാംഗേയനോടൊക്കുമാര്യനാമീയാചാര്യൻ:

ഏതനാദിയാം ത്രയീദേവിയാൾക്കണിപ്പൊൻപ-
ട്ടേറ്റു വാല്മീകിവ്യാസപ്പൈങ്കുയിൽത്തേന്മാമരം;
ആ മഹം, "ദേവവാണി"; യമ്മേ! ഭാരതോർവ്വി! നി-
ന്നോമനക്കീർത്തിക്കതിർക്കററയ്ക്കൊരൊററത്തിങ്കൾ;
മൃത്യുപാശത്തിങ്കൽ നിന്നാമൃകണ്ഡ്വപത്യത്തെ-
ക്കാത്തതീ നീലകണ്ഠൻ, ഭൂതിഭൂഷൻ, സർവ്വജ്ഞൻ.
പേർത്തും തദ്യശോഹർമ്മ്യസ്തൂപിയായ്ശോഭിപ്പീലേ
പ്രത്യഗ്ര "നാളന്ദ"യാം പട്ടാമ്പി വിദ്യാലയം?
ആപ്പുണ്യവാസുദേവതാക്ഷേത്രനൈവേദ്യാമൃത-
മാബ്രഹ്മമാപഞ്ചമമാസ്വാദ്യമഖിലർക്കും!
ആനമിക്കർമ്മയോഗിയങ്ങിരുന്നനുഷ്ഠിക്കും
ജ്ഞാനവിശ്വജിദ്യാഗം നമ്മൾക്കെന്തഭീഷ്ടദം!
ചിത്സാരൂപ്യമാർന്നോരെത്തീണ്ടുമോ ഭേദധ്വാന്തം?
ഇസ്സാന്ദീപനിക്കൊപ്പം കൃഷ്ണനും കുചേലനും!
എപ്പോളാരേതുമട്ടിലെന്തിൽപ്രശ്നം ചെയ്താലു-
മിപ്പിപ്പലാദോത്തരം സർവ്വസംശയച്ഛേദി.
ശങ്കരാചാര്യസ്വാമിക്കിപ്പുറം ഛാത്രസ്വത്തിൽ
വങ്കുബേരത്വംവാച്ചകേരളീയനാരന്യൻ?
അമ്പിലീയാദിശേഷൻ തൻ പ്രസംഗമാകുന്ന
വിൺപുഴത്തൂവെൺതിരത്തള്ളലിൽക്കളിക്കാഞ്ഞാൽ
ധൂർത്തല്പസൌദര്യരേ! നിങ്ങൾക്കുദൈവം നല്കും
ശ്രോത്രശഷ്കുലീവഞ്ചിശ്ശൂലമേ ശൂന്യാൽശൂന്യം.!
ആബ്ഭസ്മത്രിപുണ്ഡ്രാങ്കമാർന്നതാം നെററിത്തട;-
മാപ്രത്യഗാത്മധ്യാനസ്മേരമാം വക്ത്രാംബുജം;
ആ രുദ്രാക്ഷകണ്ഠിയാൽ ശോഭിക്കും ഗളാന്തര;-
മാരും കൈയെടുത്തുപോമാര്യമാമാവിഗ്രഹം;
ഓരോന്നുമോർക്കുന്നു ഞാ,നോക്കുംതോറുംമായുന്നു
വേരോടെൻമനംവിട്ടുപങ്കവും ചാഞ്ചല്യവും;
വെന്നാലും സുകർമ്മാവേ! നീലകണ്ഠശർമ്മാവേ!
വെന്നാലും ദേവഭാഷാസൌധവിശ്വകർമ്മാവേ!
വെന്നാലും ചിന്താമണിപുണ്യജന്മദാതാവേ!
വെന്നാലും സനാതനധർമ്മൈകസന്ത്രാതാവേ!!

കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്സ്.

## കാളിദാസനും

# സംഗീതകലയും.

---

സംഗീതവും സാഹിത്യവും സമാനയോഗക്ഷേമങ്ങളായ രണ്ടു ലളിതകലകളാണെന്നു സർവ്വസമ്പ്രതിപന്നമായ സംഗതിയാണെങ്കിലും, ഇതുകളുടെ സമ്മേളനത്തെസ്സംബന്ധിച്ച് ചിലരുടെ ഇടയിൽ ഒരു വിപരീതാഭിപ്രായം വ്യാപിച്ചിട്ടുള്ളതായിക്കാണുന്നുണ്ട്. സംഗീതകലാനിപുണൻ സാഹിത്യവിദ്യയിൽ സരസനായിത്തീരുന്നതല്ലെന്നും, സാഹിത്യകലാവിദഗ്ദ്ധൻ സംഗീതവിദ്യയിൽ രസികനായിരിക്കുന്നതല്ലെന്നും ആണ് ഈ അഭിപ്രായം. സാഹിത്യം ശബ്ദനിഷ്ഠമായ അർത്ഥത്തിന്റെ മാധുരിയെ ആശ്രയിച്ചാണിരിക്കുന്നതെങ്കിൽ, സംഗീതം താളലയാദിരൂപമായ അർത്ഥത്താൽ അറിയപ്പെടുന്ന ശബ്ദത്തിന്റെ മധുരിമയെ അവലംബിച്ചിട്ടാണ് സ്ഥിതിചെയ്യുന്നത്. സാഹിത്യത്തിന്റെ ബീജം ശബ്ദസഹചരിതമായ അർത്ഥത്തിലും സംഗീതബീജം അർത്ഥസഹചാരിയായ ശബ്ദത്തിലും കിടക്കുന്നു. ഗദ്യപദ്യങ്ങൾ സാഹിത്യകലയുടെ ബാഹ്യങ്ങളായ അംഗങ്ങളാകുന്നു. പദ്യനിഷ്ഠങ്ങളായ യതികൾ സംഗീതത്തിന്നുള്ള ഉപകരണമാണെന്നുള്ള സംഗതി സൂക്ഷ്മപരിശോധനയിൽ സകലർക്കും അറിയാവുന്നതാണ്. എന്നാൽ ആ തത്വം മനസ്സിലാക്കാതെ ചില കവികൾ, നിരങ്കുശമായി യതിഭംഗം വരുത്തി, പദ്യങ്ങളുടെ സംഗീതഭംഗിയെ നിഃശ്ശേഷം നശിപ്പിച്ചുവിടാറുണ്ട്. യതിഭംഗമുള്ള പദ്യങ്ങൾ ചൊല്ലുമ്പോൾ, യതിസ്ഥാനത്തുള്ള പദങ്ങളുടെ കഴുത്ത് പിടിച്ചൊടിയ്ക്കാതെ ചൊല്ലിക്കൊണ്ടുപോകുവാൻ സാധിക്കുന്നതല്ലെന്ന് അനുഭവംകൊണ്ടറിഞ്ഞിട്ടുള്ളവരെ പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യമില്ല. സംഗീതത്തിലും സാഹിത്യത്തിലും ഒരുപോലെ പാണ്ഡിത്യം

സമ്പാദിച്ചിട്ടുള്ള കവികളുടെ കൃതികളിൽ, പദങ്ങളുടെ കണ്ഡച്ഛേദം വളരെ വളരെ വിരളമായിട്ടേ ഉണ്ടായിരിക്കുകയുള്ളു.

നാദബ്രഹ്മത്തിൽ നിന്നാകുന്നു സംഗീതസാഹിത്യങ്ങളുടെ ഉത്ഭവം. ശബ്ദം ധ്വനിരൂപമായും വർണ്ണാത്മകമായും രണ്ടു തരത്തിലുണ്ടല്ലൊ. ഇതിൽ ധ്വനി സംഗീതത്തിന്റെയും വർണ്ണം സാഹിത്യത്തിന്റെയും മൂലമാകുന്നു. നൃത്തഗീതവാദ്യങ്ങൾ മൂന്നും ചേർന്നാലാണ് അതു സംഗീതമായിത്തീരുന്നത്. എന്നാൽ ഈ നൃത്തഗീതവാദിത്രങ്ങളുടെ ചമൽക്കാരം പ്രധാനമായി സംഗീതപ്രയോഗത്താലുണ്ടാകുന്ന നാദവിശേഷത്തെ ആശ്രയിച്ചാണിരിക്കുന്നത്. സാഹിത്യം അങ്ങിനെയല്ല; അതു വർണ്ണസംഘടിതങ്ങളായ പദസമുദായങ്ങളുടെ—അർത്ഥപൌഷ്കല്യത്തോടുകൂടിയ സരസവാക്യങ്ങളുടെ—വിനിവേശനവൈചിത്ര്യത്തിലാണ് സ്ഥിതിചെയ്യുന്നത്. ആകയാൽ, കേവലശബ്ദം സംഗീതബീജവും അർത്ഥവത്തുകളായ സുബന്താദിശബ്ദങ്ങൾ സാഹിത്യബീജവുമാണെന്നു സിദ്ധമാകുന്നുണ്ട്.

മഹാകവിയായ കാളിദാസന്റെ പ്രബന്ധരത്നങ്ങൾ സാഹിത്യകലകൊണ്ട് സർവ്വഥാ ഭൂഷിതങ്ങളായിട്ടുള്ളവയാണെന്നു സഹൃദയന്മാർ സമ്മതിച്ചുകഴിഞ്ഞിട്ടുള്ളതിനാൽ അതിനെപ്പററി ഇവിടെ വിചിന്തനംചെയ്യേണ്ടുന്ന ആവശ്യം നേരിട്ടിട്ടില്ല. എന്നാൽ ആ കവിസമ്രാട്ടിന്റെ സംഗീതനൈപുണിയെപ്പററി അധികമാളുകളും ആലോചനംചെയ്തിട്ടുണ്ടായിരിക്കയില്ല. സാഹിത്യകലയിലെന്നപോലെ, സംഗീതകലയിലും അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഒരു മഹാനാണ് കാളിദാസനെന്നു പല കാരണങ്ങളെക്കൊണ്ടും തെളിയുന്നുണ്ട്. ദൃശ്യശ്രവ്യഭേദേന കാവ്യങ്ങളെ രണ്ടായി ഭാഗിച്ചിട്ടുള്ളതിൽ ദൃശ്യകാവ്യം സംഗീതാനുയായിയും, ശ്രവ്യകാവ്യം സാഹിത്യാനുഗാമിയുമാകുന്നു. കാ

ളിദാസൻെറ ശ്രവ്യത്രയത്തിൽ സാഹിത്യഗുണം പ്രധാനമായി നില്ക്കുന്നു; ദൃശ്യത്രയത്തിലാകട്ടെ, സംഗീതഭംഗിയും സാഹിത്യഗുണവും ഒരുപോലെ പ്രാധാന്യത്തെ അർഹിക്കുന്നുണ്ട്. ശാകുന്തളത്തിൽ, സൂത്രധാരൻ "കതമം പ്രയോഗമനുസൃത്യൈനമാരാധയാമഃ" എന്നു നടിയോടു ചോദിച്ചതിന്നു നടി മറുവടി പറയുന്നതു "നവേന നാടകേനോപസ്ഥാതവ്യം" എന്നാണല്ലൊ. ഇതിൽ "പ്രയോഗം" എന്നതിന്നു നാട്യമെന്നൎത്ഥമാകുന്നു. സംഗീതം നാട്യത്തിൻെറ ഒരംഗമാണ്.

"നൃത്തം ഗീതം ച വാദ്യം ച ത്രയം സംഗീതമുച്യതേ" നൃത്തവും ഗീതവും വാദ്യവും കൂടിയതിന്നു സംഗീതമെന്നു പറയുന്നു. ഒരു നാട്യകാവ്യമായ നാടകത്തിൽ ഇവ മൂന്നും ഒഴിച്ചുകൂടാത്തതുമാകുന്നു. അതുകൊണ്ടു സംഗീതത്തിൽ നല്ല പാണ്ഡിത്യം സിദ്ധിക്കാത്ത ഒരു കവി നാടകനിൎമ്മാണത്തിന്ന് അശക്തനാണെന്നും, അഭിനയചതുരങ്ങളായ ശാകുന്തളാദി നാടകങ്ങളുടെ കൎത്താവായ കാളിദാസമഹാകവി ഒരു യഥാൎത്ഥസംഗീതരസികനാണെന്നും തീൎത്തു പറയാവുന്നതാണ്. ശാകുന്തളനാടകമെന്നപോലെ അഭിനയയോഗ്യമായ മറെറാരു സംസ്കൃതനാടകം ഉണ്ടായിട്ടില്ലെന്നു പ്രായേണ എല്ലാവരും സമ്മതിക്കുന്നുണ്ട്. നാടകാഭിനയം സുസാധമായ ഒന്നല്ലാത്തതിനാലും, സംഗീതസാഹിത്യകലകളെ കൂട്ടിയിണക്കി ഒരു നല്ല നാടകം നിൎമ്മിക്കുന്നതു കൃച്ഛ്രസാദ്ധ്യമാകയാലും, അപ്രകാരമുള്ള ഒരു നാടകം ഉണ്ടാക്കുന്ന ഒരു കവിക്കു സംഗീതസാഹിത്യകലകളിൽ സമപ്രധാനവും അദ്വിതീയവുമായ പാണ്ഡിത്യം അവശ്യം ആവശ്യകമാകയാലും ഇത്രയും മഹത്തരമായ ഒരു നാടകരത്നത്തിൻെറ പ്രണേതാവായ കാളിദാസൻ, സാഹിത്യകാരന്മാരുടെ ഇടയിലെന്നപോലെ സംഗീതകാരസദസ്സിലും കനിഷ്ഠികാധിഷ്ഠിതനാണെന്നുള്ളതു നിൎവ്വിവാദമത്രെ.

"തൌ സന്ധിഷു വ്യഞ്ജിതവൃത്തിഭേദം
രസാന്തരേഷു പ്രതിബദ്ധരാഗം
അപശ്യതാമപ്സരസാം മുഹൂർത്തം
പ്രയോഗമാദ്യം ലളിതാംഗഹാരം."

(കുമാരസംഭവം)

പാണിഗ്രഹണാനന്തരം പാവ്വതീപരമേശ്വരന്മാർ മുഖം പ്രതിമുഖം മുതലായ നാടകസന്ധികളിൽ കൈശികി, ആരഭടി മുതലായ വൃത്തികളെ പ്രകാശിപ്പിക്കുന്നതും ശൃംഗാരാദിരസങ്ങളിൽ മതരി, ഗുർജ്ജരി മുതലായ രാഗങ്ങളോടു കൂടിയതും, മനോഹരാംഗവിക്ഷേപസഹിതവുമായ അപ്സരസ്സുകളുടെ നാട്യത്തെ—നാടകത്തെ—അല്പനേരം ദശിച്ചു. സംഗീതത്തിന്റെ പ്രധാനതത്വങ്ങളെല്ലാം ഈ ഒരു പദ്യംകൊണ്ടു സംഗ്രഹിച്ചിട്ടുണ്ട്. കൈശികി, ആരഭടി, സാത്വതി, ഭാരതി എന്നിങ്ങിനെ നാലുവൃത്തികളാണ് നാടകങ്ങളിൽ ആശ്രയിക്കേണ്ടത് എന്നായി ഭരതശാസ്ത്രത്തിൽ സിദ്ധാന്തിച്ചിരിക്കുന്നു. ഈ സിദ്ധാന്തത്തെ 'വ്യഞ്ജിതവൃത്തിഭേദം' എന്ന പദംകൊണ്ടു കാളിദാസൻ കാണിച്ചതന്നിരിക്കുന്നു. ഭരതമുനി പണ്ട് ബ്രഹ്മസകാശത്തിങ്കൽനിന്നു താണ്ഡവത്തെ അഭ്യസിച്ചതിന്നു ശേഷം ലാസ്യപ്രയോഗത്തെ ഉപദേശിച്ചുതരുവാൻ ബ്രഹ്മാവിനോടപേക്ഷിച്ച സമയത്ത്, ലാസ്യം പുരുഷന്മാക്ക് പ്രയോഗസാദ്ധ്യമല്ല എന്നും അതു സ്ത്രീജനങ്ങൾക്കു മാത്രമേ പ്രയോഗിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ബ്രഹ്മാവ് മറുവടിപറകയും, ലാസ്യപ്രയോഗത്തിന്നായി അപ്സരോഗണത്തെ സൃഷ്ടിച്ച് ലാസ്യത്തെ അവക്കുപദേശിക്കുകയും ചെയ്തുവെന്നു ഭരതശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ സംഗീതരഹസ്യമായ ലാസ്യം അപ്സരസ്സുകളാൽ ഉപക്രാന്തമാണെന്നു തീച്ചയാക്കാം. ഈ വാസ്തവം അറിഞ്ഞിട്ടുള്ള കാളിദാസൻ മേൽക്കാണിച്ച പദ്യത്തിൽ 'ആദ്യം' എന്നു പ്രയോഗിച്ചിരിക്കുന്നത് എത്ര അന്വത്ഥകമായിരിക്കുന്നു! ശാകുന്തളം അ

ഞ്ചാമങ്കത്തിന്റെ ആരംഭത്തിൽ, ഹംസപദികയുടെ ഗാനം കേട്ട് വിദൂഷകൻ, "ഭോ വയസ്യ, സംഗീതശാലാഭ്യന്തരെ അവധാനം ദേഹി; കളവിശുദ്ധായാ ഗീതേഃ സ്വരസംയോഗഃ ശ്രൂയതേ; ജാനേ തത്രഭവതീ ഹംസപദികാ വർണ്ണപരിചയം കരോതീതി" എന്നു രാജാവിനോടു പറയുന്നുണ്ട്. ഈ വാക്യത്തിലുള്ള ഓരോ പദവും കാളിദാസന്റെ സംഗീതനൈപുണിയെ പ്രകാശിപ്പിക്കുന്നതാകുന്നു. ഇതിലെ 'വിശുദ്ധാ' എന്ന പദത്തിന്നു 'ശങ്കിതത്വാ'ദിദോഷങ്ങളില്ലാത്തത് എന്നും, 'വർണ്ണം' എന്നതിന്നു മനുഷ്യവിഷയകമായ ഗാനക്രമം എന്നും അർത്ഥമാകുന്നു.

"യാ ദേവവിഷയാ ഗീതിർദ്ധ്രുവവാണീ തു സാ ഭവേൽ
മനുഷ്യവിഷയാ സൈവ വർണ്ണനാമ്നാ പ്രകാശതേ"

ഹംസപദികയുടെ ഗാനം മനുഷ്യവിഷയമാണല്ലൊ. ഗാനരസത്തെ അറിയാത്ത ഒരു കവി, "ആര്യേ! സാധുഗീതം; അഹോ രാഗപരിവാഹിനീ ഗീതിഃ" എന്നും മറ്റും തന്റെ കഥാപാത്രങ്ങളെക്കൊണ്ടു ഗീതിയെ ഇത്ര തന്മയത്വത്തോടുകൂടി പ്രശംസിപ്പിക്കുന്നതല്ലെന്നു തീർത്തു പറയാം.

"മനോഭിരാമാഃ ശൃണ്വന്തൌ രഥനേമിസ്വനോന്മുഖൈഃ
ഷഡ്ജസംവാദിനീഃ കേകാ ദ്വിധാ ഭിന്നാഃ ശിഖണ്ഡിഭിഃ"

(രഘുവംശം.)

വസിഷ്ഠമഹർഷിയുടെ ആശ്രമത്തിലേയ്ക്കു തേരിൽ കയറിപ്പോകുന്ന സുദക്ഷിണാദിലീപന്മാർ, തേരിന്റെ ശബ്ദം കേട്ടിട്ട് ഇടിമുഴക്കമാണെന്നു ഭ്രമിച്ച മയിലുകൾ സന്തോഷത്തോടുകൂടി പുറപ്പെടുവിക്കുന്ന ഷഡ്ജസ്വരസദൃശങ്ങളായ കേകകളെ കേട്ടുകൊണ്ടാണ് പോയത്. ഈ ശ്ലോകത്തിൽ, 'ദ്വിധാ ഭിന്നാഃ' എന്നുള്ളതുകൊണ്ടു ശുദ്ധവികൃതങ്ങളായ ഷഡ്ജഭേദങ്ങളെയാണ് കാണിച്ചിട്ടുള്ളത്. 'കേ,കാ' എന്നുള്ളതു മയൂരവാണിയുടെ അനുകരണമാണെന്നു സമ്മതിക്കു

ന്നതായാൽ അതിന്നുള്ള ദീവിധത്വം സ്പഷ്ടമാണല്ലോ. ഷഡ്ജം എന്നുള്ളതു മനുഷ്യാവയവങ്ങളായ നാസികാദിസ്ഥാനങ്ങളിൽനിന്നു പുറപ്പെടുന്ന ഒരു സ്വരവിശേഷവും, നിഷാദം മുതലായ സപ്തസ്വരങ്ങളിൽ അന്തർഭവിച്ചിട്ടുള്ളതും ആകുന്നു.

"നാസാംകണ്ഠമുരസ്താലുജിഹ്വാംദന്താംശ്ചസംസ്പൃശൻ
ഷഡ്ഭ്യഃസഞ്ജായതേയസ്മാത്തസ്മാൽഷഡ്ജഇതിസ്മൃതഃ."

എന്നു ഭരതശാസ്ത്രത്തിൽ കാണുന്നതുകൊണ്ടു നാസിക, കണ്ഠം, ഉരസ്സ്, താലു, ജിഹ്വ, ദന്തങ്ങൾ എന്നീ ആറ് അംഗങ്ങളെ സ്പർശിച്ചുകൊണ്ടു പുറപ്പെടുന്നതുകൊണ്ടാണ് ഇതു ഷഡ്ജമെന്നു പറയപ്പെടുന്നതെന്നു സിദ്ധിക്കുന്നു. കാളിദാസൻെറ 'ശിഖണ്ഡി'കൾ ഇവിടെ അത്ഥവത്തുക്കളാകുന്നു. ശിഖണ്ഡങ്ങൾ (പീലികൾ) ഉള്ളവ എന്നാണല്ലോ അതിന്നത്ഥം. ഈ പദംതന്നെ ഇവിടെ പ്രയോഗിച്ചിട്ടുള്ള മഹാകവി പീലികൾ വിരിച്ച് ആടുന്ന മയിലുകൾ എന്നാണത്ഥം വിവക്ഷിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മേഘഗജ്ജിതം മൃദംഗവാദ്യസ്ഥാനീയമാണെന്നു കാളിദാസൻ തൻെറ കാവ്യങ്ങളിൽ സ്പഷ്ടമായി വായനക്കാരുടെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. ആകയാൽ, ശിഖണ്ഡികളുടെ നൃത്തത്തോടുകൂടിയ കേകാഗാനവും, മൃദംഗവാദ്യസ്ഥാനീയവും മേഘഗജ്ജിതസമാനവുമായ രഥനേമിസ്വനവും ചേന്നപ്പോൾ കാളിദാസൻ സുദക്ഷിണാദിലീപന്മാരെക്കൊണ്ട് ചുരുക്കത്തിൽ ഒരു സംഗീതരസംതന്നെ അനുഭവിപ്പിക്കുകയാണുണ്ടായത്.

"ജീമൂതസ്തനിതവിശങ്കിഭിർമ്മയൂരൈ-
രുദ്ഗ്രീവൈരനുരസിതസ്യ പുഷ്കരസ്യ
നിർഹ്റാദിന്യുപഹിതമദ്ധ്യമസ്വരോത്ഥാ
മായൂരീ മദയതി മാർജ്ജനാ മനാംസി."

(മാളവികാഗ്നിമിത്രം)

സംഗീതാചാര്യന്മാരായ ഗണദാസഹരിദത്തന്മാരുടെ സംഗീതപരീക്ഷയിൽ, അണിയറയിൽ പ്രവൃത്തമായ സംഗീതത്തെ ശ്രവിച്ച് പരിവ്രാജിക പറയുന്നതാണിത്. മയിലുകൾ മൃദംഗശബ്ദശ്രവണാവസരത്തിൽ മേഘനിർഘോഷമാണെന്നു ശങ്കിച്ച് സന്തോഷത്തോടും കൂടി കഴുത്തുപൊക്കി അനുദ്ധ്വനി പുറപ്പെടുവിക്കുന്നു; അപ്രകാരമുള്ള മൃദംഗവാദ്യത്തിൻെറ മായൂരി (ഇത് മയിലുകൾക്കു വളരെ സന്തോഷപ്രദമാണ്) എന്നു പേരായ മാർജ്ജന മനസ്സിനെ മദിപ്പിക്കുന്നു. മാർജ്ജന എന്നു പറയുന്നതു മൃദംഗത്തിൻെറ ഒരു വാദ്യ(കൊട്ട്)വിശേഷമാകുന്നു. ഈ മാർജ്ജന മായൂരി, അർദ്ധമായൂരി, കാർമ്മാരവി എന്നിങ്ങിനെ മൂന്നു തരത്തിലുണ്ട്.

"മായൂരി ചാർദ്ധമായൂരി തഥാ കാർമ്മാരവീതി ച
തിസ്രസ്തു മാർജ്ജനാ ജ്ഞേയാഃ പുഷ്കരേഷു സ്വരാശ്രയാഃ
ഗാന്ധാരോ വാമകേ കാര്യഃ ഷഡ്ജോ ദക്ഷിണപുഷ്കരേ
മദ്ധ്യമശ്ചോർദ്ധ്വഗഃ കാര്യോ മായൂര്യാംസ്തു സ്വരാസ്ത്വമീ"
(ഭ. ശാ.)

പുഷ്കരവാദ്യത്തിലുള്ള സ്വരങ്ങളെ ആശ്രയിച്ച് മായൂരി, അർദ്ധമായൂരി,കാർമ്മാരവി എന്നിങ്ങിനെ മൂന്നുതരം മാർജ്ജനകളാണുള്ളത്. അവയിൽ വാമമായ പുഷ്കരത്തിൽ ഗാന്ധാരസ്വരവും,ദക്ഷിണമായ പുഷ്കരത്തിൽ ഷഡ്ജവും, ഊർദ്ധ്വഗമായ പുഷ്കരത്തിൽ മദ്ധ്യമമെന്നുള്ള സ്വരവുമാകുന്നു. പ്രകൃതത്തിൽ "മദ്ധ്യമസ്വരോത്ഥാ" എന്നുള്ളതുകൊണ്ടു മദ്ധ്യമസ്വരത്തെക്കാണിച്ചിരിക്കയാൽ ഇവിടെ മൃദംഗവാദ്യം ഊർദ്ധ്വഗമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മൃദംഗശബ്ദത്തെമേഘശബ്ദത്തോടുപമിക്കുന്ന സമ്പ്രദായം കാളിദാസകവിക്കു സാധാരണമായിട്ടുള്ളതാണ്. അങ്ങിനെയുള്ള സ്ഥലങ്ങളിലെല്ലാം പ്രായേണ കുറെ മയിലുകളേയും കൊണ്ടുവന്നു യോജിപ്പിച്ച് അവിടെ ഒരു സംഗീതകൃത്യം അനുഷ്ഠിപ്പിക്കുകയാണ് രസികനായ കവി ചെയ്തുവരാറുള്ളത്. ചില സ്ഥലങ്ങളിൽ

വല്ല ഗാനത്തിൻെറയും പ്രസക്തിയുണ്ടാകുമ്പോൾ അവിടെ മേഘത്തെക്കൊണ്ടു സംഗീതത്തെ പൂത്തിയാക്കുന്നതായിക്കാണുന്നുണ്ട്. മേഘസന്ദേശത്തിൽനിന്ന് ഇങ്ങിനെയുള്ള വളരെ ഉദാഹരണങ്ങൾ എടുത്തു കാണിക്കുവാനുണ്ടാവും.

"ശബ്ദായന്തേ മധുരമനിലൈഃ കീചകാഃ പൂൎയ്യമാണാഃ
സംരക്താഭിസ്ത്രിപുരവിജയോ ഗീയതേ കിന്നരീഭിഃ
നിർഹ്രാദീ തേ മുരജ ഇവ ചേൽ കന്ദരേഷു ധ്വനിഃ സ്യാൽ
സംഗീതാൎത്ഥോ നനു പശുപതേസ്തത്ര ഭാവീ സമഗ്രഃ."

(മേഘസന്ദേശം)

ഉള്ളിൽ കാററുകൾ നിറഞ്ഞ് മുളകൾ ശബ്ദിക്കുന്നു; രക്തസ്വരകളായ കിന്നരസ്ത്രീകൾ പരമശിവൻെറ ത്രിപുരജയവൃത്താന്തത്തെ ഗാനപ്രബന്ധമായി വിരചിച്ചു പാടുന്നു; ഇനി മുരജവാദ്യസമാനമായ നിൻെറ (മേഘത്തിൻെറ) ശബ്ദവുംകൂടിയുണ്ടായാൽ അവിടെ പരമശിവന്നു സമ്പൂൎണ്ണമായ ഒരു സംഗീതകാൎയ്യം നിവ്വൎത്തിതമാകുന്നു. കിന്നരസ്ത്രീകളുടെ ഗാനം, നൃത്തം മുതലായ സംഗീതാംഗങ്ങളുടെ ഉപലക്ഷണമാകുന്നു. ഇങ്ങിനെ നൃത്തഗീതവാദ്യങ്ങൾക്കു പുറമെ വേണനാദമാകുന്ന ഒരു 'താന'വും അവിടെ ഉണ്ടായിത്തീരുന്നുണ്ട്. ഉത്തരമേഘത്തിലെ പ്രഥമശ്ലോകത്തിൽ, "സംഗീതായ പ്രഹതമുരജാഃ സ്നിഗ്ദ്ധഗംഭീരഘോഷം" എന്നു പറഞ്ഞിരിക്കുന്നു. മറെറാരു സ്ഥലത്ത് മേഘത്തെക്കൊണ്ടു പരമശിവന്നു സന്ധ്യാകാലത്തിൽ ചെയ്യുന്ന പൂജക്കൊട്ടിൻെറ കൃത്യത്തെ നിവ്വഹിപ്പിക്കുന്നുണ്ട്.

"യസ്യാംയക്ഷാഃസിതമണിമയാന്യേത്യഹൎമ്മ്യസ്ഥലാനി
ജ്യോതിഃച്ഛായാകുസുമരചിതാന്യുത്തമസ്ത്രീസഹായാഃ
ആസേവന്തേ മധു രതിഫലം കല്പവൃക്ഷപ്രസൂതം
ത്വദ്ഗംഭീരധ്വനിഷുശനകൈഃപുഷ്കരേഷ്വാഹതേഷു"

(മേ. സ)

എന്നുള്ള പദ്യംകൊണ്ട്, അളകാപുരിയിൽ യക്ഷന്മാരുടെ

മധുപാനമഹോത്സവത്തെ വൎണ്ണിക്കുകയാണ് കവി ചെയ്തിട്ടുള്ളത്. മധുപാനാവസരത്തിൽ സംഗീതം സാധാരണമായിരുന്നതിനാൽ, അനുഭവരസികനായ കവി അവിടെ മേഘത്തെക്കൊണ്ടാണ് വാദ്യകൃത്യമനുഷ്ഠിപ്പിക്കുന്നത്. എന്നാൽ പ്രസ്തുതപദ്യത്തിൽ മററുള്ള സംഗീതാംഗങ്ങളൊന്നും ഉള്ളതായിപ്പറഞ്ഞിട്ടില്ലെങ്കിലും, പുഷ്കരവാദ്യം നൃത്തഗീതാദികളുടെകൂടി ഉപലക്ഷണമാണെന്നു വിചാരിക്കാം.

> "പാനാസക്തം മഹാത്മാനം ഹിരണ്യകശിപുംതദാ
> ഉപാസാംചക്രിരേ സൎവ്വേ സിദ്ധഗന്ധൎവ്വപന്നഗാഃ
> അവാദയൻ ജഗുശ്ചാന്യേ ജയശബ്ദാനഥാപരേ
> ദൈത്യരാജസ്യപുരതശ്ചക്രുഃ സിദ്ധാ മുദാന്വിതാഃ"

ഇതു വിഷ്ണുപുരാണത്തിൽ, ഹിരണ്യകശിപുവിൻെറ മധുപാനമഹോത്സവത്തെ വൎണ്ണിക്കുന്ന സന്ദൎഭമാണ്. മധുപാനസക്തനായ മഹാത്മാവായ ഹിരണ്യകശിപുവിനെ സിദ്ധാദിദേവന്മാർ ഗാനം, വാദ്യം, നൃത്തം മുതലായ കൃത്യങ്ങൾ അനുഷ്ഠിച്ചുകൊണ്ടു സേവിച്ചു. ആകയാൽ മധുപാനസമയത്തിങ്കൽ സംഗീതാനുഷ്ഠാനം മഹാന്മാൎക്ക് മഹത്തരമായ ആനന്ദത്തേച്ചെയ്യുന്നതാണെന്ന് മനസ്സിലാക്കിയിട്ടുള്ള കാളിദാസൻ തൻെറ സന്ദേശകാവ്യത്തിൽ വൎണ്ണിക്കുന്ന യക്ഷന്മാരുടെ മധുപാനോത്സവത്തിന്നും ഒരു സംഗീതം അനുഷ്ഠിപ്പിച്ചിട്ടുണ്ടെന്നു പറയുന്നതിൽ ഒട്ടും അസംഭാവ്യതയില്ല.

മാളവികാഗ്നിമിത്രത്തിലെ ഒന്നും രണ്ടുമങ്കങ്ങൾ മുഴുവൻ കാളിദാസൻെറ സംഗീതജ്ഞാനത്തേ തെളിയിക്കുവാൻ ധാരാളം മതിയായിട്ടുള്ളതാകുന്നു. സംഗീതത്തിന്നു പറഞ്ഞിട്ടുള്ള സൎവ്വലക്ഷണങ്ങളേയും യോജിപ്പിച്ച് 'മാളവിക'യെക്കൊണ്ടു 'ലയമദ്ധ്യമായ ചതുഷ്പദവസ്തു'വിനെ സരസമായി അഭിനയിപ്പിക്കുന്ന മഹാകവിയെ സംഗീതവിഷയത്തിൽ ബഹുമാനിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

"ദേവാനാമിദമാമനന്തിമുനയഃശാന്തംക്രതുംചാക്ഷുഷം
രുദ്രേണേദമുമാകൃതവ്യതികരേസ്വാംഗേവിഭക്തംദ്വിധാ

ത്രൈഗുണ്യോത്ഭവമത്രലോകചരിതംനാനാരസംദൃശ്യതേ
നാട്യംഭിന്നരുചേർജ്ജനസ്യബഹുധാപ്യേകംസമാരാധകം"
(മാ-മി 1, 4)

ഇത് മാളവികാഗ്നിമിത്രത്തിൽ മാളവികയുടെ സംഗീതവിദ്യാചാൎയ്യനായ ഗണദാസൻ പറയുന്നതാണ്. നാട്യകലയുടെ സ്വരൂപത്തേയും ഉദ്ദേശ്യത്തേയും മാഹാത്മ്യത്തേയും എന്നുവേണ്ട, ചുരുക്കത്തിൽ നാട്യശാസ്ത്രത്തിൻെറ സാരാംശങ്ങളെല്ലാം ഈ ഒരു പദ്യംകൊണ്ടു സംഗ്രഹിച്ചിരിക്കുന്നു. നാട്യം—സംഗീതപ്രധാനമായ നാട്യം— നാലുവേദങ്ങളിൽനിന്നുകൂടി സംഗ്രഹിച്ചിട്ടുള്ള ഒരു വിശിഷ്ടവിദ്യയാകുന്നു.

"സൎവ്വശാസ്ത്രാൎത്ഥസമ്പന്നംസൎവ്വശില്പപ്രദൎശനം
നാട്യസംജ്ഞമിമംവേദം സേതിഹാസംകരോമ്യഹം
ഏവംസങ്കല്പ്യ ഭഗവാൻസൎവ്വാൻവേദാനനുസ്മരൻ
നാട്യവേദംതതശ്ചക്രേചതുൎവ്വേദാംഗസംഭവം.
ജഗ്രാഹപാഠ്യമൃഗ്വേദാൽസാമഭ്യോഗീതമേവച
യജുൎവ്വേദാദഭിനയംരസാനാഥൎവ്വണാദപി"
(ഭ, ശാ)

ഞാൻ സൎവ്വശാസ്ത്രാൎത്ഥങ്ങളോടുകൂടിയതും സകല ശില്പവിദ്യകളുമടങ്ങിയതുമായ നാട്യം എന്നു പേരായ ഇതിഹാസപൂൎവ്വകമായ വേദത്തെ ഉണ്ടാക്കുന്നു' എന്നിങ്ങിനെ സങ്കല്പിച്ചിട്ട് ഭഗവാൻ നാലു വേദങ്ങളിൽനിന്നുകൂടി നാട്യവേദം ഉണ്ടാക്കി. ഋഗ്വേദത്തിൽനിന്ന് പാഠ്യത്തേയും, സാമവേദത്തിൽനിന്നു ഗീതത്തേയും, യജുൎവ്വേദത്തിൽനിന്ന് അഭിനയങ്ങളേയും,അഥൎവ്വത്തിൽനിന്നു രസങ്ങളേയും സംഗ്രഹിച്ചു എന്നാണ് നാട്യശാസ്ത്രകാരനായ ഭരതൻ പറഞ്ഞിട്ടുള്ളത്. ഇങ്ങിനെ ചതുൎവ്വേദാംഗോല്പന്നമായ ഇത് പശ്രുഹിംസാദിരഹിതവും ചക്ഷുസ്സുകൊണ്ട് അനുഭവിച്ചാനന്ദിക്കാവുന്നതുമായ ഒരുത്തമയാഗവും ദേവന്മാൎക്ക് ഏററവും പ്രീതികരവുമായ ഒന്നാകുന്നു. നാട്യപ്രയോഗത്തെ കാണുന്നതു

കൂടി വലിയ പുണ്യമാണെന്നാണ് ഭരതശാസ്ത്രത്തിൽ സിദ്ധാന്തിച്ചിട്ടുള്ളത്.

"പ്രയോഗംയശ്ചകുർവ്വീതപ്രേക്ഷതേ ചാവധാനവാൻ
യാഗതിർവ്വേദവിദുഷാംയാഗതിര്യജ്ഞയാജിനാം
യാഗതിർദ്ദാനശീലാനാംതാംഗതിംപ്രാപ്നുയാന്നരഃ

നാട്യം ശ്രദ്ധയോടുകൂടി പ്രയോഗിക്കുകയോ കാണുകയോ ചെയ്യുന്നവന്ന് വേദജ്ഞന്മാരുടേയും യാഗംചെയ്യുന്നവരുടേയും ദാനശീലന്മാരുടേയും ഗതിയെ പ്രാപിക്കുവാൻ കഴിയുന്നതാകുന്നു. ഇത്രയും മഹത്തരമായ ഈ നാട്യത്തെ അർദ്ധനാരീശ്വരനായ പരമശിവൻ തന്റെ ദേഹത്തിൽ ലാസ്യം എന്നും താണ്ഡവം എന്നും രണ്ടുതരത്തിൽ വിഭജിച്ചു. അതിൽ ശിവന്റെ ദേഹം താണ്ഡവരൂപവും പാർവ്വതിയുടേത് ലാസ്യാത്മകവുമാകുന്നു. ലാസ്യപ്രയോഗത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാകുന്നു ചാതുര്യമുള്ളതെന്നു പറഞ്ഞിട്ടുണ്ട്.

"ഉദ്ദണ്ഡതാണ്ഡവമുദഞ്ചിതലാസ്യലീലാം
കർത്തുംസ്വയംയുഗപദേവസമുത്സുകാത്മാ
യഃകാമിനീകലിതകമ്രതരാർദ്ധകായഃ
സോയംവിഭാതിവിഭുരാദിനടഃസുരാണാം"

താണ്ഡവത്തേയും ലാസ്യത്തേയും ഒരുമിച്ചുതന്നെ പ്രയോഗിക്കണമെന്നു വിചാരിച്ചാകുന്നു ആദിനടനായ പരമശിവൻ തന്റെ ശരീരാർദ്ധത്തെ പാർവ്വതിക്കു ഭാഗിച്ചുകൊടുത്തത് എന്ന് 'സംഗീതവിദ്യാവിനോദം' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. സത്വരജസ്തമോരൂപങ്ങളായ ത്രിഗുണങ്ങളിൽനിന്നുണ്ടായ രാമാദിചരിത്രം സുഖദുഃഖസമ്മിശ്രമായിട്ടുള്ളതാണെങ്കിലും, അത് നാട്യത്തിന്നു വിഷയമായിത്തീരുമ്പോൾ കേവലം ആനന്ദകരമായി പലപ്രകാരത്തിലുള്ള സദ്രസത്തെ പ്രദാനംചെയ്യുന്നതായിട്ടാണ് തീരുന്നത്. എന്നു തന്നേയല്ല, ഭിന്നരുചിയായ ലോകത്തേയെല്ലാം സന്തോഷിപ്പിക്കത്തക്ക ശക്തിയുള്ളതുമാകുന്നു.

“ത്രൈലോക്യസ്യാസ്യസർവ്വസ്യനാട്യംഭാവാനുകീർത്തനം
ധർമ്മോധർമ്മപ്രവൃത്താനാംകാമഃകാമോപസേവിനാം
അർത്ഥോപജീവിനാമർത്ഥോധൃതിരുദ്വിഗ്നചേതസാം.
നാനാഭാവോപസമ്പന്നംനാനാവസ്ഥാന്തരാത്മകം
ലോകവൃത്താനുകരണംനാട്യമേതന്മയാകൃതം
ഏതദ്രസേഷുഭാവേഷുസർവ്വകർമ്മക്രിയാസു ച
സർവ്വോപദേശജനനംനാട്യമേതൽഭവിഷ്യതി.
നതൽജ്ഞാനംനതച്ഛില്പംനാസൌവിദ്യാനസാകലാ
നാസൌയോഗോനതൽകർമ്മനാട്യേസ്മിൻയന്നദൃശ്യതേ”

ത്രൈലോക്യത്തിൻെറ ഭാവാനുകീർത്തനമായ നാട്യം ധർമ്മിഷ്ഠന്മാർക്ക ധർമ്മവും, കാമികൾക്ക കാമവും, അർത്ഥോപജീവികൾക്ക അർത്ഥവും, ഭയവിഹ്വലന്മാർക്ക ധൈര്യവും ആയ ഒന്നാകുന്നു. പലപ്രകാരത്തിലുള്ള ഭാവങ്ങളോടും അവസ്ഥാന്തരങ്ങളോടും കൂടിയ ഇതു് ലോകചരിത്രത്തിൻെറ തന്നെ ഒരനുകരണമായിട്ടുള്ളതാണു്. രസഭാവാദിവിഷയകവും സകല ക്രിയകളിലും തത്തദുപദേശത്തെ പ്രദാനം ചെയ്യുന്നതുമാകുന്നു നാട്യം. നാട്യത്തിൽ ഇല്ലാത്ത മറെറാരു ജ്ഞാനമോ, ശില്പമോ, വിദ്യയോ, കലയോ, യോഗമോ, കർമ്മമോ ഇല്ല. എല്ലാം നാട്യത്തിൽ അന്തർഭവിച്ചിട്ടുള്ളതാകുന്നു എന്നാണു് ഭരതശാസ്ത്രത്തിൽ നാട്യകലയെപ്പററി പറഞ്ഞിട്ടുള്ളതു്. ഇങ്ങിനെ നോക്കിയാൽ, നാട്യകലയുടെ മഹിമ അനന്തമായിട്ടുള്ളതാണെന്നറിയാം. ഇപ്രകാരമുള്ള നാട്യത്തിൻെറ പ്രധാനമായ ഒരംഗമാകുന്നു സംഗീതമെന്ന പേരിൽ നാമറിയുന്ന ആ വിശിഷ്ടകല. എന്നാൽ സംഗീതം സാഹിത്യത്തിലും, സാഹിത്യം സംഗീതത്തിലും യോജിച്ചുകൊണ്ടു് പരസ്പരാപേക്ഷമായിട്ടാണിരിക്കുന്നതെന്നും സാഹിത്യനിഷ്ഠങ്ങളായ സർവ്വഗുണങ്ങളും സംഗീതത്തിലുമുണ്ടെന്നുമറിയണം. സംഗീതപ്രധാനമായ നാട്യം ലോകവൃത്താനുകരണവും, അതു് സാമാജികന്മാർക്ക അമിതമായ ഒരാനന്ദത്തെ പ്രദാനം ചെയ്യു

ന്നതുമാണെങ്കിൽ, സാഹിത്യം പരമാത്മസാക്ഷാൽക്കാരജന്യമായ ഒരു സുഖത്തേയാണുണ്ടാക്കിത്തീക്കുന്നത്.

സംഗീതാംഗമായ ഗാനത്തെപ്പററി ഒരാൾ പറഞ്ഞിട്ടുള്ളതു നോക്കുക:—

"പശുർവ്വേത്തിശിശുർവ്വേത്തിവേത്തിഗാനരസംഫണീ"

പശുവും ശിശുവും സപ്പവും ഗാനരസത്തെ അറിയുന്നു. ഭഗവാൻ വേണുഗോപാലൻ ഗാനങ്ങളെക്കൊണ്ടു പശുക്കളെ വിളിക്കുകയും, അവയിൽനിന്നു പാലു ധാരാളമായി കറന്നെടുക്കുകയും ചെയ്തിരുന്ന കഥ ഭാഗവതവായനക്കാക്കു പ്രത്യേകം മനസ്സിലാക്കിക്കൊടുക്കേണ്ടതില്ല. അമേരിക്കയിൽ ചിലർ പാട്ടുകൾ പാടി സന്തോഷിപ്പിച്ച് പശുക്കളിൽനിന്ന് പാല് അധികം കറന്നെടുക്കാറുണ്ടത്രേ. കുട്ടികളെ അമ്മമാർ താരാട്ടുപാടി ഉറക്കാറുള്ളതും, പാമ്പാട്ടിമാർ പാട്ടുകൾകൊണ്ടു മയക്കി പാമ്പിനെ പിടിക്കാറുള്ളതും കേരളീയക്കറിവുള്ള സംഗതിയാകുന്നു. വേടന്മാർ പാട്ടുപാടി മയക്കി മാൻ മുതലായ മൃഗങ്ങളെ വശീകരിക്കാറുണ്ടത്രേ. ഗാനരസമറിയാത്തവൻ പശുപ്രായനാണെന്നുകൂടി ഒരിടത്തു പറഞ്ഞിരിക്കുന്നു.

"സംഗീതസാഹിത്യകലാവിഹീനഃ
സാക്ഷാൽപശുഃ പുച്ഛവിഷാണഹീനഃ"

സംഗീതസാഹിത്യകലകളെ ആസ്വാദിക്കുവാൻ കഴിവില്ലാത്തവൻ തനിച്ച പശുതന്നെയാകുന്നു. പശുവിൽനിന്ന് അവന്നു വല്ല വ്യത്യാസവും ഉണ്ടെങ്കിൽ അത് വാലും കൊമ്പും ഇല്ല എന്നുള്ളതു മാത്രമാണ്. പ്രകൃതിയിൽ ഇരുവരും തുല്യർ തന്നെ.

"കർണ്ണം ഗതം ശുഷ്യതി കർണ്ണ ഏവ
സംഗീതകം സൈകതവാരിരീത്യാ
ആനന്ദയത്യന്തരനുപ്രവിശ്യ
സൂക്തിഃ കവേരേവ സുധാസഗന്ധാ"

എന്നാണ് ശ്രീനീലകണ്ഠദീക്ഷിതർ സംഗീതസാഹിത്യങ്ങളെപ്പററി പറഞ്ഞിട്ടുള്ളത്. സംഗീതരസം മണൽത്തിട്ടിൽ വെള്ളമെന്നപോലെ കണ്ണത്തെ പ്രാപിച്ച് അവിടെത്തന്നെ ലയിക്കുന്നു. എന്നാൽ സാഹിത്യരസമാവട്ടെ, കണ്ണദ്വാരാ ഹൃദയത്തിൽ കടന്നുകൂടി അമൃതാസ്വാദസമാനമായ ആനന്ദത്തെ പ്രദാനംചെയ്തുകൊണ്ടേയിരിക്കുന്നു. സംഗീതപ്രധാനവും ലോകവൃത്താനുകരണവുമായ നാട്യംതന്നെ സർവ്വരേയും ആനന്ദിപ്പിക്കുന്നതു തന്നിഷ്ടമായ സംഗീതരസംകൊണ്ടു മാത്രമല്ല, അതിൽ അന്തർല്ലീനമായിക്കിടക്കുന്ന സാഹിത്യരസംകൊണ്ടു കൂടിയാണ്. എങ്ങിനെയായാലും സംഗീതസാഹിത്യങ്ങൾക്കുള്ള സാഹചര്യം പ്രായേണ നിയതമായിട്ടുള്ളതാണെന്നുള്ളതിന്നു സംശയമില്ല.

സംഗീതം അർത്ഥസഹചരിതമായ ശബ്ദത്തിലും, സാഹിത്യം ശബ്ദസഹചരിതമായ അർത്ഥത്തിലും വ്യാപിച്ചുകിടക്കുന്നതാണെന്നു പറഞ്ഞുവല്ലോ. ശബ്ദം പാർവ്വതിയും (ശക്തിയും) അർത്ഥം പരമശിവനും (പരമാത്മാവും) ആണെന്ന് ശിവപുരാണത്തിലും മററും കാണുന്നുണ്ട്.

"സർവ്വംവപുഃശബ്ദമയംപുരാരേ-
രർത്ഥാത്മകംദക്ഷിണമാമനന്തി"

എന്നു നീലകണ്ഠദീക്ഷിതർ പ്രയോഗിച്ചിരിക്കുന്നു. പരമേശ്വരൻെറ ഇടത്തുഭാഗം ശബ്ദമയവും, വലത്തുഭാഗം അർത്ഥാത്മകവുമാണെന്നു ശ്രുതികൾ ഘോഷിക്കുന്നുണ്ട്: "വാഗർത്ഥാവിവ സംപൃക്തൌ" എന്നിങ്ങിനെ പാർവ്വതീപരമേശ്വരന്മാരെ വിശേഷിപ്പിച്ചിട്ടുള്ള രഘുവംശകർത്താവിൻെറ ആശയവും ഇതുതന്നെയാണല്ലോ. അർദ്ധനാരീശ്വരനായ ഭഗവാൻെറ വാമശരീരം പാർവ്വതിയും ദക്ഷിണദേഹം ശിവനുമാണെന്നുള്ള സംഗതിയും സർവ്വസംവിദിതമാകുന്നു. ആകയാൽ പാർവ്വതി സംഗീതദേവതയും ശിവൻ സാഹിത്യദേവതയുമാണെന്നു വേണം വിചാരിക്കുവാൻ. കാളീവിലാസപാത്രമാ

യ കാളിദാസകവിയും തന്റെ കാവ്യരത്നങ്ങളിൽ സംഗീത സാഹിത്യങ്ങളെ സംയോജിപ്പിച്ച് ശ്രോതാക്കളുടേയും ദ്രഷ്ടാക്കളുടേയും ഹൃദയങ്ങളെ യുഗപൽ ആനന്ദിപ്പിക്കുകയും അവരെ മോക്ഷമാർഗ്ഗത്തിലേക്കു നയിക്കുകയുമാണു ചെയ്തിട്ടുള്ളത്.

സാഹിത്യം മാത്രം പ്രധാനമായിട്ടുള്ള ശ്രവ്യത്രയത്തിൽത്തന്നെ കാളിദാസൻ തരം കിട്ടുമ്പോളെല്ലാം സംഗീതത്തെപ്പററി കുറഞ്ഞൊന്നു പറഞ്ഞുകൊണ്ടു പോകാറുണ്ട്.

"സകീചകൈർമ്മാരുതപൂർണ്ണരന്ധ്രൈഃ
കൂജദ്ഭിരാപാദിതവംശകൃത്യം
ശുശ്രാവ കുഞ്ജേഷു യശഃസ്വമുച്ചൈ-
രുദ്ഗീയമാനം വനദേവതാഭിഃ"

(രഘുവംശം)

നന്ദിനിയെ മേയ്ക്കുവാൻവേണ്ടി കാട്ടിലേയ്ക്കു കടന്ന ദിലീപമഹാരാജാവ്, പ്രച്ഛായശീതളങ്ങളായ കുഞ്ജങ്ങളിലിരുന്ന് വനദേവതമാർ ഉറക്കെ പാടുന്ന തന്റെ യശസ്സിനെ കേട്ടു— സൽക്കീർത്തിയുക്തമായ സ്വകീയ ചരിതത്തെ ഗാനപ്രബന്ധമായി നിർമ്മിച്ച് പാടുന്നതു കേട്ടു; തുമ്പിത്തുളയുള്ള മുളകളുടെ ഉള്ളിൽ കാററു നിറഞ്ഞതുകൊണ്ട് അതുകളിൽനിന്ന് പുറപ്പെടുന്ന ശബ്ദം അതിന്നു വംശസ്വരകൃത്യത്തെ നിർവ്വഹിച്ചുകൊണ്ടിരുന്നു. വംശസ്വരം 'താന'സ്ഥാനീയമായിട്ടുള്ളതാകുന്നു. കുമാരസംഭവം ഒന്നാം സർഗ്ഗത്തിൽ,

"യഃപൂരയൻകീചകരന്ധ്രഭാഗാൻ
ദരീമുഖോത്ഥേന സമീരണേന
ഉദ്ഗാസ്യതാമിച്ഛതി കിന്നരാണാം
താനപ്രദായിത്വമിവോപഗന്തും"

എന്നിങ്ങിനെ ഹിമവാനെ, ഗാനംചെയ്യുന്ന കിന്നരന്മാർക്കു താനപ്രദായി (ശ്രുതിപിടിക്കുന്നവൻ) ആയിട്ടു കല്പിച്ചിരിക്കുന്നു. വിക്രമോർവ്വശീയം നാലാമങ്കത്തിലുള്ള ചർച്ചരീഗാന

വും, ദേവദൂതൻ ചിത്രലേഖയോടു പറയുന്ന 'മുനിനാഭരതേ ന്' എന്നാരംഭിക്കുന്ന പദ്യവും കാളിദാസൻെറ സംഗീത വിദ്യാനിപുണതയെ തെളിയിക്കുവാൻ ധാരാളം മതിയായിട്ടുള്ളവയാകുന്നു.

"ഗന്ധോന്മാദിതമധുകരഗീതൈഃ
വാദ്യമാനൈഃ പരഭൃതതൂര്യ്യൈഃ
പ്രസൃതപവനോദ്വേല്ലിതപല്ലവനികരഃ
സുലളിതവിവിധപ്രകാരൈർന്നൃത്യതികല്പതരുഃ"

(വിക്രമോർവ്വശീയം)

ഇതിൽ, കല്പകവൃക്ഷത്തെ നർത്തകനായിക്കല്പിച്ചപ്പോൾ നൃത്തഗീതവാദ്യങ്ങളുടെ പ്രസക്തിയുണ്ടായി. ഉടനെതന്നെ മധുകരഝങ്കാരത്തെ ഗീതമായിട്ടും, കോകിലാലാപത്തെ വാദ്യമായിട്ടും, കാററിൽ ഉലഞ്ഞാടുന്ന പല്ലവനിരയുടെ ചലനത്തെ കരചരണാദ്യഭിനയമായിട്ടും കല്പിച്ചു. സാധാരണ കവികൾ കോകിലാലാപത്തെ ഗീതസ്ഥാനത്തിങ്കലാണു ഉല്ലേഖനം ചെയ്യുക പതിവുള്ളത്. എന്നാൽ, കാളിദാസൻെറ കണ്ണുപുടങ്ങൾക്കു തൂര്യ്യവാദ്യശബ്ദമായിത്തോന്നിയപ്പോളുണ്ടായ ചമൽക്കാരം സാഹിത്യരസികന്മാരെയെന്നപോലെ സംഗീതരസജ്ഞന്മാരേയും രസിപ്പിക്കുന്നതായിട്ടു തീൎന്നു.

ഇങ്ങിനെ നോക്കിയാൽ കാളിദാസകാവ്യങ്ങളിൽനിന്ന് അനവധി ഉദാഹരണങ്ങൾ എടുത്തു കാണിക്കുവാനുണ്ടാവും. ചുരുക്കിപ്പറയുന്നതായാൽ, സംഗീതസാഹിത്യങ്ങൾ ലോകത്തിൻെറ നിലനില്പിന്നുതന്നേ ഹേതുഭൂതങ്ങളാണെന്നു മഹാകവിയായ കാളിദാസൻ ലോകത്തിന്നു മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട്. 'നാദ'സ്വരൂപിണിയും 'സ്ഫോടാ'ത്മികയുമായ വാണീദേവിയുടെ അമൃതമയങ്ങളായ ഉഭയസ്തനങ്ങളുടേയും പാനംകൊണ്ടു പരമാനന്ദമടഞ്ഞിട്ടുള്ള കാളിദാസ മഹാകവിയുടെ കാവ്യങ്ങൾ സംഗീതരസത്തേയും സാഹി

ത്ര്യരസത്തേയും ഒരുപോലെ പ്രദാനംചെയ്യുന്നതിൽ എന്താണത്ഭുതം? കാളിദാസന്റെ നാടകങ്ങളിലുള്ള പദ്യങ്ങൾ മററുള്ള കവികളുടെ നാടകങ്ങളിലുള്ള ശ്ലോകങ്ങളേക്കാൾ അധികം ഗാനയോഗ്യതയുള്ളവയായിക്കാണുന്നതിന്നുള്ള കാരണവും മറെറാന്നുമല്ല. കാളിദാസൻ നാടകാന്തമായ കവിത്വത്തെ സാധൂകരിച്ചിട്ടുള്ളതും മറെറാന്നുകൊണ്ടുമല്ല.

വിദ്വാൻ, കെ. സി. മാധവ മേനോൻ.

# ഗുരുദക്ഷിണ.

"ഇതാ നല്ലൂഴം ലഭ്യ, ഗുരോ, ജയിച്ചു ഭവദാ-
ദേശം: വിദേശീയരാം
ഹീനന്മാരുടെ കല്പരസ്സുടിയിൽനി-
ന്നു ത്തീർണ്ണമായിട്ടിതാ,
വാനത്തെത്തെല്ലൊരു വീർപ്പുയർപ്പു, സുചിരാ-
ലാശപസ്തമീ ഹൈന്ദവ-
സ്ഥാനം, ധർമ്മവിപത്തി കണ്ട വിബുധ-
ക്ലാന്താപമാറുംവിധം!" 1
ആരണ്യക്ഷിതിസീമ്നി, ചെന്നവഴിയേ
സാഷ്ടാംഗമാകും നമ-
സ്കാരം ചെയ്തു ശിവാജി, തൽഗുരുവിനാ-
ലുത്ഥാപിതാശ്ലേഷിതൻ,
ധീരം തന്നുടവാൾ നടക്കിലിരുകൈ-
കൊണ്ടും പിടിച്ചാംഋജഗൽ-
സാരജ്ഞതന്റെ പദപയിസ്സുപദയായ്
വെച്ചോതിനാൻ പിന്നെയും:— 2

“രേ രേ കശ്മലരെന്നു ചീറി മുകില-
ന്മാർതൻ ഗളം കൊയ്യുവാൻ
നേരേ പാഞ്ഞ ‘മറാട്ട’വാളുലകമേ-
ലേറിജ്ജയശ്രീയിതാ,
പാരേവം പരിശുദ്ധമാക്കിയരുളും
തല്പുണ്യപാദങ്ങൾതൻ
ചാരേ വന്നു പണിഞ്ഞിടുന്നു, കനിവിൽ-
കൈക്കൊള്ളുകിദ്ദാസിയെ! 3

തങ്കത്തൃക്കഴലങ്ങണഞ്ഞൂ: ഭവദാ-
രോഹത്തെയാഹ്ലാദിയാം
സങ്കല്പത്തൊടു കാത്തിരിപ്പിതു മഹാ-
രാഷ്ട്രീയസിംഹാസനം;
വൻകർമ്മാസ്പദമായ്ബ്ഭവിച്ചു വിഭോ,
മ്ലേച്ഛാഭിമർശോത്ഥമാം
പങ്കത്തെക്കഴുകട്ടെ സമ്പ്രതി ഭവൽ-
പട്ടാഭിഷേകാംബുവാൽ!” 4

ശ്രീമാനാം പ്രിയശിഷ്യനാലിതുവിധം,
വൈരാഗ്യപീഠത്തിൽനി-
ന്നാമാരാഷ്ട്രനൃപാസനസ്ഥിതിയിലേ-
ക്കാകൃഷ്ടനാകുംവിധൌ
പ്രേമാർദ്രസ്മിതനായ്ക്കഥിച്ചു ഭഗവാൻ:—
“സ്വസ്ത്യസ്തു നിൻസൌഹൃദ-
സ്ഥൈമാവിന്നു! തപഃസ്ഥർ ഞങ്ങൾ കൃതിയാം
നിന്നാൽ സനാഥീകൃതർ! 5

ചെങ്കോലിൻകനമിത്തപഃകൃശഭുജാ-
ഗ്രത്തിന്നു താങ്ങാവതോ-
പൊൻകോടീരമിണങ്ങുമോ ജടകളാൽ
മൂടുന്ന മൂർദ്ധാവിതിൽ?

പങ്കോത്താരിത രാജ്യലക്ഷ്മി വളരെ-
ക്കാലം യുവാവായ നി-
ന്നങ്കോല്ലാസിനിയാക! പാറയിതു താൻ
ഞങ്ങൾക്ക സിംഹാസനം! 6

ഏച്ചാഞ്ചല്യമൊഴിയ്ക്കു, ചെല്ലുക; മഹാ-
രാജ്യം സ്വവീര്യാർജ്ജിതം
സച്ചാരിത്ര്യമൊടും ഭരിയ്ക്കുകി;-തു താൻ
കൃത്യം ശിവാജിയ്ക്കിനി!"

ഇച്ചാത്രുക്തിയൊട,ത്ര ഭക്തിവശനാം
ശിഷ്യന്റെ കയ്യിൽപ്പിടി-
പ്പിച്ചാൻ മുന്നിലിരുന്ന ഖഡ്ഗമതെടു-
ത്താചാര്യനാജ്ഞാബലാൽ. 7

ധൃത്യക്ഷോഭ്യ, ശിവാജിദേവ, മിഴികൾ-
ക്കിന്നാർദ്രമായശ്രു ചേ-
ർത്ത്യന്താശയൊടെന്തിനായ്ഗ്ഗുരുമുഖം
വീക്ഷിച്ചു വീണ്ടും ഭവാൻ?
പ്രത്യഗ്രാരുണനാൽ ജഗത്തിരുളിൽനി-
ന്നഭ്യുദ്ധരിപ്പിയ്ക്കയാം
കൃത്യം ചെയ്തുകഴിച്ചടങ്ങുക വിഭാ-
തത്തിൻ സ്വഭാവം ധ്രുവം! 8

ഇച്ഛയ്ക്കൊത്തു തിമർക്കവാൻ തുടരവേ,
പാഠാലയത്തിങ്കലേ-
യ്ക്കച്ഛൻ തള്ളിയയച്ച ബാലനുടെ മ-
ട്ടേങ്ങിക്കരഞ്ഞാ നൃപൻ,
തുച്ഛം തൻജയമൊക്കെയെന്നു, വസന-
ത്തുമ്പാലെ ബാഷ്പോദകം-
പ്രച്ഛന്നാക്ഷി തുടച്ചുകൊണ്ടു തിരിയേ
പോന്നാൻ ജഡപ്രായനായ്! 9

പോയിട്ടക്ഷീണയായ് സ്വരാജ്യമഖിലം
നൽകുന്ന ശിഷ്യൻ; തനി-
ക്കായിട്ടിങ്ങൊരു പാഴ്മണൽത്തരിയുമേ
വേണ്ടാത്തവൻ ദേശികൻ!
മായില്ലിക്കനകാക്ഷരങ്ങൾ: ഭൂരതൻ
കൂട്ടാളർ ഗീതാംബികേ,
വായിക്കട്ടെ തവോത്തരോത്തരഗുണ-
ത്യാഗപ്രബന്ധങ്ങളെ!!

വള്ളത്തോൾ.

പണ്ഡിത

# മദനമോഹനമാളവ്യജി.

(ജീവചരിത്രസംഗ്രഹം)

ആയിരത്തി എണ്ണൂററി അറുപത്തിരണ്ടാമാണ്ട് ഡിസമ്പർ 18-ാംനു- ഇന്ത്യാരാജ്യത്തിന്റെ ജീവചരിത്രത്തിൽ തുലോം പ്രാധാന്യം വഹിക്കുന്ന ഒരു മംഗലദിവസമായിരുന്നു. ഭാവിയിൽ ഭാരതനഭോമണ്ഡലത്തിൽ മുഴുവൻ ദീപ്തിപടലം പരത്തുവാനുള്ള സൌമ്യമായ ഒരു ജ്യോതിഃസ്ഫുലിംഗം അന്ന് യുനൈറ്റഡ് പ്രോവിൻസസ് എന്നു പറയുന്ന സംയുക്തസംസ്ഥാനത്തിന്റെ തലസ്ഥാനനഗരിയായ അല്ലഹബാദിൽ ആവിർഭവിച്ചു. 'കുലാചലം' മുതൽ 'കുമാരി' വരെ പുകൾപ്പൊലിമ പരത്തിയിട്ടുള്ള 'സുഗൃഹീതനാമധേയ'നായ പണ്ഡിതമദനമോഹനമാളവ്യജി ജനിച്ചത് ആ സുദിനത്തിലായിരുന്നു: അല്ലഹബാദിൽ വിഖ്യാതമായിട്ടുള്ള ഒരു വിശിഷ്ടബ്രാഹ്മണവംശമാണ് മദനമോഹനന്റെ

ജനനത്താൽ അനുഗൃഹീതമായിരിക്കുന്നത്. ഈ ബ്രാഹ്മണവംശക്കാർ, മാളവദേശത്തിൽനിന്ന് അല്ലഹബാദിൽ വന്നുകുടിയേറിപ്പാർത്തവരാകയാൽ ഇവരെ 'മാളവ്യ' എന്ന കുഡുംബപ്പേർ കൂട്ടി വിളിച്ചുവരുന്നു. പുരാതനകാലംമുതല്ക്കേ ഈ ബ്രാഹ്മണവംശം സംസ്കൃതഭാഷാപാണ്ഡിത്യത്തിൽ പ്രശസ്തി വഹിക്കുന്നതിനാൽ ഈ വംശത്തിൽ ജനിച്ചവർക്കെല്ലാം പണ്ഡിതബിരുദപദം ഉള്ളതായിക്കാണുന്നു. മദനമോഹനന്റെ പിതാമഹനായിരുന്ന പണ്ഡിത പ്രേമധരമാളവ്യ സംസ്കൃതപാണ്ഡിത്യത്താൽ അല്ലഹബാദിലെങ്ങും സുപ്രസിദ്ധനായിരുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ പുത്രനും മദനമോഹനന്റെ പിതാവുമായ പണ്ഡിതവ്രജനാഥമാളവ്യ സംസ്കൃതത്തിലും ഹിന്ദിഭാഷയിലും പ്രകൃഷ്ടമായ പാണ്ഡിത്യം സമ്പാദിച്ച ഒരു മഹാനായിരുന്നു. ശ്രീമഹാഭാഗവതത്തിന്ന് അതിലെ ദുർഗ്രഹഭാഗങ്ങൾ, വിശദമായി വിവരിക്കുന്ന വിശിഷ്ടമായ ഒരു വ്യാഖ്യാനം എഴുതിയിട്ടുള്ളതുകൊണ്ടു വ്രജനാഥമാളവ്യയുടെ നാമധേയം പുരാണപാരായണക്കാരുടെ ഇടയിൽ സവിശേഷം പ്രസിദ്ധമായിട്ടുള്ളതാണ്.

ഇപ്രകാരം പരമ്പരാപ്രാപ്തമായ പാണ്ഡിത്യവും സംസ്കാരവുംകൊണ്ട് അനുഗൃഹീതമായിട്ടുള്ള ഒരു ഉൽകൃഷ്ടകുഡുംബത്തിൽ ആണ് മദനമോഹനൻ ജാതനായത്. വിധിപ്രകാരമുള്ള 'സംസ്കാര'ങ്ങൾ കഴിഞ്ഞ് മദനമോഹനൻ വീട്ടിലിരുന്നുതന്നെ പഠിച്ച്, ഹിന്ദിഭാഷയിലും സംസ്കൃതത്തിലും പ്രശംസനീയമായ വൈദുഷ്യം സമ്പാദിച്ചു. അതിന്നുശേഷം ഒരു ഗ്രാമപാഠശാലയിൽ കുറച്ചുകാലം പഠിച്ചതിൽപ്പിന്നീട് ഇംഗ്ലീഷ് സ്കൂളിൽ ചെന്നുചേന്നു പഠിച്ച്, മട്രിക്കലേഷൻ പരീക്ഷ പാസ്സായി, അനന്തരം അല്ലഹബാദിലുള്ള മ്യൂറി സെൻട്രൽകോളേജിൽ ചേന്ന് ഉന്നതവിദ്യാഭ്യാസം നടത്തി. മദനമോഹനൻ 1884-ൽ, അതായത്തു തന്റെ 22-ാമത്തെ വയസ്സിൽ ബി. എ. പരീക്ഷയിൽ വിജയിയാ

യി. ചെറുപ്പംമുതൽക്കേ പഠിപ്പിൽ കവിഞ്ഞ ഉത്സാഹവും കടന്ന ബുദ്ധിശക്തിയും പ്രദശിപ്പിച്ചിരുന്ന മദനമോഹനന്റെ വിദ്യാൎത്ഥിജീവിതം സുവൎണ്ണലിപികളിൽ രേഖപ്പെടുത്തത്തക്കതാണ്. സെൻട്രൽകോളേജിലെ പ്രിൻസിപ്പാളായിരുന്ന ഹാരിസൻ സായ്പിന് യുവാവായ മദനമോഹനന്റെ സാമൎത്ഥ്യവും സാത്വികതയും കണ്ടു വലിയ സന്തോഷവും ബഹുമാനവും ജനിച്ചിരുന്നു.

വിദ്യാൎത്ഥിജീവിതത്തിന്നിടയിൽത്തന്നെ വിവാഹം ചെയ്യേണ്ടിവന്ന മദനമോഹനൻ പഠിപ്പുകഴിഞ്ഞ ഉടനെ തന്നെ ഉദ്യോഗജീവിതം വരിക്കുവാൻ നിൎബ്ബന്ധനായിത്തീൎന്നു. അദ്ദേഹം ബി. എ. പാസ്സായ ആ ഘട്ടത്തിൽത്തന്നെ താൻ ആദ്യം പഠിച്ച ഇംഗ്ലീഷുവിദ്യാലയത്തിൽ കൂട്ടതലായി ഒരദ്ധ്യാപകന്റെ ആവശ്യമുണ്ടായതിനാൽ, ഉദ്യോഗത്തെ അങ്ങോട്ട് അന്വേഷിച്ചു ചെല്ലുന്നതിന്നു പകരം, ഉദ്യോഗം അദ്ദേഹത്തെ ഇങ്ങോട്ട് അന്വേഷിച്ചുവരികയാണുണ്ടായത്. സ്കൂളിൽ അദ്ധ്യാപകനായിത്തീൎന്ന് അധികം നാൾ ചെല്ലുന്നതിന്നുമുമ്പുതന്നെ സുചരിതനായ മദനമോഹനൻ അദ്ധ്യാപകസംഘത്തിന്റേയും വിദ്യാൎത്ഥിവൃന്ദത്തിന്റേയും വിശേഷവിധിയായ സ്നേഹത്തിന്നും ബഹുമാനത്തിന്നും പാത്രമായിപ്പരിണമിച്ചു. കൊല്ലമങ്ങിനെ രണ്ടു കഴിഞ്ഞു. 1886-ൽ കൽക്കത്തയിൽവെച്ചു നടന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ്സി(ഭാരതമഹാജനസഭ)ന്റെ ദ്വിതീയസമ്മേളനം, മദനമോഹനന്നു രാജ്യകാൎയ്യവീഥിയിലേയ്ക്കുള്ള പ്രവേശനദ്വാരം തുറന്നുകൊടുത്തു. ഇദംപ്രഥമമായി ഒരു രാഷ്ട്രീയമഹാസഭയിൽ ഭാഗഭാക്കാകുവാൻ അവസരം ലഭിച്ച യുവവൎയ്യനായ മദനമോഹനമാളവ്യ, 'മഹാരഥ'ന്മാർ നിറഞ്ഞ ആ കോൺഗ്രസ്സുസദസ്സിൽ വച്ചു ചെയ്ത വാഗ്ദ്ധോരണീവിരാജിതമായ പ്രസംഗം, അതിൽ അക്ഷരംപ്രതി ദീപ്യമാനമായിരുന്ന ദേശാഭിമാനചൈതന്യംകൊണ്ടും, വി

വേകഭരിതമായ സ്വാതന്ത്ര്യാശയഗതിയാലും, സകലജനങ്ങളേയും സമാവർജ്ജനം ചെയ്തു. 'ചെറുപ്പത്തിലെ ചോരത്തിളപ്പു'കൊണ്ടു നേരിടാവുന്ന 'നിരങ്കുശ'ത്വമോ, അപാകമോ, യുവാവായ മദനമോഹനന്റെ അഭിപ്രായങ്ങളേയും ആശയങ്ങളേയും അശേഷം ബാധിച്ചിരുന്നില്ല. ഇതോടുകൂടി മദനമോഹനന്റെ ജീവിതം, കൂട്ടിലിട്ട കിളിയെപ്പോലെ, പറഞ്ഞതു പറഞ്ഞുംകൊണ്ട്, ഇടുങ്ങിയ അതിർത്തിക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടുവാനുള്ള ഒന്നല്ലെന്നും, നേരെ മറിച്ചു, സ്വാതന്ത്ര്യമായ പക്ഷിയെപ്പോലെ വിശാലമായ അന്തരിക്ഷത്തിൽ മധുരമായി പാടിക്കൊണ്ടു സ്വച്ഛന്ദമായി സഞ്ചരിക്കേണ്ട ഒന്നാണെന്നും വേണ്ടതുപോലെ വെളിപ്പെട്ടു. കൂടുതൽ ഗൌരവവും പ്രാധാന്യവുമുള്ള എത്രയോ അസംഖ്യം മഹാകാര്യങ്ങൾ അദ്ദേഹത്തെ പ്രതീക്ഷിച്ചുകൊണ്ടു വർത്തിക്കുന്നുണ്ടായിരുന്നു.

രാഷ്ട്രീയനഭോമണ്ഡലത്തിൽ മന്ദം മന്ദം ഉദിച്ചുയരുന്ന ആ യുവതേജഃപുഞ്ജത്തിന്റെ ചേതോഹാരിയായ ചൈതന്യവിശേഷത്തെ കൌതുകപൂർവ്വകം ഒരാൾ വീക്ഷിച്ചുകൊണ്ടിരുന്നിരുന്നു. 'അയോദ്ധ്യ'യിലെ വലിയ ഒരു താലൂക്കദാരായ രാജാരാമപാലസിങ്ങ് എന്ന മാന്യൻ മദനമോഹനന്റെ ശേഷിയും ശേമുഷിയും കണ്ടു സന്തുഷ്ടനായി, തന്റെ മേൽനോട്ടത്തിൽ നടന്നിരുന്ന "ഹിന്ദുസ്ഥാനി" എന്ന ഹിന്ദി ദിനപത്രത്തിന്റെ ആധിപത്യം വഹിക്കുവാൻ മാളവ്യയോടാവശ്യപ്പെട്ടു. പൊതുകാര്യങ്ങളിലുള്ള പ്രസക്തിയും, രാജ്യസേവനത്തിലുള്ള അഭിനിവേശവും, ഇങ്ങോട്ടന്വേഷിച്ചു വന്ന ദുർല്ലഭമായ ആ അവസര(Opportunity)ത്തെ വേണ്ടതിന്മണ്ണം വിനിയോഗിക്കുന്നതിന്ന് അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇങ്ങിനെ തന്റെ 25-ാമത്തെ വയസ്സിൽ ഗൌരവമേറിയ പത്രപ്രവർത്തനകൃത്യത്തിൽ ഏർപ്പെടുവാനിടയായ പ

ണ്ഡിതമദനമോഹനൻ, പൊതുജനങ്ങൾ അദ്ദേഹത്തിൽ അർപ്പിച്ചിരുന്ന വിശ്വാസവും ആശയും ഒട്ടും അസ്ഥാനത്തിലല്ല എന്ന് അചിരേണ സ്പഷ്ടമാക്കിത്തീർത്തു. മദനമോഹനന്റെ നിഃസ്വാത്ഥമായ പൊതുകാര്യപ്രസക്തിയും, നിഷ്ക്കളങ്കമായ സ്വഭാവവും, വിവേകലാളിതമായ അഭിപ്രായഗതിയും, പ്രലോഭനത്തിന്റെയും ഭീഷണിയുടെയും മുമ്പിൽ മുട്ടുകുത്താത്ത സ്വാതന്ത്ര്യബുദ്ധിയും, അദ്ദേഹത്തെ പത്രാധിപത്യകൃത്യത്തിൽ ഉത്തരോത്തരം വിജയിയാക്കി. നന്നായ നിലയിൽ ഒരു പത്രം നടത്തിക്കൊണ്ടുപോവുന്ന കാര്യത്തിൽ എന്തെല്ലാം വിഘ്നങ്ങളും വിഷമതകളുമാണ് അടിക്കടി നേരിടുന്നതെന്നു ശരിക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടുള്ളവരോടാരോടും തന്നെ, പത്രാധിപപീഠം (Editorial chair) മലർനിര വിരിച്ച ഒരു മുട്ടമെത്തയല്ലെന്നും, നേരേ മറിച്ചു, ചായാനും ചെരിയാനും വയ്യാത്ത തരത്തിലുള്ള ഒരു മുൾമെത്തയാണതെന്നും ഉള്ള വസ്തുസ്ഥിതി എടുത്തുപറയേണമെന്നു തോന്നുന്നില്ല. അങ്ങിനെയിരിക്കെ, പണ്ഡിതമദനമോഹനമാളവ്യയുടെ പത്രപ്രവത്തനരീതി ഗവമ്മേണ്ടിനും പൊതുജനങ്ങൾക്കും ഒരുപോലെ തൃപ്തികരമായിത്തീന്നു എന്നുള്ളതു തീച്ചയായും അദ്ദേഹത്തിന്റെ അനിതരസാധാരണമായ സാമത്ഥ്യത്തെയാണ് വിളിച്ചുപറയുന്നത്?

രണ്ടരക്കൊല്ലത്തോളം കാലം ഇങ്ങിനെ പത്രപ്രവത്തനവുമായി കഴിഞ്ഞുകൂടിയ മദനമോഹനമാളവ്യ, ആ ജോലിയേക്കാൾ അധികം വക്കീൽവേലയാണ് രാജ്യസേവനത്തിനു പററിയതെന്നു കണ്ടു, വക്കീൽപരീക്ഷയ്ക്കു പഠിക്കുവാൻ തീച്ചപ്പെടുത്തി. ചില സ്നേഹിതന്മാരുടെ നിരന്തരമായ നിബ്ബന്ധവും ഇക്കാര്യത്തിൽ സ്വാധീനശക്തി ചെലുത്താതെയിരുന്നില്ല. "ഹിന്തുസ്ഥാനി"യുടെ ഉടമസ്ഥനും ഉദാരബുദ്ധിയും ആയ രാജാരാമപാലസിങ്ങവർകൾ, യാതൊരു മടിയുംകൂടാതെ മദനമോഹനന്റെ ഈ നിശ്ചയ

ത്തെ സമ്മതിച്ചു എന്നുമാത്രമല്ല, അദ്ദേഹത്തിൻെറ ഉദ്ദേശം സാധിക്കുന്നതിന്നു തന്നാലാവുന്നവിധത്തിൽ എല്ലാം അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. 1892-ൽ അദ്ദേഹം അല്ലഹബാദ് യൂനിവേർസിററി വക എൽ. എൽ. ബി. പരീക്ഷ പാസ്സാവുകയും, താമസിയാതെ ഹൈക്കോർട്ടിൽ വക്കീലായി പ്രാക്ടീസ്സ് ചെയ്തു തുടങ്ങുകയും ചെയ്തു. കുശാഗ്രബുദ്ധിയും വാഗ്മിയുമായ മാളവ്യജി വക്കീലെന്ന നിലയിൽ വിജയവും വിഖ്യാതിയും നേടുവാൻ അധികകാലമൊന്നും വേണ്ടിവന്നില്ല.

ആയുഷ്കാലം മുഴുവൻ കക്ഷികളും കേസ്സുകെട്ടുകളുമായി ഇടപെട്ടു കഴിച്ചുകൂട്ടുവാൻവേണ്ടിയല്ല മദനമോഹനമാളവ്യ അവർകൾ വക്കീലായിത്തീൎന്നതെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ബാറിലെന്നപോലെത്തന്നെ പൊതുജനസംഘങ്ങളിലും പണ്ഡിതമദനമോഹനമാളവ്യയുടെ ശബ്ദം മുഴങ്ങിക്കേട്ടുതുടങ്ങി. അല്ലഹബാദിൽ അതിന്നുമുമ്പുതന്നെ ഒരു പേരെടുത്തുകഴിഞ്ഞിരുന്ന പണ്ഡിത അയോദ്ധ്യാനാഥമിശ്രൻ അവർകൾ പൊതുക്കാൎയ്യങ്ങളിൽ മദനമോഹനന്നു വമ്പിച്ച ഒരു കൂട്ടാളിയായിത്തീൎന്നു. പണ്ഡിതഭിഷംബരനാഥൻ, എ. എൽ. കമ്പാഡി മുതലായ മററു പ്രമാണികളും മാളവ്യയുടെ സഹകാരികളായിപ്പുറപ്പെട്ടു. 1880-ൽ മദനമോഹനൻ ഈ മാന്യസ്നേഹിതന്മാരുടെ സാഹായ്യത്തോടുകൂടി അല്ലഹബാദിൽ "ഹിന്ദുസമാജം" എന്നൊരു സംഘം സ്ഥാപിച്ചു. അനേകജാതികളായിപ്പിരിഞ്ഞു ചിന്നിച്ചിതറിക്കിടക്കുന്ന ഹൈന്ദവ സമുദായത്തെ പുനഃസംഘടനംചെയ്ത് ഐക്യവും ശക്തിയുമുള്ള ഒരു വീരജനസമുദായമാക്കിത്തീൎക്കുവാനും, വിദേശീയാധിപത്യത്തിൻെറ പാദപ്രഹാരമേററു വശംകെട്ടു കിടക്കുന്ന ഭാരതഭൂമിയുടെ തളൎച്ചയും തരക്കേടും തീൎക്കുവാനും വേണ്ട ശ്രമങ്ങൾ ചെയ്യുന്നതിന്നുവേണ്ടിയാണ് ഈ സംഘം സ്ഥാപിക്കപ്പെട്ടത്. ഈ ഹിന്ദുസമാജം സംബന്ധിച്ചുണ്ടാ

യ ശ്രമങ്ങളാൽ ജനമദ്ധ്യത്തിൽ സുചരിതനായിത്തീൎന്ന മാളവ്യയുടെ സ്വാധീനശക്തി ദിനേദിനേ വൎദ്ധിച്ചുകൊണ്ടുവന്നു. അദ്ദേഹം അചിരേണ അല്ലഹബാദ് മുൻസിപ്പാൽ ബോർഡിലെ സീനിയർ വൈസ്സ് പ്രസിഡണ്ടായിത്തീൎന്നു. നഗരസഭാദ്ധ്യക്ഷന്റെ നിലയിൽ പൊതുജനനന്മയ്ക്കായി ചെയ്ത ശ്ലാഘനീയമായ ശ്രമങ്ങൾ അദ്ദേഹത്തെ അധികതാമസംകൂടാതെ നഗരസഭാമെമ്പർസ്ഥാനത്തിൽനിന്നു നിയമനിൎമ്മാണസഭാ സാമാജികത്വത്തിലേയ്ക്കു ഉയൎത്തി വിട്ടു. 1902-ൽ സംയുക്തസംസ്ഥാനനിയമസഭയിലെ ഒരംഗമായിത്തീൎന്ന മാളവ്യ, നിയമസഭ മുഖേന നാട്ടിനു നന്മ വരുത്തുവാൻ വേണ്ടി ചെയ്തിട്ടുള്ള യത്നം ചില്ലറയൊന്നുമല്ല. 1903-ൽ, നിയമനിൎമ്മാണസഭയിൽ ഭൂമി നടക്കുന്ന കുടിയാന്മാൎക്കു ദോഷകരമായ നിലയിലുള്ള ഒരു ബില്ലു പാസ്സാക്കുവാൻ ഗവൎമ്മേണ്ടു കൊണ്ടുവന്നപ്പോൾ മാളവ്യ അവർകൾ അതിനെ ബലമായെതിൎത്തു. ഇങ്ങിനെ ഭൂരിപക്ഷഭൂരിഹിതത്തെ ബാധിക്കത്തക്കവണ്ണമുള്ള ഏതൊരു നിൎദ്ദേശം നിയമസഭയിൽ വന്നാലും അപ്പോഴൊക്കെ മദനമോഹനമാളവ്യ അതിന്റെ എതിർഭാഗത്തുണ്ടാകും!

പരിമിതാധികാരപരിധിയായ നിയമനിൎമ്മാണസഭയിൽ പൊതുജനശ്രേയസ്സിനായുള്ള ശ്രമത്തിന്റെ ഫലപ്രാപ്തിയിൽ നേരിടുന്ന പ്രതിബന്ധങ്ങളും പ്രയാസങ്ങളും അനുഭവിച്ചറിയുവാൻ ഇടയായ മാളവ്യ, നിയമനിൎമ്മാണസഭാപരിഷ്കാരത്തിനായി ഗവൎമ്മേണ്ടിനെ നിരന്തരം പ്രേരണം ചെയ്തുകൊണ്ടാണിരുന്നത്. മിക്ക കോൺഗ്രസ്സുയോഗങ്ങളിലും നിയമസഭാപരിഷ്കരണാൎത്ഥമുള്ള പ്രമേയം സംബന്ധിച്ച് അദ്ദേഹം യുക്തിയുക്തമായും സാരഗൎഭമായും പ്രസംഗിച്ചിട്ടുള്ളതായിക്കാണാം. 1886-ൽ നടന്ന രണ്ടാമത്തെ കോൺഗ്രസ്സുമുതൽക്കു സകലകോൺഗ്രസ്സുകളിലും മാളവ്യഭാഗഭാക്കായിത്തീൎന്നിട്ടുണ്ട്. ഒരൊററ കോൺഗ്രസ്സു യോഗത്തി

ലെങ്കിലും ഏതെങ്കിലും ഒരു പ്രധാനപ്പെട്ട പ്രമേയത്തെപ്പററി അദ്ദേഹം പ്രസംഗിക്കാതെ ഇരുന്നിട്ടില്ല. സംസ്ഥാന ഗവമ്മേണ്ടുകളെ സെൻട്രൽ ഗവമ്മേണ്ടിനോടു കൂട്ടിക്കെട്ടി അവയ്ക്കു യാതൊന്നിനും സ്വാതന്ത്ര്യമില്ലാതെയാക്കിത്തീത്തിട്ടുള്ള ഇപ്പോഴത്തെ 'യൂണിററി' രൂപത്തിലുള്ള ഗവമ്മെണ്ടിൻെറ സ്ഥാനത്തു അതാതു സംസ്ഥാനങ്ങളുടെ സ്ഥിതിഗതികളനുസരിച്ച് അവയ്ക്കു സാമ്പത്തികമായ സ്വാതന്ത്ര്യം നൽകുന്ന തരത്തിലുള്ള 'ഫെഡറൽ ഗവമ്മെണ്ട്' ഏപ്പെടുത്തുന്നതിൻെറ ആവശ്യകതയെ കാണിച്ചുകൊണ്ടു 1908-ലെ കോൺഗ്രസ്സിൽ മാളവ്യ ചെയ്തിട്ടുള്ള പ്രസംഗം പ്രത്യേകം പ്രസ്താവയോഗ്യമായിട്ടുള്ളതാണ്. 1908-ൽ പുറപ്പെട്ട 'മിൻറോമോർലി' ഭരണപരിഷ്കാരസ്കീമിൻെറ ഗുണദോഷങ്ങളെ കൂലങ്കഷമായി നിരൂപണം ചെയ്തുകൊണ്ട് അദ്ദേഹം 'Indian Review' മാസികയിൽ എഴുതിയിട്ടുള്ള രാജ്യതന്ത്രികമായ ലേഖനം ഒട്ടും അപ്രധാനമായിട്ടുള്ളതല്ല. രാജ്യഭരണസംബന്ധമായി അദ്ദേഹത്തിന്നുള്ള അഗാധമായ വിജ്ഞാനത്തെ പ്രദർശിപ്പിക്കുന്ന അനേകം പ്രസംഗങ്ങളും പ്രബന്ധങ്ങളും ഇതുപോലെ പ്രസ്താവയോഗ്യങ്ങളായിട്ടുണ്ട്.

1909-ൽ ലാഹോറിൽ വെച്ചു കൂടിയ കോൺഗ്രസ്സ് യോഗത്തിൽ അദ്ധ്യക്ഷപീഠം അലങ്കരിച്ചത് പണ്ഡിതമദനമോഹന മാളവ്യയായിരുന്നു. ആദ്യം കോൺഗ്രസ്സ് പ്രസിഡണ്ടായി നിശ്ചയിക്കപ്പെട്ടിരുന്ന സർ, പി. എം. മേത്താ അവർകൾ സംഗതിവശാൽ ആ സ്ഥാനം നിരാകരിച്ചതിനാൽ അദ്ദേഹത്തിന്നു പകരമായിട്ടായിരുന്നു മദനമോഹന മാളവ്യയെ തിരഞ്ഞെടുത്തത്. പരിമിതമായ കാലത്തിനുള്ളിൽ തയ്യാറാക്കിയ അദ്ദേഹത്തിൻെറ അദ്ധ്യക്ഷപ്രസംഗം യാതൊരുവിധത്തിലുമുള്ള വൈകല്യവും ഇല്ലാത്തതും പ്രാധാന്യമേറിയ വിവിധവിഷയങ്ങൾ അടങ്ങിയിട്ടുള്ളതും ആയ ഒന്നായിരുന്നു. മിൻറോ മോർലിഭരണപരിഷ്കാരത്തി

ലുള്ള കുററങ്ങളേയും കുറവുകളേയും പ്രത്യേകം എടുത്തു കാണിച്ച് നിരൂപണംചെയ്ത വിലയേറിയ ഒരു രാഷ്ട്രീയപ്രബന്ധമാണ് അത്. അക്കാലങ്ങളിൽ ഒരു ഇന്ത്യൻനേതാവിന്റെ യോഗ്യതയെ നിശ്ചയിച്ചിരുന്നതു അദ്ദേഹം കോൺഗ്രസ്സിൽ ഏതുപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നും, ഒരിക്കലെങ്കിലും ഒരു കോൺഗ്രസ്സ് അദ്ധ്യക്ഷനായിരുന്നിട്ടുണ്ടൊ എന്നും നോക്കീട്ടായിരുന്നു. കോൺഗ്രസ്സിൻെറ പ്രാരംഭം മുതല്ക്കേ അതിൽ സോത്സാഹം പങ്കെടുത്തുവരുന്ന ആളായ മാളവ്യ ഇപ്പോൾ മഹോന്നതമായ കോൺഗ്രസ്സദ്ധ്യക്ഷപദത്തിൽ അഭിഷിക്തനായി തീൎന്നതോടു കൂടി സൎവ്വജനസമ്മതനായ ഒരു ഭാരതീയനേതാവായിത്തീൎന്നുകഴിഞ്ഞു.

1910-ൽ മാളവ്യ വൈസറോയിയുടെ കീഴിലുള്ള സാമ്രാജ്യനിയമസഭയിൽ ഒരു മെമ്പറായി നിയമിക്കപ്പെട്ടു. സംസ്ഥാനനിയമസഭാമെമ്പർ സ്ഥാനത്തിൽനിന്നു ഇങ്ങിനെ സാമ്രാജ്യനിയമസഭാംഗത്തിൻെറ നിലയിലേക്കു ഉയൎന്നുവന്ന മാളവ്യ രാഷ്ട്രീയനഭോമണ്ഡലത്തിൽ പൂൎവ്വാധികമായ തേജസ്സോടുകൂടി പ്രശോഭിച്ചു. വൈസറോയിയുടെ കൌൺസിലിൽ (സാമ്രാജ്യനിയമസഭയിൽ) അക്കാലത്തു ഹാജരാക്കിയ കുപ്രസിദ്ധമായ പ്രസ്സാക്ട് സംബന്ധിച്ച് മാളവ്യ ചെയ്തിട്ടുള്ള ഗംഭീരമായ പ്രസംഗം പൊതുജനങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകൎഷിച്ചു. ഇന്ത്യൻ പത്രങ്ങളുടെ കണ്ഠകുഠാരമായിരുന്ന ആ പ്രസ്സാക്ട് പാസ്സാവാതെയിരിക്കുന്നതിന്നു മാളവ്യ തൻെറ സൎവ്വശക്തികളും ഉപയോഗിച്ചുനോക്കുകയുണ്ടായി. 1907-ൽ സൃഷ്ടിച്ച "സെഡിഷ്യസ്സ് മീററിങ്ങാക്ട്" (രാജദ്രോഹസംഘനിരോധനിയമം) 1910-ൽ വീണ്ടും പ്രയോഗിക്കുന്നതിന്നായി ഗവൎമ്മേണ്ട് ഹാജരാക്കിയ തത്സംബന്ധമായ ബില്ലിൻെറ നേരെ പണ്ഡിതമാളവ്യ പോരാടിയ പോരാട്ടം ചില്ലറയൊന്നുമല്ല. ജനസ്വാതന്ത്ര്യ

ത്തെ ദമനം ചെയ്യുന്ന ആ നിയമത്തെ പ്രതികൂലിച്ച് പണ്ഡിതമാളവ്യ ചെയ്ത പ്രസംഗം ദേശാഭിമാനികളുടെ ഹൃദയത്തിൽ എന്നും മായാതെ നില്ക്കുന്ന ഒന്നാണ്. ജനഹിതാത്മകങ്ങളായ ഏതു പ്രമേയങ്ങളേയും മാളവ്യ ബലമായി പിന്താങ്ങുകയേ ഉണ്ടായിട്ടുള്ളു. മഹാനായ ഗോപാലകൃഷ്ണഗോഖലേ അവർകളുടെ പ്രസിദ്ധമായ നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസബില്ലിനെ അനുകൂലിച്ചുകൊണ്ടുണ്ടായ അദ്ദേഹത്തിൻെറ പ്രസംഗം പ്രഖ്യാതമായിട്ടുള്ളതാണ്. ആഫ്രിക്ക, ഫിജി മുതലായ അന്യരാജ്യങ്ങളിലുള്ള തോട്ടക്കാരായ യൂറോപ്യൻ മുതലാളിമാരുടെ ആവശ്യത്തിലേക്കു ഇന്ത്യയിൽനിന്നു കൂലിക്കാരെ കൂട്ടിക്കൊണ്ടുപോയി നിർബ്ബന്ധിതമായ ദാസ്യത്തിൽ കുടുക്കി കഷ്ടപ്പെടുത്തിവരുന്ന സമ്പ്രദായത്തെ നിരോധിക്കുന്നതിന്നു ബഹുമാനപ്പെട്ട ഗോഖലേ ബഹുവിധത്തിൽ പരിശ്രമിക്കുകയുണ്ടായി. എന്നാൽ പണ്ഡിതമദനമോഹനമാളവ്യയാണ് ആ സമ്പ്രദായത്തെ ഗവർമ്മേണ്ടിനെക്കൊണ്ട് നിർത്തൽ ചെയ്യിക്കുന്നതിൽ വിജയിയായിത്തീർന്നത്. ഉദാരചിത്തനായ ഹാർഡിഞ്ച് പ്രഭു വൈസറോയിയായിരുന്ന കാലത്തു മാളവ്യ മേല്പറഞ്ഞ 'അടിമവ്യാപാരം' പോലെയുള്ള ഏർപ്പാടു നിർത്തിക്കളയുന്നതിന്നായി യുക്തിയോടും ശക്തിയോടും കൂടി വാദിക്കുകയും, വൈസറോയി സ്റ്റേറ്റ് സിക്രട്ടറിയുടെ സമ്മതം വാങ്ങി അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ഇപ്രകാരം പണ്ഡിതമാളവ്യ ജനപ്രതിനിധിയായി നിന്ന് ജനങ്ങളുടെ ആവശ്യങ്ങളേയും അഭിപ്രായങ്ങളേയും ശരിയായി ഗവർമ്മേണ്ടിനെ അറിയിക്കുകയും, നിവൃത്തിയുള്ളേടത്തോളം ജനങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരം വരുത്തുകയും ചെയ്തിട്ടുള്ളതിന്നു ഇനിയും എത്രയോ അനേകം ഉദാഹരണങ്ങൾ കാണിപ്പാനുണ്ട്. വിസ്തരഭീരുത അതിന്നു ഇതെഴുതുന്ന ആളെ അനുവദിക്കാത്ത കുറവു മാത്രമേയുള്ളൂ.

കഴിഞ്ഞ യൂറോപ്യൻ മഹായുദ്ധത്തിൽ ഇംഗ്ലീഷുകാരെ സഹായിക്കുന്നതിന്നും ബ്രിട്ടീഷ് സാമ്രാജ്യത്തെ രക്ഷിക്കുന്നതിന്നുമായി ഇന്ത്യയിൽനിന്നു പട്ടാളത്തിൽ ആളുകളെ ചേത്തയപ്പാനും, പണം അയച്ചുകൊടുപ്പാനും മഹാത്മാഗാന്ധിയോടൊപ്പം മദനമോഹനമാളവ്യ അവർകളും അദ്ധ്വാനിച്ചിട്ടുണ്ട്. മഹായുദ്ധം അവസാനിച്ചതോടു കൂടി ഇന്ത്യയിൽ സ്വയംഭരണത്തിന്നായുള്ള വാദം ഉച്ചത്തിൽ ഉച്ചലിച്ചുതുടങ്ങിയപ്പോൾ 'അമിതവാദി' അല്ലെങ്കിലും മാളവ്യ ചില മിതവാദികളെപ്പോലെ ഗവമ്മെണ്ടു പക്ഷത്തിൽ പററിക്കൊണ്ടു അടങ്ങിയൊതുങ്ങിയിരിക്കുകയല്ല ഉണ്ടായത്. ലാഹോർ കോൺഗ്രസ്സു മുതല്ക്കു മുഴങ്ങിത്തുടങ്ങിയ കോൺഗ്രസ്സിൻെറ സ്വയംഭരണകാഹളധ്വനി, 1916-ൽ ലക്നോവിൽ വെച്ച് മിതവാദികളും അമിതവാദികളും ഹിന്ദുക്കളും മുസൽമാന്മാരും ഒന്നുപോലെ യോജിച്ച് നടത്തിയ സുപ്രസിദ്ധമായ കോൺഗ്രസ്സ് സമ്മേളനത്തോടുകൂടി പൂവ്വാധികം ശക്തിയും ഗൌരവവും ഉള്ളതായിത്തീന്നു. സ്വയംഭരണത്തെപ്പററി ലക്നോ കോൺഗ്രസ്സും മുസ്ലിംലീഗും പാസ്സാക്കിയ പ്രമേയങ്ങളുടെ ആശയങ്ങൾ വ്യാഖ്യാനിച്ച് ജനങ്ങളെ ധരിപ്പിക്കുന്നതിന്നു വേണ്ടി പണ്ഡിതമാളവ്യ ഇന്ത്യയുടെ മിക്കഭാഗങ്ങളിലും സഞ്ചരിച്ച് സഭകൾ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ നടത്തി. മദിരാശി സംസ്ഥാനത്തിൽ ഹോംറൂൾകാഹളം മുഴക്കിക്കൊണ്ടിരുന്ന ആനിബസൻറ് മദാമ്മയെ ഗവമ്മേണ്ട് ബന്ധനത്തിൽ വെച്ചതു ഈ ഘട്ടത്തിലാണ്. മദാമ്മയുടെ ചില അഭിപ്രായങ്ങളോടും, പ്രവൃത്തിപദ്ധതിയോടും തീരെ യോജിക്കാത്ത ആളാണെങ്കിലും മാളവ്യ അന്ന്, ഗവമ്മേണ്ടിൻെറ ഗഹ്ണീയമായ ആ മട്ടന പ്രവൃത്തിയെ പത്രപംക്തികളിലും പ്രസംഗമണ്ഡപങ്ങളിലും രൂക്ഷമായി ആക്ഷേപിക്കാതെയിരുന്നില്ല. സ്വയംഭരണസംരംഭത്തിൻെറ നേരെ ഗവമ്മേണ്ടു നീട്ടിയ മൂച്ചയാന്ന

മറ്റനായുധത്തെ അശേഷം വക വെക്കാതെ അദ്ദേഹം
1917-ൽ മുഴുവൻ സ്വാതന്ത്ര്യശംഖനാദം മുഴക്കിക്കൊണ്ടി
രുന്നു.

1918-ൽ 'മൊണ്ടേഗുചെംസ്ഫോർഡ് ഭരണപരി
ഷ്ക്കാര സ്കീം' സംബന്ധിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയ
പ്പോൾ ഇന്ത്യയിലെ രാജ്യതന്ത്രജ്ഞന്മാർ വീണ്ടും രണ്ടുകക്ഷി
യായിത്തിരിഞ്ഞു. ലോകമാന്യബാലഗംഗാധരതിലകരുടെ
നേതൃത്വത്തിൽ ഉൽപതിഷ്ണുക്കളായ അമിതവാദികളെല്ലാം
മൊണ്ടേഗ് ചെംസ്ഫോർഡ് ഭരണപരിഷ്ക്കാരം അപൂർണ്ണ
വും അതൃപ്തികരവും ആണെന്നു വാദിച്ചു. മിതവാദികൾ,
കളിപ്പാട്ടങ്ങൾ കിട്ടിയ കുട്ടികളേപ്പോലെ, കരച്ചിൽ മാററി
സസന്തോഷം ആർത്തുവിളിച്ച് തുള്ളിത്തുടങ്ങുകയും ചെയ്തു.
ഭരണപരിഷ്ക്കാര സ്കീമിനെക്കുറിച്ചാലോചിക്കുന്നതിന്നായി ക
ല്ക്കട്ടാകോൺഗ്രസ്സിലെ തീർപ്പനുസരിച്ച് ബോമ്പായിൽ വെ
ച്ചു കൂടിയ സ്പെഷ്യൽ കോൺഗ്രസ്സ് യോഗത്തിൽ മിതവാ
ദികൾ മിക്കപേരും സംബന്ധിക്കുകയുണ്ടായില്ല. പല ന്യൂ
നതകളും ഉണ്ടെങ്കിലും ഈ ഭരണപരിഷ്ക്കാരം തൽക്കാലം തൃ
പ്തിയോടുകൂടി സ്വീകരിക്കുകയും, ന്യൂനതകൾ തീർക്കുന്നതിന്നു
ശ്രമിക്കുകയും ആണ് ചെയ്യേണ്ടതെന്ന അഭിപ്രായക്കാരനാ
യിരുന്ന പണ്ഡിതമദനമോഹനമാളവ്യയാകട്ടെ ഈ അവസ
രത്തിൽ മിതവാദികളേയും അമിതവാദികളേയും തമ്മിൽ മു
മ്പത്തേപ്പോലെ യോജിപ്പിക്കുന്നതിന്നായി ഉററു ശ്രമിച്ചു. പ
ക്ഷെ പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. സ്പെഷ്യൽ കോൺ
ഗ്രസ്സിൽ മൊണ്ടേഗുഭരണപരിഷ്ക്കാരം അതൃപ്തികരവും ആ
ശാഭംഗജനകവുമാണെന്നുള്ള പ്രമേയത്തെ മാളവ്യ പ്രതികൂ
ലിക്കുകയാണുണ്ടായതെങ്കിലും അതുകൊണ്ടു അദ്ദേഹം ഭരണ
പരിഷ്ക്കാരത്തിൻെറ പുറംപൂച്ചിൽ ഭ്രമിച്ച് തല്ലാഭത്തിൽ തൃപ്ത
നായിത്തീൎന്നു എന്നു മാന്യവായനക്കാർ അർത്ഥമാക്കുകയി
ല്ലെന്നു വിശ്വസിക്കുന്നു. ഭരണപരിഷ്ക്കാരത്തെ നിരൂപണം

ചെയ്തുകൊണ്ടു മാളവ്യ പ്രസിദ്ധപ്പെടുത്തിയ ദീൎഘമായ 'മെമ്മോറാണ്ഡ'ത്തിൽ ഭരണപരിഷ്കാരത്തിലുള്ള കുററങ്ങളും കുറവുകളും തന്നിവാരണമാൎഗ്ഗങ്ങളും തുറന്നു കാണിച്ചിട്ടുണ്ട്. ഡൽഹികോൺഗ്രസ്സിൽ അഗ്രാസനാധിപതിയായി ആദ്യം നിശ്ചയിക്കപ്പെട്ടിരുന്ന ലോകമാന്യതിലകൻ പെട്ടെന്നു ഇംഗ്ലണ്ടിലേക്കു പോകേണ്ടിവന്നതിനാൽ, അദ്ദേഹത്തിന്നു പകരം, അദ്ധ്യക്ഷസ്ഥാനത്തേക്കു പണ്ഡിതമാളവ്യയെയാണ് സൎവ്വേന്ത്യാകോൺഗ്രസ്സ് കമ്മിററി സൎവ്വസമ്മതപ്രകാരം തിരഞ്ഞെടുത്തത്. കോൺഗ്രസ്സു കൂടുന്നതിന്നു കുറച്ചുദിവസങ്ങൾക്കു മുമ്പ് പണ്ഡിതമാളവ്യ പൊതുജനങ്ങളുടെ അറിവിന്നായി ഒരു അഭ്യൎത്ഥനാപരമായ ലേഖനം 'ലീഡർ' എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ ഫലമായിട്ടാണ്, ഡൽഹികോൺഗ്രസ്സിൽ മിതവാദികളിൽ കുറച്ചുപേരെങ്കിലും ഹാജരായത്. മാളവ്യയുടെ പ്രത്യേകമുള്ള അപേക്ഷയനുസരിച്ച് ഒട്ടധികം കുടിയാന്മാരായ കൎഷകന്മാരും ഈ കോൺഗ്രസ്സിൽ സംബന്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ, ഭരണപരിഷ്കാരത്തെപ്പററി അമിതവാദികൾ സ്പെഷ്യൽ കോൺഗ്രസ്സിൽ പുറപ്പെടുവിച്ച അഭിപ്രായങ്ങളും മിതവാദികൾ പ്രത്യേകം നടത്തിയ കോൺഫറൻസിൽ ചെയ്തനിൎദ്ദേശങ്ങളും തമ്മിൽ ആന്തരമായ വ്യത്യാസമൊന്നുമില്ലെന്നു വിശദമായി കാണിച്ചിട്ടുണ്ടായിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ ഒരു ഭാഗത്തു ഭരണപരിഷ്കാരത്തെപ്പററി പറഞ്ഞുകൊണ്ടുവരുന്ന ഘട്ടത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാക്യം ഇവിടെ പ്രത്യേകം എടുത്തുകാണിക്കാതെ ഈ ഭാഗം അവസാനിപ്പിക്കുവാൻ മനസ്സ് വരുന്നില്ല. അദ്ദേഹം പറയുകയാണ്.—

"നാലായിരം സംവത്സരത്തോളം കാലം ഹിന്തുക്കളും അനേകശതവൎഷം കാലം മുഹമ്മദീയരും അനന്യശാസനമായി ചെങ്കോൽ ചെലുത്തി ഭരിച്ചുവന്ന വിശാലമായ ഈ

സാമ്രാജ്യത്തിൽ, അതേ ഹിന്ദുക്കളുടേയും അതേ മുഹമ്മദീയരുടേയും വംശങ്ങളിൽ ജനിച്ചവരായ നമ്മൾ അല്പസംഖ്യന്മാരായ ഏതാനും വിദേശീയരുടെ മുമ്പിൽ മുട്ടുകുത്തിനിന്നു സ്വയംഭരണം യാചിക്കേണ്ടതായും സ്വയംഭരണത്തിന്നു നമുക്കുള്ള ശേഷിയെക്കുറിച്ച് അവരോടു വാദിക്കേണ്ടതായും വന്നുകൂടിയതോർക്കുമ്പോൾ ദേശാഭിമാനിയായ ഏതൊരു ഇന്ത്യക്കാരന്റെ ഹൃദയത്തിലാണ് സങ്കടവും ലജ്ജയും ഒരുപോലെ ഉദിക്കാതെയിരിക്കുന്നത്?" അതേ, ആ ദേശഭക്താഗ്രേസരൻ ചോദിക്കുമ്പോലെ ദേശാഭിമാനികളായ സകല ഭാരതീയരും ചോദിക്കുന്ന ഒരു ചോദ്യമാണിത്!

കുപ്രസിദ്ധമായ റൌലററ്ബില്ല് സംബന്ധിച്ചുണ്ടായ പ്രക്ഷോഭത്തിൽ മദനമോഹനമാളവ്യജിയുടെ സ്ഥാനം ഗണനീയമായിട്ടുള്ളതാണ്. വൈസറോയിയുടെ കൌൺസിലിൽ വന്ന ആ ബില്ലിനെ പ്രതിഷേധിച്ച് കൌൺസിൽ മെമ്പറായിരുന്ന മാളവ്യജി ചെയ്ത പ്രസംഗം സ്മരണീയമായിട്ടുള്ളതാണ്. ഹിമാലയം മുതൽ കന്യാകുമാരി വരേയും അശീതളമായ ഒരു അസ്വസ്ഥത ഉണ്ടാക്കിവിട്ട ആ റൌലററാക്ടിനെ സംബന്ധിച്ചുണ്ടായ ശക്തിമത്തായ പൊതുജനാഭിപ്രായത്തെ തൃണംപോലെ ഗണിച്ച് അതു നടപ്പിൽ വരുത്തുവാൻ നോക്കിയ ഗവമ്മേണ്ടിന്റെ ഗഹ്ണീയമായ സ്വേച്ഛാപ്രഭുത്വത്തെ പ്രതിഷേധിച്ച് മാളവ്യസാമ്രാജ്യസഭാമെമ്പർ സ്ഥാനം രാജിവെച്ച കഥ സുപ്രസിദ്ധമാണല്ലോ. റൌലററ് ബില്ലിനെ എതിർപ്പാനായി മഹാത്മാഗാന്ധി ആരംഭിച്ച സത്യാഗ്രഹസമരത്തിൽ പണ്ഡിതമാളവ്യ ഭാഗഭാക്കാവുകയുണ്ടായില്ലെങ്കിലും നിയമാനുസാരിയായ സകല മാർഗ്ഗങ്ങളിൽ കൂടെയും അദ്ദേഹം അതിനെ പ്രതികൂലിച്ച് പ്രവർത്തിക്കുകയുണ്ടായി. സത്യാഗ്രഹത്തെ പിന്തുടൎന്നുണ്ടായ പഞ്ചാബിലെ ജനമദ്ദനവും, ലഹളയും, പട്ടാളഭരണവും, ജല്ലിയൻ വാലാബാംഗിലെ ജനഹിംസയും ഇന്ത്യയിലൊട്ടാകെ

എന്തെന്നില്ലാത്ത ഒരു നടുക്കവും കലക്കവും ഉണ്ടാക്കി. രക്തത്തിൽ കുളികുളിച്ച പഞ്ചാബിന്റെ മർമ്മവ്രണവേദനയോടുകൂടിയുള്ള ദയനീയമായ നിലവിളി കേട്ടു മനം കലങ്ങി മുന്നോട്ടു വന്ന നേതാക്കന്മാരിൽ മാളവ്യയാണ് മുമ്പിൽ നിന്നിരുന്നത്. കോൺഗ്രസ്സു പ്രസിഡെണ്ട് എന്ന നിലയിൽ അദ്ദേഹം ഉടനെതന്നെ, പഞ്ചാബിൽ നടന്ന ഭയങ്കരസംഭവങ്ങളെക്കുറിച്ചന്വേഷിക്കുന്നതിനായി കോൺഗ്രസ്സിന്റെ ഒരു സബ് കമ്മിററിയെ ഏർപ്പെടുത്തുകയും, മഹാത്മാഗാന്ധി, ദേശബന്ധു ദാസ്സ്, പണ്ഡിതമോട്ടിലാൽ നെഹ്റു, അബാസ്സ് തയാബ്ജി, എം. ആർ. ജയക്കർ എന്നീ കോൺഗ്രസ്സുനേതാക്കന്മാരുടെ സഹായത്തോടുകൂടി പഞ്ചാബ് സംഭവങ്ങളുടെ സൂക്ഷ്മവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഗവർമ്മെണ്ടിൽനിന്ന് ഏർപ്പെടുത്തിയ ഹണ്ടർക്കമ്മിററിയുടെ അന്വേഷണരീതിയും തെളിവെടുക്കലും ആശാസ്യമായിരുന്നില്ലാത്തതിനാൽ അദ്ദേഹം ആ കമ്മിററിയോടു നിസ്സഹകരണനയം അനുഷ്ഠിക്കുവാനാണ്, പൊതുജനങ്ങളോടും കോൺഗ്രസ്സുകാരോടും ആവശ്യപ്പെട്ടത്. കോൺഗ്രസ്സു സബ് കമ്മിററിയുടെ അന്വേഷണത്തിൽ വെളിപ്പെട്ട പട്ടാളഭരണസംബന്ധമായ ഘോരസംഭവങ്ങളെ മുൻനിർത്തി, മാളവ്യ സാമ്രാജ്യനിയമസഭയിൽ അനേകം 'വിളഞ്ഞ' ചോദ്യങ്ങൾ ചോദിച്ചതിന്ന്, അങ്ങുമിങ്ങും തൊടാത്ത മട്ടിലാണ് സർക്കാർഭാഗത്തുനിന്നുള്ള മറുവടിയുണ്ടായത്. പഞ്ചാബ് സംഭവങ്ങളെപ്പററി, ഗവർമ്മെണ്ട്, "ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ" എന്നുപറഞ്ഞു കൈമലർത്തുകയും, ജനങ്ങളുടെ സങ്കടങ്ങളെസ്സംബന്ധിച്ചിടത്തോളം ബധിരഭാവം കൈക്കൊള്ളുകയും ചെയ്തു എന്നു മാത്രമല്ല, ജനമർദ്ദനകർത്താക്കന്മാരായ പഞ്ചാബിലെ ചില ഉദ്യോഗസ്ഥന്മാർക്കു മാപ്പു കൊടുക്കുകയും, നഷ്ടത്തിനു പ്രതിഫലം നൽകുകയും ചെയ്യുന്നതു സംബന്ധിച്ചുള്ള ഒരു ബില്ല് പാസ്സാക്കുവാൻ

സാമ്രാജ്യസഭയിൽ ഹാജരാകുകകൂടി ചെയ്കയുണ്ടായി. ഈ "ഇൻഡെമ്നിററി" ബില്ലിനെ ബലമായെതിർത്തുകൊണ്ടു പണ്ഡിത മാളവ്യ ആറര മണിക്കൂർനേരം നിന്നു പ്രസംഗിച്ച പ്രസംഗം ഇന്നും ഇന്ത്യൻജനതയുടെ ചിത്തരംഗത്തിൽ കിടന്നു നർത്തനം ചെയ്യുന്ന ഒന്നാണ്. നിയമത്തിന്റെയും സമാധാനത്തിന്റെയും പേരുപറഞ്ഞു പട്ടാളക്കാർ പഞ്ചാബിൽ കാട്ടിക്കൂട്ടിയ പൈശാചികങ്ങളായ പ്രവൃത്തികളെ നഗ്നരൂപത്തിൽ നിർദ്ദേശിച്ചും, ഇൻഡെമ്നിററി ബില്ലിന്റെ അനാവശ്യകതയെ സമർത്ഥിച്ചും ചെയ്ത ശക്തിമത്തായ ആ പ്രസംഗത്തിലെ ഓരോ അക്ഷരവും, എരിഞ്ഞുപുകഞ്ഞു, തിളച്ചുമറിയുന്ന ഓരോ അഗ്നിഗോളംപോലെയാണിരുന്നിരുന്നത്.

പഞ്ചാബ് കാര്യത്തിൽ ഗവർമ്മേണ്ടു ന്യായമായ വിധത്തിൽ പ്രവർത്തിക്കുകയില്ല എന്നു തീർച്ചപ്പെട്ടു. ഖിലാപത്തു വിഷയത്തിൽ ഇന്ത്യൻ മുഹമ്മദീയരുടെ അഭ്യർത്ഥനയെ നിശ്ശേഷം വിഗണിച്ചു പ്രവർത്തിക്കുകയും ചെയ്തു. ഇനി നിസ്സഹകരണനയമല്ലാതെ നിവൃത്തിയില്ലെന്നു കണ്ടു മഹാത്മാ ഗാന്ധി ധർമ്മസമരകാഹളവും വിളിച്ചുകൊണ്ടു നിരായുധയുദ്ധത്തിനു പുറപ്പെട്ടു. കല്ക്കട്ടയിൽവെച്ചു നടന്ന സ്പെഷ്യൽ കോൺഗ്രസ്സിലും, നാഗപ്പൂരിൽവെച്ചു കൂടിയ വാർഷികകോൺഗ്രസ്സുയോഗത്തിലും മദനമോഹനമാളവ്യ, മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രമേയത്തെ പ്രബലമായെതിർത്തു. ഗവർമ്മേണ്ടിനോടു സഹകരണത്യാഗം അനുഷ്ഠിക്കുന്നത് അധർമ്മമാണെന്നു വിചാരിച്ചിട്ടല്ല, അസാദ്ധ്യവും അപകടവും ആണെന്നു കരുതിയിട്ടു മാത്രമാണ് മാളവ്യ അതിനെ പ്രതികൂലിച്ചത്. ഏതായാലും മാളവ്യയുടെ ഉപദേശത്തെ അംഗീകരിക്കുന്നതിന് അന്നു കോൺഗ്രസ്സു തയ്യാറായില്ല. നിസ്സഹകരണനിശ്ചയപ്രകാരം നിയമസഭകളിൽ ആരും മെമ്പർമാരായിത്തീരുവാൻ പാടില്ലെന്നും,

മെമ്പർസ്ഥാനാർത്ഥികൾക്കു വോട്ടുചെയ്യാൻ പോവരുതെന്നു മുണ്ടായിരുന്നതിനാൽ, മാളവ്യ തന്റെ അഭിപ്രായത്തിന്നു വിരുദ്ധമായിരുന്നാലും ആ കോൺഗ്രസ്സ് നിശ്ചയത്തെ ആദരിച്ചു തന്റെ സ്ഥാനാർത്ഥിത്വം വേണ്ടെന്നു വെക്കുകയാണുണ്ടായത്. ഒരു കോൺഗ്രസ്സുകാരനായ താൻ കോൺഗ്രസ്സിലെ ഭൂരിപക്ഷാഭിപ്രായം എന്തായിരുന്നാലും അതിനെ ആദരിച്ചു പ്രവർത്തിക്കുന്നതു തന്റെ കടമയാണെന്നുള്ള സ്വധർമ്മബോധമാണ് അദ്ദേഹത്തെ തിരഞ്ഞെടുപ്പിൽനിന്നു പിൻവലിപ്പിച്ചത്. സ്വഹിതത്തേക്കാൾ ജനഹിതമാണ് പ്രധാനമായിട്ടുള്ളതെന്നു കരുതുന്ന ഒരു യഥാർത്ഥമഹാനുഭാവന്റെ ധർമ്മമാണ് അദ്ദേഹം ഈ അവസരത്തിൽ അനുഷ്ഠിച്ചതെന്നുള്ളതിനു സംശയമില്ല.

കോൺഗ്രസ്സിൽ മെമ്പർസ്ഥാനത്തിനു പോവാതെനിന്ന മാളവ്യ, കൌൺസിലിന്റെയും കോൺഗ്രസ്സിന്റെയും നടവടികളെ നിപുണമായി നിരീക്ഷണം ചെയ്തുകൊണ്ടാണിരുന്നത്. നിസ്സഹകരണപ്രസ്ഥാനത്തിന്റെ പ്രാരംഭത്തിൽ പുതിയ വൈസരോയിയായി വന്ന റീഡിങ്ങ്പ്രഭുവിന്റെ അടുക്കലേക്കു നിസ്സഹകരണനേതാവായ മഹാത്മാ ഗാന്ധിയെ കൂട്ടിക്കൊണ്ടുപോയി കാര്യം സംസാരിപ്പിച്ചതു മാളവ്യയല്ലാതെ മററാരുമല്ല. സഹകരണത്യാഗസമരം ഉഗ്രമായ ഒരു ദശയിലെത്തിയ അവസരത്തിൽ, സംഭ്രാന്തനായി സഹകരണത്യാഗികളേയും ഭരണാധികാരികളേയും തമ്മിൽ സന്ധിപ്പിച്ചു സമാധാനം ഉണ്ടാക്കുവാൻ അദ്ദേഹം അത്യധികം അധ്വാനിക്കുകയുണ്ടായി. വെയിൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ച സന്ദർഭത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ദുഃഖാചരണമായി 'ഹർത്താൽ' അനുഷ്ഠിക്കപ്പെടുകയും അതോടുകൂടി ഗവർമ്മേണ്ടിന്റെ മർദ്ദനനയം ഘോരരൂപംകൈക്കൊള്ളുകയും ചെയ്തപ്പോൾ 'പന്തിയല്ലെ'ന്നു കണ്ടു മാളവ്യ വൈസരോയിയുടെ അടുക്കെ ഡിപ്യൂ

ട്ടേഷൻ പോയി സന്ധികാൎയ്യത്തെപ്പററി സംസാരിച്ചതും, അ
വിടെനിന്നു് ഓടി അഹമ്മദബാദിൽ ചെന്നു മഹാത്മജി
യെക്കണ്ടു സംഭാഷണം ചെയ്തതും, പിന്നീടു ബോമ്പയിൽ
വെച്ചു സർ. ശങ്കരൻനായരുടെ അദ്ധ്യക്ഷതയിൽ ഒരു സമ
സ്തകക്ഷിപ്രതിനിധിസഭ (Round table conference) നടത്തി
യതും, മഹാത്മജി തന്നെപ്പോലെ സ്വാഭിപ്രായത്തിന്റെ ന
ട്ടെല്ലു തല്ലിവളക്കുന്ന ഒരാളല്ലെന്നുകണ്ടു് പിച്ചുപിടിച്ചു ശങ്ക
രൻനായരവർകൾ സഭയിൽനിന്നിറങ്ങിപ്പോയതും, കാൎയ്യ
മൊന്നും ഫലിക്കാതെ സമാധാനസന്ധ്യാലോചനസഭ അല
സിപ്പോയതും, മററും വിസ്തരിക്കുവാൻ അവകാശകാൎയ്യം എ
ന്നെ അനുവദിക്കുന്നില്ല.

മൎദ്ദനനയത്തിന്റെ നിരങ്കുശതയ്ക്കു മഹാത്മാഗാന്ധിയു
ടെ ബന്ധനം മകുടംവെച്ചതോടുകൂടി മദനമോഹനമാളവ്യ
യുടെ മട്ടൊന്നുമാറി. മഹാത്മജിയുടെ ബന്ധനം മുതലായ മൎദ്ദ
നനയങ്ങളെ അദ്ദേഹം രൂക്ഷമായ ഭാഷയിൽ ആക്ഷേപി
ക്കുവാൻ തുടങ്ങി. ക്രിമിനൽലാ അമൻറുമെൻറാക്ട് പ്രകാരമു
ള്ള നിരോധനാജ്ഞയെ ലംഘിച്ചു മാളവ്യ പലതവണയും പ്ര
സംഗിക്കുകയുണ്ടായി എങ്കിലും, ഗാന്ധിയെ ബന്ധിക്കുവാൻ
കൂസലുണ്ടാവാത്ത ഭരണാധികാരികൾ അദ്ദേഹത്തെ മാത്രം
സൎക്കാർ ഹോട്ടലിലെ അതിഥിയാക്കിത്തീൎക്കുകയുണ്ടായില്ല.

കോൺഗ്രസ്സുകാരിൽ ഒരു ഭാഗക്കാർ, സി. ആർ. ദാസ്സി
ന്റെ നേതൃത്വത്തിൽ കൌൺസിൽ പ്രവേശവാദികളായി
തിരിഞ്ഞു പുറപ്പെട്ടപ്പോൾ മാളവ്യയും കൌൺസിൽ മെ
മ്പർസ്ഥാനാൎത്ഥിയായിത്തീൎന്നു. പുതിയ ഭരണപരിഷ്കാരപ്ര
കാരമുള്ള ആദ്യത്തെ കൌൺസിലുകളുടെ കാലാവധി തീ
ൎന്നപ്പോളുണ്ടായ രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ, ഇന്ത്യൻ
ലെജിസ്ലേററീവ് അസമ്പ്ളിയിലെക്കുള്ള മെമ്പർസ്ഥാന
ത്തിനായി നില്ക്കുകയും ജയിക്കുകയും ചെയ്ത മാളവ്യ, ഇ
പ്പോൾ അസമ്പ്ളി മെമ്പർ എന്ന നിലയിൽ നാട്ടിന്റെ ന
ന്മയ്ക്കായി യഥാശക്തി യത്നംചെയ്യുന്നുണ്ടു്. സ്വരാജ്യകക്ഷി

ക്കാരായ മെമ്പർമാരോടു സഹകരിച്ചുംകൊണ്ടുള്ള നിലയിലാണ് അദ്ദേഹം അസമ്പ്ളിയിൽ വർത്തിച്ചുവരുന്നത്.

പണ്ഡിതമദനമോഹനമാളവ്യയുടെ ജീവിതത്തിലെ രാജ്യകാര്യോന്മുഖങ്ങളായ പ്രവൃത്തികളെയാണ് ഇതുവരെ പ്രസ്താവിച്ചുവന്നത്. രാജ്യഭരണകാര്യങ്ങളിൽ എന്നപോലെതന്നെ സാമ്പത്തികവിഷയങ്ങളിലും, വിദ്യാഭ്യാസവിഷയത്തിലും,സാമുദായികപ്രമേയത്തിലും അദ്ദേഹത്തിൻെറ ശ്രദ്ധ ഗാഢമായി പതിഞ്ഞിട്ടുണ്ടെന്നുള്ളതിനു എത്രയോഅനവധി ലക്ഷ്യങ്ങൾ നിർദ്ദേശിപ്പാനുണ്ടാകും.1916-ൽഇന്ത്യാഗവമ്മേണ്ട് ഏർപ്പെടുത്തിയ 'വ്യവസായക്കമ്മീഷ'നിൽ ഒരു മെമ്പ്രായി നിയമിക്കപ്പെട്ടിരുന്ന മാളവ്യ, തൻെറ 'നോട്ടി'ൽ, ഇന്ത്യയിലെ വ്യവസായവാണിജ്യങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നതിനേയും, ഇന്ത്യയിൽ ദാരിദ്ര്യം വർദ്ധിച്ചു വരുന്നതിനേയും, സ്വദേശീയങ്ങളായ വ്യവസായവാണിജ്യങ്ങളെ അഭിവൃദ്ധിപ്പെടുത്തേണ്ടതിനേയും മററും പററി നല്ലപോലെ പ്രതിപാദിച്ചിട്ടുണ്ട്. സാങ്കേതികവിദ്യാഭ്യാസത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തു് യുവാക്കന്മാരെ വ്യവസായവിദഗ്ദ്ധരും, വാണിജ്യവിജ്ഞാനികളും ആക്കിത്തീർക്കേണ്ടതിൻെറയും,"വാണിജ്യരക്ഷണ"നയംകൊണ്ട്, ഇന്ത്യൻ വ്യവസായവാണിജ്യങ്ങളെ വിദേശീയസാമാനങ്ങളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ടതിൻെറയും ആവശ്യകതയെ അതിൽ അദ്ദേഹം യുക്തിയുക്തമായി ഉപപാദിച്ചിരിക്കുന്നു.

പണ്ഡിതമദനമോഹനമാളവ്യയുടെ നാനാമുഖങ്ങളായ പരിശ്രമങ്ങളല്ലാതെ പരിശ്രമഫലമായിട്ടുള്ള യാതൊന്നും ഇതുവരെ വായനക്കാരുടെ സമക്ഷം സമർപ്പിക്കുകയുണ്ടായില്ല. അടുത്ത് പ്രസ്താവിക്കുന്നത് അങ്ങിനെയുള്ള ഒന്നിനെപ്പററിയാകുന്നു. 'ബനാറീസ്സ് ഹിൻദു യൂനിവേർസിററി' എന്നു പറയുന്ന കാശി സർവ്വകലാശാല മദനമോഹനമാളവ്യയുടെ വിദ്യാഭ്യാസവിഷയകമായ പരിശ്രമത്തിൻെറ വിലോഭ

നീയമായ വിജയസ്തംഭമായിട്ടുള്ളതാണ്. ഇന്ത്യയിലെ വിദ്യാഭ്യാസം പ്രായേണ വിദേശീയരായ ക്രിസ്ത്യൻ മിഷ്യണറിമാരുടെ ചെങ്കോലിൻകീഴിലിരിക്കുന്നതുകൊണ്ടുള്ള ദോഷങ്ങളെ ശരിക്കു ഗ്രഹിക്കുവാനിടയായിട്ടുള്ളവക്കെല്ലാം, വാരാണസിയിലെ ഈ വിശ്വവിദ്യാലയംപോലെയുള്ള ഒരു National Institution അല്ലെങ്കിൽ ദേശീയസ്ഥാപനം എത്രമാത്രം ആശ്വാസവും ആശയും പ്രദാനംചെയ്യുമെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാകുന്നു. വിദ്യാത്ഥികൾക്ക് സ്വരാജ്യസ്നേഹവും, മതപ്രതിപത്തിയും, കമ്മകുശലതയും ഉണ്ടാക്കിത്തീക്കുന്നതിന്നുതകുന്ന പാഠപദ്ധതികളോടുകൂടിയ ഈ സരസ്വതീമഠം ഇന്ത്യക്കാക്കു, വിശേഷിച്ച് ഹിന്ദുക്കൾക്ക്, അവണ്ണനീയമായ ഒരു അനുഗ്രഹവും അഭിമാനവും ആണെന്നുതിത്തു പറയാം. ഈ വിദ്യാഭ്യാസസ്ഥാപനത്തിൻെറ വിജയവത്തായ നടത്തിപ്പിന്നുവേണ്ടി പണ്ഡിതമാളവ്യ ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ ശ്രമം ചില്ലറയൊന്നുമല്ല. കാശിസവ്വകലാശാലയുടെ സ്ഥാപനത്തിനായുള്ള പ്രാരംഭശ്രമത്തിൽ, പണ്ഡിത മാളവ്യക്ക് എതെല്ലാം തരത്തിലുള്ള പ്രതികൂലശക്തികളോടാണ് മല്ലിടേണ്ടിവന്നിട്ടുള്ളതെന്നു വണ്ണിക്കുവാൻ പ്രയാസമാണ്. 'സ്വദേശിബഹളം' കൊടുമ്പിരിക്കൊണ്ട കാലമായിരുന്നതിനാൽ, ആംഗ്ലോ ഇന്ത്യക്കാരും അവരുടെ പത്രങ്ങളും ഈ വിദ്യാലയസ്ഥാപനശ്രമത്തെ രാജ്യദ്രോഹസംരംഭത്തിൻെറ കരിതേച്ചു കറുപ്പിച്ചുവിടുവാൻ കഴിയുന്നതും ശ്രമിച്ചുവെങ്കിലും മാളവ്യയുടെ മായമററ അക്ഷീണപരിശ്രമത്തിൻെറ ശക്തിയാൽ അതൊന്നും ഫലപ്പെടുകയുണ്ടായില്ല. നാടു മുഴവൻ അലഞ്ഞു നടന്നു പല മഹാന്മാരേയും കണ്ടു പണം ചോദിച്ചു വാങ്ങി ഒരു വിധത്തിൽ കലാശാല നടത്തുന്നതിനു വേണ്ട മൂലധനം ഉണ്ടാക്കി ഉറപ്പിച്ചതോടുകൂടി അത് സ്ഥിരപ്രതിഷ്ഠമായ ഒരു സ്ഥാപനമായിത്തിന്നുകഴിഞ്ഞു. 1915-ൽ ഇന്ത്യാഗവമ്മേണ്ട് ഈ സവ്വ

കലാശാലയെ അംഗീകരിക്കുന്നതു സംബന്ധിച്ചുള്ള ഒരു ബില്ല് സാമ്രാജ്യനിയമസഭയിൽ ഹാജരാക്കിയപ്പോൾ മാളവ്യ കൌൺസിൽ മെമ്പറുടെ നിലയിൽ അതിനെ സന്തോഷപുരസ്സരം സ്വാഗതംചെയ്തു. ഗവമ്മേണ്ടംഗീകരിച്ചതോടുകൂടി സവ്വകലാശാലയുടെ സ്വാധീനശക്തിയും പ്രസിദ്ധിയും പൂവ്വാധികം വദ്ധിച്ചുവശമായി. സവ്വകലാശാലയുടെ ആദ്യത്തെ വൈസ്സ് ചാൻസലറായിരുന്ന പണ്ഡിതസുന്ദരലാലിന്റെ ദേഹവിയോഗത്തിന്നുശേഷം തൽസ്ഥാനത്തേയ്ക്കു മാളവ്യയെ തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം നന്ദിപൂവ്വം അതു നിരാകരിക്കുകയാണുണ്ടായത്. ഇപ്പോൾ ഈ സവ്വകലാശാലയുടെ കീഴിൽ എം. ഏ. വരേയുള്ള ഒന്നാന്തരം ഒരു ഇംഗ്ലീഷ് കോളേജും, പുറമെ ഒരു സ്ത്രീമഹാപാഠശാലയും, ഉള്ളതുകൂടാതെ ഒരു ഇഞ്ചിനീയറിങ്ങ് കോളേജും, വേദങ്ങൾ, ശാസ്ത്രങ്ങൾ, കലാവിദ്യകൾ മുതലായ ഭാരതീയവിദ്യകൾ പഠിപ്പിക്കുന്നതിന്നുള്ള ഒരു സംസ്കൃതമഹാവിദ്യാലയവുംകൂടി നല്ല നിലയിൽ നടത്തപ്പെട്ടുപോരുന്നുണ്ട്. മറ്റൊന്നുമില്ലെങ്കിൽകൂടി ഈ ഒരൊററ സ്ഥാപനംകൊണ്ടുതന്നെ പണ്ഡിതമാളവ്യ സകല ഭാരതീയക്കും സവ്കാലസ്മരണീയനായ ഒരു മഹാപുരുഷനായിത്തീന്നിട്ടുണ്ട്.

സാമുദായികകാൎയ്യങ്ങളിൽ മാളവ്യയ്ക്കുള്ള ശ്രദ്ധയും ഉത്സാഹവും ഇത്രത്തോളമെന്നു അതിരിടുവാൻ സാധിക്കുന്നതല്ല. അസംഖ്യേയമായ ജാതിഭേദപ്രപഞ്ചംകൊണ്ട് അസംഘടിതമായിത്തീന്ന്, ഐകമത്യവും സഹകരണബുദ്ധിയും നശിച്ചും, വിവിധങ്ങളായ അനാചാരങ്ങൾ തിങ്ങി ശുദ്ധിയും ശക്തിയും അററും ഏതാണ്ടു നിജ്ജീവദശയിൽ എത്തിയിട്ടുള്ള ഇന്നത്തെ ഹൈന്ദവസമുദായത്തെ പുനഃസംഘടനം ചെയ്ത് ഏകീകരിച്ചു ശക്തിമത്താക്കിത്തീക്കുവാൻ മാളവ്യ അവർകൾ പലപ്രകാരത്തിലും പരിശ്രമംചെയ്തുവരുന്നുണ്ട്. കഴിഞ്ഞകൊല്ലം കാശിയിൽവച്ച് ഹിന്ദുമഹാസഭ വിളിച്ചുകൂ

ട്ടിയതും, അതിൽ അധഃകൃതജാതിക്കാരുടെ അവകാശങ്ങ ളെ അംഗീകരിച്ചതും മാളവ്യയുടെ ശ്രമം ഒന്നുകൊണ്ടുമാത്ര മാണ്. ഹിന്ദുക്കൾക്ക്, ഇത്ര വിശ്വസ്തനായ ഒരു നേതാവ് വേറെയില്ല എന്നു ധൈര്യപൂർവ്വകം പറയുവാൻ സാധിക്കും.

ഇന്ത്യാരാജ്യത്തിൻെറ ആധുനികചരിത്രത്തിലെ ഏ തൊരദ്ധ്യായത്തിലും മദനമോഹനമാളവ്യയ്ക്ക് ഗണ്യമായ ഒ രു സ്ഥാനമുണ്ടെന്നു കാണാം. അദ്ദേഹം തികഞ്ഞ ഒരു ദേ ശഭക്തനും, ഒന്നാന്തരം ഒരു രാജ്യതന്ത്രജ്ഞനും, വമ്പിച്ച ഒ രു പണ്ഡിതനും, വിശിഷ്ടനായ ഒരു മതകാര്യനിഷ്ഠനും, കേ ളികേട്ട ഒരു വിദ്യാപ്രചാരകനുമാണ്. ഒരു കക്ഷിയിലും ചേരാതെയും, എന്നാൽ എല്ലാ കക്ഷിയുടേയും തൃപ്തി നേടി യും, സ്വതന്ത്രമായി പ്രവൎത്തിച്ചും വന്നിട്ടുള്ള ഇദ്ദേഹത്തിൻെറ നില ഒന്നു പ്രത്യേകംതന്നെയാണ്. മാളവ്യ ഒരുമിതവാദിയോ അമിതവാദിയോ അല്ല; രാജ്യഭരണസംബന്ധമായി അദ്ദേഹ ത്തിനുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഏറക്കുറെ അമിത വാദികൾക്ക് യോജിക്കുന്നവയും അവയെ പ്രകാശിപ്പി ക്കുവാനുള്ള ഭാഷ മാത്രം മിതവാദികളുടേതുമാകുന്നു. അങ്ങെ അററത്തെ ഒരു അമിതവാദി പറയുന്ന അഭിപ്രായംതന്നെയാ ണ് മാളവ്യ പറയുന്നതെങ്കിലും, പറയുന്ന ഭാഷയുടെയും രീതി യുടേയും സൌമ്യതകൊണ്ട്, ആക്കും അതു രൂക്ഷമായിത്തോ ന്നുന്നതല്ല. സ്വതവേ സമാധാനപ്രിയനായ മാളവ്യ, എവി ടെയെവിടെ തക്കവും വഴക്കുമുണ്ടാകുന്നുവോ അവിടവിടെയെ ല്ലാം എത്തി സന്ധിപറഞ്ഞു സമാധാനം ഉണ്ടാക്കും. ഹിന്ദുശാ സ്ത്രവിധിപ്രകാരമുള്ള നിത്യനൈമിത്തികങ്ങളായ കൎമ്മങ്ങൾ ലോപം വരുത്താതെ അനുഷ്ഠിക്കുന്ന കാൎയ്യത്തിൽ അദ്ദേഹം പ്രത്യേകം മനസ്സിരുത്തുന്ന ഒരാളാണ്. മാളവ്യ വലിയ ഒരു മതാസക്തനാണെങ്കിലും ഒരുവിധത്തിലും മതഭ്രാന്തനല്ല. ഒ രു വിശിഷ്ടവൈദികബ്രാഹ്മണവംശത്തിലാണ് താൻ ജനി ച്ചിട്ടുള്ളതെങ്കിലും ആഭിജാത്യഭ്രമമാവട്ടെ, താണ ജാതിക്കാ

രെപ്പാറിയുള്ള അവജ്ഞാബുദ്ധിയാകട്ടെ അദ്ദേഹത്തെ അശേഷം ബാധിച്ചിട്ടില്ല. ഉയന്ന ജാതിയിൽ ഉൾപ്പെട്ട ആളായ അദ്ദേഹം അധഃസ്ഥിതജാതിക്കാരുടെ ഉററ ബന്ധുവാകുന്നു.

ഏതാദൃശനായ ഒരു സൽപുത്രനെ ജനിപ്പിച്ച ഭാരതമാതാവ് തീച്ചയായും ഭാഗ്യവതിയാണ്. ഇത്തരത്തിലുള്ള ഒരു മഹാപുരുഷൻെറ ജനനത്താൽ അനുഗൃഹീതമായിത്തീന്നിട്ടുള്ള ഹൈന്ദവസമുദായത്തിന്നു തീച്ചയായും മേലെക്കിടയിൽ അഭിമാനിക്കാവുന്നതാണ്. ഇങ്ങിനേയുള്ള ഒരു നായകനെ ലഭിച്ച ഇന്ത്യക്കാക്ക് എന്തുകൊണ്ടുനോക്കിയാലും നൈരാശ്യപ്പെട്ടവാൻ അവകാശമില്ല. മഹാനുഭാവനായ മദനമോഹനമാളവ്യ കാണിച്ചുതരുന്ന മഹനീയമായ മാതൃക നമ്മുടെ ഉദ്ദിഷ്ടസങ്കേതത്തിലേയ്ക്കു മാഗ്ഗദശിയായിത്തീരുമാറാവട്ടേ! അദ്ദേഹത്തിന്ന് ആയുരാരോഗ്യഭാഗ്യാദികളായ സകല സൌഭാഗ്യങ്ങളും സിദ്ധിക്കമാറാവട്ടേ !!

വിദ്വാൻ, സി. എസ്സ്. നായർ.

---

# ശങ്കരാചാര്യരും

## ചണ്ഡാലനും.

---

“ചാരത്തുചേരാശ്ശ, ചണ്ഡാല! തീണ്ടാശ്ശെ”-
നാരക്തനേത്രനായോതി യോഗി:—
തീരെത്തദാജ്ഞയേ മാനിയാതായവൻ
ദൂരത്തുമാറാതെ ചെന്നടുത്തു.
“തെമ്മാടി, തെല്ലും വകതിരിവില്ലാതെ
നമ്മോടടുത്തയ്യോ! തീണ്ടിയല്ലോ!

ധൎമ്മാതിസക്തിയിക്കാശിയിൽപ്പോലുമി-
ല്ലിഃമ്മാതിരിയ്യായാലെന്തുപിന്നെ !!
വല്ലാത്തവനെതിരില്ലാക്കലിയെന്നോ-
ന്നല്ലാതെന്തോതാ’’മെന്നോൎത്തുയോഗി.

താണുതൊഴുതട്ടത്തൊന്നോതീചണ്ഡാലൻ:—
“സ്ഥാണുപ്രിയമഹായോഗിയങ്ങോ?
വേണുന്ന നല്ലുപദേശത്തിനങ്ങേ ഞാൻ
കാണുന്നതിന്നു കൊതിച്ചുവന്നു!

അന്നമയമെയ്യിനോടോ ഭവാൻചൊന്ന-
തന്നമയമെയ്യു തീണ്ടീടായ്വാൻ?
അല്ലെങ്കിൽ ചൈതന്യം ചൈതന്യത്തിങ്കൽനി-
ന്നാരാലകറേറണമെന്നോചൊൽവൂ?

എൻതാണബുദ്ധിക്കഗോചരമാകയാ-
ലെന്താണി‘ത്തീണ്ട’ലെന്നോതിയാലും!
ഹന്താനവാപ്തവിജ്ഞാനന്മാൎക്കാനന്ദ-
സന്താനസന്ദാനസന്താനം നീ!”

ശങ്കരൻതാനതെന്നാച്ചൊല്ലാലൂഹിച്ചു,
തങ്കഴൽ നാണിച്ചുകൂപ്പിപ്പോന്നാൻ.
ശങ്കരാചാൎയ്യരോ‘തീണ്ട’ലിങ്ങുണ്ടാക്കീ?
ശങ്കയുണ്ടേററമെനിക്കിതിങ്കൽ:

വേദാന്തശാസ്ത്രം ജഗത്തിൽപ്പരത്തിയോ-
രാദാന്തസന്യാസി സൂൎയ്യാചാൎയ്യൻ,
ഖേദാന്തമാൎഗ്ഗംതെളിയിച്ചവൻ, ജാതി-
ഭേദാന്ധകാരത്തിൻകാരണമോ?
ആരോ വികൃതികളാം ചിലർ നട്ടീട്ട-
മോരോദുരാചാരപ്പാഴ്മരങ്ങൾ
വേരോടേ വേഗം പറിച്ചുകളയേണം
നേരോതാം നമ്മൾക്കു നന്മസ്സിപ്പോൾ.

മാലോകരാം മണിമാലയിൽ നൂലായി
മൂലോകനായകൻ മേവീടുന്നു;
ആലോകനാൎഹമിത്തത്വംനേൎക്കോൎത്തിടാ-
ഞ്ഞാലോകുഴങ്ങുമീമായയിൽനാം.
വേദത്തിലില്ലാത്തവല്ലാത്തൊരിജ്ജാതി-
ഭേദത്തെച്ചൊല്ലിക്കലഹിക്കാതേ,
സോദരരെല്ലാമനുഷ്യരുമെന്നുള്ളിൽ
സാദരമോൎത്തു നടക്കുക നാം!

കവിതിലകൻ,

കുണ്ടൂർ നാരായണമേനോൻ, ബി. ഏ.

# രാജ്യമീമാംസാപഠനം.

ഇന്നത്തെ ലോകം മുഴുവൻ രാജ്യമീമാംസയിൽ ഭ്രമിച്ചിരിക്കുകയാണു്. മനുഷ്യസമുദായത്തിന്റെ അഭ്യുന്നതിക്കു് രാജ്യമീമാംസാപഠനം അത്യാവശ്യകമാണെന്നു് ഒരു ബോധവും പരിഷ്കൃതജനസമൂഹത്തിനുണ്ടായിട്ടുണ്ടു്. പുരാതനകാലത്തു് രാജ്യമീമാംസയുടെ കൃത്യത്തെ മതം നിൎവ്വഹിച്ചിരുന്നു. ഭിന്നമതങ്ങളുടെ ആവിൎഭാവവും മതാചാരങ്ങളിലുള്ള അവിശ്വാസവും മൂലം മതത്തിന്റെ ശക്തി സങ്കുചിതമായിപ്പോയി. രാജ്യമീമാംസയുടെ അടിസ്ഥാനം മതമാണെങ്കിലും അതിനു ക്രമേണ സൎവ്യാപകത്വം ലഭിച്ചിട്ടുണ്ടു്. മനുഷ്യരുടെ കുടിലതയും ദുരാഗ്രഹവും നിമിത്തം മതസദൃശമായ രാജ്യമീമാംസ ക്രമേണ രാജ്യതന്ത്രമായിപ്പരിണമിച്ചിരിക്കുന്നു.

രാജ്യമീമാംസയെന്നു പറഞ്ഞാലെന്താണെന്നു് സാമാന്യജനങ്ങൾക്കു് ഒരു ബോധമുണ്ടെന്നു തോന്നുന്നില്ല. വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തെപ്പരാമൎശിക്കുന്ന

ശാസ്ത്രമാകുന്നു രാജ്യമീമാംസ. ഈ ബന്ധത്തെ ദൃഢപ്പെടുത്തുന്ന നിയമത്തേയും ഗവർമ്മേണ്ടിനേയും, അവയെ മാററി മറിക്കുന്ന സമാധാനത്തേയും സമരത്തേയും കുറിച്ച് പ്രതിപാദിക്കുകയാണ് രാജ്യമീമാംസയുടെ ഉദ്ദേശം. ഇഹലോകത്തിലുള്ള സകല ജന്തുക്കളും ആഹാരം, മൈഥുനം, മാനം ഇവയ്ക്കായി ജീവിക്കുകയും, പ്രയത്നിക്കുകയും കലഹിക്കുകയും, മരിക്കുകയും ചെയ്യുന്നു. ഈ മൂന്നു കാരണങ്ങൾ മൂലമുള്ള കലഹങ്ങളെ ഇല്ലാതാക്കുന്നതിന്നു ചില ചട്ടങ്ങൾ മനുഷ്യസമുദായം തന്നെ ഏർപ്പെടുത്തുകയും, ആ ചട്ടങ്ങളെ നടപ്പിൽ വരുത്തുവാൻ ഒരു ഘടന സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഘടനയെ നാം 'ഗവർമ്മേണ്ടെ'ന്നു പറയുന്നു. ഗവർമ്മേണ്ടിൻെറ പ്രയത്നംകൊണ്ടു മാത്രം വ്യക്തികൾ തമ്മിലും, സമൂഹങ്ങൾ തമ്മിലുമുള്ള ബന്ധത്തെ അഭംഗുരമായി പാലിക്കുന്നതിനുള്ള വൈഷമ്യങ്ങളെ മനസ്സിലാക്കി പുരാതനന്മാർ മതത്തിനും, സന്മാർഗ്ഗത്തിനും സമുദായത്തിൽ ചിരപ്രതിഷ്ഠ നല്കീട്ടുണ്ട്. ഓരോ വ്യക്തിയുടേയും, സുഖാനുഭോഗങ്ങൾക്കും, സ്വാതന്ത്ര്യത്തിന്നും തടസ്ഥമുണ്ടാകാതെയും, വ്യക്തികൾ തമ്മിൽ കലഹത്തിന്ന് ഇടകൊടുക്കാതെയും ജനസമുദായങ്ങളെ ദൃഢപ്പെടുത്തുകയും, നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നത് ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. മാനവജാതിയുടെ ഉത്ഭവകാലംമുതൽ പരസ്പരബന്ധത്തെ ദൃഢീകരിക്കുന്നതിന്നു ശ്രമങ്ങൾ നടന്നുവരുന്നു. ഓരോ കാലത്തെ യുക്തിക്കും, പരിഷ്കാരത്തിന്നും ചേർന്നവണ്ണം നിയമങ്ങളും, ഭരണകൂടങ്ങളും ജനങ്ങൾ സൃഷ്ടിക്കാതിരുന്നിട്ടില്ല. എന്നാൽ ഇന്നുവരെ ഒരു രാജ്യക്കാർക്കും ഒരു ജാതിക്കാർക്കും തൃപ്തികരമായ ഒരു ഘടന സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്.

ആദ്യമായി ജനപ്രഭുത്വപരമായ ഒരു ഭരണകൂടത്തെ സൃഷ്ടിക്കുവാനായിരുന്നു മനുഷ്യജാതിയുടെ ഒരുക്കം. പ്രാചീ

നകേരളചരിത്രം വായിക്കുന്നതായാൽ ജനങ്ങൾതന്നെ രാജ്യത്തെ പല ‘കഴക’ങ്ങളായിത്തിരിച്ച് പ്രതിനിധികളെ ഭരണാധികളാക്കിയിരുന്നതായിക്കാണാം. പ്രതിനിധിഭരണം വേണ്ടതുപോലെയാവുന്നില്ലെന്ന് അനുഭവബോദ്ധ്യമായതോടുകൂടി ജനങ്ങൾ പെരുമാക്കന്മാരിൽ രാജ്യഭരണം സമർപ്പിച്ചു. ഗ്രീസ്സ്, റോം, മുതലായി പ്രാചീനപരിഷ്ക്കാരത്തിന്റെ കേന്ദ്രങ്ങളായിരുന്ന സാമ്രാജ്യങ്ങളുടെ ചരിത്രവും നമ്മെ പഠിപ്പിക്കുന്നത്, ജനപ്രഭുത്വപരമായ ഒരു ഘടനയിലാണ് ആധുനികഗവർമ്മേണ്ടുകളുടെ ഉത്ഭവമെന്നാകുന്നു. തദനന്തരം രാജാക്കന്മാരുടെ ഭരണം തുടങ്ങി. അവരുടെ ഭരണം ജനപ്രഭുത്വപ്രമാണത്തെ അടിസ്ഥാനമാക്കിയായിരുന്നു. ഇംഗ്ലണ്ടിലെ ഇന്നത്തെ രാജാവിനുള്ള സ്ഥാനമായിരുന്നു പ്രാചീനരാജാക്കന്മാർക്കുണ്ടായിരുന്നത്. പ്രാചീനാര്യാവർത്തത്തിലെ രാജാക്കന്മാർ പുരോഹിതന്മാരുടെയും, മന്ത്രിമാരുടെയും ഉപദേശപ്രകാരം രാജ്യഭരണം നടത്തിവന്നു. രാജാക്കന്മാർ പൌരാവലി നിശ്ചയിച്ചിട്ടുള്ള ധർമ്മങ്ങളെപ്പാലിക്കുന്നതിനുമാത്രം നിയുക്തരാണെന്നു മനുസ്മൃതിയിലെ പല ശ്ലോകങ്ങളും വിളിച്ചു പറയുന്നുണ്ട്.

“സരാജാ പുരുഷോദണ്ഡ-
സ്സനേതാ ശമിതാ ച സഃ
ചതുർണ്ണാമാശ്രമാണാം ച
ധർമ്മസ്യ പ്രതിഭൂഃ സ്മൃതഃ.
ദണ്ഡശ്ശാസ്തിപ്രജാസ്സർവ്വാ
ദണ്ഡ ഏവാഭിരക്ഷതി
ദണ്ഡഃസുപ്തേഷുജാഗർത്തി
ദണ്ഡം ധർമ്മം വിദുർബുധാഃ.”

എന്നുള്ള മനുവചനങ്ങളിൽനിന്നു ദണ്ഡം അല്ലെങ്കിൽ നിയമം രാജാവിനു മീതെയായിരുന്നുവെന്നു കാണാം. എന്നാൽ രാജാക്കന്മാർക്ക് അധികാരം വർദ്ധിച്ചപ്പോൾ നിയമമെന്നു പ

രയുന്നത് അവരുടെ ആജ്ഞയാണെന്നു ഘോഷിക്കുന്നതിന്നും, രാജ്യം സ്വന്തമാണെന്നു ഭാവിക്കുന്നതിന്നും, പ്രജകൾ അവരുടെ അടിമകളാണെന്നു കാണിക്കുന്നതിന്നും ഒരുമ്പെട്ടു. ഈ അഭിപ്രായത്തെ ബലപ്പെടുത്തുവാനായി അവർ പ്രജകളിൽ ഒരു വിഭാഗത്തെ സ്വായത്തമാക്കി സ്വേച്ഛാധികാരം നടത്തിവന്നു. അക്കാലത്തു സമാധാനം രാജ്യത്തിലുണ്ടായിരുന്നുവെങ്കിലും, വ്യക്തികളുടെയും സമൂഹങ്ങളുടെയും സ്വാതന്ത്ര്യത്തിന്നും, സുഖാനുഭോഗങ്ങൾക്കും അപരിഹാര്യമായ ഉടവു തട്ടിയിരുന്നുവെന്നു പ്രത്യേകം പറയേണമെന്നില്ല. പ്രബലന്മാക്കും, ധനവാന്മാക്കും മാത്രം സർവ്വാധികാരവും സിദ്ധിച്ചു. ഉയന്നവരെന്നും, താണവരെന്നും പ്രജകളിൽത്തന്നെ രണ്ടുമൂന്നു വിഭാഗങ്ങളുണ്ടായി. രാജാവിടനാടു ചേന്ന് ഉൽകൃഷ്ടന്മാർ അപകൃഷ്ടന്മാരെ നിന്ദിച്ചുതുടങ്ങി. അടിമക്കച്ചവടം സർവ്വത്ര പ്രചരിച്ചു. മനുഷ്യജാതിയുടെ മഹത്വം നാമാവശേഷമായി. അധഃകൃതവർഗ്ഗക്കാരുടെയും, തൊഴിലാളികളുടേയും, ഉത്ഭവം സ്വേച്ഛാധികാരപ്രമത്തമായ രാജാധികാരത്തിൽനിന്നാണ്. കുബേരത്വത്തിന്നു പ്രതാപം കല്പിച്ചതു സ്വേച്ഛാപ്രഭുക്കന്മാരായ രാജാക്കന്മാരായിരുന്നു. അവരുടെ ദുരാഗ്രഹവൃത്തിക്കായി അവർ ധർമ്മത്തെ സ്വരാജ്യത്തു നിരസിക്കുവാനും, മതതത്വങ്ങളെ നിരാകരിച്ച് അന്യരാജ്യങ്ങളെ ആക്രമിക്കാനും വട്ടംകൂട്ടി. പെട്രീഷിയൻ, പ്ലിബിയൻ എന്നു പറയപ്പെടുന്ന ഉൽകൃഷ്ടരും, അപകൃഷ്ടരും തമ്മിൽതല്ലി ചോരപ്പുഴയിൽ ആറാടി. റോമിലെ 'പാപ്പ'മാരുടെ നിർദ്ദേശങ്ങൾക്കെതിരായി പ്രവൎത്തിച്ചിരുന്ന ക്രിസ്ത്യാനികളെ തീയിലിട്ടു ചുട്ടുവന്നു. രാജാക്കന്മാക്ക് ഒരു കുററവും ചെയ്യുവാൻ കഴികയില്ലെന്നുള്ള പ്രമാണംതന്നെ പാശ്ചാത്യരാജ്യമീമാംസയിൽ ദൃഢപ്രതിഷ്ഠിതമായി. ഗവർമ്മേണ്ടും, ജനങ്ങളും രണ്ടു വ്യക്തികളാണെന്നുതന്നെ ഒരു 'നാണയം' പരന്നു. എന്തിന്ന് അധികം പറയുന്നു? മതവും ദുഷിച്ചു; സമരായ

ബന്ധവും തകൎന്നു വേൎപ്പെട്ടു; ഗവൎമ്മേണ്ടിൻെറ ഉദ്ദേശം തന്നെ വിസ്മൃതമായി. ഇങ്ങിനെയുള്ള കാലത്തെയാണ് എല്ലാ രാജ്യങ്ങളുടെയും ചരിത്രത്തിൽ 'കൃഷ്ണയുഗ'മെന്നു ഘോഷിക്കുന്നത്. ഈ കൃഷ്ണകാലത്തിൻെറ അവസാനത്തിൽ ഒരു നവ്യമായ ശക്തി പ്രാദുൎഭവിക്കുന്നതു കാണാം. ഇതു സൎവ്വസാധാരണമായ ഒരു പതിവാണെന്നുള്ള അൎത്ഥത്തിൽ അധൎമ്മം പ്രചരിക്കുമ്പോൾ ധൎമ്മസ്ഥാപനത്തിന്നായി വിഷ്ണു മനുഷ്യനായി അവതരിക്കുന്നുവെന്നു ഗീതയിൽ കാണുന്നു. ഈശ്വരൻ മനുഷ്യനു ദാനംചെയ്തിട്ടുള്ള അവകാശങ്ങളെ നരൻ ദൂഷിപ്പിക്കുമ്പോൾ ദൂഷ്യത്തെപ്പരിഹരിക്കുവാൻ ഈശ്വരശക്തി പ്രകാശിക്കുന്നുവെന്നാണ് മതാസക്തന്മാരുടെ അഭിപ്രായം.

ആ അഭിപ്രായം എങ്ങിനെയിരുന്നാലും വേണ്ടില്ല; സ്വേച്ഛാധികാരത്തോടു ഒരു വെറുപ്പ് ലോകമെങ്ങും ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കതന്നെ വേണം. ജൎമ്മനി, റഷ്യ, സ്പെയിൻ, തുൎക്കി, ചൈന, മുതലായ രാജ്യങ്ങളിൽ രാജാധികാരം നശിച്ചത് ഏകദേശം ഒരു ശതാബ്ദത്തിനകത്താണ്. ഫ്റാൻസും അമേരിക്കയും കുറെക്കാലമായി ജനസമുദായരാജ്യഭരണം നടത്തിവരുന്നു. എങ്കിലും, സ്വേച്ഛാധികാരം നിലനിറുത്തിയ തത്വങ്ങൾക്കും മാമൂലുകൾക്കും ഇളക്കംതട്ടീട്ടില്ല. ഇങ്ങിനെ ഓരോ രാജ്യത്തിൻെറ ചരിത്രം നോക്കിയാൽ ധൎമ്മത്തെ നടപ്പിൽ വരുത്തുന്നതിന്നു സ്ഥാപിച്ചിട്ടുള്ള ഘടനയുടെ ദൂഷ്യങ്ങൾ പ്രത്യക്ഷമാകുന്നതാണ്. ഇപ്രകാരമുള്ള ദൂഷ്യങ്ങൾ കുറഞ്ഞിട്ടുള്ള ഒരു ഘടനയെ പുനഃസ്ഥാപിക്കുന്നതിനാണ് ലോകരുടെ ഉദ്യമം. എന്നാൽ; പഴയ മാമൂലുകളും, അന്ധവിശ്വാസങ്ങളും, അസമത്വങ്ങളും നീക്കുന്നതിനുള്ള വൈഷമ്യമാണ് ആദൎശപ്രിയന്മാൎക്കു വിഘ്നകാരിയായിരിക്കുന്നത്. ഒരു രാജ്യത്തിലെ വ്യക്തിയും വ്യക്തിയും തമ്മിലും, സമൂഹവും സമൂഹവും തമ്മിലുമുള്ള ബന്ധത്തെ ക്രമപ്പെടുത്തുന്നതുപോലെതന്നെ ഭിന്നരാജ്യങ്ങൾ തമ്മിലുള്ള

66852

ബന്ധത്തെ ദൃഢപ്പെടുത്തുന്നതിനും വൈഷമ്യമുണ്ട്. ഒരു രാജ്യത്തു സകല ജനങ്ങളുടേയും, ബഹുമാനാദരത്തിന്നു പാത്രീഭൂതമായ ഗവമ്മേണ്ടുള്ളതുപോലെ, ലോകരുടെ ആ്‌സകലം അനുസരണയെ ആവജ്ജിക്കുന്ന സകല ജനങ്ങളേയും അനുസരണയിൽ നിത്തുന്നതിന്നു ശക്തിയുള്ള ഒരു ഭൌതികശക്തിയില്ല. ഭിന്നരാജ്യക്കാർ തമ്മിൽ വഴക്കും, 'പുക്കാറു'മുണ്ടാക്കുന്നതിന്നുള്ള ഒരു കാരണം അവരുടെ ബന്ധത്തെ നിയന്ത്രിക്കുന്നതിന്നു, സുസമ്മതമായ ഒരു നിയമവും,നിയമത്തെ പാലിക്കുന്നതിന്ന് ഒരു ഘടനയും ഇല്ലാത്തതാകുന്നു. യൂറോപ്പിലെ ഭയങ്കരയുദ്ധത്തിന്നുശേഷം അമേരിക്കയിലെ പ്രസിഡണ്ടായിരുന്ന വുഡ്രൊ വിൽസൻെറ പ്രയത്നാധിക്യത്താൽ 'സവ്‌രാജ്യസഖ്യസഭ' (ലീഗ് ഓഫ് നേഷൻസ്)എന്ന പേരിൽ ഒരു 'ഘടന' (സ്ഥാപനം) ഉണ്ടാക്കീട്ടുണ്ട്. ആ സഭയുടെ ശക്തി പൊതുജനാഭിപ്രായവും, ജീവൻ സന്മാഗ്ഗതല്പരതയും മാത്രമാകുന്നു. മതശക്തികൊണ്ടു ശുദ്ധമായ പൊതുജനാഭിപ്രായമുണ്ടായെങ്കിലല്ലാതെ ഈ ഘടനയ്ക്കു പ്രാബല്യമുണ്ടാകയില്ല. ആഹാരസാധനസമ്പാദനാത്ഥം ലോകത്തിലെ പ്രകൃതിവിഭവങ്ങൾ കരസ്ഥമാക്കുന്നതിന്നും, ദുരഭിമാനം പാലിക്കുന്നതിന്നുമായിട്ടാണ് മിക്ക യുദ്ധങ്ങളുമുണ്ടാകുന്നതെന്നു ചരിത്രം വായിച്ചാലറിയാം.

ഒരു രാജ്യത്തെന്നപോലെ ലോകം മുഴുവനും ധമ്മം സംസ്ഥാപിക്കുന്നതിന്നു വേണ്ട ശ്രമങ്ങൾ നടത്തിയല്ലാതെ യുദ്ധത്തിന്ന് അവസാനമുണ്ടാകയില്ല. രാജ്യമീമാംസാപഠിതാക്കൾ രാജ്യഭരണത്തിന്നു പുറമെ ലോകഭരണംകൂടി അറിഞ്ഞിരുന്നാൽ മാത്രമേ സുസമ്മതമായ ഒരു ഭരണക്കൂടത്തെ സൃഷ്ടിക്കുന്നതിന്നു സമത്ഥന്മാരായിരിക്കയുള്ളൂ.

നിയമം അല്ലെങ്കിൽ ധമ്മം ക്ഷയിച്ചപ്പോഴാണ് സ്വേച്ഛാധികാരത്തിന്നു വളച്ച്യുണ്ടായതെന്നു നാം ഗ്രഹിച്ചു കഴിഞ്ഞുവല്ലോ. നിയമത്തെ സൃഷ്ടിക്കുന്നതിൽ മനുഷ്യജാതിക്കു

ള്ള അപാടവമാണ് ഘടനയ്ക്ക് വൈകല്യമുണ്ടാക്കീട്ടുള്ളത്. ഒരു രാജ്യത്തെ പരിതസ്ഥിതികളും, പരിഷ്കാരവ്യാപ്തിയുമനുസരിച്ചാകുന്നു നിയമനിമ്മിതി. വ്യക്തികളുടെയും സമൂഹങ്ങളുടെയും പരസ്പരബന്ധനിണ്ണയത്തിൽ അനേകവിധത്തിലുള്ള അഭിപ്രായങ്ങളുണ്ടായേക്കാം. ചിലർ വ്യക്തികൾക്ക് സ്വാതന്ത്ര്യം നല്കുന്നതിൽ വൈമുഖ്യമുള്ളവരായേക്കാം. മററു ചിലക്ക് നിറവും, തരവും, ജാതിയും തിരിക്കാൻ ആശവന്നേക്കാം. ധമ്മനിണ്ണയത്തിന്ന് ആസ്പദമായിരുന്ന മതത്തിൻെറ ക്ഷയവും, വൈജാത്യവും മൂലം തത്വജ്ഞാനികൾ രാജ്യമീമാംസയെ കുഴച്ച് മറിച്ചിട്ടുണ്ട്. 'ഭൂരിപക്ഷഭൂരിസുഖ'തത്വത്തെ അടിസ്ഥാനമാക്കി ചിലർ ധമ്മത്തെ പ്രതിപാദിക്കുന്നു. വ്യക്തിസുഖമല്ലാതെ ഭൂരിസുഖത്തെ പരിഗണിക്കേണ്ട ആവശ്യമില്ലെന്നാണ് മററു ചിലരുടെ സിദ്ധാന്തം. ഗവമ്മെൻറുകൾക്ക ഹാനിവന്നപ്പോൾ നിയമത്തിന്നും കേടുണ്ടായി എന്നു ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. കാലക്രമേണ ഘടനയെ ഉടയ്ക്കുവാനും, നിയമങ്ങളെ മാററുവാനുമായി ഓരോ രാജ്യത്തും സംരംഭങ്ങൾ ഉണ്ടായിട്ടുണ്ട്.

യൂറോപ്പിലെ 'കൃഷ്ണയുഗ'ത്തിൽ നിന്നും ഒരു പരിവത്തനമുണ്ടായത് 'ഫ്റഞ്ചു'വിപ്ലവകാലത്താണ്. സമത്വം, സഹോദരത്വം, സ്വാതന്ത്ര്യമെന്നുള്ള മുറവിളികൾ കേട്ടുതുടങ്ങിയതു'റൂസോ' എന്ന തത്വജ്ഞാനിയുടെ ആവിർഭാവത്തോടുകൂടിയാകുന്നു. അക്കാലത്തുപ്രഭുക്കന്മാർ ആഡംബരത്തിൽ വിലസുകയും, സാമാന്യജനങ്ങൾ പട്ടിണിയിൽ കേഴുകയും ചെയ്തിരുന്നു. ചെലവു ചുരുക്കി എല്ലാവക്കും ആഹാരപദാത്ഥങ്ങളുണ്ടാകത്തക്കവണ്ണം മനുഷ്യസമുദായം ജീവിക്കണമെന്നുള്ള അത്ഥത്തെ ദ്യോതിപ്പിക്കുന്നതിനു സമത്വമെന്ന പദം ഉപയോഗിച്ചുവന്നു. ഒരു മനുഷ്യൻെറ അത്യാവശ്യങ്ങൾ സാധിച്ചുപോരുന്നതിനുള്ള സുഖസൌകയ്യങ്ങൾ ഒരു രാജ്യത്തുള്ള എല്ലാ ജനങ്ങൾക്കും ഒരുപോലെ ഉണ്ടായിരിക്കേ

ണമെന്നുള്ള അന്നത്തെ വിപ്ലവകാരികളുടെ വാദം ഇന്നു റ
ഷ്യയിൽ സ്വീകൃതമായിരിക്കുന്നു. രാജാക്കന്മാരുടെ സ്വേച്ഛാ
ധികാരത്തെ പ്രതിഷേധിച്ചു ക്രിസ്തുവർഷം 1278-ാമാണ്ടു തോ
മസ്സ് അക്വിനാസ്സ് ഉപന്യസിച്ചിരുന്നു. 'ഗവർമ്മേണ്ടി
ന്റെ അടിസ്ഥാനം ജനസമ്മതമാണെന്നും, അവരുടെ ഗു
ണത്തിനാണ് ഗവർമ്മേണ്ടു നിലനില്ക്കുന്നതെന്നും, രാജാവു
പ്രജകളോടു സൌജന്യമോ, വാത്സല്യമോ ഒന്നും കാണിക്കേ
ണ്ട ആവശ്യമില്ലെന്നും, ജനസമ്മതമില്ലാത്ത രാജാവിനു
സിംഹാസനത്തെ അലങ്കരിപ്പാൻ യോഗ്യതയില്ലെ'ന്നും,
തോമസ്സ് ഘോഷിച്ചിരുന്നു. മനുഷ്യൻ സ്വതന്ത്രനായി ജ
നിച്ചു ശൃംഖലയിൽ ജീവിക്കുന്നുവെന്നുള്ള മുറവിളിയോടുകൂ
ടി രംഗപ്രവേശം ചെയ്തു 'റൂസോ' ഗവർമ്മേണ്ടിന്റെ ഘട
നാസമ്പ്രദായത്തെയും, രാജകൃതമായ ധർമ്മങ്ങളുടെ വൈക
ല്യങ്ങളേയും പരസ്യമായി ആക്ഷേപിച്ചിരുന്നു. അദ്ദേഹത്തി
ന്റെ ഉപദേശത്തിന്റെ ഫലമായിട്ടാണ 'ഫ്റാൻസി'ൽ
അതിദാരുണമായ ഒരു വിപ്ലവമുണ്ടായത്. ഇന്നു 'റൂസോ'യു
ടെ വിപ്ലവകാരിയായ തത്വജ്ഞാനത്തെ സകലരും സമ്മതി
ക്കതന്നെ ചെയ്യുന്നു. ഒരുരാജ്യത്തുള്ള ജനവിഭാഗങ്ങൾ തമ്മി
ലുള്ള അസമത്വത്തിന് അല്പം ഭേദം വന്നപ്പോൾ ആ രാ
ജ്യക്കാരൊന്നിച്ചു സ്വാർത്ഥതല്പരത പ്രകടിക്കുവാൻ തുടങ്ങി;
ആ പ്രസ്ഥാനത്തിന് ഇംഗ്ലീഷിൽ "നാഷനലിസം" എന്നു
പേർ പറയുന്നു. ഭാഷയിലും, വേഷത്തിലും, വിചാരത്തിലും,
വികാരത്തിലും, മതത്തിലും, ആചാരത്തിലും ഐക്യമുള്ള ജ
നവിഭാഗങ്ങൾ ഒന്നിച്ചുചേന്ന് അവരുടെ പൊതുഗുണത്തി
നുവേണ്ടി നിയമവും, ഗവർമ്മേണ്ടും, സ്ഥാപിക്കണമെന്നു
നിശ്ചയിച്ചു. ഈ 'നാഷനലിസം' അല്ലെങ്കിൽ 'ജാതീയത'
എന്നുള്ളതിന്റെ ഉത്ഭവത്തോടുകൂടിയാണ് പരാശ്രയത്തിൽ
ജനങ്ങൾക്കു വൈമനസ്യമുണ്ടായിട്ടുള്ളത്. ഇന്ന് ഇന്ത്യയി
ലെ രാഷ്ട്രീയാന്തരിക്ഷത്തിൽ അലച്ചടിക്കുന്ന ദിവ്യശക്തി

‘നാഷനലിസം’ ആകുന്നു. ഗവൎമ്മേണ്ടിന്റെ മൎദ്ദനത്തോടും വിദേശീയമേധാവിത്വത്തോടുമുള്ള വെറുപ്പും, ഒരു പുതിയ ഘടനയും ധൎമ്മവ്യവസ്ഥയും നിൎമ്മിക്കുന്നതിനുള്ള ഒരുക്കവുമാണ് ‘ജാതീയത’യുടെ അല്ലെങ്കിൽ ‘നാഷനലിസ’ത്തിന്റെ സ്ഥായിയായ ലക്ഷണങ്ങൾ. അവാന്തരജാതികളുടെ ഏകീകരണം മുതലായ പ്രസ്ഥാനങ്ങൾ ‘നാഷനലിസ’ത്തിൽനിന്നും മുളച്ചതാണ്. ഈ ശക്തി പൌരന്മാരുടെ മനസ്സിൽ വേരുറച്ചപ്പോൾ അത്യന്തം ഇടുങ്ങിയ ഒരു ദേശസ്നേഹമാകുന്ന തിമിരം അവരുടെ രാഷ്ട്രീയചക്ഷുസ്സിനെ ആവരണം ചെയ്തിട്ടുണ്ട്. ‘ജാരീയത’യുടെ വിജൃംഭണം മൂലം സാമ്രാജ്യഭ്രമവും, പരജനാവഹേളനവും, സാധാരണ ഉണ്ടാകുന്നു. ബ്രിട്ടീഷ്‌സാമ്രാജ്യം ഇപ്രകാരം ഉണ്ടായതാണ്. മററു ജനസമുദായങ്ങൾ ക്ഷയിച്ചാലും, നശിച്ചാലും വേണ്ടുകയില്ല; ബ്രിട്ടന് സുഖമുണ്ടാകണമെന്നുള്ള ആഗ്രഹമാണ് സാമ്രാജ്യത്തിന്റെ അടിസ്ഥാനം. ഇപ്പോൾ സാമ്രാജ്യബോധത്തെ തച്ചുടച്ച് ഒരു സഹോദരസമ്മേളനം (ഫ്‌റഡറേഷൻ) നിൎമ്മിക്കണമെന്നു ചില ഭരണധുരന്ധരന്മാർ വാദിച്ചുവരുന്നു.

മേൽ വിവരിച്ച പരിണാമംകൊണ്ടു നിയമത്തേയും ഘടനയേയും പരാമൎശിക്കുന്ന സാമാന്യശക്തികളുടെ സ്വഭാവം നമുക്കറിയാറാകും. ഒരു രാജ്യത്തുള്ള വ്യക്തികൾതമ്മിൽ തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തെ നിയന്ത്രിക്കുന്നതിനു ശക്തികൾ ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ സ്ഥിതിഗതികളെത്തന്നെ സൂക്ഷ്മമായിപ്പരിശോധിച്ചുനോക്കുക. ഭൂരിപക്ഷം ജനങ്ങളും പട്ടിണികൊണ്ടു കാലംകഴിക്കുന്നു. ഗവൎമ്മേണ്ടു നൽകുന്ന സുഖസൌകൎയ്യങ്ങൾ എല്ലാവൎക്കും അനുഭവയോഗ്യമായിരിക്കുന്നില്ല. ഈദൃശമായ ഒരവസ്ഥയെ പരിഹരിക്കുന്നതിനു സമഷ്ടിവാദമെന്നൊരു പുതിയ വാദമുത്ഭവിച്ചിരിക്കുന്നു. ഗവൎമ്മേണ്ടു സകലജനങ്ങളുടേയും സുഖസൌകൎയ്യങ്ങ

ളെ ഒരുപോലെ ഗണിച്ച പെരുമാററമെന്നാണ് സമഷ്ടിവാദികളുടെ സിദ്ധാന്തം. യൂറോപ്പിലുള്ള മിക്ക രാജ്യങ്ങളുടേയും മുതലെടുപ്പിൽപ്പകുതി, ആറിലൊരുഭാഗം ജനങ്ങളുടെ ഉപയോഗത്തിലേക്കായി വിനിയോഗിച്ചുവരുന്നു. ഓരോ പൌരനും പൂർണ്ണവികാസവും സ്വാതന്ത്ര്യവുമനുഭവിക്കണമെന്നുള്ള 'വ്യക്തിവാദ'വും ഭൂരിപക്ഷത്തിൻെറ നികൃഷ്ടസ്ഥിതി കണ്ടു ചില മഹാന്മാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജോൺസ്ററുവാട്ട്മില്ലാണ് വ്യക്തിവാദത്തിൻെറ പിതാവ്. ഒരു വ്യക്തിയ്ക്കു വിചാരിക്കുന്നതിനും പ്രസംഗിയ്ക്കുന്നതിനും തൊഴിൽചെയ്യുന്നതിനും ഒന്നിച്ചുകൂടുന്നതിനും പൂർണ്ണമായ അവകാശമുണ്ടായിരിക്കണമെന്നും, നാം അന്യന്മാക്ക് ഉപദ്രവമുണ്ടാക്കുമ്പോഴല്ലാതെ ഗവമ്മേണ്ടിനു പ്രജകളുമായി ഇടപെടുന്നതിനവകാശമില്ലെന്നുമാണ് വ്യക്തിവാദത്തിൻെറ കഴമ്പായ തത്വം. വ്യക്തിവാദമുണ്ടായതോടുകൂടി ഗവമ്മേണ്ടിൻെറ നിയന്ത്രണമേ ആവശ്യമില്ലെന്നും മൃഗങ്ങളെപ്പോലെ മനുഷ്യർ ജീവിച്ചാൽ മതിയെന്നും ഫ്റാൻസിലും റഷ്യയിലും അരാജകകക്ഷിക്കാർ സിദ്ധാന്തിച്ചുവന്നു. അരാജകത്വം വ്യക്തിവാദത്തിൻെറ പരമകാഷ്ഠയാണ്. വ്യക്തിവാദികൾ പൊതുഗുണത്തെ ലാക്കാക്കി പ്രവത്തിക്കുന്നതിൽ തല്പരന്മാരല്ലാത്തതിനാൽ അതിനോടെതിരിടുവാൻ സമഷ്ടിവാദികൾ ഉത്ഭവിച്ചു. സമഷ്ടിവാദികൾ 'വസുധൈവകുഡുംബകം' എന്ന ആദശ്ശത്തെ ബഹുമാനിക്കുന്നവരാണ്. എന്നാൽ ഒരു രാജ്യത്തുള്ള വ്യക്തികളുടെ പരസ്പരബന്ധത്തെ നിയന്ത്രിക്കുന്ന വ്യവസ്ഥകളും സമഷ്ടിവാദശാസ്ത്രത്തിൽ അന്തർഭവിച്ചിട്ടുണ്ട്. ഓരോരുത്തരും അവനവൻെറ കാര്യം മാത്രം നോക്കാതെ അവരുടെ പ്രവൃത്തികൾ സമുദായത്തെ എങ്ങിനെ ബാധിക്കുന്നു എന്നു ചിന്തിക്കണമെന്നാണ് സമഷ്ടിവാദികളുടെ ഉദ്ദേശം. ഒരു വലിയ സംഘത്തിൻെറ അംശമാണ് ഓരോ വ്യക്തി എന്നും ഓരോ വ്യക്തിയുടേയും പ്രവൃ

ത്തികൾ വലിയ സംഘത്തിന്റെ ഉൽക്കർഷത്തിനും സുഖസൌകര്യത്തിനുമായിരിക്കണമെന്നും സമഷ്ടിവാദികൾ ഘോഷിക്കുന്നു. ഈ തത്വത്തെ ആശ്ലേഷിക്കുന്നവർ ഗവമ്മേണ്ടിനു വിപുലാധികാരങ്ങൾ നൽകുന്നുണ്ട്. അനേകായിരം സാധുക്കൾ വേലചെയ്തിട്ടാണല്ലോ കുറേപ്പേർ ധനികന്മാരാകുന്നത്. ധനത്തിന്റെ അവകാശി മുതലാളി മാത്രമല്ലെന്നും തൊഴിലാളികൂടിയാണെന്നുമാകുന്നു സമഷ്ടിവാദിയുടെ സിദ്ധാന്തം. തൊഴിലാളികൾക്കു യൂറോപ്യൻരാജ്യങ്ങളിൽ ശക്തികൂടിയതു സമഷ്ടിവാദത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്. ജാതികളും വർഗ്ഗങ്ങളും തമ്മിലുള്ള അന്തരങ്ങളേയും ധനവാന്മാരുടെ ദുഷ്പ്രഭുത്വത്തേയും കുറിച്ചു ലോകരുടെ ഇടയിൽ ഇളക്കവും പ്രതിഷേധവും ജനിപ്പിച്ചതു സമഷ്ടിവാദതത്വങ്ങളാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. പരസ്പരസഹായസംഘങ്ങളുടെ അസ്തിവാരം സമഷ്ടിവാദമാകുന്നു. സമഷ്ടിവാദം മൂത്തുമൂത്ത് ഇന്നു ബോൾഷെവിസ്സമായിരിക്കുന്നു. 1866-ാമാണ്ടു ജനീവയിൽ "ഇൻറർനാഷനൽ" എന്നൊരു സംഘമുണ്ടാക്കുകയും ആ സംഘക്കാർ സകല വസ്തുക്കളും ഗവമ്മേണ്ടു പൊതുവിൽ വെച്ചുകൊണ്ടു തൊഴിലാളിസംഘത്തെക്കൊണ്ടു വേല ചെയ്യിക്കണമെന്നു വാദിക്കുകയും ചെയ്തിരുന്നു. ഓരോ രാജ്യത്തിലുമുള്ള സമഷ്ടിവാദികളുടെ കാര്യപരിപാടികൾക്കു പരിതഃസ്ഥിതിയനുസരിച്ചുള്ള ഭേദഗതികൾ കണ്ടുവരുന്നു. തൊഴിലാളികൾക്കു സർവ്വപ്രാധാന്യം വേണമെന്നാണ് ബോൾഷേവിക്കുകാരുടെ നിർബ്ബന്ധം.

വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധത്തെ ക്രമപ്പെടുത്തുന്നതിനും മനുഷ്യന്റെ ആഹാരം, മൈഥുനം, മാനം ഇവയെപ്പാലിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നതിനും മനുഷ്യജാതി ചെയ്തിട്ടുള്ള ശ്രമങ്ങൾ അപൂർണ്ണമായിരിക്കുന്നതേയുള്ളു. മതവും ഗവമ്മേണ്ടും മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ളത് മുകളിൽ വിവരിച്ച ഉദ്ദേശത്തെ സാധിക്കുന്ന

തിനായിരുന്നു. ഒരു വ്യക്തിയുടെ സ്വകീയമായ അഭ്യുദയത്തേയും, വ്യക്തിയും സമുദായവുമായുള്ള ബന്ധത്തേയും, സമൂഹത്തിന്റെ പുരോഗമനത്തേയും, ഉദ്ദേശിച്ചു മതാചാര്യന്മാർ ധർമ്മങ്ങളും ആചാരങ്ങളും ഏർപ്പെടുത്തീട്ടുണ്ട്. പുരാതനഭാരതീയർ നാലു വർണ്ണങ്ങളും വർണ്ണധർമ്മങ്ങളും നാലാശ്രമങ്ങളും മററും കല്പിച്ചതു മനുഷ്യൻ അസ്ഥിരനായി സഞ്ചരിക്കരുതെന്നുള്ള ഉദ്ദേശത്തോടു കൂടിയാകുന്നു. പ്രകൃതിയുടെ സഹായംകൂടാതെ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യംകൊണ്ടുമാത്രം വ്യക്തിസമുദായബന്ധങ്ങളെ ദൃഢീകരിക്കുന്നതു സാദ്ധ്യമല്ല. അന്യരാജ്യങ്ങളിലെ ചരിത്രം പഠിച്ചതുകൊണ്ടു നമ്മുടെ രാജ്യത്തേയും രാജ്യവാസികളേയും പരിഷ്കരിച്ചുകളയാമെന്നു വ്യാമോഹിക്കുന്നത് അബദ്ധമാകുന്നു. മതം, ഭരണചരിത്രം, ശാസ്ത്രം മുതലായവ ഉരുക്കഴിച്ചിട്ടുള്ളവർക്കുപോലും രാജ്യമീമാംസ കാഠിന്യമുള്ള ഒരു വിഷയമാണ്. നമ്മുടെ ഗവർമ്മേണ്ടുകൾ കൂടുതൽ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനു, കൃഷിയും, കച്ചവടവും, കൈത്തൊഴിലും പ്രോത്സാഹിപ്പിക്കുകയും സാധുക്കൾക്കു പ്രത്യേകാനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ധനസംബന്ധമായ ഇടപാടുകളെ നിയന്ത്രിയ്ക്കുന്നതിന് അനവധി ചട്ടങ്ങൾ ഉണ്ടാക്കുകയും കോടതികളേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമാധാനപാലനമാണ് ഗവർമ്മേണ്ടിന്റെ മുഖ്യോദ്ദേശമെന്നുള്ള ഭാവേന മതങ്ങളെ പ്രോത്സാഹിപ്പിക്കുകയും വിദ്യാലയങ്ങൾ ഏർപ്പെടുത്തുകയും പോലീസ്സു സൈന്യത്തെ നിയമിക്കുകയും ക്രിമിനൽചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും ഓരോ വ്യക്തിയുടേയും ബുദ്ധിമുട്ടുകൾ വർദ്ധിച്ചുവരുന്നതല്ലാതെ തെല്ലും കുറഞ്ഞുവരുന്നില്ല. രാജ്യത്തിലുള്ള ഏവർക്കും ഭക്ഷണം ശരിയായിക്കിട്ടുന്നതിനു ഗവർമ്മേണ്ടിന് എന്തു ചെയ്യുവാൻ കഴിയും? വലിയവരും എളിയവരുമെന്നുള്ള വ്യത്യാസം നീങ്ങുന്നതിനു സമുദായം എന്തു പ്രവർത്തിക്കണം? പരാശ്രയം

കൂടാതെ ജീവിക്കുവാനുള്ള മാർഗ്ഗം എന്താണ്? രോഗങ്ങൾ മനുഷ്യരെ ബാധിച്ച് അവരുടെ വികാരങ്ങളേയും വിചാരങ്ങളേയും അശുദ്ധമാക്കാതിരിക്കുവാൻ വല്ല കഴിവുമുണ്ടോ? അസമാധാനത്തിന്നിടയാക്കിത്തീർത്തിട്ടുള്ള 'വസ്തുവിതരണം' എന്ന ഏർപ്പാടു സമാധാനാവഹമായ നിലയിൽ ആയിത്തീരുന്നതിന് എന്താണ് ചെയ്യേണ്ടത്? ഇന്നത്തെ സമുദായപരിഷ്കാരങ്ങൾകൊണ്ടു സ്ത്രീപുരുഷബന്ധത്തെ സമാധാനസഹിതമാക്കിത്തീർക്കുവാൻ കഴിയുമോ? ഈ ചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കേണ്ടതു രാജ്യമീമാംസാപഠിതാക്കളുടെ കടമയാകുന്നു. ഇവയുടെ ഉത്തരമനുസരിച്ചു ഗവമ്മേണ്ടും നിയമവും ഏർപ്പെടുത്തേണ്ട ചുമതലയും അവരുടേതു തന്നെ.

ലോകത്തിലെങ്ങും പരീക്ഷിക്കാത്ത ഒരു പുതിയ സമ്പ്രദായം 'മഹാത്മാ ഗാന്ധി' ഭാരതീയസമക്ഷം അവതരിപ്പിച്ചിരിക്കുന്നു. അദ്ദേഹം മതവും ഗവമ്മേണ്ടും തമ്മിലുള്ള ആധുനികവ്യത്യാസത്തെ ആദരിക്കുന്നില്ല. മതപ്രതിപത്തി, പ്രകൃത്യനുസരണമായ ജീവിതം, അഹിംസ, വ്യക്തിസ്വരാജ്യം മുതലായ നൂതനതത്വങ്ങൾകൊണ്ടു ഭാരതീയരുടെ പരസ്പരബന്ധത്തേയും, ഭാരതീയരും അന്യരാജ്യക്കാരുമായുള്ള ബന്ധത്തേയും ക്രമീകരിക്കുന്നതിന്നു യത്നിക്കുന്നു. അദ്ദേഹത്തിന്റെ യത്നം എത്രകണ്ടു സഫലമാകുമെന്നു പരീക്ഷണംകൊണ്ടറിയേണ്ടതാകുന്നു. ഭാരതീയർ സ്വതവേ വ്യക്തിവാദികളാണ്. അവരുടെ സമുദായഘടനയും, ഭരണഘടനയും, മിക്കവാറും വ്യക്തിവാദത്തെ ആസ്പദിച്ചിരിക്കുന്നു. മഹാത്മാഗാന്ധി, ഈ പരമാർത്ഥം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടു വ്യക്തിവാദവും, സമഷ്ടിവാദവും കൂട്ടിക്കലർത്തുന്നതിനും, അവയുടെ ദൂഷ്യങ്ങളെ പരിഹരിക്കുന്നതിനും, മതത്തെ ഗവമ്മേണ്ടു ഘടനയുടെ അടിസ്ഥാനമാക്കുന്നതിനും തീവ്രപ്രയത്നം ചെയ്യാതിരിക്കുന്നില്ല. ഇന്ത്യാരാജ്യത്തെ വ്യക്തികൾ തമ്മിലുള്ള ബന്ധം സമാധാനപരമാക്ക

ണമെങ്കിൽ ഭിന്നപക്ഷക്കാരും, മതക്കാരും തമ്മിലുള്ള ബന്ധത്തെ ദൃഢീകരിക്കുവാനുണ്ട്. മനുഷ്യൻ കെട്ടിയുയർത്തിക്കൊണ്ടുവന്നിട്ടുള്ള പരിഷ്കാരക്കോട്ടകളേയും, അന്ധവിശ്വാസസൌധങ്ങളേയും, ആചാരവീഥികളേയും തട്ടിനിരത്തി ഒരു പുതിയ നഗരം പ്രകൃത്യനുസരണമായി നിർമ്മിക്കാതെ ശാന്തതയുണ്ടാകുകയില്ല. ഇന്ത്യയിലെ 'യോഗി' മനുഷ്യനെ പ്രകൃതിയിലേക്ക് ആഹ്വാനംചെയ്യുന്നു. യൂറോപ്പിലെ ഭരണധുരന്ധരൻ ശാസ്ത്രത്തേയും യന്ത്രത്തോക്കിനേയും ചൂണ്ടിക്കാണിക്കുന്നു. ഈ ദുർഘടഘട്ടത്തിൽ മനുഷ്യസമുദായത്തിനു ശാന്തതയും, സൌഖ്യവുമുണ്ടാകുവാനുള്ള മാർഗ്ഗം നാം പഠിക്കുന്നതെങ്ങിനെയെന്നു വായനക്കാർ ചിന്തിക്കട്ടെ.

എം. ആർ. മാധവ വാരിയർ,
ബി. എ; എൽ. എൽ. ബി.

---

# അന്തിയാകുമ്പോൾ.

---

(മഞ്ജരി)

എന്തിത്തിളങ്ങുന്നതസ്താദ്രിമൌലിയിൽ-
ചെന്തീയ്യൊളിപ്പൊൻകിരീടംപോലെ?
കാമന്നു രാപ്പടയ്ക്കമ്പുകൾ തേയ്ക്കുവാൻ
കൈവന്ന മാണിക്യക്കൽച്ചാണയോ?
ചന്തം വരുത്താൻ മുതിർന്ന സായന്തന-
സന്ധ്യയാളേന്തിയ ദർപ്പണമോ?

മേഘാളിമേചകവീചിയിളക്കങ്ങൾ
മേളിച്ച വാനമാം വാരാശിയെ

MUL
066852

ഒന്നാഞ്ഞു നിന്തിക്കവിച്ചു കതിരവൻ
ചെന്നണഞ്ഞീടിനാനത്തുരുത്തിൽ—
ദുസ്തരമാൎഗ്ഗത്തെപ്പിന്നിട്ടുഭാനുമാ-
നസ്താദ്രിമൂൎദ്ധാവിൽ കാലു വെച്ചു:
ഭൂതമാം കാലത്തിൻ വാസരമാലയിൽ
പ്രോതമായ് നന്മണിയൊന്നുകൂടി;
ഹാ, മനുഷ്യായുസ്സാം പൂവിന്നിതളൊന്നു
പാഴ്മണൽക്കാട്ടിലിടിഞ്ഞുവീണു!

വാട്ടമിയന്നു തൻചെമ്പൊൽക്കരങ്ങളും
നീട്ടിയടുത്തെത്തുമാദിത്യനെ,
മെത്തിടും രാഗത്താൽ സന്ധ്യാനതാംഗിയാ-
ളെത്തിവലിഞ്ഞൊന്നു ചുംബിച്ചാളേ!

പൂൎവ്വദിക്കാമ്മാരുരുട്ടിയ പൊൻപന്തു
പൂകിതേ പശ്ചിമദിക്കരത്തിൽ.
വാസരപ്പൊൽപ്പൂണ്യച്ചെപ്പിതുരുണ്ടിതാ,
വാരിധിക്കോളിൽപ്പതിച്ചിടുന്നു!
സാക്ഷാൽ പ്രകൃതിതൻ നാഴികവട്ടമോ
സാഗരനീരിങ്കൽ മിന്നിടുന്നു?
വെള്ളത്തിലാഴ്ത്തുന്നമേഘനീരാളത്തിൻ
പൊള്ളയോ ദൂരത്തു പൊങ്ങിക്കാണ്മൂ?

താണുഹാ, താണുഹാ, താണു; തപനനെ-
ക്കാണുവാനില്ലെങ്ങാനൂളിയിട്ടോ?
ഹാ, കഷ്ടം, കെട്ടഴിഞ്ഞാഴിയിൽ വീണുപോയ്
നാകവക്ഷസ്സിലെപ്പൊൻപതക്കം!
വാരിയിലാണ്ടുകഴിഞ്ഞു സംഭ്രാന്തയാം
വാരുണിതന്നുടെ നീർപ്പൊൻകുടം!!

അൎക്കനാം തിഗ്മണ്ഡ പൊട്ടിത്തെറിച്ചിട്ടോ
ചക്രവാളങ്ങളിൽത്തീപിടിച്ചു?

സന്ധ്യതൻ സിന്ദൂരപ്പൊട്ടു തുടച്ചിട്ടോ,
ഹന്ത, തുടുത്തതീയംബരാന്തം?

ചേലാളുമന്തിത്തുടുപ്പിതു ദിഗ്ഭിത്തി-
മേലാകെച്ചെഞ്ചായമിട്ടിടുന്നു;
കുന്നിൻ പരിഷതൻ കുന്തളബന്ധത്തിൽ
കുന്നിക്കുരുമാല ചാർത്തിടുന്നു;
കുന്ദദന്തങ്ങളിൽ താംബൂലം ചേർക്കുന്നു;
കുങ്കുമം പാറ്റുന്നു കുപ്പയിലും;
പല്ലവൌഘത്തെപ്പുതുക്കി മിനുക്കുന്നു;
പദ്മകോശത്തിലരക്കിടുന്നു!

അന്ത്യകാലത്തു ദിനേശപരൻ നല്കിയ
ബന്ധുരകാഞ്ചനമാലകളെ
പട്ടാംബരത്തിൽപ്പൊതിഞ്ഞു സൂക്ഷിക്കയായ്
തുഷ്ടയാം സന്ധ്യ തന്നീടുവെപ്പിൽ.
തങ്കശ്ശലാകത്തലപ്പിനാലംശുമാൻ
ചെങ്കസവിട്ട ദുകൂലങ്ങളെ
നേരായ് മടക്കിയൊതുക്കിവെച്ചീടുന്നു
വാരാശി വൻതിരത്തല്പലോടേ:
കാലാഗ്നിയാണ്ടാലുമർക്കന്റെ നല്ലാത്മാ-
വീ ലോകം വിട്ടുപിരിഞ്ഞിട്ടില്ല:
പ്രത്യഗ്രഭാസ്സോടതോരോ പ്രദീപമായ്
പ്രത്യഗ്രഹാരം സമുജ്ജ്വലിപ്പൂ:

പാടിസ്തുതിപ്പിൻ പികങ്ങളേ, കീർത്തിപ്പിൻ
പാരിതു തീർത്തോനെ തത്തകളേ!
ആകമ്രസ്നിഗ്ദ്ധമാം സാന്ധ്യതേജസ്സിനാൽ
നൈകവർണ്ണങ്ങളാം മേഘങ്ങളേ,
ആകാശഭിത്തിമേൽ ചേർത്തും വരയ്ക്കുവിൻ
ലോകാധിനാഥന്റെ നാനാത്മരൂപം!!

ഹാ, മൎത്ത്യലോകത്തെസ്സൂക്ഷിച്ചുനോക്കിട്ടും
കോമളകോരകതാരൌഘമേ,
വ്യോമക്കരിങ്കല്ലിൽക്കൊത്തുവിൻ നിങ്ങളാ-
പ്രേമസ്വരൂപന്റെ പേരോരോന്നും!!

വള്ളത്തോൾ ഗോപാലമേനോൻ.

---

# “ഒരു കൂടിക്കാഴ്ച”.

---

## ചെറുകഥ.

---

(ഗാഥ)

“കാട്ടിലെഴുന്നൊരു ചൂതമെ! നിന്നെ ഞാൻ
വീട്ടിലിരുന്നുവിളിക്കുന്നുണ്ടേ!
കേട്ടിതോ? കഷ്ടമിക്കാഞ്ചനവല്ലിയേ
കൂട്ടിനുകൂട്ടിയാലെന്തുചേതം?
അങ്ങയെത്തൊട്ടുകളിക്കുവരുന്നൊരീ-
സ്സംഗസുഖാന്വിതൻ ഗന്ധവാഹൻ
സംഗതിയെല്ലാമറിഞ്ഞോ തരുന്നുനിൻ
ത്തുംഗപരിമളസായുജ്യത്തേ?
കൊമ്പാകുംകൈകളാലന്യതരുക്കളെ-
യമ്പോടുംതട്ടിയണച്ചുനിത്യം
സമ്പന്നവിശ്വംഭരത്തിലുല്ലസിക്കുന്ന
വമ്പിന്നുഞാനിതാ കുമ്പിടുന്നേൻ!
പൂങ്കാവിലായതിലെന്തുസുകൃതമി-
പ്പൂങ്കരളങ്ങയിച്ചല്ലോനില്പൂ!
തങ്കലേചേൎന്നവളല്ലെന്നശങ്കയാ-
ലെങ്കലഭിമാനമില്ലെന്നാമോ?

നിങ്കനിവെന്നിലിയലുവെന്നാകിലോ
പങ്കജാലങ്ങളൊഴിഞ്ഞിടുമമ്മേ.
നാമജപങ്ങളുംരൂപസങ്കല്പവും
പ്രേമത്തിൻപുണ്യാഹമല്ലയെന്നാൽ
ശുദ്ധിവരുത്തുന്ന കർമ്മങ്ങളൊക്കെയ-
ശുദ്ധിക്കുകാരണമെന്നായീടും.
ഇക്കഥയാരാനുമങ്ങുണർത്തീടാഞ്ഞാ-
ലിക്കഥ ചെല്ലുവാനില്ലാതാകും
തമ്മിലുള്ളന്തരം കണ്ടുകഥിക്കുവാൻ
നമ്മെയനുവദിച്ചില്ലയെന്നോ?
ഉള്ളാകുംചാണയിലൂന്നിയുരച്ചുയാ-
ലെല്ലോളമുക്കറയില്ലാതെയായ്
തെള്ളിത്തിളങ്ങുന്ന തേജസ്സ്വരൂപഭേററം
തുള്ളിക്കളിച്ചുമിപ്രേമരത്നം
മററൊരുകയ്യിലയച്ചതിൻ സാന്നിദ്ധ്യം
ചെററുംകുറച്ചുവാനാളല്ലേ ഞാൻ.
അക്ഷരംമൂന്നിലാണിക്ഷിതിയെന്നുള്ള-
തിക്ഷണംബോധമെനിക്കുവന്നു.
ആയതിൻമാഹാത്മ്യമവ്യക്തമെങ്കിലു-
മായാസപ്പെട്ടുഞാൻ പാടിക്കൊള്ളാം.”

അരമനയിൽ താൻ പെരുമാറിവരുന്ന മുറിയിലിരുന്ന് സന്ധ്യയ്ക്കു ഈഗാനം സബ്ബൂനിസ്സാ പാടുകപതിവായിരുന്നു. ഒരു ദിവസം ആ സമയത്തു അവളുടെ അച്ഛൻ അറംഗസീബും അടുത്ത മുറിയിലുണ്ടായിരുന്നു. പതിവിലധികം കർണ്ണാനന്ദകരമായ വിധത്തിൽ മകൾ പാടുന്നതു കേട്ട് അച്ഛനും അവിടെ വന്നെത്തി. “മൃദുകരത്തളിർ”കൊണ്ട് വീണക്കമ്പികൾ മീട്ടി പാട്ടിൽ ലയിച്ചുകൊണ്ടു, കേൾക്കുന്നവരെ പരമാനന്ദലഹരിയിൽ ചാഞ്ചാടിക്കുന്ന മകളുടെ അപ്പോഴത്തെ ഭാവം അറംഗസീബിന്നു അത്യധികം കൌതുകം ജ

നിപ്പിച്ചു. ഗാനമാധുൎയ്യത്തിൽ മതിമറന്നു പോയതുകൊണ്ടു അതിലടങ്ങിയ ഗൂഢാൎത്ഥം അദ്ദേഹം ഗ്രഹിച്ചതുമില്ല. തന്റെ ഉറ്റ വൈരിയായ ശിവാജിക്ക് ഗാനരൂപത്തിൽ മകൾ പ്രേമാൎപ്പണം ചെയ്യാറുണ്ടെന്നു് അദ്ദേഹം അറിഞ്ഞിട്ടുണ്ടോ എന്നും നിശ്ചയമില്ല; അറിഞ്ഞിട്ടുണ്ടെങ്കിൽ തന്നെ മകളിലുള്ള വാത്സല്യംകൊണ്ടു അതു പുറത്തു പറകയോ അവളിൽ അപ്രീതി ഭാവിക്കുകയോ ചെയ്തിട്ടില്ലെന്നു സ്പഷ്ടമാണ്. അന്നു പാട്ടിന്നും മകളുടെ ലയത്തിന്നും വിഘ്നം വരുത്തുവാനുള്ള വൈമനസ്യംകൊണ്ടു കുറേനേരം ഔറംഗസീബും മറിവാതില്ക്കൽ തന്നെ നിന്നു. പാട്ടു മതിയാക്കി തിരിഞ്ഞുനോക്കിയപ്പോഴാണ് അച്ഛന്റെ നിലവാട് സബ്ബുനിസ്സാ കണ്ടത്. ഉടനെ അവൾ— "അച്ഛൻ വന്നതു ഞാനറിഞ്ഞില്ല."

ഔറംഗസീബ്— "അതിന്നു വഴിയില്ല. നീ അത്രത്തോളം പാട്ടിൽ ലയിച്ചിട്ടുണ്ടായിരുന്നു."

സബ്ബുനിസ്സാ— "ഇന്ന് എന്തോ എനിക്കു പാടുവാൻ കുറെയധികം ഉത്സാഹം തോന്നി."

ഔറം— "ദൂരത്തിരുന്നു കേട്ടാൽ പോരെന്നു വിചാരിച്ചിട്ടാണു ഞാൻ ഇങ്ങോട്ടുതന്നെ വന്നത്. മകളേ! നിന്നെകാണുന്തോറും ഒരച്ഛന്നു സഹജമായുണ്ടാകുന്ന പല ആഗ്രഹങ്ങളും എന്റെ മനസ്സിൽ അങ്കുരിക്കുന്നു. നിന്റെ പാട്ട് ഇപ്പോൾ കേട്ടു രസിയ്ക്കേണ്ടതു നിന്റെ അച്ഛനല്ല. പ്രകൃതിയും അഭ്യാസവും നിനക്കു സകല ഗുണങ്ങളും തികച്ചിട്ടുണ്ട്. ഇപ്രായത്തിന്നടുത്ത ഒരു സുഖം മാത്രമേ നീ അനുഭവിയ്ക്കാതിരിക്കുന്നുള്ളു. നിനക്കു യോഗ്യനായ വരൻ ആരാണെന്നു നീ എന്നോടു പറകമാത്രമേ വേണ്ടതുള്ളു. ഭാരതചക്രവൎത്തിയായ നിന്റെ അച്ഛന്നു നിന്റെ ആഗ്രഹങ്ങൾ എന്തായാലും സാധിപ്പിയ്ക്കാൻ പ്രയാസമില്ലല്ലോ. നിന്റെ ഇഷ്ടം അറിഞ്ഞിട്ടു വേണം ഇക്കാൎയ്യത്തിൽ

വേണ്ടതു പ്രവൎത്തിക്കാൻ എന്നു വിചാരിച്ച് ഞാൻ കാത്തിരിക്കയാണ്. മകളേ! ഈ വൃദ്ധപിതാവിനെ കൃതാൎത്ഥനാക്കുവാൻ ഇനിയധികം താമസിക്കരുതേ.''

വിവാഹവൎത്തമാനം കേട്ടതിലുള്ള ലജ്ജകൊണ്ടു സബ്ബൂനിസ്സാ കുറച്ചുനേരം തലതാഴ്ത്തി നിന്നു. തനിക്കു രസമില്ലാത്ത സംസാരം അച്ഛൻ വീണ്ടും തുടങ്ങരുതെന്നു വിചാരിച്ച് ''എന്റെ വിവാഹത്തെപ്പററി അച്ഛൻ ഒട്ടും വിചാരപ്പെടേണ്ട. അതിന്നു കാലമായാൽ ഞാൻ പറഞ്ഞുകൊള്ളാം.'' എന്നു മറുവടി പറഞ്ഞു. അറംഗസീബ് മുറിയിൽനിന്നു പുറത്തേക്കും പോന്നു.

2

അക്കാലത്തു ജനങ്ങളുടെ ഇടയിൽ ശിവാജിയുടെ പരാക്രമങ്ങളെപ്പററിയുള്ള സംസാരം മാത്രമേ ഉണ്ടായിരുന്നുള്ളു. അറംഗസീബിന്റെ അക്രമങ്ങൾ അമൎത്തുവാനുള്ള ഒരു വിക്രമാവതാരമാണെന്നു ആ പുരുഷകേസരി കാലക്രമേണ തന്റെ പ്രവൃത്തികൊണ്ടു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു. മുഗൾസാമ്രാജ്യത്തിന്റെ തെക്കേ തല അനായാസേന കയ്ക്കലാക്കുകയും ചെയ്തുതുടങ്ങി. തന്നോടു പടവെട്ടാൻ വന്ന മുഗൾ സൈന്യത്തെ ഒന്നിലധികം പ്രാവശ്യം വന്ന വഴിക്കു തന്നെ അദ്ദേഹം അയച്ചു. ''ശിവാജിമാഹാത്മ്യം'' അറംഗസീബിന്റെ അരമനയിലും പാട്ടായിത്തുടങ്ങി. ഈ മാഹാത്മ്യവൎണ്ണന ഒരക്ഷരം പോലും വിടാതെ ഹൃദിസ്ഥമാക്കുവാൻ സബ്ബൂനിസ്സായെപ്പോലെ ആരും ശ്രമിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. തന്റെ ആധിപത്യത്തെ ധിക്കരിച്ച് പുറപ്പെട്ട ഈ ഹൈന്ദവപ്രമാണിയുടെ പേരിൽ എത്രത്തോളം വൈരവും ദ്വേഷവും അറംഗസീബിന്നു തോന്നിയോ, അത്രത്തോളമോ അതിലിരട്ടിയോ ആ വീരാഗ്രേസരനിൽ ബഹുമാനവും പ്രേമവും സബ്ബൂനിസ്സയ്ക്കും തോന്നി. അവർ തമ്മിലുള്ള സ്ഥിതിഭേദംകൊണ്ടു തന്റെ അഭിലാഷങ്ങൾ സങ്കല്പസീമയ്ക്കപ്പുറം

വ്യാപരിച്ചാൽ രാജ്യത്തിൽ അനൎത്ഥങ്ങൾ അനവധിയാകു മെന്നും ആ മനസ്വിനിമനസ്സിലാക്കി. അതുകൊണ്ടു ജന്മ സിദ്ധമായി തനിക്കുള്ള കവിതാവാസനയെ ശരണംപ്രാപി ച്ച് തൻെറ ഹൃദയവല്ലഭൻെറ മാഹാത്മ്യം പാടിയിട്ടെങ്കി ലും കൃതാൎത്ഥത വരുത്താൻ ആ വനിതാരത്നം ഉറച്ചു.

മുഗൾ സാമ്രാജ്യത്തിൻെറ അടിക്കല്ല് പുഴക്കുവാൻ പു റപ്പെട്ടന്ന ശിവാജിയോടു ഇണങ്ങുകയോ പിണങ്ങുകയോ വേണ്ടതെന്നറിയാതെ അറംഗസീബും കുറെ വിഷമിച്ചു. ഇ ണങ്ങുന്ന കാൎയ്യത്തിൽ ആഭിജാത്യവും അഭിമാനവും തീരേ വിരോധികളായിരുന്നു. അതും ഒരു 'കാഫ'റോടാണെന്നു ള്ള സംഗതി ആ മുഹമ്മദീയചക്രവൎത്തിക്കു വിചാരിക്കുക പോലും വയ്യ. പിണങ്ങിയാൽ ഗുണമില്ലെന്നു തന്നെയ ല്ലാ അപായം വന്നേക്കുമോ എന്ന് സംശയിക്കേണ്ട ഘട്ടവും എത്തിയിരിക്കുന്നു. ഏതായാലും തൻെറ പ്രാബല്യം കാ ണിക്കുവാൻ ഡൽഹിയിലേക്കു ശിവാജിയെ ഒന്നു ക്ഷണിക്കു വാൻ ഉറച്ചു. മിത്രഭാവത്തിൽ വരുത്തി, വന്നശേഷം വേ ണ്ടവിധം ചെയ്യേണമെന്നു തീൎച്ചയാക്കി, വിവരം സേനാ ധിപനെ അറിയിച്ചു.

3.

താമസിയാതെ ശിവാജി എത്തി. തൻെറ കൂടെയു ണ്ടായിരുന്ന പരിവാരങ്ങളെല്ലാം അരമന അടുത്തതോടു കൂ ടി അകന്നുതുടങ്ങി. സേനാധിപനും ചക്രവൎത്തിയെ തിരു മനസ്സറിയിക്കാനെന്ന വ്യാജം പറഞ്ഞ് പിരിഞ്ഞു. ഈ വ ട്ടങ്ങൾ കണ്ടപ്പോൾ ശിവാജിക്കു ചില സംശയങ്ങൾ തോ ന്നി. തൻെറ പരദേവതയായ ഭവാനീദേവിയെ നല്ലവ ണ്ണം ധ്യാനിച്ച്, വന്ന അവസ്ഥയ്ക്ക് ഇനി ഇവിടുത്തെ ഉള്ളു കളികൾ മുഴുവനും മനസ്സിലാക്കിയതിന്നു ശേഷമല്ലാതെ പു റത്തു ചാടുന്നതു പോരായ്മയാണെന്നു നിശ്ചയിച്ച്, തൻെറ പരിചാരകന്മാരെന്ന നിലയിൽ കാണുന്ന മുഗൾഭടന്മാരു

ടെ പിന്നാലെ നടന്നു. ഒടുവിൽ ഒരു മാളികയുടെ സമീപം എത്തി. അവിടെ അല്പം ഇരുന്നു വിശ്രമിച്ചപ്പോഴേയ്ക്കു് നടയിൽ തവണക്കാരൻ പ്രവേശിച്ച് മറെറാരു ഭാഗത്തേക്കു വഴികാണിച്ചു. ചെന്നെത്തിയതു കാരാഗൃഹത്തിലായിരുന്നു.

അറംഗസീബിൻെറ ആസ്ഥാനമണ്ഡപം ഹിന്ദുക്കളുടെ ആർത്തനാദംകൊണ്ടു മുഴങ്ങുവാൻ തുടങ്ങിയിട്ട് കുറച്ചുകാലമായിരിക്കുന്നു. ഇന്ന് അതിൽ ഹാജരായിട്ടുള്ളതു അവരുടെ നായകനായതുകൊണ്ട് ആർത്തനാദങ്ങൾക്കു പകരം ചില ധീരവചനങ്ങൾ ആ മണ്ഡപത്തിൽ ഇദംപ്രഥമമായി മാറെറാലിക്കൊള്ളുമെന്നു തോന്നുന്നു. ശിവാജി മണ്ഡപത്തിൽ പ്രവേശിച്ച ഉടനെ —

അറംഗസീബ് — (ഗംഭീരസ്വരത്തിൽ) കാട്ടെലികൾ എത്ര തന്നെ മദിച്ചാലും നാട്ടുപൂച്ചകളോടു നേരിടുന്നതു അപായമാണെന്നു ഇപ്പോഴെങ്കിലും മനസ്സിലായോ?

ശിവാജി — എലികൾ ഇടവിടാതെ തുരന്നാൽ മഹാമേരുവും അമരുമെന്നു കൂടി മനസ്സിലാക്കേണ്ടതുണ്ട്. പൂച്ചകൾ എലികൾക്കു വഴികാട്ടാനേ പോരുള്ളൂ എന്നും മനസ്സിലായി.

അറംഗ — ഒരു ചക്രവർത്തിയുടേയും ഒരു പ്രജയുടേയും സ്ഥിതി നല്ലവണ്ണം അറിഞ്ഞു സംസാരിക്കണം. നാട്ടിൽ പഴകാത്തവക്കു മര്യാദയും കുറവായിരിക്കും അല്ലേ!

ശിവാജി — ആര് ചക്രവർത്തി? ആര് പ്രജ? ശത്രുവിനെ ജയിക്കാൻ സാധിക്കയില്ലെന്നു കണ്ട് അദ്ദേഹത്തെ അഭിനന്ദിക്കാനെന്ന ഭാവത്തിൽ വിളിച്ചുവരുത്തി ചതിക്കുവാനോ ചക്രവർത്തി? അതോ ആരായാലും നേരിടാനോ മല്ലിടുവാനോ മടിയില്ലാതെ ശത്രുരാജ്യത്തിൽ ഏകാകിയായി നിർഭയം നടക്കുന്നവനോ ചക്രവർത്തി? ശിവാജിയുടെ ദേഹം തല്ക്കാലം അറംഗസീബിൻെറ അധീനത

യിലായിരിക്കാം! എന്നാൽ മഹാരാഷ്ട്രനായകന്റെ മനസ്സ് ഈ കൂട്ടിൽ ജീവനുള്ള കാലത്തോളം അന്യാധീനമാവുന്നതല്ല. ഇങ്ങിനെ വന്നതു തന്നെ ചതികൊണ്ടാണെന്നു വിചാരിക്കുമ്പോൾ മുഹമ്മദീയനേക്കാൾ ബലവാൻ തന്നെയാണ് മഹാരാഷ്ട്രൻ. നായാടീട്ടും കിട്ടാത്ത കാട്ടെലിയുടെ വലിപ്പവും വമ്പും ചക്രവൎത്തിയും കണ്ടറിയേണ്ടതാണ്. മഹാരാഷ്ട്രന്മാർ ഇതുവരെ വീരസ്വൎഗ്ഗത്തിലേ ചെല്ലുകയുണ്ടായിട്ടുള്ളൂ.

അറംഗ—എന്നാൽ ആ വീരസ്വൎഗ്ഗപ്രാപ്തി അറംഗസീബ് ചക്രവൎത്തിയുടെ കാരാഗൃഹത്തിൽ താമസിച്ചാലുള്ള സുഖം അല്പം അനുഭവിച്ചതിന്നു ശേഷമാവാം.

ശിവാജി—അത്ര താമസിക്കേണ്ടുന്നമെന്നില്ല. ഒരായുധം കിട്ടിയാൽ ഇക്കാണുന്ന ചക്രവൎത്തിയേയും വീരസ്വൎഗ്ഗത്തിലേക്കു അകമ്പടി കൂട്ടിക്കളയാം.

ഇത്രയും കേട്ടപ്പോഴയ്ക്കു അറംഗസീബിന്നു ക്ഷമയില്ലാതായി. ഒരു ഘോരാട്ടഹാസത്തോടു കൂടി ശിവാജിയെ തടവിലിടുവാൻ കല്പിച്ച് ആസ്ഥാനമണ്ഡപം വിട്ടു പോയി. ഉടനെ യമകിങ്കരന്മാരേപ്പോലുള്ള അഞ്ചാറു ഭടന്മാർ ശിവാജിയെ വിലങ്ങുവെച്ചു കൊണ്ടുപോകയും ചെയ്തു.

ഈ രംഗത്തിൽ നടന്നതെല്ലാം അരമനയുടെ മുകളിൽ നിന്നു അതുവരെ നിൎന്നിമേഷം ഒരാൾ നോക്കിനില്ക്കുന്നുണ്ടായിരുന്നു. താൻ ഉള്ളിൽവെച്ച് പൂജിച്ചുവരുന്ന പാവനവിഗ്രഹം അന്ന് കൺകുളിൎക്കേ കാണുവാൻ സംഗതിവരുത്തിയ ദൈവത്തെ സബ്ബൂനിസ്സാ നന്ദിപൂൎവ്വം സ്മരിച്ചു. ക്ഷത്രതേജസ്സു ചിതറുന്ന ശിവാജിയുടെ ധീരനോട്ടങ്ങളിലും പൌരുഷം ജ്വലിക്കുന്ന ആ പുരുഷപുംഗവന്റെ ഗംഭീരസംസാരങ്ങളിലും കണ്ണും കരളും ഉറപ്പിച്ചിട്ടായിരുന്നു ആ സാദ്ധ്വീമണി ഇതുവരെ സ്ഥിതിചെയ്തിരുന്നത്. അദ്ദേഹത്തെ രംഗത്തിൽനിന്നു അകററിയപ്പോൾ അദ്ദേഹം പോയ വഴി നോ

ക്കി ആ പ്രണയസ്വരൂപിണി താനറിയാതെ ഒരു നമസ്കാരവും ചെയ്തു.

4.

നേരം അർദ്ധരാത്രിയായിരിക്കുന്നു. അരമനയിൽ ആൾപ്പെരുമാററവും കുറഞ്ഞു. ചില ദ്വാരപാലന്മാർ മാത്രം പാവകളെപ്പോലെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ട്. കാരാഗൃഹത്തിൽനിന്നു പുറത്തു ചാടുവാനും തന്നെച്ചതിച്ച മുഗൾ ചക്രവൎത്തിയെ കണക്കിലൊന്നു പററിക്കുവാനും ഉള്ള ഉപായങ്ങൾ ആലോചിച്ചുകൊണ്ട് ശിവാജി അതിന്നുള്ളിൽ ഉറങ്ങാതെ ഇരിക്കുന്നുണ്ട്. ആ സമയത്തു കാരാഗൃഹത്തിന്റെ വാതിൽ ആരോ തുറക്കുന്നതായി തോന്നി. ഇതു വല്ല സാഹസത്തിന്നും ഉള്ള പുറപ്പാടാണെന്നു കരുതി തന്റെ പരദേവതയെ ധ്യാനിച്ച് അദ്ദേഹം ധൈൎയ്യമവലംബിച്ച് നിന്നു. വാതിൽ തുറന്നു അകത്തു പ്രവേശിച്ചതു ഒരു സ്ത്രീയാണെന്നു കണ്ടപ്പോൾ കുറെ ആശ്വാസമുണ്ടായെങ്കിലും അത്ഭുതവും ജനിക്കാതിരുന്നില്ല. തന്റെ സ്ഥിതി അദ്ദേഹം തൽക്കാലം വിസ്മരിച്ച് അവളുടെ കയ്യിലുണ്ടായിരുന്ന മങ്ങിയ വെളിച്ചത്തിന്റെ സഹായത്തോടുകൂടി ആ മഹിളാമണിയുടെ ദേഹത്തിൽ അദ്ദേഹം ഒന്നു കണ്ണോടിച്ചു. അവളുടെ മുഖത്തു സൌന്ദൎയ്യമോ കുലീനത്വമോ ഏതാണ് അധികം പ്രകാശിക്കുന്നതെന്നു നിൎണ്ണയിക്കുവാൻ പ്രയാസമായിരുന്നു. ആപത്തിൽ കുലകന്യകമാൎക്കു സഹജമായുണ്ടാകുന്ന ധൈൎയ്യത്തോടും നിൎല്ലജ്ജഭാവത്തോടും കൂടി അവൾ ഓടിവന്ന് ശിവാജിയുടെ മുമ്പാകെ ഒരു താക്കോൽ വെച്ച് അല്പം പിന്നാക്കം മാറിനിന്ന് ഇങ്ങിനെ അറിയിച്ചു:—

"അസമയത്തു വന്ന് നിദ്രാഭംഗം ചെയ്ത എന്റെ അപരാധം ക്ഷമിക്കണം. ധീരനായ അങ്ങയ്ക്കു രക്ഷാമാൎഗ്ഗം ഉപദേശിച്ചുതരേണ്ടതില്ലെങ്കിലും കുറഞ്ഞൊന്നു അറിയിക്കാനായി അനുവാദം തരേണം. അപായം വരുമ്പോൾ ഉപചാരങ്ങൾ അസ്ഥാനത്തിലാണല്ലോ."

ശിവാജി—"ഭവതിയുടെ ആദരവിന്നു ഇയ്യുള്ളവൻ എങ്ങിനെ പാത്രീഭവിച്ചുവെന്ന് അറിയുന്നില്ല. ഭവതി ആരാണെന്നും അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഉപകാരം ചെയ്യുന്നവരെ അറിയാതേയും അഭിനന്ദിക്കാതേയും പോകുന്നവനല്ല ശിവാജി."

സബ്യൂനിസ്സാ—സ്വന്ത പരാക്രമംകൊണ്ടും ഭരണപാടവം കൊണ്ടും അങ്ങ് സ്വാധീനമാക്കീട്ടുള്ള പദവിയെ ഗണിക്കാതെ അങ്ങയെ അപമാനിക്കാനൊരുങ്ങിയ മുഹമ്മദീയചക്രവൎത്തിയുടെ മകളാണ് ഞാൻ. അച്ഛന്റെ അനുചിതകൃത്യത്തിന്നു കഴിയുന്ന പ്രായശ്ചിത്തം ചെയ്യേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇയ്യുള്ളവൾ ഇപ്പോൾ ഇങ്ങോട്ടു വന്നത്. അങ്ങയെ ആദരിപ്പാൻ പ്രേരിപ്പിച്ച സംഗതി ഇന്നതാണെന്നു കന്യകയായ എനിക്കു വിവരിച്ചുപറയാനും പ്രയാസമാണ്. അങ്ങ് സുഖമായിരിക്കുന്നുവെന്നും, അങ്ങയുടെ ബലവീൎയ്യാദികൾ യാതൊരു ക്ഷയവും കൂടാതെ നിലനിന്നുവരുന്നുണ്ടെന്നും അറിയുവാൻ ആഗ്രഹമുള്ളവരിൽ ഒരാളാണ് ഇവളെന്നു മാത്രമേ തൽക്കാലം പറവാൻ സാധിക്കയുള്ളു. കാലതാമസം ആപത്തിന്നിടയാകും. ഈ താക്കോൽകൊണ്ട് ഇതിന്നുനേരെയുള്ള മറ്റൊരു വാതിൽ തുറന്നാൽ പുറത്തേക്കുള്ള വഴി കാണാം. ഇതൊരു ഗൂഢമാൎഗ്ഗമായതിനാൽ ഈ ഭാഗത്തു ദ്വാരപാലന്മാരില്ല. വാതിൽ തുറന്നതിന്നു ശേഷം താക്കോൽ അവിടെത്തന്നെ ഇട്ടു പൊയ്ക്കൊൾക."

ശിവാജി—"ഒരു കള്ളനേപ്പോലെ പോകുവാൻ വളരെ മടിയുണ്ട്. വന്നതു ആ വിധത്തിലല്ല".

സബ്യൂ—"അങ്ങിനെ വിചാരിക്കരുത്. അങ്ങയുടെ വംശത്തിന്റെ പ്രതിഷ്ഠയും ഹിന്തുക്കളുടെ ഭാവിനന്മയും അങ്ങയെ ആശ്രയിച്ചാണ് നില്ക്കുന്നത്. ആ വക മഹാകൃത്യങ്ങളുടെ പ്രാധാന്യം ആലോചിച്ച് ഈ തുച്ഛമായ അപമാനം അങ്ങ് വിസ്മരിക്കേണ്ടതാണ്. പലരുടേയും ഉന്ന

തിക്കായിക്കൊണ്ട് അവതരിച്ച ഒരു മഹാപുരുഷൻെറ ജന്മം പാഴിലാവരുതെന്ന് കരുതിയിട്ടാണ് പല തെററിദ്ധാരണകൾക്കും ഇടയുണ്ടാകുന്ന ഈ നയം അംഗീകരിക്കാൻ ഇവൾ സന്നദ്ധയായത്—"

ശിവാജി—"ഭവതിയുടെ ആഗ്രഹത്തിന്നു വിപരീതമായി പറവാനോ പ്രവൎത്തിപ്പാനോ എനിക്കു ഇപ്പോൾ ധൈൎയ്യം വരുന്നില്ല. ആപത്തിൽ രക്ഷിക്കുന്നവർ ബന്ധുക്കളാണെന്ന ആപ്തവചനപ്രകാരം ഞാൻ ഭവതിയെ ഒരു ബന്ധുവായി സ്വീകരിക്കുന്നതിൽ വിരോധമില്ലെന്നു വിശ്വസിക്കുന്നു. ഭവതിയിൽനിന്ന് ഇനിയും ചില വൎത്തമാനങ്ങൾ ഗ്രഹിക്കേണമെന്നു ആഗ്രഹമുണ്ട്. അതിന്നുള്ള സമയം ഇതല്ലെന്നു അറിയിച്ചതുകൊണ്ടു സംഗതി വന്നെങ്കിൽ അപ്പോൾ ആ ആഗ്രഹം സാധിക്കാമെന്നു സമാധാനിക്കട്ടെ. ജീവരക്ഷയ്ക്കു സമമായി യാതൊരു കൎമ്മവും ഇല്ലാത്തതിനാൽ തൽക്കാലം നന്ദിപറവാനേ നിൎവ്വാഹമുള്ളൂ. ഇങ്ങിനെയൊരു ഘട്ടം ഭവതിക്കും വന്നെങ്കിലല്ലാതെ പ്രത്യുപകാരം ചെയ്വാൻ സാധിക്കാത്ത അവസ്ഥയ്ക്കു അങ്ങിനെയൊരാപത്ത് ഭവതിക്കു വരേണമെന്നു ഞാൻ ഇച്ഛിക്കുന്നതും അല്ല. ഞാൻ എന്നന്നേയ്ക്കും ഭവതിയുടെ ദാസനാണെന്നു മാത്രം തൽക്കാലം പറഞ്ഞുകൊള്ളട്ടെ."

സൗ—"എനിക്കു വേണ്ടി അങ്ങ് യാതൊന്നും ചെയ്യേണ്ടതില്ല. അങ്ങയുടെ ക്ഷേമവൎത്തമാനങ്ങൾ അറിയാനുള്ള ആഗ്രഹത്തോടും കൂടി ഒരുവൾ ഇവിടെയുണ്ടെന്നു അങ്ങ് സദാ സ്മരിക്കുന്നതായാൽ അതിൽ പരം ഒരു പ്രത്യുപകാരം എനിക്കു ചെയ്യേണ്ടതായിട്ടില്ല. ഇനി താമസിക്കേണ്ടാ—"

ശുഭം.

ചേലനാട്ട് അച്യുത മേനോൻ, ബി. എ.

# ഒരു സ്മരണ.

"തിരളൊളികളിയാടുന്നോമനപ്പൂവനംപു-
ക്കരനിമിഷമിരുന്നാലല്പമാശ്വാസമുണ്ടാം"
കരമബലകരത്തിൽച്ചേർത്തമർത്തു,ഗ്രരോഗാ-
തുരദയിതപറഞ്ഞാവാക്കുഞാനോർക്കുമെന്നും. 1

വളരെദിവസമായിട്ടില്ലതജ്ജീവിതപ്പൊ-
ന്നിളവെയിൽമമഹൃത്താംവല്ലിതൻചില്ലതോറും
കളരുചികനകച്ചാർപെയ്യുവാനായ്ത്തുടങ്ങീ-
ട്ടു;ളവതിലൊരുമാറാരോഗമേഘംവിഴുങ്ങി! 2

ദലനിരവിരിയുന്നേയുള്ളതജ്ജീവിതത്തു-
മലരിനു;ഴകുകൊണ്ടുംനന്മണംകൊണ്ടുമന്നേ
അലമരുളി,യതു,ള്ളാംപൊയ്കയിൽപ്പൊങ്ങിടുന്നോ-
രലകളിൽനിഴലിച്ചാനന്ദമാംമഞ്ജുമാധ്വി. 3

വരഗുണവതിയാമെന്നോമലാളിന്റെയാഡം-
ബരനിഴലുമറയ്ക്കാത്തോരുനൈസർഗ്ഗികശ്രീ
സ്ഫുരദമലനി ലാവഭ്രത്തിനെന്നോണമാണെൻ-
കരളിനുതെളിവേററംചേർത്തുശോഭിച്ചതന്നാൾ. 4

പരിണയനിമിഷംതൊട്ടെന്നെയെന്നേയ്ക്കുമായി-
പ്പിരിവതുവരെയുള്ളാധന്യമാംവാസരങ്ങൾ—
അരിയസമയകാവ്യത്തിങ്കലെശ്രേഷ്ഠമാകും-
വരിക,-ളിനിയെടുത്തെന്തിനുവായിച്ചിടുന്നു! 5

വിറപെടുമുടൽമാറാൽത്താങ്ങിയിപ്പൂത്തിലത്തി-
ത്തറയിലവളുമായിട്ടുഞാൻവന്നിരിക്കേ
നിറമതികലയോടൊത്തന്തി,വാനായവീട്ടിൻ
പുറമിറയമണഞ്ഞിങ്ങോട്ടുവീർപ്പിട്ടുനോക്കി! 6

അലസപവനസമീരൻവന്നുമെല്ലെന്നലച്ചു-
ത്തലമുടിതനിയേതൽക്കെട്ടഴിഞ്ഞൊട്ടുലഞ്ഞു;
വിലസദതുലസന്ധ്യാകാന്തിതൻകാഞ്ചനച്ചേ-
ണലകളിലതുപാറീപായലിൻപാളിപോലേ. 7

ചലിതഹൃദയരായിട്ടുഭവിദ്യാലയംവി-
ട്ടലിവൊടുടനെയെത്തുംതാരകപ്പെംകിടാങ്ങൾ
കലിതരുചിതനാമെൻപോകുമാറായഭാഗ്യ-
പ്പൊലിമയെയനിമേഷംസ്തബ്ധരായ്നോക്കിനിന്നു! 8

കടമിഴികൾനനഞ്ഞുകണ്ണുനീരാലെനിസ്തു-
ച്ചിടപെരുകിയകേശംചിക്കിബന്ധിച്ചിടുമ്പോൾ:
ഉടലിലധികമായിപ്പുണ്ടുസൂക്ഷിച്ചിരുന്നു
പടരുമിരുളൊടൊക്കുംവേണിയെൻപ്രാണനാഡി. 9

“കരയു!കരയു!കഷ്ടം!പെണ്ണിനെപ്പോലെ,ജീവേ-
ശ്വര,പുരുഷനുവേണ്ടതെല്ലാംപ്പോം”മലോതി;
“ധരയൊരുവനിയത്രേ,നമ്മൾപുഷ്പങ്ങൾ,നിത്യം
മരണമതിലിറങ്ങിപ്പൂപറിപ്പാൻനടപ്പൂ! 10

“അതിഭയമൊടുനിത്യംമൂഢലോകംനിറപ്പൂ
മൃതിയുടെവഴികല്ലുംമുള്ളുമെല്ലാംനിരത്തി:
അതിലൊരുവകയുംഹാ!ശക്തമായീടുമോതൽ-
ഗ്ഗതിതടവതിനെന്നോക്കാത്തതത്യത്ഭുതംമേ! 11

“വരുമുടനെയറുപ്പാനെന്നെ;യൊററസ്സുതാതന്മേൽ-
മരുവണമവിടുന്നീഞെട്ടിവാടുംവരെസ്സും”
ഇരുകരലതയുംമൽക്കണ്ഠനാളത്തിലപ്പി-
ച്ചുരുമമുഖമയത്തിച്ചുംബനംചെയ്തുതന്വീ. 12

“വര,തവഹൃദയംമജ്ജീവിതപ്പാട്ടിലെപ്പാഴ്-
സ്വരലഹരിഹരിച്ചു;ഞാനസാമാന്യധന്യ!
പരമിനിയൊരുപുത്രൻജന്മമുണ്ടെങ്കിൽമേക്കൈ-
വരണമിതിനുഭാഗ്യംവേറെയില്ലാശയൊന്നും!” 13

ക്ഷണമവളുടെകണ്ണാംതാളുപോൽ ചാഞ്ഞു, മിന്നൽ-
പ്പിണരുടലുതണുത്തുകണ്ണുമെല്ലെന്നടഞ്ഞു;
പ്രണയമധുരമാം തജ്ജീവിതം ചാരുതാരാ-
ഗണലിപികളിലഭ്രത്തിങ്കലാരോ കുറിച്ചു! 14

കരയുടെ വിരിമാറിൽച്ചേർപ്പതെന്തിന്നു ചേതോ-
ഹരമണി, ദയകൂടാതത്തിരപ്പാഴ്ക്കരത്താൽ?
അരമതപഹരിക്കാനെങ്കിലിബ്ഭീമരത്നാ-
കര;മപരവിലാപം ദുർവ്വിധിക്കിഷ്ടഗീതം!! 15

വാനത്തെ വൻതിമിരമാലയിലേക്കുതള്ളി
വാരന്തിശ്ശൂന്യതയിൽ മാഞ്ഞുമറഞ്ഞു ശാന്തം!
ആരാവിലെൻമിഴികൾമൂടിയക്കൂരിരുട്ടു-
തീരാതെയെത്രപുലർവേളകഴിഞ്ഞുപിന്നേ!! 16

പണ്ഡിതർ, ജി. ശങ്കരക്കുറുപ്പ്.

# സപ്തർഷികൾ.

അതിർത്തിയില്ലാത്തതും അവസാനം കാണാത്തതും മഹാശൂന്യവുമായ പ്രദേശം. അവിടെ മേലും കീഴുമില്ല. തെക്കുവടക്കുമില്ല. അവിടെ സൂര്യചന്ദ്രന്മാർ ഉദിക്കുന്നില്ല. വായുവും അവിടെ ഇല്ല. ആകാശം ഇളക്കവും അനക്കവും കൂടാതെ പരന്നു കിടക്കുന്നുണ്ട്. സ്ഥിരവും ഗംഭീരവുമായ നിശ്ശബ്ദത. അഖണ്ഡിതമായ സപ്തർഷിമണ്ഡലം ജ്യോതിർമ്മയമായ വൃത്താകാരത്തിൽ ധ്രുവനക്ഷത്രത്തെ ചുററിക്കൊണ്ട് ഇടവിടാതെ അവിടെ അതിവേഗത്തിൽ തിരിഞ്ഞുകൊണ്ടിരിക്കുന്നു. അതിൽ നിന്ന് അനാഹതമായ ഒ-ഒ-ഓ-ഓ-ഓ-ഓംശബ്ദം ബ്രഹ്മാണ്ഡത്തെ നിറച്ചുകൊണ്ടു ക്ഷണംപ്രതി പുറപ്പെടുന്നുണ്ട്. ലോകവാസികൾ ആ ശബ്ദം കേട്ട് ആനന്ദം

കൊണ്ടും വിസ്മയംകൊണ്ടും ഭയംകൊണ്ടും മുഗ്ദ്ധന്മാരും സ്തബ്ധന്മാരും ആയിത്തീരുന്നു!

ആ മണ്ഡലത്തിന്റെ മദ്ധ്യത്തിലിരിക്കുന്ന സപ്തൎഷികൾ—മരീചി, പുലഹൻ, അത്രി, പുലസ്ത്യൻ, അംഗിരസ്സ്, ക്രതു, ബ്രഹ്മജ്ഞാനത്തിന്റെ അവതാരമൂൎത്തിയായ വസിഷ്ഠൻ—ഇവർ ബാഹ്യജ്ഞാനശൂന്യന്മാരായി എന്തൊരു മഹാദ്ധ്യാനത്തിലാണ് മഗ്നന്മാരായിരിക്കുന്നത് എന്നറിയാൻ കഴിയുന്നില്ല. ഊതിക്കഴിച്ച തങ്കത്തിന്റെ നിറത്തോടും, പ്രശസ്തമായ നെററിത്തടത്തോടും, പരന്ന മാറിടത്തോടും, പ്രീതികൊണ്ടു പ്രസന്നമായ മുഖത്തോടും, സ്ഥൂലവും ഉന്നതവുമായ തോൾപ്രദേശത്തു ചിന്നിച്ചിതറിക്കിടക്കുന്ന ചെഞ്ചിടാഭാരത്തോടും, വിശാലമായ ശരീരത്തോടും കൂടിയ ആ ഏഴു പേരും കൈകൾ മടിയിൽ വെച്ച് പത്മാസനത്തിലിരിക്കുന്നു. ധ്യാനംകൊണ്ട് അനക്കംകൂടാതെയും ഭൎത്തൃപാദങ്ങളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടും അരുന്ധതീദേവി വസിഷ്ഠന്റെ ഇടത്തുഭാഗത്ത് ഇരിക്കുന്നുണ്ട്. ദേവിയെക്കണ്ടാൽ ബ്രഹ്മൎഷിയുടെ തപസ്സിദ്ധിയുടെ അവതാരമാണെന്നു തോന്നിപ്പോകും.

കുറച്ചുനേരം കഴിഞ്ഞപ്പോൾ സപ്തകണ്ഠങ്ങളിൽനിന്നും "ജയവിശ്വാത്മൻ ജയ മംഗളസ്വരൂപ! അഭയം നല്കുന്നതും കരുണ വഴിഞ്ഞൊഴുകുന്നതുമായ അങ്ങയുടെ ദൃഷ്ടി മനുഷ്യലോകത്തിന്റെ നേരെ പതിപ്പിച്ചാലും! മനുഷ്യർ പാപംകൊണ്ടും താപംകൊണ്ടും ക്ലേശങ്ങൾകൊണ്ടും വല്ലാതെ കുഴങ്ങി വിലപിക്കുന്നു" എന്നുള്ള ശബ്ദം പുറപ്പെട്ടു.

"ജയവിശ്വാത്മൻ! ജയ മംഗളസ്വരൂപ!" എന്ന ആ ഗംഭീരനാദം ആകാശത്തിൽ പ്രവേശിച്ചു മാറെറാലിക്കൊണ്ടു. അതേ ശബ്ദം മേഘങ്ങളുടെ ഇടയിലലച്ച് ഇടിവെട്ടുംവണ്ണം പ്രതിദ്ധ്വനിച്ചു. "ജയ വിശ്വാത്മൻ! ജയ മംഗളസ്വരൂപ!" എന്ന ശബ്ദംതന്നെ ഭൂലോകത്തിലുള്ള പൎവ്വതഗുഹകളിൽനിന്ന് മാറെറാലിക്കൊണ്ടു. തിരമാലകൾ തല്ലി

ത്തകക്കുന്ന സമുദ്രത്തിൻെറ തീരത്തിലും! അതേ ശബ്ദത്തിൻെറ പ്രതിദ്ധ്വനിയുണ്ടായി. ഒടുവിൽ "ജയ വിശ്വാത്മൻ! ജയ മംഗളസ്വരൂപ!" എന്നുള്ള ആ ഗംഭീരനാദം ഭക്തന്മാരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചു മാറെറാലിക്കൊണ്ടു.

ഋഷീശ്വരന്മാർ മൌനം അവലംബിച്ചു. കുറെ കഴിഞ്ഞശേഷം വസിഷ്ഠൻ മൃദുമധുരസ്വരത്തിൽ ഇങ്ങിനെ പറഞ്ഞു:—

"ആൎയ്യന്മാരേ! ഭൂലോകത്തിൽ ബ്രഹ്മാവൎത്തം എന്നു കേളികൊണ്ടതും ദേവന്മാൎക്കും ഋഷിമാൎക്കും ഏററവും പ്രിയപ്പെട്ടതും ദാനത്തിലും, യജ്ഞത്തിലും, വ്രതത്തിലും അദ്വിതീയവും ജ്ഞാനംകൊണ്ട് ഉജ്ജ്വലവും ആയ ആ പ്രദേശത്തെ നിങ്ങൾ നോക്കിക്കണ്ടാലും! അതിൻെറ ഇപ്പോഴത്തെ കഷ്ടാവസ്ഥ പറഞ്ഞറിയിക്കാൻ ഞെരുക്കംതന്നെ. ജാതിമത്സരംകൊണ്ടും ധൎമ്മദ്വേഷംകൊണ്ടും നിറഞ്ഞ ആ പ്രദേശം നശിച്ച മട്ടിലായി. ഭ്രാതാക്കന്മാർ തമ്മിലുള്ള മത്സരംകൊണ്ടു രാജ്യം ഛിന്നഭിന്നമായിത്തീൎന്നിരിക്കുന്നു. ഈ ദുസ്സഹമായ കാഴ്ച കണ്ടിരിപ്പാൻ എനിക്കു വയ്യാതായി. മൎത്ത്യലോകത്തിൽ അവതരിച്ച് ഏതൊരു ധൎമ്മത്തിൻെറ ആദൎശം പുത്രൻെറയും ഭൎത്താവിൻെറയും ഭ്രാതാവിൻെറയും സഖാവിൻെറയും രാജാവിൻെറയും നിലയിൽ ശ്രീരാമചന്ദ്രങ്കൽ സ്പഷ്ടമായി പ്രകാശിച്ചിരുന്നുവോ ആ മഹാധൎമ്മം വീണ്ടും ഭാരതവൎഷത്തിൽ പ്രചരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ധൎമ്മത്തിൻെറ ഗുണംകൊണ്ടു ബ്രാഹ്മണനും ചണ്ഡാലനും വാനരനും രാക്ഷസനും എല്ലാവരും സമഭാവത്തിൽ ബന്ധിക്കപ്പെട്ടിരുന്നു. ഏതൊരു രാജ്യത്തിൽ ഒരുകാലത്തു രാമചന്ദ്രൻ ജനിച്ചുവോ അവിടെ ജനിച്ച പുത്രന്മാർ പിതൃഹന്താ*ക്കളായിത്തീൎന്നതു കണ്ടിട്ട് എൻെറ മനസ്സു വല്ലാതെ

* മദ്ധ്യയുഗത്തിൽ ഭാരതത്തിലെ അനേകം രാജപുത്രന്മാർ രാജ്യലോഭംകൊണ്ടു പിതൃഹത്യ ചെയ്തിട്ടുണ്ടായിരുന്നു. ഇതു കാരണം ചാണ

ഉരുകുന്നു. ആൎയ്യസന്താനങ്ങൾ ധൎമ്മങ്ങളും കൎമ്മങ്ങളും മറന്നിരിക്കുന്നു. ഞാൻ വീണ്ടും അവരെ പഠിപ്പിക്കുന്നുണ്ട്.

വസിഷ്ഠൻ മൌനം അവലംബിച്ചു. പിന്നെ അരുന്ധതീദേവി എല്ലാവരേയും സംബോധനം ചെയ്തുകൊണ്ടു പറഞ്ഞു. "ആൎയ്യന്മാൎക്ക് നമസ്കാരം. ഭാരതസ്ത്രീകളുടെ സ്ഥിതി കണ്ടിട്ട് എന്റെ ഹൃദയം പിളരുന്നു. ഏതൊരു രാജ്യത്തിൽ ജനിച്ച ജാനകി അയോദ്ധ്യയിലെ സകല സുഖങ്ങളും ഉപേക്ഷിച്ചു വനവാസക്ലേശം ആദരവോടുകൂടി ശിരസ്സിൽ വഹിച്ചു പതിപ്രേമംകൊണ്ടു പരിതൃപ്തി പ്രാപിച്ചുവോ, ലങ്കയുടെ ഐശ്വൎയ്യം കാൽകൊണ്ടു ചവിട്ടിനീക്കിയോ, അപവാദവും നിൎവ്വാസനവും മററു കഷ്ടപ്പാടുകളും ഇ

---

ല്യൻ തന്റെ അൎത്ഥശാസ്ത്രത്തിൽ "കൎക്കടകസധൎമ്മാണോഹിജനകഭക്ഷ്യാ രാജപുത്രാഃ" എന്നിങ്ങിനെ ഉല്ലേഖം ചെയ്തിരിക്കുന്നു. അധൎമ്മത്തിന്റെ അത്ര അധികമായ പ്രാബല്യം നിമിത്തം പുത്രൻ അമ്മയുടെ കിടക്കയിൽ ഒളിച്ചിരുന്നു ശയനാൎത്ഥിയായ അച്ഛനെ കൊല്ലാൻ ലേശം മടിച്ചില്ല. ഹൎഷചരിത്രത്തിന്റെ ആറാം ഉച്ഛ്വാസത്തിൽ ഇപ്രകാരം എഴുതീട്ടുണ്ട്, "മാതൃശയനീയതൂലികാതലനിഷണ്ണശ്ച തനയോന്യം തനയമഭിഷേക്തുകാമസ്യ ദധ്രുസ്യ കരൂഷാധിപതേരഭവന്മൃത്യവേ"

പരേതനായ രായരാജേന്ദ്രചന്ദ്രശാസ്ത്രി ബഹദൂർ "മദ്ധ്യയുഗത്തിലെ ഭാരതത്തിന്റെ സാമാജികാവസ്ഥ" എന്ന പ്രബന്ധത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ യുഗത്തിൽ ശക്തിമാന്മാരായ ആളുകളുടെ ഹൃദയത്തിൽ കഠിനമായ രാജ്യലോഭം സ്ഥലം പിടിച്ചിരിക്കുന്നു. അനേകം രാജ്യങ്ങളും അനേകം വംശങ്ങളും ഈ ലോഭവഹ്നികൊണ്ടു ഭസ്മമായിപ്പോയിട്ടുണ്ട്. അവിശ്വാസം, തന്റെ ഭാൎയ്യ, പുത്രൻ, ബന്ധു, മന്ത്രി മുതലായവരുടെ നേരെയുള്ള അവിശ്വാസം, രാജനീതിയുടെ ഉപദേശത്തിന്റെ ഒരംഗമായിത്തീൎന്നിരുന്നു. രാജപുത്രഗണങ്ങൾ അത്രയും ഉദ്ഭ്രാന്തന്മാരും രാജ്യലോഭികളും ആയിത്തീൎന്നുകൊണ്ട് അവരെ ഭയന്നു മററുള്ള രാജാക്കന്മാർ എപ്പോഴും സംഭ്രമത്തോടുകൂടിത്തന്നെ ഇരുന്നിരുന്നു."

പൃഥ്വീരാജാവിന്റെ പ്രപിതാമഹൻ (മററുചിലരുടെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ) ആയ അൎണ്ണോരാജാവിനെ അദ്ദേഹത്തിന്റെ പുത്രൻ ജുഗദേവൻ വധിച്ചു എന്നു പറയപ്പെടുന്നുണ്ട്. Arnoraj was murdered by his son Jugdeva sometime between 1150 and 1151. A. D. Ajmer Historical and Descriptive by Har Bilas Sarda page 153.

ഷ്ഠമായിക്കരുതിയോ, ആ രാജ്യത്തിലെ പത്നിമാർ ഇപ്പോൾ ഭർത്താക്കന്മാരുടെ പ്രാണഹന്ത്രി*കളായിത്തീർന്നിരിക്കുന്നു. ഇതിലധികം എന്തൊരു അധോഗതിയാണ് വരാനുള്ളത്? നമുക്ക് മനുഷ്യലോകത്തിലേക്കു പോകാം. സഹധർമ്മിണികളുടെ ധർമ്മവും വ്രതവും സാധനയും ഇന്നതാണെന്നു വീണ്ടും ഭാരതസ്ത്രീകൾക്കു പഠിപ്പിച്ചുകൊടുക്കാം.”

ദേവി മൌനം അവലംബിച്ചപ്പോൾ ഏററവും മധുരസ്വരത്തിലുള്ള വീണവായന അവസാനിച്ചതുപോലെ ശ്രോതാക്കൾക്കു തോന്നി. ഋഷികളിൽവെച്ചു വയോവൃദ്ധനായ മരീചിബ്രഹ്മർഷി അവർ രണ്ടാളോടും ഇങ്ങിനെ പറഞ്ഞു:

---

* ഈ മദ്ധ്യയുഗത്തിൽ രാജമഹിഷികളുടെ നടവടി രാജപുത്രന്മാരുടെ നടവടിയെക്കാൾ എത്രയോ അധികം ശോചനീയമായിരുന്നു. അനേകം രാജമഹിഷികൾ കാമാന്ധകളും ലോഭാന്ധകളും ആയിട്ടു ഭർത്തൃവധം ചെയ്തിരുന്നു. ഹർഷചരിത്രത്തിലെ ആറാം ഉച്ഛ്വാസത്തിൽനിന്നു ചിലരുടെ കഥ താഴെ ഉദ്ധരിച്ചിരിക്കുന്നു:—

“മധുമോദിതംമധുരകസംലിപ്തൈർല്ലാജൈഃസുപ്രഭാപുത്രരാജ്യാർത്ഥം മഹാസേനംകാശിരാജംജഘാന. യോഗപരാഗവിരസവർഷിണാം ചമണിനൂപുരേണവല്ലഭാസപത്നീരുഷാ വൈരന്ത്യാം രന്തിദേവം; വേണീനിഗൂഢേന ച ശസ്ത്രേണ വിന്ദുമതീ വൃഷ്ണിംവിദൂരഥം; രസദിഗ്ദ്ധമദ്ധ്യേന ച മേഖലാമണിനാ ഹംസവതീസൌവീരം വീരസേനം; അദൃശ്യാഗദലിപ്തവദനാചവിഷവാരുണീഗണ്ഡൂഷപായനേന പൌരവീ പൌരവേശ്വരം സോമകം” ഇത്യാദി

ഹാംലെററ് നാടകത്തിൽ ഡന്മാർക്കിലെ രാജ്ഞിയുടെ ഏതൊരു നടവടിയെപ്പററി പ്രസ്താവിച്ചുകാണുന്നുണ്ടോ അതിനു തുല്യമായ ഒരു സംഭവം ഹർഷചരിത്രത്തിലും പ്രസ്താവിച്ചുകാണുന്നുണ്ട്. “വിഷചൂർണ്ണചുംബിതമ[illegible]രന്ദന ച കർണ്ണേന്ദീവരേണ ദേവകീ ദേവരാനുരക്താ ദേവസേനംസൌഹ്മ്യം” (ജഘാന)

രായരാജേന്ദ്രചന്ദ്രശാസ്ത്രി ബഹദൂർ ഈ വിഷയത്തെപ്പററി ഇങ്ങിനെ എഴുതീട്ടുണ്ട്. രാജാ“സ്ഥവിരസ്ത്രീപരിശുദ്ധാംദേവീംപശ്യേൽ” എന്നു ശാസ്ത്രത്തിൽ എഴുതീട്ടുള്ളത് രാജമഹിഷികളുടെ ഈ മാതിരി നടവടി കൊണ്ടാണ്. (ആദ്യംതന്നെ വയസ്സുചെന്ന ഒരു സ്ത്രീയെക്കൊണ്ടു പരിശോധിപ്പിച്ചു ദേവി പരിശുദ്ധയാണെന്ന് അറിഞ്ഞതിനുശേഷം മാത്രമേ രാജാവു ദേവിയെക്കാണ്മാൻ പാടുള്ളൂ എന്നർത്ഥം.)

"ആൎയ്യേ! അരുന്ധതി! ആൎയ്യ വസിഷ്ഠാ! ഞാൻ പറയുന്നതു കേട്ടാലും. നിങ്ങൾ ഇരുവരുടേയും മനസ്സ് ജീവികളുടെ ദുഃഖം കണ്ട് അലിഞ്ഞിരിക്കുന്നു എന്ന് ഞങ്ങൾ എല്ലാവൎക്കും അറിയാം. അതുകൊണ്ടാണ് നിങ്ങൾ ഈ ആനന്ദമയമായ സ്ഥാനം ഉപേക്ഷിച്ചു മനുഷ്യലോകത്തിൽ പോയി പാൎക്കാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ ഇരുവരും പോയാൽ ഈ മണ്ഡലം ശുദ്ധശൂന്യമായിത്തീരും. നാം എല്ലാവരുംകൂടിപ്പോകുന്നതാണ് നല്ലത്. അവിടെപ്പോയി ഏകനിഷ്ഠയോടുകൂടി ആൎയ്യസന്താനങ്ങളെ ഉദ്ധരിപ്പിക്കാം."

"തഥാസ്തു തഥാസ്തു" എന്നിങ്ങിനെ പറഞ്ഞ് അഞ്ചുപേർ മരീചിയുടെ പ്രസ്താവത്തെ അനുസരിച്ചു. എല്ലാവരുടെ കണ്ണുകളിൽനിന്നും കരുണാസൂചകമായ കണ്ണുനീർ പൊഴിഞ്ഞു. ഉത്സാഹംകൊണ്ടും ചൈതന്യസ്ഫൂൎത്തികൊണ്ടും അവരുടെ മുഖകാന്തി മുമ്പിലുത്തേക്കാൾ ഇരട്ടിയായി വിളങ്ങി. ആ സമയത്തു നൂറു സൂൎയ്യന്മാരുടെ പ്രഭയോടുകൂടിയ ഒരു അപൂൎവ്വതേജസ്സു വിളങ്ങുന്നത് അവൎക്കു കാണാറായി. ആ തേജഃപുഞ്ജത്തിൽനിന്നു മധുരവും ഗംഭീരവുമായ ഒരു അശരീരിവാക്ക് അവർ കേട്ടു. അത് ഇപ്രകാരമായിരുന്നു.:—

"ഋഷീശ്വരന്മാരേ! നിങ്ങൾ കേട്ടാലും! ഭാരതത്തിന്റെ ഉദ്ധാരണത്തിന്ന് അനുകൂലമായ കാലം വന്നിട്ടില്ല എന്നാണ് ഈശ്വരന്റെ കല്പന. അതിനാൽ നിഷ്ഫലമായ കാൎയ്യത്തിൽ നിങ്ങൾ എന്തിനാണ് ഏൎപ്പെടുന്നത്? പ്രായശ്ചിത്തം ചെയ്യാതെ പാപത്തിൽനിന്നു മോചനം കിട്ടുന്നതല്ല എന്നുള്ളതു ജഗന്നിയന്താവായ ഈശ്വരന്റെ അലംഘ്യമായ നിയമമാണ്. അനാചാരംകൊണ്ടും അന്യാചാരങ്ങൾകൊണ്ടും ഇന്ദ്രിയവികാരങ്ങൾകൊണ്ടും ജാതിധൎമ്മദ്വേഷങ്ങൾകൊണ്ടും വീരത്വാഭിമാനംകൊണ്ടും അനേകം ശതവൎഷങ്ങളായി കുന്നുപോലെ കൂടിയ മഹാപാപങ്ങളുടെ പ്രായശ്ചിത്തത്തിന്നുള്ള കാലം ഇപ്പോൾ അടുത്തുകൂടിയിരിക്കുന്നു. രാജ്യം മുഴുവനും വിഷവായു വ്യാപിച്ചാൽ ഒരു വലിയ കൊ

ട്ടങ്കാററു വീശിയല്ലാതെ ആ വിഷവായു ദൂരെ നീങ്ങിപ്പോകു മോ എന്നു നിങ്ങൾ വിചാരിച്ചുനോക്കുവിൻ! കാർമ്മേഘങ്ങൾ ഗർജ്ജിക്കുകയും കൊടുങ്കാററു വീശുകയും ചെയ്യുമ്പോൾ വൃക്ഷങ്ങൾ പുഴങ്ങിവീഴുകയും വള്ളികൾ ഛിന്നഭിന്നമാവുകയും ചെയ്യുന്നു. ദേവാലയങ്ങളും കശാപ്പുകാരുടെ പീടികകളും ഇടിഞ്ഞുപൊളിഞ്ഞു വീഴുന്നു. തപോവനങ്ങളും ഉപവനങ്ങളും തകൎന്നുപോകുന്നു. ബാലന്മാരും വൃദ്ധന്മാരും ധർമ്മിഷ്ഠന്മാരും കള്ളന്മാരും വ്യത്യാസംകൂടാതെ മരിച്ചുപോകുന്നു. എന്നാൽ അവസാനത്തിൽ പരമമായ മംഗളം വന്നുകൂടുകയും ചെയ്യുന്നു. ആകാശം ശുദ്ധമായിത്തീൎന്ന് നിർമ്മലമായ കാററു വീശിത്തുടങ്ങുന്നു. നാശത്തിൻെറ ശേഷം പുതിയ സൃഷ്ടിയുണ്ടാവുന്നത് ഈശ്വരകല്പനയാണ്. മഹത്തായ ഒരു വിപ്ലവം ഉണ്ടായി മോഹാന്ധന്മാരും മദാന്ധന്മാരും ആയ ആര്യസന്താനങ്ങളെ മഥിച്ച് അവരെ കരടാവുകൊണ്ടടിച്ച് അവരുടെ ജ്ഞാനദൃഷ്ടിയ്ക്കു മിഴിവുവരുത്താതിരുന്നാൽ ഭ്രാതൃത്വംകൊണ്ടു സുദൃഢവും ധർമ്മംകൊണ്ടു ജാതിഗർവ്വഹീനവും താണവരിലും അനാഥന്മാരിലും കർത്തവ്യബോധത്തോടുകൂടിയതുമായ ഒരു നൂതനസമാജം ഒരിക്കലും ഉണ്ടാവില്ലെന്നു നിങ്ങൾ ഉറപ്പായി ധരിക്കേണ്ടതാണ്. വൈരാഗ്യംകൊണ്ടും സംയമംകൊണ്ടും പ്രേമംകൊണ്ടും ഭൂമിയിൽ അദ്വിതീയവും പുണ്യവുമായ ആര്യഭൂമി ഒരിക്കലും നശിച്ചുപോവുകയില്ല: എന്നാൽ മുക്തിക്കുവേണ്ടി ആര്യസന്താനങ്ങൾ പ്രായശ്ചിത്തം ചെയ്യണം. ഭവിഷ്യത്തിനെ നിങ്ങൾ കേട്ടാലും! കാലം അടുത്തുകൂടിയിരിക്കുന്നു. പടിഞ്ഞാറുഭാഗത്ത് അതാ അമോഘങ്ങളായ മേഘങ്ങൾ കനത്തുകൂടിയിരിക്കുന്നു. കൊടുങ്കാററ് തുടങ്ങാറായി. നിങ്ങൾ എല്ലാവരും മർത്ത്യലോകത്തെ നോക്കിക്കാണുവിൻ!" അശരീരിവാക്ക് ഇങ്ങിനെ അവസാനിച്ചു.

കുണ്ണമ്പു കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

---

# പരോപകാരം.

മനുഷ്യ! നീതെല്ലൊരിടത്തുനിന്നു
നേത്രങ്ങൾ നിൻ ചുററുമയച്ചുനോക്കൂ
പരാത്ഥമാംജീവിതയജ്ഞമെല്ലാം-
തെങ്ങെന്തുചെയ്യുന്നുജഡങ്ങൾപോലും? 1
മരങ്ങൾസൂര്യാഭിമുഖംതപിച്ചു
സിദ്ധിച്ചതാംസൽഫലജാലമെല്ലാം
മനുഷ്യനുംപക്ഷിമൃഗാദികൾക്കും
സമ്മാനമേകുന്നു സമുന്നതങ്ങൾ. 2
വല്ലീമതല്ലീനിരചെന്തളിർപ്പ-
ട്ടൊളിപ്രസൂനച്ചെറുകപ്പിലാക്കി
മനുഷ്യഭീയാലുയരെപ്പറക്കും
പക്ഷിക്കുമാധ്വീരസമേകിടുന്നു. 3
മാംസത്തിനായിട്ടുകഴുത്തറുക്കും
പാപിക്കുപോലുംപകയോർത്തിടാതെ
നിഷ്കാമമായ്പാവനമാംപയസ്സാൽ
പശുക്കൾസന്തർപ്പണമാചരിപ്പൂ. 4
പരാപരൻസൂര്യനുനൽകിടുന്ന
തൂവെള്ളിചന്ദ്രന്നവനേകിടുന്നു
അവൻനിലാവിൻവടിവിൽധരയ്ക്കാ-
യതാകെയർപ്പിച്ചുയരുന്നുവാനിൽ. 5
ഹേ! മർത്ത്യ! ഭോഗത്തിനുവേണ്ടിവിത്തം
കുമ്പാരമാക്കുന്നവനല്ലയോനീ
നാളെക്കുവേണ്ടുന്നതെടുത്തിടാത്ത
മൃഗത്തിനങ്ങുന്നുനമസ്കരിക്കൂ!

കെ. കെ. രാജാ.

# സമുദായപരിഷ്കാരം.

മനുഷ്യൻ സാമുദായികജീവിതത്തെ ഇച്ഛിക്കുന്ന ഒരു ജീവിയാകുന്നു. സിംഹം, വ്യാഘ്രം മുതലായ വന്യമൃഗങ്ങളെപ്പോലെ സമജീവികളിൽനിന്നു അകലെയായി ജീവിക്കുവാൻ മനുഷ്യനു സാധിക്കുകയില്ല. സംഘത്തിൽ നിവസിക്കാനുള്ള ആഗ്രഹം മനുഷ്യനു പ്രകൃതിദത്തമായിട്ടുള്ളതാകുന്നു. ലോകത്തിലുള്ള ജനങ്ങളിൽ ഓരോരുത്തരും മനുഷ്യസമുദായം എന്ന മഹാസമുദായത്തിൻെറ അംഗങ്ങളാണ്. വാസന, ജീവിതരീതി, മതം എന്നിവയെ അനുസരിച്ച് ജനങ്ങൾ സമുദായങ്ങളായിത്തീരുന്നു.

സമുദായം എന്നതു അനായാസേന വിവരിപ്പാൻ സാധിക്കുന്നതാണെങ്കിലും, 'പരിഷ്കാര'ത്തോടടുക്കുമ്പോഴാണ് പ്രയാസം നേരിടുന്നത്. 'പരിഷ്കാരം എന്നാലെന്താണ്'? എന്ന ചോദ്യത്തിന്നു മതിയായ സമാധാനം പറയുന്നതു അത്ര സുകരമല്ല. പരിഷ്കാരം വസ്ത്രധാരണത്തിലാണെന്നു ചിലരും, വൃത്തിയിലാണെന്നു വേറെ ചിലരും, ഇവയിലൊന്നിലുമല്ല, ലോകഗതിക്കനുസരിച്ച് ജീവിതം നയിക്കുന്നതിലാണെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. പരിഷ്കാരം ഇന്നതെന്നറിയാതെ, തങ്ങൾ പരിഷ്കാരികളാണെന്നു അഭിമാനിച്ചുനടക്കുന്നവർ ഈവക സന്ദേഹങ്ങളെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. 'പരിഷ്കാരം' എന്നതിന്നു ലോകഗതിക്കനുസൃതമായ മാററങ്ങൾ വിവേകപൂർവ്വം സ്വീകരിച്ചു നന്നാക്കുക എന്ന അർത്ഥം എടുക്കാം. പരിഷ്കാരം എന്നതു നമ്മെ ഇപ്പോഴത്തെ സ്ഥിതിയിൽനിന്നു ഇതിനേക്കാൾ ശ്രേഷ്ഠവും സൌഖ്യാവഹവുമായ സ്ഥിതിയിലേക്കു നയിക്കുന്നതായിരിക്കേണം. അല്ലാതിരുന്നാൽ, 'പരിഷ്കാരം' ഗുണപര്യവസായിയാവുന്നതല്ല; പ്രത്യുത, അള്ള ദോഷങ്ങൾക്കു ഹേതുഭൂതമായിരിക്കുകയും ചെയ്യും.

പ്രതിദിവസം ലോകഗതി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെ ജീവിതരീതി, കാലാനുസാരിയായ ഭേദത്തെ ആശ്രയിച്ചാണ് നില്ക്കുന്നത്. അതുകൊണ്ടു സമുദായത്തെ കാലഗതിക്കനുസരിച്ച് പരിഷ്കരിക്കേണ്ടതു ആവശ്യകമാണ്. നമ്മുടെ സമുദായത്തിൽ പരിഷ്കരണീയങ്ങളായ അംശങ്ങൾ എന്തെല്ലാമാണെന്നു ഇനി അല്പം ആലോചിക്കാം.

നമ്മുടെ സമുദായാഭിവൃദ്ധിയെ ഉദ്ദേശിച്ച് പ്രവൎത്തിക്കുന്ന ഒരു സമുദായസ്നേഹിയുടെ ദൃഷ്ടിയിൽ ഒന്നാമതായി പെടുന്നതും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിരാശയെ അങ്കുരിപ്പിക്കുന്നതും ഈ നാട്ടിലെ നിരൎത്ഥകമായ രീതിയിൽ അനുഷ്ഠിച്ചുവരുന്ന ജാതിവ്യത്യാസമാകുന്നു. ജാതിവ്യത്യാസം സമുദായാംഗങ്ങൾ തമ്മിൽ ഛിദ്രവും ദ്വേഷവും ഉണ്ടാക്കുന്നു. എല്ലാ സമുദായങ്ങളുടേയും ജീവൻ അന്യോന്യമുള്ള ഐക്യവും സഹോദരസ്നേഹവും ആണല്ലോ! അതുകൊണ്ട് സമുദായത്തിന്റെ ജീവനെയാണ് നമ്മുടെ ഇടയിൽ ഇപ്പോഴുള്ള ജാതിവ്യത്യാസം നശിപ്പിക്കുന്നതു എന്നു പറയേണ്ടിയിരിക്കുന്നു. ഈ സ്ഥിതി ഏതു സമുദായാഭിമാനിയെയാണ് വ്യസനിപ്പിക്കാത്തത്? "ലോകത്തെ മുഴുവനും സ്നേഹിപ്പിൻ; എന്നാൽ ഭാഗ്യവാന്മാരായിരിക്കും" എന്നുപദേശിച്ച ബുദ്ധമഹൎഷിയുടെ പാദസ്പൎശത്താൽ പവിത്രമായ ഭാരതമാതാവിന്റെ സന്താനങ്ങളാണോ നാം? ആണെങ്കിൽ, ഏതാദൃശന്മാരായ മഹാന്മാരുടെ ഉപദേശങ്ങളെ നാം നിരസിച്ചുനടക്കാതിരിക്കേണ്ടതാണ്.

നമ്മുടെ നാട്ടിലെ വിദ്യാഭ്യാസസ്ഥിതിയാണ് ഒരു സമുദായസ്നേഹിയുടെ ശ്രദ്ധയെ രണ്ടാമതായി ആകൎഷിക്കുന്നത്. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസസ്ഥിതി, പരിഷ്കൃതരാജ്യങ്ങളുടേതുമായി താരതമ്യപ്പെടുത്തി നോക്കിയാൽ അതിന്റെ ശോചനീയത വിശദമാകുന്നതാണ്. ഒരു സമുദായത്തിലുള്ള ജനങ്ങളിൽ ഭൂരിപക്ഷവും നിരക്ഷരകുക്ഷികളാ

ണെങ്കിൽ, ആ സമുദായം ഉൽഗതിയെ എങ്ങിനെ പ്രാപിക്കും? സമുദായസ്നേഹത്തിന്നും സമുദായാഭിവൃദ്ധിക്കും വിദ്യാഭ്യാസം അത്യന്താവശ്യകമാണ്. സമുദായത്തിന്റെ നേരെ ഓരോരുത്തനും ഉള്ള കടമ ഇന്നതാണെന്നു വിദ്യാഭ്യാസംകൊണ്ടു മാത്രമേ ഗ്രഹിക്കാൻ കഴികയുള്ളു. വിദ്യാഭ്യാസവിഹീനമായ സമുദായത്തിലെ അംഗങ്ങളുടെ കൃത്യബോധം തന്നെ പരിപൂർണ്ണമായിരിക്കുകയില്ല. സമുദായാംഗങ്ങൾ, അവരുടെ മുറ ന്യായമായി ഗ്രഹിക്കാത്തതിനാൽ സമുദായത്തിന്റെ അഭിവൃദ്ധി വിദൂരമായി തന്നെ സ്ഥിതിചെയ്യുന്നു. സമുദായശുശ്രൂഷക്കു വേണ്ടുന്ന ബുദ്ധിവികാസവും, മനഃപരിഷ്കാരവും വിദ്യാഭ്യാസമാണ് പ്രദാനം ചെയ്യുന്നത്. വിദ്യാഭ്യാസം സമുദായത്തിന്റെ നാഡികളിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുന്ന രക്തമാണ്. അതു ദോഷകലുഷിതമായിരുന്നാൽ സമുദായം അധഃപതിക്കുകയേ ഉള്ളു. ഒന്നുകൊണ്ടും ഗുണകരമല്ലാത്ത ഈ സ്ഥിതിയിൽനിന്നു നമ്മുടെ സമുദായത്തെ ഉദ്ധരിപ്പാൻ ഭരണകർത്താക്കന്മാരുടെ സാഹായ്യം അനിവാര്യമായിട്ടുള്ളതാകുന്നു. നിർബ്ബന്ധവിദ്യാഭ്യാസം പ്രചരിപ്പിച്ചും മറ്റും സമുദായോന്നതിക്ക് പ്രയത്നിക്കേണ്ടതു വിദ്യാസമ്പന്നന്മാരായ അംഗങ്ങളുടെ കടമയാണെന്നു നിർശ്ശങ്കം പറയാം.

മൂന്നാമത് ഒരു സമുദായത്തിന്റെ അഭിവൃദ്ധിയുടെ മാനദണ്ഡം ആ സമുദായത്തിലെ കൃഷി, കച്ചവടം, കൈത്തൊഴിൽ എന്നിവയുടെ സ്ഥിതിയാകുന്നു. ഇവയുടെ സ്ഥിതിയെപ്പറ്റി ആലോചിക്കുന്നതായാൽ, നമ്മുടെ സമുദായത്തെപ്പോലെ താഴ്ന്നനിലയിലിരിക്കുന്ന ഒരു സമുദായം വല്ല പരിഷ്കൃതരാജ്യങ്ങളിലും ഉണ്ടോ എന്നു സംശയഗ്രസ്തമാണ്. കൈത്തൊഴിൽ കച്ചവടം മുതലായവയെ വർദ്ധിപ്പിക്കുന്നതിന്നു സുകരമായ ഏർപ്പാടോ ശ്രദ്ധയോ നമ്മുടെ നാട്ടുകാരിലും ഭരണാധികാരികളിലും വേണ്ടവിധം കണ്ടുവരുന്നില്ലെന്നുള്ളതു ഗണ്യമായ ഒരു ശോച്യതയാണ്. ഫലപുഷ്ടിയെ പരിഗ

ണിച്ചു പറയുന്നതായാൽ നമ്മുടെ രാജ്യം കേവലം താഴ്ന്ന നിലയിലാണെന്നു പ്രസ്താവിച്ചുകൂടാ. പ്രകൃതി പലേ വിധത്തിലും നമുക്കു അനുകൂലമായിട്ടാണിരിക്കുന്നത്. പരിഷ്കാരം എന്നതു എന്താണെന്നറിയാതെ, ദുരഭിമാനത്തിന്നു വശംവദന്മാരായി, നാം പ്രകൃതിദേവിയുടെ ദാനങ്ങളെ നിരസിക്കുകയാണ് ചെയ്യുന്നത്. വിദേശിവസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നതിൽ നാം കാണിച്ചുവരുന്ന അഭിനിവേശത്തിൽ പകുതിയെങ്കിലും സ്വദേശവ്യവസായങ്ങൾ വൎദ്ധിപ്പിക്കേണ്ടതിന്നു നാം കാണിച്ചിരുന്നു എങ്കിൽ നമ്മുടെ രാജ്യത്തിന്റെ ഭാഗ്യസ്ഥിതി കണ്ട് നമുക്കിപ്പോൾ അനുമോദിക്കാമായിരുന്നു. പരുത്തി, കൊപ്പര മുതലായ പല സാധനങ്ങളും ഇവിടെ സുലഭമായുണ്ടാകുന്നുണ്ട്. പക്ഷെ അവയെക്കൊണ്ടു നാം അന്യരാജ്യക്കാരുടെ ഉദരപൂരണമത്രയാണ് ചെയ്യുന്നത്. സ്വദേശവ്യവസായം പരിഷ്കരിക്കേണ്ടതിന്നു പ്രയത്നിക്കാത്ത പക്ഷം, അചിരേണ നമ്മുടെ സമുദായം അധോഗതിയെ പ്രാപിച്ച് നാമാവശേഷമായിത്തീരും. അങ്ങിനെ വരാതിരിപ്പാൻ ജഗദീശ്വരൻ സഹായിക്കട്ടെ. ലോകത്തെ മുഴുവൻസ്നേഹിപ്പാനും എല്ലാവരേയും സഹോദരന്മാരെപ്പോലെ വിചാരിപ്പാനും ഉള്ള മനഃപരിഷ്കാരം വൎദ്ധിച്ചുവരട്ടേ! എന്നാൽ നാം ബുദ്ധൻ മുതലായ മഹാത്മാക്കളോടു ചെയ്യേണ്ടതായിട്ടുള്ള കടമയുടെ ഒരു ചെറിയ ഭാഗമെങ്കിലും നിറവേററി എന്ന് നമുക്കു അഭിമാനിക്കാം.

ടി. വി. രയരപ്പക്കുറുപ്പ് ബി. എ; എൽ. ടി.

---

## "മൎത്ത്യൻ മൎത്ത്യനെന്താനു ചെയ്വൂ?"

---

(മഞ്ജരി.)

സന്താപമെന്തോഭവിഷ്യംമാ,രത്രമേൽ
സന്തോഷചിന്തകൾപൊന്തിയേററം.

തത്തിക്കളിക്കുന്നമഞ്ജുസ്വഭാവത്തോ-
ടൊത്തൊരുസന്ധ്യയി,ലുദ്യാനത്തിൽ
ചാരുകസാലമേൽച്ചാരിയിരിക്കവേ,
ചാരത്തുനിന്നുമധുരമായി,
നാനാതരങ്ങളാമാനന്ദതുന്ദില-
ഗാനനിനാദങ്ങൾകേൾക്കുമാറായ്.

മർത്ത്യനാമെന്റെയാത്മാവിനെത്തന്റെവി-
ചിത്രമാംസൃഷ്ടികളോടുനന്നായ്
കൂട്ടിയിണക്കിവൻസന്തുഷ്ടിനൽകിനാൾ
ശിഷ്ടയായീടുംപ്രകൃതീശ്വരി!

തൂമണംചിന്നുന്നതെന്നൽവന്നെൻമെയ്യി-
ലോമലാൾപോലെതലോടിമന്ദം,
ചുറ്റുമേനില്ക്കുന്നവല്ലീമതല്ലികൾ
മുറ്റുമെൻകണ്ണുകവർന്നിരുന്നു;
'കോവൽ'പ്പൂവല്ലികൾശംഖപുഷ്പാശ്ലേഷ-
ഭാവംപൂണ്ടുല്ലസൽ'പ്പൊന്ത'യിന്മേൽ,
ചുറ്റിപ്പിടിച്ചുപടർന്നുകയറിച്ചെ-
ന്നാറുചേർന്നോറംവിളങ്ങിമെന്മേൽ;
മന്ദാരംപൊൽപ്പനീർപ്പൂച്ചെടിയോത്തു
ചന്തമായ്ക്കെട്ടിപ്പിടിച്ചുനില്പൂ!;
ചൂതങ്ങൾമറ്റുതരുക്കളുമായ്ക്കൂടി-
ച്ചേതോഹരമായിലാലസിപ്പൂ!!

നല്ലിളംതാരുകളുച്ഛ്വസിച്ചീടുക-
യില്ലിഹ;കോമളമാംദളങ്ങൾ
മന്ദമിളക്കിനൽത്തെന്നലെത്തൊട്ടുതൊ-
ട്ടുന്നതാമോദാൽസ്വാദിക്കുകയാം.
പൂത്തുതളിർത്തുതഴച്ചുനിന്നീടുംവാർ-
മെത്തുംചെടികളിളംകാറ്റിനെ,

ചെന്തളിർത്താലവൃന്ദങ്ങളിൽ, നന്നായ്നി-
രന്തരംശേഖരിച്ചീടുന്നല്ലോ.

പാറിക്കളിച്ചെല്ലോനാനാവിഹംഗമ-
പാളിച്ചുഴലവുംസ്നേഹപൂർവ്വം
എന്തെല്ലോചിന്തിച്ചുകൊണ്ടേതോഭാഷയിൽ
ചിന്തുകളായവപാടീഭംഗ്യാ.
ദിവ്യസന്താനങ്ങളാകുമിവയുടെ
ഭവ്യമാമോരോ ചലനവുംമേ
സന്തോഷവാരാശിതന്നിലുണ്ടാമോരോ
വൻതിരമാലയാണെന്നുതോന്നി.
ഏകയോഗക്ഷേമസൌഖ്യാനുഭാവത്തോ-
ടേവമിപ്പൂവനംലാലസിപ്പൂ!!

നൂനമിപ്പുണ്യഭൂവാണായഥാർത്ഥമാ-
മാനന്ദപൂരംവിളയുംനിലം.
എൻറയീവിശ്വാസമീശ്വരദത്തമാ-
ണെന്നാലാദ്ദിവ്യപ്രകൃതിയുടെ
ചിത്രവിചിത്രമാംസൂത്രമിതെന്നാൽ, ഹാ!
"മർത്ത്യനമർത്ത്യനെന്തൊന്നുചെയ്വൂ?"

വെമ്പിത്തുടിച്ചുഹൃദയ; മെന്നാ, ലെന്നുൾ
ക്കാമ്പിലിച്ചിന്തയലച്ചീടവേ,
ലോകചക്ഷുസ്സ്തിമിരത്താൽമൂടിപ്പോ-
യാകവേശ്ശൂന്യമായ്നിശ്ശബ്ദമായ്.
ലോകമേ, നീയെന്നാണീയിരുളിൽനിന്നാ-
ലോകത്താൽകണ്ണുതുറന്നീടുന്നു?!!

വിദ്വാൻ, കണ്ണമ്പുഴ കൃഷ്ണവാരിയർ.

# ശ്രീപാദസപ്തതി.

"ശ്രീപാദസപ്തതി" എന്നതു സംസ്കൃതഭാഷാമയമായ ഒരു വിശിഷ്ടസ്തോത്രരത്നത്തിൻെറ പേരാകുന്നു. ദേവീപാദങ്ങളെ ഉദ്ദേശിച്ചുംകൊണ്ടുള്ള എഴുപതു പദ്യങ്ങൾ അടങ്ങിയതാണ് ഈ സ്തോത്രം. അതുകൊണ്ട് ഈ ഗ്രന്ഥത്തിന്ന് "ശ്രീപാദസപ്തതി" എന്നു പേർ കല്പിച്ചിരിക്കുന്നു. സംസ്കൃതഭാഷയിൽ ഗ്രന്ഥനിർമ്മാണംചെയ്തിട്ടുള്ള പണ്ഡിതകവീന്ദ്രന്മാരിൽ വെച്ച് സർവ്വഥാ സുപ്രസിദ്ധനായ മേല്പത്തൂർ നാരായണ ഭട്ടതിരി "മുക്തിസ്ഥല" * ക്ഷേത്രവാസിനിയായ മഹാദേവിയുടെ ശ്രീപാദത്തെ വിഷയീകരിച്ച് നിർമ്മിച്ചതാണ് ഈ സ്തോത്രം. സംസ്കൃതസാഹിത്യത്തിൽ അതുല്യതേജസ്സോടു കൂടി ശോഭിക്കുന്ന ഒരു മണിദീപമായ ഈ ഗ്രന്ഥത്തേയും അതിൻെറ ഉൽപത്തിയേയും പററി ഒരു സ്വല്പജ്ഞാനം എല്ലാം സഹൃദയന്മാർക്കും ഉണ്ടായിരിക്കേണ്ടതാവശ്യമാണ്.

മേല്പത്തൂർ ഭട്ടതിരി ഈ സ്തോത്രം നിർമ്മിക്കുവാനുണ്ടായ കാരണത്തെപ്പററി ഒരൈതിഹ്യം കേൾക്കുന്നുണ്ട്. ശ്രീകൃഷ്ണഭക്തന്മാരിൽ അദ്വിതീയനായ ഭട്ടതിരിക്ക്, ഗുരുവായൂർ ക്ഷേത്രത്തിലെ ഭജനവും "നാരായണീയ" സ്തോത്രനിർമ്മാണവും കഴിഞ്ഞതിന്നു ശേഷം ദേഹത്തിന്ന് ആരോഗ്യം സിദ്ധിച്ചു എന്നു പ്രസിദ്ധമാണല്ലോ. എന്നാൽ, അദ്ദേഹത്തിൻെറ മനസ്സിന്ന് പരിപൂർണ്ണമായ ഒരു നിർവൃതി അഥവാ ശാന്തത അതുകൊണ്ടു സിദ്ധിക്കയുണ്ടായില്ലത്രേ. രോഗം എന്നതു ദേഹത്തെയെന്നപോലെ മനസ്സിനേയും ബാധിക്കുന്നതാണ്. ശരീരത്തിലുണ്ടാകുന്ന ജ്വരാദിരോഗങ്ങൾക്കു വാതാദികളായ 'ത്രിദോഷങ്ങൾ' കാരണമാകുന്നതുപോലെ

---

* മുക്തിസ്ഥലം=മൂക്കുതല, മൂക്കോല.

മനസ്സിലുണ്ടാകുന്ന രാഗാദിരോഗങ്ങൾക്കു രജസ്തമസ്സുകളാകുന്ന 'ദ്വിദോഷങ്ങളും' കാരണമാണ്. ഇങ്ങിനെയുള്ള രജസ്തമസ്സുകളുടെ വികാരത്താൽ, മനസ്സിൻെറ ദ്വൈതഭാവം നീങ്ങാതെയും, ഈശ്വരനെപ്പററി തനിക്കുള്ള ബോധത്തിൽ സംശയം തീരാതേയും ഉള്ള ഒരു നിലയിലായി ഭട്ടതിരിയുടെ സ്ഥിതി. "നാരായണീയം" ഭക്തിമയമായ വിഷ്ണുഭാഗവതത്തിൻെറ സാരസംഗ്രഹമാണല്ലോ. അതിൻെറ നിർമ്മാണം ഭട്ടതിരിക്ക് "ആയുരാരോഗ്യസൌഖ്യ"ത്തെ പ്രദാനം ചെയ്കയും ചെയ്തു. എന്നാൽ, ഭാഗവതപ്രണേതാവായ വേദവ്യാസർക്കുതന്നെ ശരിയായ മനസ്സമാധാനം ഉണ്ടായതു "ദേവീഭാഗവത"ത്തിൻെറ പ്രണയനംകൊണ്ടായിരുന്നു. ദേവീഭാഗവതത്തിനുള്ള ശ്രേഷ്ഠത, ദേവിയെ "കമലജകമലാകാന്തകാമാന്തകന്മാ"രാകുന്ന ത്രിമൂർത്തികൾക്കും മേലെയായിപ്രതിപാദിക്കുന്നതാകുന്നു. പ്രപഞ്ചത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കാരണമായ ശക്തി "ശ്രീകൃഷ്ണ"നാണ് എന്നു സങ്കല്പിച്ചിരുന്ന ഭട്ടതിരി, ദേവീഭാഗവതത്തിൻെറ പാരായണംകൊണ്ട് ആ ശക്തി സാക്ഷാൽ "പരാശക്തി" അല്ലയോ എന്ന ശങ്കയ്ക്കു വശംവദനായി, മനസ്സിന്നു തീരെ സുഖമില്ലാത്തവനായി പരിണമിച്ചുവത്രേ. ഇങ്ങിനെയിരിക്കുന്ന കാലത്തൊരു ദിവസം, സ്വപ്നത്തിൽ തൻെറ ഉപാസനാമൂർത്തിയായ വേണുഗോപാലൻ പ്രത്യക്ഷനായി ഇങ്ങിനെ അരുളിച്ചെയ്തു:— "അങ്ങു മുക്തിയെ കാംക്ഷിക്കുന്നുവെങ്കിൽ മുക്തിസ്ഥലത്തു പോയി ഭജിക്കുക. എന്നാൽ മനസ്സിന്നു സ്വസ്ഥതയുണ്ടാകും. പ്രപഞ്ചമാതാവായ പരാശക്തിയാണ് എൻേറയും ഈശ്വരി." ഇങ്ങിനെ ഭഗവാൻെറ അരുളപ്പാടു കേട്ടതിനു ശേഷം ഭട്ടതിരി മൂക്കോലെ ക്ഷേത്രത്തിൽ പോയി കുറെക്കാലം ഭജിക്കുകയും, അന്നു ദേവീഭാഗവതസാരരൂപമായ "ശ്രീപാദസപ്തതി" നിർമ്മിക്കുകയും ചെയ്തു. ഈ സപ്തതിയിൽ ദേവിയെ ത്രിമൂർത്തികൾക്കു കൂടി ആരാധ്യയായി

ട്ടാണു പറഞ്ഞിട്ടുള്ളത്. മൂക്കോലെ ക്ഷേത്രത്തിന്നു മുക്തിസ്ഥലം എന്ന പേർ ഭട്ടതിരിക്കു ഭഗവാങ്കൽനിന്നു മനസ്സിലായതും, ഭട്ടതിരിയുടെ സ്തോത്രനിർമ്മാണത്തിന്നു ശേഷം പ്രസിദ്ധമായതുമാണ്. ഈ ഭജനവും സ്തോത്രനിർമ്മാണവും കഴിഞ്ഞതിന്നു ശേഷമാണത്രേ ഭട്ടപാദൻ നിർവ്വികല്പനായ ഭക്തനായിപ്പരിണമിച്ചത് — എന്നാണൈതിഹ്യം. സാക്ഷാൽ ശങ്കരാചാര്യർതന്നെ മൂക്കോലെവെച്ച് ഭജനവും "സൌന്ദര്യലഹരീ"നിർമ്മാണവും കഴിഞ്ഞതിന്നു ശേഷമാണ് അദ്വൈതബുദ്ധി സുപ്രതിഷ്ഠിതമായതെന്നു പറയുന്ന സ്ഥിതിക്ക് ഈ ഐതിഹ്യത്തെ വിശ്വസിക്കുന്നതിൽ യാതൊരസാംഗത്യവും ഉണ്ടെന്നു തോന്നുന്നില്ല.

ഇനി ഈ ഗ്രന്ഥത്തിന്റെ സ്വഭാവത്തെ വിവരിക്കാം. ഈ "ശ്രീപാദസപ്തതി"യിൽ എഴുപതു പദ്യങ്ങളാണുള്ളതെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഈ ഗ്രന്ഥനാമത്തെപ്പറ്റി കവിതന്നെ ഗ്രന്ഥാവസാനത്തിൽ,

> 'പാർവ്വത്യാഃ പദമത്ര ദൃശ്യമിതി വാ പാദേ ഭവന്തീതി വാ
> സാധുത്വാത്തദുപാസ്തയേ ഹിതതയാ പദ്യാന്യമൂനി സ്ഫുടം
> സൈഷാ മുക്തിപുരീശിരീന്ദ്രതനയാഭക്തേന നാരായണേ-
> നാബദ്ധാ ഖലു സപ്തതിശ്ശുഭാ വഃ കല്യാണഹല്ലോഹലം"

എന്ന് ഉപന്യസിച്ചിരിക്കുന്നു. ഇതിൽ എഴുപതു പദ്യങ്ങളാണുള്ളത്. പദങ്ങളോടുകൂടിയത് എന്ന സാധാരണാർത്ഥത്തിൽ നിഷ്പന്നമായ 'പദ്യ'ശബ്ദത്തിന്നു, നിരുക്ത്യലങ്കാരരീത്യാ നാലുപ്രകാരത്തിൽ അർത്ഥാന്തരങ്ങളെ കല്പിച്ചിട്ടാണ്, കവി പ്രകൃതത്തിൽ ആ പദം ഉപയോഗിച്ചിട്ടുള്ളത്. ഈ അർത്ഥാന്തരകല്പനംകൊണ്ടു കവിയുടെ നിരതിശയമായ ഭക്തി സ്ഫുരിക്കുന്നതിനാൽ അലങ്കാരംകൊണ്ടു വസ്തു ധ്വനിക്കുന്നു. (1) പദമത്ര ദൃശ്യമിതി പദ്യാനി, അതായത് ഈ പദ്യങ്ങളിൽ (ഇവ പഠിച്ചാൽ) ദേവിയുടെ പദം കാണാം (2) പാദേ ഭവന്തീതി പദ്യാനി, അതായത് ഈ പദ്യങ്ങൾ ദേവി

യുടെ പാദത്തിൽ ഭവിച്ചവയാണ് (ദേവീപാദപ്രതിപാദകങ്ങളാണ്) (3) പാദേ സാധുനീതി പദ്യാനി, അതായത് ഇവ ദേവീപാദപ്രാപ്തിയിൽ സമൎത്ഥങ്ങളാണ്, (4) പാദായ ഹിതാനീതി പദ്യാനി, അതായത് ഇവ ദേവീപാദോപാസനത്തിന്നു ഹിതങ്ങളാണ് — എന്നിങ്ങിനെയുള്ള നാലൎത്ഥങ്ങളിൽ ഏതിന്നും ഇവിടെ ചേൎച്ചയുണ്ട് * ആകയാൽ, ഇതിലെ പദ്യങ്ങൾക്കു ദേവീപാദപ്രത്യക്ഷഫലകത്വം, തൽഗുണബോധകത്വം, തൽപ്രാപ്തിഹേതുത്വം, തദുപാസനാസാധകത്വം എന്നീ നാലു ഗുണങ്ങളും ഉണ്ടെന്നു സിദ്ധിക്കുന്നു. ഈ നാലു ഗുണങ്ങളാണ് ദേവീഭക്തനായ ഒരു കവി ദേവീഭക്തന്മാരുടെ പാരായണത്തിന്നായി നിൎമ്മിക്കുന്ന ഒരു സ്തോത്രത്തിന്നുണ്ടായിരിക്കേണ്ടത് എന്നു നിസ്സംശയം പറയാം. ഒരു ഭക്തന്റെ പരമോദ്ദേശം ദേവീപദത്തിന്റെ പ്രത്യക്ഷദൎശനവും ദേവീപദപ്രാപ്തിയുമാകുന്നു. ആ പരമോദ്ദേശത്തിന്റെ സിദ്ധിക്കു ദേവീപാദഗുണജ്ഞാനവും ദേവീപാദോപാസനയുമാണ് ഉപായം. ഇങ്ങിനെ ഒരു ഭക്തന്നുള്ള സാദ്ധ്യവും അതിന്റെ സാധനോപായവും ഏതോ, അതാണ് ഈ സ്തോത്രത്തിലെ പ്രതിപാദ്യവിഷയം. ഇവയിൽ ദേവീപാദഗുണജ്ഞാനം തദുപാസനക്കും, ദേവീപാദോപാസന തൽപ്രത്യക്ഷദൎശനത്തിന്നും, പ്രത്യക്ഷദൎശനം ദേവീപദപ്രാപ്തിക്കും ക്രമത്തിൽ ഹേതുവാകുന്നു. ആകയാൽ പരമസാദ്ധ്യമായ വസ്തുവിന്റെ ആദികാരണം ദേവീപാദഗുണജ്ഞാനമാകുന്നു; അതുണ്ടായാൽ മററുള്ളവ താനേ സിദ്ധിക്കുന്നതാണ്. അതുകൊണ്ട് ഈ സ്തോത്രത്തിലെ പദ്യങ്ങളിൽ പ്രായേണ ദേവീപാദത്തിന്റെ ഗുണവൎണ്ണനമാണു ചെയ്തിട്ടുള്ളത്.

---

* ആദ്യത്തെ അൎത്ഥത്തിൽ പദ്യശബ്ദം പദശബ്ദത്തിൽനിന്നു യൽപ്രത്യയം വന്നിട്ടുള്ള രൂപവും, ശേഷം അൎത്ഥങ്ങളിൽ അതു പാദശബ്ദത്തിൽനിന്ന് തത്തദൎത്ഥങ്ങളിൽ യൽപ്രത്യയവും പദാദേശവും വന്നിട്ടുള്ള രൂപങ്ങളുമാകുന്നു.

ഇപ്രകാരം ദേവീപാദഗുണവർണ്ണനപരമായ ഈ കൃതിയിലെ പദ്യങ്ങൾ കവിതാഗുണംകൊണ്ടും ഭക്തിപ്രകർഷംകൊണ്ടും ലോകോത്തരങ്ങളാണെന്നു സഹൃദയന്മാരെല്ലാം സമ്മതിക്കുന്നതാകുന്നു. അവയുടെ ഗുണാതിശയങ്ങളെ ഉൽഗാനംചെയ്‌വാൻ മന്ദബുദ്ധികളായ അസ്മാദൃശന്മാർക്കു സാധിക്കുന്നതുമല്ല. എന്നിരുന്നാലും, ഭക്തികാമന്മാരായ സഹൃദയന്മാരുടെ ഉപയോഗത്തിന്നായി ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ച് ചെറുതായൊരു വിവരണം താഴെ കൊടുക്കാം:— 'ആദ്യംതന്നെ ദേവീപാദത്തിന്നുള്ള സൌഭാഗ്യം, മാർദ്ദവം, ശത്രുസംഹാരസാമർത്ഥ്യം എന്നീ ഗുണങ്ങളെ വർണ്ണിക്കുന്നതിങ്ങിനെയാണ്' —

"യത്സംവാഹനലാളിതശ്ശൂലികലാചൂഡസ്യ ഹസ്താംബുജ-
സ്പർശേനാപി ച ലോഹിതായതി മുഹുസ്തൽപാദപങ്കേരുഹം
തേനൈവോദ്ധതകാസരാസുരശിരഃശൃംഗാഗ്രസംചൂർണ്ണന-
പ്രാചണ്ഡ്യന്തദനുഷ്ഠിതം കില കഥം മുക്തിസ്ഥലസ്ഥേ ശിവേ!"

ഹേ ദേവി! നിന്തിരുവടിയുടെ പാദാരവിന്ദം, അതിനെ പ്രണയഭാരത്താൽ തലോടുവാനായി നീട്ടിയ കുളിർതിങ്കൾക്കലാധരൻെറ കരാംബുജസ്പർശംകൊണ്ടുകൂടി വീണ്ടും വീണ്ടും രക്തവർണ്ണമായിത്തീരുന്നു; അങ്ങിനെയുള്ള ആ പാദാംബുജംതന്നെ, ഗർവ്വിഷ്ഠനായ മഹിഷാസുരൻെറ ശിരഃശൃംഗാഗ്രത്തെ ചവിട്ടിപ്പൊടിക്കുന്നതിൽ പ്രചണ്ഡപരാക്രമത്തെ പ്രകടിപ്പിച്ചതെങ്ങിനെയാണ്? ഇതിൽ ദേവീപാദത്തെ ദേവദേവൻ സംവാഹനംചെയ്യുന്നതായിപ്പറഞ്ഞതുകൊണ്ടു ഭർത്തൃവാല്ലഭ്യരൂപമായ സൌഭാഗ്യവും, സംവാഹനംകൂടി ദുസ്സഹമാണെന്നു പറഞ്ഞതുകൊണ്ടു മാർദ്ദവവും, മഹിഷാസുരമർദ്ദനംകൊണ്ടു ശത്രുസംഹാരദക്ഷതയും ദേവീപാദത്തിന്നുണ്ടെന്നു ധ്വനിക്കുന്നു. അതിമൃദുവായ പാദം അതികഠിനമായ ദൈത്യമസ്തകത്തെ തകർത്തതായിപ്പറഞ്ഞതുകൊണ്ടു വിരുദ്ധകാര്യോൽപത്തിരൂപമായ വിഷമാലങ്കാരം.

ഹസ്താംബുജസ്പൎശംകൊണ്ടു പാദാംബുജത്തിന്നു വാട്ടംതട്ടുന്നത് ആശ്ചൎയ്യംതന്നെ എന്നും വരുത്തിയിരിക്കുന്നു. ഏകദേശം ഇതേ ആശയംതന്നെ മഹിഷമംഗലഭാണത്തിന്റെ പ്രാരംഭത്തിൽ മഴമംഗലം നമ്പൂതിരിയും "കേളീകോപപദശാസൃതനപതി നതിം ചന്ദ്രാദ്ധ്ചൂഡാമണെഃ" എന്ന സുപ്രസിദ്ധപദ്യത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അതിൽ "ചൂഡാചന്ദ്രകലാനുഷംഗകല"കൊണ്ടു "പാദാരവിന്ദദ്വയം" ദൂനമായിത്തീരുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. ചന്ദ്രകലാനുഷംഗം അരവിന്ദത്തിന്നു സ്വതേ ദുഃഖകാരണമാകയാൽ അതിൽ അത്ര ആശ്ചൎയ്യമില്ല. അല്പമാത്രമായ ചൂഡാചന്ദ്രകലാസ്പൎശംകൊണ്ടു പാദാരവിന്ദത്തിന്നു ദൂനത സംഭവിക്കുന്നതും, പ്രണതനായ ശിവന്റെ ശിരസ്സിൽ പതിക്കുമ്പോൾ അതിമൃദുവായിരിക്കുന്ന പാദംതന്നെ കൎക്കശനായ മഹിഷാസുരന്റെ ശിരസ്സിൽ പതിക്കുമ്പോൾ അതിനിഷ്ഠുരമായി ഭവിക്കുന്നതുമാണ് അവിടെ ചമൽക്കാരമുളവാക്കുന്നത്. ഇവിടെ മനോരഞ്ജനത്തിന്നുള്ള സംവാഹനംകൊണ്ടാണ് സൌഭാഗ്യം ധ്വനിക്കുന്നതെങ്കിൽ അവിടെ മാനാപനോദനത്തിന്നുള്ള പാദപാതംകൊണ്ടാണ് അതു ധ്വനിക്കുന്നതെന്നേ വ്യത്യാസമുള്ളു. ഏകദേശം സമാനയോഗക്ഷേമങ്ങളായ ഈ രണ്ടു പദ്യങ്ങളിൽ ഒന്നിന്റെ ഛായയെ ഒന്നുകിൽ ഭട്ടതിരി, അല്ലെങ്കിൽ നമ്പൂതിരി അനുകരിച്ചതായിരിക്കണം. അതു സാഹിത്യചരിത്രജ്ഞന്മാർ തീൎച്ചയാക്കട്ടെ. അതെങ്ങിനെയായാലും പ്രസ്തുതപദ്യത്തിൽ വഴിഞ്ഞൊഴുകുന്ന കവിയുടെ ദേവീപാദവിഷയകമായ രതിഭാവം സഹൃദയഹൃദയത്തിന്ന് ഒരു രസായനംതന്നെയാണെന്ന് ഏവരും സമ്മതിക്കും.

ദേവീപാദത്തിന്നു ശത്രുവിങ്കൽക്കൂടിയുള്ള വാത്സല്യത്തെ വൎണ്ണിക്കുന്ന ശബ്ദാൎത്ഥചമൽകൃതമായ ഒരു പദ്യമാണിത്:—

"ത്വൽപാദം നിജമസ്തകേ ഘടയിതും കേകേനു ലോകേ ജനാഃ
കിം കിം നാരചയന്തി ദുശ്ചരതപശ്ചൎയ്യാസപൎയ്യാദികം

മന്യേ ധന്യതമസ്തു ദേവി! മഹിഷഃ കൈവാസ്ഥയൈവ ത്വയാ
യന്മൂർദ്ധ്നി സ്വയമേവ പാതകഹരം പാദാംബുജം പാതിതം"

ഹേ ദേവി! നിന്തിരുവടിയുടെ പാദത്തെ തങ്ങളുടെ ശിരസ്സിൽ ചേക്കുവാനായി ഏതെല്ലാം ആളുകൾ കഠിനമായ ഏതെല്ലാം തപസ്സുകൾ, വ്രതങ്ങൾ, പൂജകൾ മുതലായവയെ ചെയ്യുന്നില്ല! ഞാൻ വിചാരിക്കുന്നു, മഹിഷാസുരൻതന്നെയാണു വലിയ ഭാഗ്യവാൻ എന്ന്. അവൻെറ മൂർദ്ധാവിങ്കൽ—അവൻ യാതൊരു തപശ്ചര്യാദികളും ചെയ്യാതെ തന്നെ—സർവ്വപാപഹരമായ തൃച്ചേവടിയെ നിന്തിരുവടി സ്വയമേവ അർപ്പിച്ചുവല്ലോ. ഇവിടെ ദേവീപാദത്തിൻെറ പാപഹരത്വാദിഗുണംകൊണ്ട് മഹിഷാസുരൻെറ ധന്യതമത്വരൂപഗുണം വർണ്ണിച്ചിരിക്കയാൽ സമുല്ലസിക്കുന്ന ഉല്ലാസാലങ്കാരവും, ദേവീപാദാംബുജസ്പർശമാത്രത്താൽ, ദുഷ്ടാസുരനായ മഹിഷനെക്കൂടി ഭാഗ്യവാനായി കവി കാണുന്നതിൽനിന്നു ധ്വനിക്കുന്ന ഹൃദയംഗമമായ ഭക്തിയും ഏതൊരു സഹൃദയനെയാണ്, ഏതൊരു ഭക്തനെയാണ് ആനന്ദസാഗരത്തിൽ മഗ്നനാക്കാത്തത്?

മഹിഷാസുരമർദ്ദനത്തെപ്പിടിച്ചുതന്നെ മറെറാരുപ്രകാരത്തിൽ ദേവീപാദത്തെ സ്തുതിക്കുന്നതു നോക്കുക:—

"സൂര്യേന്ദ്വഗ്നിസമീരണാദിസകലസ്വർവ്വാസിനാമുന്മദ-
സ്സർവ്വാണ്യേവ പദാനി യോ മഥിതവാൻ ദുർവ്വാരശൌര്യോഷ്മണാ
തം ഘോരം മഹിഷാസുരം നിജപദേനൈകേന സംമൃദ്നതീ
യത്ത്വം പ്രത്യകൃഥാസ്തതഃ കിമപരം ത്വദ്വൈഭവം ബ്രൂമഹേ."

ഹേ ദേവി! യാതൊരുവൻ ദുർവ്വാരമായ ശൌര്യാതിശയംകൊണ്ടു സൂര്യൻ, ചന്ദ്രൻ, അഗ്നി, വായു മുതലായ എല്ലാ ദേവന്മാരുടേയും പദ(=സ്ഥാന)ങ്ങളെ മഥനംചെയ്തുവോ ആ ഭയങ്കരനായ മഹിഷാസുരനെ, നിന്തിരുവടി തൻെറ ഒരേ പദം (=കാൽ) കൊണ്ടു ചവിട്ടിത്തേച്ച് അവനു പകരം ചെയ്തുവല്ലോ,—ഇതിൽപരമായി ഒരു വൈഭവം നിന്തിരുവടിക്കു വേണ്ടതുണ്ടോ! അനേകദേവന്മാരുടെ പദങ്ങളെ മ

ട്ടീച്ച ദൈത്യനെ ഒരു പദംകൊണ്ടു മട്ടിച്ചത് ഇതരസാദ്ധ്യമല്ലാത്ത കാൎയ്യമാണെന്നു താൽപൎയ്യം. ഇതിൽ ദേവപദമൎദ്ദനനായ ശത്രുവിനെ പദംകൊണ്ടുതന്നെ മൎദ്ദനംചെയ്തതായി പറകയാൽ അനുരൂപാൎത്ഥോപയവൎണ്ണനരൂപമായ സമാലങ്കാരമുണ്ട്; അതു 'പദ'ശബ്ദശ്ലേഷനിബന്ധനമാകയാൽ ശ്ലേഷസങ്കീൎണ്ണമാകുന്നു. ദേവീപാദവിഷയകമായിട്ടുള്ള രതിപ്രകൎഷം ധ്വനിക്കയും ചെയ്യുന്നു.

മഹിഷാസുരമൎദ്ദനത്തെപ്പിടിച്ചുതന്നെ മനോഹരങ്ങളായ ആശയങ്ങളോടു കൂടിയ അനേകം പദ്യങ്ങൾ ഇനിയുമുണ്ട്. അവയിൽ ഒന്ന്: —

"ദേവ്യാം പങ്കശയോദ്യകോപി മഹിഷസ്സേഷ മഹാൻ കണ്ടകഃ
പാദേനാഹതഇത്യുദ്ധഹസിതം സഖ്യാ സമാവേദിതേ
സദ്യഃ കണ്ടകശാലിനാ കരതലേനാസാദ്യ പാദാംബുജം
ഗൃഹ്ണന്നാൎത്തിവിനോദനായ ഗിരിശോ രാജീയാൽ പ്രിയസ്തേ ശിവേ!"

ഗൌരീപതിയായ പരമശിവനോടു സഖി "ദേവി ഇന്ന് പങ്കശയ (ചളിയിൽ കിടക്കുന്നതെന്നും ചളി പററിയതു എന്നും) മായ മഹിഷനെന്ന വലിയ കണ്ടക (ക്ഷുദ്രശത്രുവെന്നും മുള്ള് എന്നും)നെ കാൽകൊണ്ടു ചവിട്ടി" എന്നിങ്ങിനെ പുഞ്ചിരിയോടു കൂടി ഉണൎത്തിച്ചപ്പോൾ, പരമശിവൻ പെട്ടെന്നു ചെന്ന് കണ്ടക (രോമാഞ്ചമെന്നും മുള്ളെന്നും)ത്തോടു കൂടിയ കൈകൊണ്ട് ആൎത്തിശമനത്തിന്നായി ചെന്ന് തിരുവടിയുടെ പാദാംബുജത്തെ ഗ്രഹിച്ചു; അങ്ങിനെയുള്ള തിരുവടിയുടെ പ്രിയനായ ശിവൻ സൎവ്വോല്ക്കൎഷേണ വൎത്തിക്കട്ടേ. ഇതിൽ പ്രകൃതാൎത്ഥപരങ്ങളായ പദങ്ങളെക്കൊണ്ട് ശ്ലേഷഭംഗ്യാ കാലിൽ മുള്ളു തറച്ചതും അതിനെ എടുക്കുവാൻ കയ്യിൽ മുള്ളുമായി ചെന്നതുമായ വൃത്താന്തം തോന്നുന്നതു ഒരു തരം ധ്വനിവിശേഷം തന്നെയാണ്. അതിൽനിന്നു ദേവീപാദത്തിന്റെ സൌഭാഗ്യാതിശയം വ്യഞ്ജിക്കുന്നു. ഈ ആശയം തന്നെയാണ് മഹാകവി വള്ളത്തോൾ "..... ലൂലായാഭിധമഹിഷമഹാ

കണ്ടകാഘാതകർമ്മത്താലാർദ്ദ്രസ്ഥിത്രഃ ചോരച്ചിതു പദതലമെന്നാളിമാർ ചൊല്ലീടുമ്പോൾ" എന്നാദിയായ പ്രസിദ്ധപദ്യത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

ദേവീപാദത്തിനു മഹിഷാസുരനുമായുള്ള നിത്യവൈരിത്വത്തെ ഉള്ളിൽ വെച്ച്, ശുംഭാസുരവധത്തെ ഉപന്യസിച്ച് സ്തുതിക്കുന്നതു നോക്കുക:—

"ശുംഭസ്സൈകില ദേവി! രാഗകലഹേ പാദപ്രഹാരോത്സവം
ലബ്ധും കാംക്ഷിതവാനുപായമിഹ ഖല്വജ്ഞോ ന വിജ്ഞാതവാൻ
യദ്യായാസ്യത ഘോരമാഹിഷവപുർദ്ധാരീ സ വൈരീ തതഃ
പ്രാപ്സ്യന്നിശ്ചിതമൂർദ്ധ്നി കോമളരുചാ പാദാരവിന്ദേന തേ."

ഹേ ദേവി! ശുംഭൻ പ്രണയകലഹത്തിൽ നിന്തിരുവടിയുടെ പാദപ്രഹാരമാകുന്ന ഉത്സവം ലഭിക്കാനായി കാംക്ഷിച്ചു * പക്ഷേ അജ്ഞനായ അവൻ അതിനുള്ള ഉപായത്തെ അറിഞ്ഞില്ല. അവൻ ഘോരമായ മഹിഷരൂപം ധരിച്ച് യുദ്ധം ചെയ്തിരുന്നുവെങ്കിൽ നിന്തിരുവടിയുടെ മനോഹരമായ പാദാരവിന്ദത്താൽ ശിരസ്സിൽ ചവിട്ടപ്പെട്ടുമായിരുന്നു. മഹിഷാസുരനോടു ദേവീപാദത്തിനുള്ള നിത്യവൈരത്തെ തെളിയിക്കുന്ന ഈ പദ്യത്തിലെ സംഭാവനാലങ്കാരം എത്ര ഹൃദ്യമായിരിക്കുന്നു! ശുംഭനു കവി കൊടുത്തിട്ടുള്ള പരിഹാസഗർഭമായ 'അജ്ഞ'ശബ്ദം കാണുമ്പോൾ അവൻെറ പേർ അന്വത്ഥമാണെന്നു ഏവൎക്കും തോന്നിപ്പോകും!

ദേവീപാദത്തിനു ഉപനിഷൽപ്രതിപാദ്യത്വം, സ്വർഗ്ഗാദിസാധകത്വം, ദാരിദ്ര്യനാശകത്വം, ബ്രഹ്മാദിത്രിമൂർത്തിസേവ്യത്വം മുതലായവയെ വൎണ്ണിക്കുന്നവയും ശബ്ദാൎത്ഥഭംഗികൊണ്ട് സവിശേഷം ശോഭിക്കുന്നവയും ഗുണാലങ്കാരഭൂഷിതങ്ങളും ഭക്തിരസവ്യഞ്ജകങ്ങളുമായ അനേകം പദ്യങ്ങൾ ഇതിലുണ്ട്. അവയെ ഇവിടെ വിസ്തരിക്കുവാൻ ഒരു

* ശുംഭൻ കാമാൎത്തനായി ഇങ്ങിനെ പറയുന്നതായി ദേവീഭാഗവതത്തിലുണ്ട്.

ന്നുന്നില്ല. നഖശോഭാവൎണ്ണനപരമായ ഒരു പദ്യം എടുത്തു കാണിക്കാം.

"സേവന്തേ കുലസംബന്ധേന നഖമയാഃ ശീതാംശവസ്ത്വൽപദം
തൽപാദേകാനനുവീക്ഷ്യ തേഹി നിതരാമന്യേഷു ശീതാംശുഷു
ഏകഃ കോ ബാലക ഏവ മൌലിമയിതേ ഽന്യോ ലലാടാത്മതാ-
മന്യൌ നിൎമ്മലഗണ്ഡമണ്ഡലതാമന്യൌ തദുദന്യൌ ഗതൌ."

ഹേ ദേവി! നിന്തിരുവടിയുടെ നഖങ്ങളാകുന്ന ചന്ദ്രന്മാർ തങ്ങളുടെ കുലത്തിന്റെ ഐശ്വൎയ്യത്തിന്നായി നിന്തിരുവടിയുടെ പദത്തെ സേവിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ മററുള്ള ചന്ദ്രന്മാരിൽ ആ പാദസേവയുടെ ഫലം കാണുന്നുവല്ലോ. എങ്ങിനെയെന്നാൽ — ഒരു ചന്ദ്രൻ ബാലനായിരിക്കുമ്പോൾതന്നെ നിന്തിരുവടിയുടെ കിരീടത്തെ പ്രാപിച്ചിരിക്കുന്നു. മറെറാരു ചന്ദ്രൻ അവിടുത്തെ ലലാടത്വത്തെയും പ്രാപിച്ചു. നിൎമ്മലന്മാരായിരിക്കുന്ന മററു രണ്ടു ചന്ദ്രന്മാർ അവിടുത്തെ ഗണ്ഡമണ്ഡലങ്ങളായും പരിണമിച്ചു. ദേവീപാദനഖാദികളാകുന്ന അനേക ചന്ദ്രന്മാരേയും, സജാതീയത്വം നിമിത്തം അവൎക്കൊരു കുലത്തേയും കല്പിച്ച് അവരിൽ ചിലർ ചെയ്യുന്ന പാദഭജനംകൊണ്ട് മററുള്ളവൎക്കു ഉത്തമസ്ഥാനപ്രാപ്തിയെ വൎണ്ണിക്കുന്ന ഈ പദ്യത്തിൽ, രൂപകാലങ്കാരം സ്പഷ്ടമായിരിക്കുന്നതു കൂടാതെ പ്രസ്തുതനഖവൃത്താന്തവൎണ്ണനംകൊണ്ട് തത്സാരൂപ്യനിബന്ധനമായ അപ്രസ്തുതകുലീനവൃത്താന്തം തോന്നുന്നതുകൊണ്ട് സമാസോക്തിയും പ്രകടമായിരിക്കുന്നുണ്ട്. ഭക്തിരസം വഴിഞ്ഞൊഴുകുന്നതുമുണ്ട്.

പാദസൌഭാഗ്യഗുണപ്രതിപാദകങ്ങളായ രമണീയ പദ്യങ്ങൾ അനേകം ഉണ്ട്. അവയിൽ അധികവും കേളികോപാവസരങ്ങളിൽ പരമശിവൻ നമസ്കരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശിരസ്സിലുള്ള പാദപ്രഹാരത്തെ വിഷയീകരിച്ചുള്ളവയാണ്. അവയിൽ ഒരു പദ്യം ഇതിനെയാണ്:—

"ആനമ്രസ്യ ഭുജംഗിസിതേ പാദാംബുജപാതശ്ലീഃ വ
ജീയാദ്ദേവനഖദ്രവപങ്കജവതാമൈരലസ്യ വന്ദീക്ഷണം

കിഞ്ചോദഞ്ചിതബാലപല്ലവവതീജാതാജടാവല്ലരീ
ലാക്ഷാപാതവശേനസാന്ധ്യസുഷമാസാന്ദ്രാചചാന്ദ്രീകലാ."

ഹേ ദേവി! കാക്കൽ വീണ പരമശിവൻെറ തിരുമുടിയിൽ നിൻതിരുവടിയുടെ പാദപാതം ജയിപ്പൂതാക! അതുകൊണ്ടു് ശിവൻെറ ശിരസ്സിലുള്ള ഗംഗ ക്ഷണനേരം താമരപ്പൂക്കളോടു കൂടിയതായി ഭവിച്ചു. എന്നുതന്നെയല്ല, അദ്ദേഹത്തിൻെറ ജടയാകുന്ന ലത അല്പസമയം ഇളന്തളിരോടു കൂടിയതായും ഭവിച്ചു. തൃക്കാലിലെ ചെമ്പഞ്ഞിച്ചാറു പകരുകയാൽ ചന്ദ്രക്കല സന്ധ്യാരാഗം കലൎന്നതായും ഭവിച്ചു. ഇതിൽ ദേവീപാദത്തെ താമരപ്പൂവായും ഇളന്തളിരായും കല്പിച്ചതുകൊണ്ടു് രൂപകവും ചന്ദ്രക്കലയ്ക്കു സന്ധ്യാരാഗഗുണപ്രാപ്തി പറകയാൽ തൽഗുണവും അവയോടു സങ്കീൎണ്ണമായ ഉല്ലാസവും ആകുന്ന അലങ്കാരങ്ങൾ എത്ര ഹൃദയംഗമങ്ങളായിരിക്കുന്നു!

ഭക്തന്മാൎക്ക മുക്തിപ്രദമായി ശ്രീപാദത്തെ സ്തുതിക്കുന്നു:—

"ദ്വിത്വേനസ്ഥിതയോസ്ത്വദീയപദയോരദ്വൈതംനിരസ്യസ്ഫുടം
കൈവല്യപ്രതിപാദനേകുശലതാജാതേതികോയംക്രമഃ
കിംവായുക്തിഭിരത്രമുക്തിപരതാവ്യക്തൈവത്വത്പാദയോ
ൎമ്മുക്താഏവഹിവിസ്ഫുരന്തിവിമലാസ്ത്വത്സംഗിനോമീനഖാഃ"

ഹേ ദേവി! ദ്വിത്വത്തോടുകൂടിയിരിക്കുന്ന നിൻതിരുവടിയുടെ പദങ്ങൾക്കു് ദ്വൈതബുദ്ധിയെ കളഞ്ഞു ഏകത്വാവസ്ഥയായ മുക്തിയെ നൽകുന്നതിൽ സാമൎത്ഥ്യമുണ്ടായതെങ്ങിനെയാണു്? അഥവാ അതിൽ യുക്തികൾ എന്തിനാണു്? പ്രത്യക്ഷപ്രമാണം തന്നെയുണ്ടല്ലോ. നിൻതിരുവടിയുടെ പാദങ്ങളെ ആശ്രയിച്ചിട്ടുള്ള ഈ നഖങ്ങൾ മുക്തങ്ങളായി (മുക്തിയെ പ്രാപിച്ചവ എന്നും മുത്തുമണികളെന്നും) നിൎമ്മലതയോടു കൂടി ശോഭിക്കുന്നുവല്ലോ. ഇതിൽ ദ്വൈതികളായ ദേവീപാദങ്ങൾക്കു അദ്വൈതാത്മകമായിട്ടുള്ള മോക്ഷമാകുന്ന കാൎയ്യത്തിൻെറ കൎത്തൃത്വം വൎണ്ണിച്ചതുകൊണ്ടു് വിഭാവനയും, പാദങ്ങൾക്കുള്ള മുക്തികരത്വമാകുന്ന വാക്യാ

ൎത്ഥത്തിന്നു തദുത്തരവാക്യാൎത്ഥം ഹേതുവാകയാൽ കാവ്യ ലിംഗവും, മുക്താശബ്ദത്തിൻെറ ശ്ലേഷംകൊണ്ടു് നഖങ്ങൾക്കു മൌക്തികാഭേദാദ്ധ്യവസായം ചെയ്കയാൽ അതിശയോക്തിയും ആകുന്ന അലങ്കാരങ്ങൾ ഉണ്ടു്.

ഇങ്ങിനെ ഉദാഹരണങ്ങൾ കാണിച്ചുതുടങ്ങിയാൽ ഇതിലെ മിക്ക പദ്യങ്ങളും പകൎത്തേണ്ടതായി വരും. അക്ലിഷ്ടങ്ങളായ ശ്ലേഷങ്ങളെക്കൊണ്ടു് ഈ സ്തോത്രത്തിൽ കവി കാണിച്ചിട്ടുള്ള വൈചിത്ര്യങ്ങൾ അത്ഭുതമായിരിക്കുന്നു. ശ്ലേഷാദികളായ ചില അലങ്കാരങ്ങളെ നവീനസാഹിത്യലോകം അവജ്ഞയോടുകൂടി നിരീക്ഷിക്കാൻ തുടങ്ങിയിട്ടുള്ളതു അവക്കു മനോഹരങ്ങളായ ശ്ലേഷാദികൾ കാണ്മാൻ സാധിക്കായ്കയാലാണെന്നു തോന്നുന്നു. പല കവികളും പ്രയോഗിക്കുന്ന ശ്ലേഷങ്ങൾ പ്രകൃതമായ അൎത്ഥത്തിന്നു പരിപോഷം വരുത്തുകയോ രസത്തിന്നു വ്യക്തി വരുത്തുകയോ ചെയ്യാതെ വെറും 'ക്ലേശ'ങ്ങളായി പരിണമിക്കുന്നുണ്ടു്. എന്നാൽ അങ്ങിനെ വരുന്നതു ശ്ലേഷത്തിൻെറ ദോഷമല്ലെന്നും അതു പ്രയോഗിക്കുന്നവരുടെ തരക്കേടാണെന്നും ഭട്ടപാദർ വിശദമാക്കിയിട്ടുണ്ടു്. ഇതിന്നു ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു. ദേവീപാദത്തെ ദേവന്മാർ സ്തുതിക്കുന്നതായി പറയുന്നു:—

"ബിഭ്രാണേനനമന്നോജ്ഞയാഖുരസംമൎദ്ദധ്വനിംനൂപുര-
ശ്ലേഷാലംകൃതിശാലിനാനഖമണീജാതപ്രസാദശ്രിയാ
ഏകേനൈവപദേനദേവി! മഹിഷധ്വംസേമഹീയസ്സുരഃ
ശ്ലോകോയംരചിതസ്ത്വയേതിവിബുധാഃസംശ്ലാഘനംകുൎവ്വതേ."

ഹേ ദേവി! മഹിഷധ്വംസനത്തിങ്കൽ ഭവതി ഒരു പദംകൊണ്ടു തന്നെ ഏററവും മഹത്തായ ശ്ലോകത്തെ ഉണ്ടാക്കി എന്നിങ്ങിനെ വിബുധന്മാർ ശ്ലാഘിക്കുന്നു. പദത്തിന്നു കാലെന്നും ശബ്ദമെന്നും, ശ്ലോകത്തിന്നു പദ്യമെന്നും കീൎത്തിയെന്നും, വിബുധന്മാർ എന്നതിന്നു ദേവന്മാരെന്നും വിദ്വാന്മാരെന്നും അൎത്ഥം. പദം എങ്ങിനെയുള്ളതെന്നാൽ മനോജ്ഞ

മായ യാവകമാകുന്ന രസ(ചെമ്പഞ്ഞിച്ചാറെന്നും ശൃംഗാരാദിരസമെന്നും)ത്തോടുകൂടിയതാണ്. മനോഹരമായ ധ്വനി(ശബ്ദമെന്നും വ്യംഗ്യമെന്നും)യുള്ളതുമാണ്. നൂപുരശ്ലേഷാലംകൃതിശാലി (തളകളുടെ സംബന്ധം കൊണ്ട് അലങ്കാരമുള്ളതെന്നും, ശ്ലേഷാലങ്കാരസഹിതമെന്നും)യുമാണ്. നഖമണികളെക്കൊണ്ട് പ്രസാദ(ശോഭ എന്നും പ്രസാദമെന്ന കാവ്യഗുണമെന്നും)ത്തോടുകൂടിയതുമാണ്. ലോകത്തിൽ കവികൾ അനേകപദങ്ങളെക്കൊണ്ടേ എത്ര നിസ്സാരമായ ശ്ലോകവും ഉണ്ടാക്കാറുള്ളു. നിന്തിരുവടി ഒററപ്പദംകൊണ്ടു തന്നെ ഉത്തമമായ ശ്ലോകത്തെ ഉണ്ടാക്കിയതു അത്ഭുതം തന്നെ എന്നു ഭാവം. ഇതിലെ ശ്ലേഷാലങ്കാരംകൊണ്ട് കവി, രസസഹിതവും ധ്വനിഭൂഷിതവും പ്രസാദവത്തുമായാലേ ശ്ലേഷാലങ്കാരം നന്നാവുകയുള്ളു എന്നുകൂടി കാണിച്ചിരിക്കുന്നു.

ഇതാ മറെറാരുദാഹരണം:—

"ത്വൽപാദാംഗുലിപല്ലവൈർഗ്ഗതസുഖേ! ദേവി! സ്വയംപഞ്ചഭി:
പഞ്ചത്വം ഗമിതോ മഹാസുര ഇതി സ്വാത്മാനുരൂപംകൃതം
ഏതൈരേവനതോജനസ്ത്രിദശതാംനീതോമഹേശ:പുനർ-
ലക്ഷത്വംഗമിത:പ്രസൂനധനുഷോവിസ്മാപനംതൽദ്വയം."

ഹേ ദേവി! ഭവതിയുടെ പാദത്തിൻെറ പഞ്ചാംഗുലികൾ മഹാസുരനെ പഞ്ചതയെ പ്രാപിപ്പിച്ചു (പഞ്ചത എന്നതിന്നു മരണമെന്നും അഞ്ചെന്ന അവസ്ഥ എന്നും അർത്ഥം) എന്നതു അനുരൂപം തന്നെ. എന്നാൽ ഈ പഞ്ചാംഗുലികൾ തന്നെ പ്രണതനായവനെ ത്രിദശതയെ (ദേവത്വമെന്നും മുപ്പത് എന്ന അവസ്ഥയെന്നും) പ്രാപിപ്പിച്ചതും പരമശിവനെ കാമദേവനു ലക്ഷതയെ (ലക്ഷ്യത്വമെന്നും ലക്ഷസംഖ്യാകത്വമെന്നും) പ്രാപിപ്പിച്ചതും അത്ഭുതമായിരിക്കുന്നു. ഇതിൽ ശ്ലേഷസംകീർണ്ണങ്ങളായിട്ട് പൂർവ്വാർദ്ധത്തിൽ കാര്യത്തിന്നു കാരണസാരൂപ്യമെന്ന സമാലങ്കാരവും, ഉത്തരാർദ്ധത്തിൽ രണ്ടു വിരോധാഭാസങ്ങളും ഉണ്ടെന്നു പറയേണ്ടതില്ലല്ലോ.

കവിയുടെ വ്യാകരണപാണ്ഡിത്യത്തെ പ്രത്യക്ഷമാക്കുന്ന ഒരുദാഹരണം ഇതാ:—

"ത്വൽപാദോയമജാശ്രിതശ്ച രുചിരസ്പർശാന്വിതോ യോഗിനാ-
മന്തസ്ഥാകൃതി രൂഷ്മവാൻ മഹിഷധ്വംസനപ്രക്രമേ
ഏവം ചാപ്യഖിലാക്ഷരാത്മകമമും ശൈലേന്ദ്രകന്യേ! കഥം
ഭാഷന്തേ നതവർഗ്ഗബന്ധുമപവർഗ്ഗാലംബനം വാഗ്ജനാഃ"

ഹേ ദേവി! നിന്തിരുവടിയുടെ പാദം അജാശ്രിത (ബ്രഹ്മാവിനാൽ സേവിതമെന്നും അച് പ്രത്യാഹാരാന്തർഗ്ഗതങ്ങളായ സ്വരങ്ങളുള്ളതു എന്നും) മാണ്. രുചിരമായ സ്പർശ (സ്പർശനമെന്നും 'ക' മുതൽ 'മ' വരെയുള്ള അക്ഷരങ്ങളെന്നും) ത്തോടുകൂടിയതുമാണ് യോഗികളുടെ അന്തസ്ഥ (അന്തഃകരണത്തിൽ സ്ഥിതിചെയ്യുന്നതെന്നും, യ, ര, ല, വാക്ഷരങ്ങളെന്നും) മായ ആകൃതിയോടുകൂടിയതാണ്. മഹിഷമർദ്ദനത്തിങ്കൽ ഊഷ്മം (ചൂട് എന്നും, ശ, ഷ, സ, ഹാക്ഷരങ്ങളെന്നും) വിനോടുകൂടിയതുമാണ്. ഇങ്ങിനെ അഖിലാക്ഷരാത്മകം (എല്ലാം നാശവസ്തുക്കളെക്കൊണ്ടും നശിക്കാത്തതെന്നും എല്ലാം അക്ഷരങ്ങളുമുള്ളതെന്നും) ആയ നിന്തിരുവടിയുടെ പദത്തെ വിദ്വാന്മാർ നതവർഗ്ഗബന്ധുവെന്നും അപവർഗ്ഗാലംബനമെന്നും പറയുന്നതെങ്ങിനെയാണ്? നതവർഗ്ഗബന്ധുവെന്നതിന്നു തവർഗ്ഗാക്ഷരങ്ങളില്ലാത്തതെന്നും നതജനസമൂഹങ്ങളുടെ ബന്ധുവെന്നും അർത്ഥം. അപവർഗ്ഗാലംബനമെന്നതിന്നു പവർഗ്ഗാക്ഷരങ്ങളില്ലാത്തതെന്നും മോക്ഷത്തിന്നാശ്രയമെന്നും രണ്ടർത്ഥം. സകലാക്ഷരാത്മകമായ വസ്തു എങ്ങിനെ തവർഗ്ഗപവർഗ്ഗരഹിതമായി എന്നു വിരോധം. അതിന്നു പ്രണതബന്ധുവെന്നും മോക്ഷപ്രദമെന്നുമുള്ള അർത്ഥംകൊണ്ടു പരിഹാരം. ഇതിലെ വിരോധാഭാസാലങ്കാരവും ശ്ലേഷമൂലകമായ അതിശയോക്തിയും എത്ര മനോഹരമായിരിക്കുന്നു!

ഇപ്രകാരം ഈ കൃതിയിലെ ഗുണങ്ങളെ പരിശോധിക്കുന്നതായാൽ ഈ ലേഖനം വളരെ നീണ്ടുപോകുവാനിടയുള്ളതുകൊണ്ട് തൽക്കാലം ഇതിവിടെ അവസാനിപ്പിക്കുന്നു.

സംസ്കൃതസാഹിത്യത്തിൽ സർവ്വഥാ പ്രാധാന്യം വഹിക്കുന്ന ഈ സ്തോത്രരത്നം പഠിക്കുവാൻ കേരളീയരായ സഹൃദയന്മാർക്ക് അഭിരുചിയും, അതു പഠിക്കുന്നതിൽ കുറച്ചൊരു സാഹായ്യവും ഇതുകൊണ്ടു ഉണ്ടാകുന്നതായാൽ എന്റെ ഈ ശ്രമം സഫലമാകുന്നതുമാണ്.

കെ. വി. എം.

# കണ്ണുകാണാത്ത കുട്ടി.

## ഒരനുകരണം.

(കേക)

സകലജനങ്ങളും "വെളിച്ച"മെന്നുചൊല്ലി
സ്സരസംപുകഴ്ത്തുന്നദിവ്യമാംവസ്തുവെന്തോ?
ദൈവമായതിൻഗുണമറിഞ്ഞീടുവാനുമി-
പ്പാവമാമെനിക്കൊട്ടുംസമ്മതമരുളീല.

എന്താണുകാഴ്ചകൊണ്ടുമാഹാത്മ്യമുള്ളതെന്നീ-
യന്ധനായിടുംചെറുബാലനോടോതേണമേ!
മോഹനപദാർത്ഥങ്ങൾപലതുംകാണ്മതായി-
ട്ടാഹന്ത!പലപ്പൊഴുംപറയുന്നുണ്ടുനിങ്ങൾ.

മിന്നുന്നപൊന്നുപോലെച്ചെങ്കതിരൊളിനീളെ-
ച്ചിന്നുന്നുദിനകരനെന്നുമോതുന്നുനിങ്ങൾ;
എത്രയുംചൂടറ്റതാണായവനെഴുംതേജ-
സ്സിത്രമാത്രമല്ലാതേഞാനൊന്നുമറിവീല.

പകലുംപിന്നെരാവുമെന്നുള്ളവകഭേദം
വരുത്തീടുവാനവനെങ്ങിനെശക്തനാകും?

സദ്രസംകളിക്കുമ്പോളെനിക്കുസുദിനമാം;
ഭദ്രമായുറങ്ങുമ്പോളെനിക്കുരാത്രികാലം.
പകലുമിരവെന്നുംഭേദംകല്പിപ്പതെന്റെ-
പകയാണിതിലന്യന്നില്ലകർത്തൃത്വലേശം:—
സന്തതംജാഗരൂകനായിരുന്നീടാമെങ്കി-
ലന്തമില്ലാത്തകാലംപക;ലെന്നറിഞ്ഞീടാം.
നിങ്ങളെന്നുടെ ഭാഗ്യമില്ലായ്മയോർത്തുദീർഘ-
നിശ്വാസംപൂണ്ടെന്തിനുകണ്ണുനീർപൊഴിക്കുന്നു?
എന്നാലുമെനിക്കറിഞ്ഞീടുവാൻവയ്യാത്തുള്ളോ
രന്നഷ്ടംസ്വയമേവസഹിച്ചുകൊൾവനീഞാൻ.
അസാദ്ധ്യവിഷയത്തിലാഗ്രഹിച്ചുഞാൻമനഃ-
പ്രസാദംകളയുന്നതെന്തിനു? വൃഥാകഷ്ടം!
സന്തതമലിഞ്ഞേവംപാടുമ്പോളിബ്ബാലക-
നന്ധനാണെന്നാകിലുംജ്ഞാനിയാംപുരുഷാഗ്ര്യൻ

ചെറുളിയിൽ കുഞ്ഞുണ്ണിനമ്പീശൻ. (തിരുവേഗപ്പുറ)

---

## പ്രാചീനഭാരതത്തിലെ

# സാമുദായികജീവിതം.

---

(ടാഗോർ)

ഇന്ത്യയിൽ പണ്ടുകാലങ്ങളിൽ രാജാക്കന്മാർ ഘോരസമരങ്ങളിൽ ഏർപ്പെടുകയും സ്വരാജ്യങ്ങളെ സംരക്ഷിക്കുകയും നീതിന്യായങ്ങളെ പരിപാലിക്കുകയും ചെയ്തിട്ടുണ്ട്; എന്നാൽ ജലശേഖരം മുതൽ വിജ്ഞാനവിതരണംവരെയുള്ള സകലകാര്യങ്ങളും സന്നിഷ്കർഷം സാധിച്ചിരുന്നതു സാമുദായികശക്തിമൂലമായിട്ടായിരുന്നു. അന്നത്തെ ഐഹികവസമൃ

ദായം സജീവവും അതിന്റെ ഘടന ദൃഢവും ആയിരുന്നു. തുടരെത്തുടരെ സംഭവിച്ചിരുന്ന രാജ്യവിപ്ലവങ്ങളോ, മലവെള്ളംപോലെ അടിച്ചുകയറിക്കൊണ്ടിരുന്ന അന്യശക്തികളുടെ ആക്രമണങ്ങളോ, ഒന്നുംതന്നെ ആ ഘടനയുടെ രമണീയകത്തെയോ, പ്രവൃത്തികളുടെ വിവിധത്വത്തെയോ അശേഷം സ്പർശിച്ചിരുന്നില്ല. ആവക കലാപങ്ങൾ ഒന്നും ധർമ്മവിസ്മൃതിയിൽ മുക്കി മനുഷ്യരെ കേവലം മൃഗങ്ങളാക്കിത്തീർത്തില്ല; അതുകൊണ്ടൊന്നും ജനങ്ങൾ സാമുദായികബന്ധങ്ങളെ വലിച്ചുപൊട്ടിച്ചു നിരാലംബരായ അഗതികളായിത്തീർന്നില്ല. രാജാക്കന്മാർ അശ്രാന്തം മത്സരിച്ചുകൊണ്ടിരുന്നു; എങ്കിലും കാറേററു മർമ്മരധ്വനി മുഴക്കുന്ന മുളകളുടെ സമീപങ്ങളിലും പൂന്തേനുണ്ണുന്ന പുംസ്കോകിലങ്ങൾ പാടുന്ന രസാലവൃക്ഷങ്ങളുടെ എടയിലും മനോഹരങ്ങളായ മഹാക്ഷേത്രങ്ങളും വഴിപോക്കർക്കുള്ള വലിയ സത്രങ്ങളും ജനസാമാന്യത്തിന്റെ ഉപയോഗത്തിനുള്ള വമ്പിച്ച ജലാശയങ്ങളും വഴിപോലെ വളർന്നുകൊണ്ടുവന്നു. ഗ്രാമഗുരുക്കന്മാർ പുരാണകഥകൾ യഥാക്രമം പഠിപ്പിച്ചുകൊണ്ടിരുന്നു. ഉയർന്നതരം തത്വജ്ഞാനപരങ്ങളായ വിഷയങ്ങൾ അക്കാലത്തു അപൂർവ്വങ്ങളായിരുന്നതുമില്ല. ഗ്രാമവീഥികളിലും സഭാസ്ഥലങ്ങളിലും രാമായണപാരായണവും രാമസങ്കീർത്തനവും മുഴങ്ങിക്കൊണ്ടിരുന്നു. അന്നത്തെ സാമുദായികജീവിതം, ആ സമുദായത്തിൽനിന്നു വിട്ടതായോ വിഭിന്നമായോ ഉള്ള ഒരു അന്യശക്തിയെ ഒരിക്കലും ആശ്രയിച്ചിരുന്നില്ല. അന്യശക്തികളുടെ ആക്രമണം, തന്നിമിത്തം ആ സമുദായത്തിന്റെ മനോഹരജീവിതത്തെ അത്രമേൽ വ്യത്യാസപ്പെടുത്തിയതുമില്ല.

രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ ഇന്നത്തെ ആവലാതികൾ കേവലം നിസ്സാരങ്ങളാകുന്നു. അതിനെക്കുറിച്ചു നാമത്ര സന്തപിക്കയും കണ്ണീരൊഴിക്കയും ചെയ്യേണ്ടതില്ല.

അതിന്നെല്ലാം ആദ്യകാരണമായി, അടിസ്ഥാനമായി, ഏകനിമിത്തമായി, ഒരു സംഗതിയുണ്ട്. ആ സംഗതി നമ്മെ അത്യന്തം വ്യസനിപ്പിക്കേണ്ടതാണ്. അതു ചിന്തിച്ചാണു നാം കുണ്ഠിതപ്പെടേണ്ടത്. അതു മറെറാന്നുമല്ല. നമ്മുടെ ദൃഷ്ടികൾ ഇപ്പോൾ നമ്മുടെ സമുദായകേന്ദ്രത്തെ ദർശിക്കുന്നില്ല. ആ ദൃഷ്ടികൾ സമുദായത്തിന്നു പുറത്തുള്ള അന്യവസ്തുക്കളുടെ നേരെയാണ് തിരിഞ്ഞിരിക്കുന്നത്.

ഒരു ഗ്രാമത്തിൻെറ സമീപത്തിൽക്കൂടി ഒഴുകിയിരുന്ന നദിയുടെ ഗതിക്കു പെട്ടന്നു ഒരു മാററം സംഭവിക്കയും അതു ആ സ്ഥലംവിട്ടു മറെറാരു ദിക്കിൽക്കൂടി ഒഴുകിത്തുടങ്ങുകയും ചെയ്താൽ തീർച്ചയായും ആ ഗ്രാമത്തിലെ തോട്ടങ്ങളും ഫലവൃക്ഷങ്ങളും, കൃഷിയും കച്ചവടവും, സുഖവും സൌകര്യവും എല്ലാം അതോടുകൂടി താനേ ഒലിച്ചു നശിച്ചുപോകുന്നതായിരിക്കും. ആ ഗ്രാമം കാലാന്തരത്തിൽ ജനശൂന്യമായിത്തീരുകയും ചെയ്യും. അവിടത്തെ തോട്ടങ്ങൾ വെറും മരുസ്ഥലങ്ങളും, ആ പഴയ ഫലപുഷ്ടിയുടെ അവശിഷ്ടങ്ങളായി അവിടവിടെ കാണപ്പെടുന്ന കാടും പടലുമെല്ലാം കടവാതലുകളുടേയും മൂങ്ങകളുടെയും വസതികളും ആയി പരിണമിക്കും.

മനുഷ്യൻെറ മനസ്സാകുന്ന നദിയുടെ പ്രവാഹത്തിൻെറ സ്ഥിതിയും ഏതാണ്ട് അതുപോലെത്തന്നെയാകുന്നു. പുരാണകാലംമുതൽ ആരംഭിച്ചതും തടസ്സംകൂടാതെ ഒഴുകിക്കൊണ്ടിരുന്നതും ആയ ഈ പ്രവാഹം — അംഗങ്ങളിൽനിന്നു സമുദായകേന്ദ്രത്തിലേക്കും ആ കേന്ദ്രത്തിൽനിന്നു അനുസ്യൂതമായി ഓരോ വ്യക്തിയിലേക്കും അംഗത്തിലേക്കും പ്രവേശിച്ചുകൊണ്ടിരുന്ന സജീവമായ ആ ചിന്താപ്രവാഹം — ഇന്ത്യയിലെ ഗ്രാമങ്ങളെയെല്ലാം പരിശുദ്ധങ്ങളും, ഫലപ്രദങ്ങളും, മനോഹരങ്ങളും ആക്കിച്ചെയ്തു. എന്നാൽ ഇപ്പോൾ ഇന്ത്യയുടെ മനസ്സ് — ഹൈന്ദവഹൃദയം — ഗ്രാമങ്ങളിൽനി

ന്നു എന്നെന്നേക്കുമായി പുറത്തുപോയിരിക്കുന്നു. ആ ഹൃദയം
അന്യവസ്തുക്കളിൽ പററിക്കൂടിയിരിക്കുന്നു. ഹൈന്ദവഹൃദയ
മാകുന്ന നദിയുടെ ഗതി മാറിയിരിക്കുന്നു. ആ നദിക്കു പണ്ടു
കാലങ്ങളിലെപ്പോലെ ഹിന്തുസമുദായത്തെ കുളുപ്പിക്കുവാനും
കൊഴുപ്പിക്കുവാനും ശക്തിയില്ലാതായിത്തീൎന്നിരിക്കുന്നു. ത
ന്നിമിത്തം, ഹിന്തുദേവാലയങ്ങൾ അററകുററങ്ങൾ തീക്കു
വാൻ ആളില്ലാതെ ജീൎണ്ണിച്ചുകിടക്കുന്നു. ചളിയും ചവറും
നീക്കി നന്നാക്കുന്നതിന്നുടമസ്ഥന്മാരില്ലാതെ ജലാശയങ്ങൾ
എല്ലാം രോഗബീജങ്ങൾ നിറഞ്ഞ പൊട്ടക്കുളങ്ങളായിത്തീ
ൎന്നിരിക്കുന്നു. ധനികന്മാരുടെ വസതികളെല്ലാം യാതൊരു
ആഘോഷങ്ങൾക്കും അതിഥിസൽക്കാരങ്ങൾക്കും സദ്യകൾ
ക്കും അവസരമില്ലാതെ ശൂന്യങ്ങളായിരിക്കുന്നു. അതുകൊണ്ടു
ഇപ്പോൾ നമുക്കു വെള്ളം വേണമെങ്കിൽ അതു ഗവൎമ്മെണ്ടു
തരണം; നമുക്കു ആരോഗ്യം വേണമെങ്കിൽ അതു ഗവൎമ്മെ
ണ്ടു നല്കണം; നമുക്കു വിദ്യാഭ്യാസം വേണമെങ്കിൽ അതി
ന്നും ഗവൎമ്മെണ്ടിൻെറ തഴുതിട്ട വാതല്ക്കൽ നാം കെട്ടി
ക്കാത്തുനില്ക്കണം. ഏതു കാലത്തും ഏററവും ഹൃദയാനന്ദക
രമായ വിധത്തിൽ സ്വയമേവ പൂത്തും കായ്ച്ചും ശോഭിച്ചി
രുന്ന ആ മരംതന്നെ—പുരാതനവും ശ്രേഷ്ഠവുമായ ഹിന്തു
സമുദായവൃക്ഷംതന്നെ—ഇപ്പോൾ ചില്ലകളെല്ലാം ഉണങ്ങി
യും ഇലകളെല്ലാം കൊഴിഞ്ഞും നിസ്സഹായഭാവത്തിൽ മേ
ല്പോട്ടു നോക്കി 'പുഷ്പം തരേണമേ' 'തളിരുണ്ടാകേണമേ'
എന്നു യാചിച്ചുകൊണ്ടു നില്ക്കുന്നു. ആ പ്രാൎത്ഥന അംഗീക
രിക്കപ്പെട്ടാൽത്തന്നെ എന്താണു് ഒരു പ്രയോജനമുള്ളതു്?
കെട്ടിച്ചമച്ച ഫലപുഷ്ടി എന്തിന്നുള്ളതാകുന്നു? എത്രമേൽ
നിലനില്ക്കുന്നു?

"സൎക്കാരാ"ണു് ഇംഗ്ലാണ്ടിലെ സൎവ്വപ്രധാനമായ ശ
ക്തി. പണ്ടുകാലങ്ങളിൽ നമ്മുടെ രാജ്യത്തുണ്ടായിരുന്ന രാ
ജശക്തിയുടെ സ്ഥിതി വളരെ വ്യത്യസ്തമായിരുന്നു. ഇംഗ്ലാ

ണ്ടിലെ ജനങ്ങളുടെ ക്ഷേമത്തിന്റെ പ്രധാനമായ അധികാരിയും ചുമതലക്കാരനും ഭരണകത്താവാകുന്നു. ഇന്ത്യയെ സംബന്ധിച്ചേടത്തോളം മുഴുവനും അങ്ങിനെയല്ല. ജനങ്ങളെ സംരക്ഷിക്കേണ്ട ഭാരം രാജാവിന്നില്ലെന്നോ, പ്രജകളെ വേദശാസ്ത്രങ്ങളിൽ വിദഗ്ദ്ധന്മാരാക്കിത്തീക്കുന്നതിന്നു ധമ്മമായി പ്രവത്തിക്കുന്ന ആചാര്യന്മാരെ രാജാക്കന്മാർ യഥാവിധി മാനിക്കാറും പ്രോത്സാഹിപ്പിക്കാറും പതിവില്ലെന്നോ അല്ല, ഈ പറയുന്നതിന്റെ അത്ഥം. എന്നാൽ അതൊന്നുമല്ല സാരമായുള്ളത്. യഥാത്ഥമായ ചുമതല മുഴുവൻ വഹിച്ചിരുന്നത് ഗൃഹസ്ഥനാണ്. രാജാവു ധനസഹായം നിത്തിയതുകൊണ്ടോ, അഥവാ രാജ്യത്തു രാജാവുതന്നെ ഇല്ലാതായതുകൊണ്ടോ ഒന്നും സാമുദായികമായി നടത്തപ്പെടുന്ന ഈവക ധമ്മാനുഷ്ഠാനങ്ങൾക്ക് —ചുമതലകൾക്ക്—പറയത്തക്ക വിഘ്നങ്ങളൊന്നുംഒരിക്കലുംസംഭവിച്ചിരുന്നില്ല. ജനങ്ങളുടെ ഉപയോഗത്തിന്നു രാജാക്കന്മാർ ജലാശയങ്ങളും മററും നിമ്മിക്കാതിരുന്നില്ല; എല്ലാറ്റം ധനികന്മാരും അതു തങ്ങളുടെ ഒഴിച്ചുകൂടാത്ത കടമയാണെന്നു ധരിച്ച് പ്രവത്തിച്ചിരുന്നു; ധമ്മിഷ്ഠനായ ഒരു ധനികനെപ്പോലെ രാജാവും പ്രവത്തിച്ചിരുന്നു; അഥവാ, ധനികന്മാരെല്ലാം രാജാക്കന്മാരുടെ ചുമതലകൾ ഏറെറടുത്തിരുന്നു. രാജാവിന്റെ അലസതകൊണ്ടോ, അന്ധതകൊണ്ടോ, ഒന്നും രാജ്യത്തുള്ള ജലാശങ്ങയൾ വററിപ്പോകുന്നതല്ലായിരുന്നു.

ഇംഗ്ലാണ്ടിൽ ഓരോരുത്തക്കും അവരവരുടെ സ്വേച്ഛപോലെ സുഖസൌകര്യങ്ങളേയും ക്ഷേമാഭിവൃദ്ധിയേയും വിനോദമാഗ്ഗങ്ങളേയും തേടുന്നതിന്നും സമ്പാദിക്കുന്നതിന്നും അനുഭവിക്കുന്നതിന്നും സ്വാതന്ത്ര്യമുണ്ട്. സാമുദായികബന്ധങ്ങളോ ചുമതലകളോ അവക്ക് ആകാര്യത്തിൽ ഒരു ഭാരമോപ്രതിബന്ധമോആയിത്തീരുന്നില്ല. പ്രധാനപ്പെട്ട എല്ലാ ചുമതലകളുടേയും ഭാരവാഹിത്വംസക്കാരിന്നുതന്നെയാണ്.

"ധൎമ്മം കെടു"ക്കുന്നതിന്നുംകൂടി ഒററക്ക് ഓരോരുത്തൎക്ക് അധികാരമോ ആവശ്യമോ ഇല്ല. അതിന്നുംകൂടി നിയമപ്രകാരമുള്ള ഉത്തരവാദിത്വം ഗവൎമ്മെണ്ടിന്നുതന്നെയാകുന്നു. നമ്മുടെ രാജ്യത്തു രാജാക്കന്മാരാണ് താരതമ്യേന സ്വതന്ത്രന്മാരും ചുമതലകൾ കുറഞ്ഞവരും ആയിരുന്നത്. സമുദായികങ്ങളും രാഷ്ട്രീയങ്ങളും ആയ ബാദ്ധ്യതകളുടെ നിദാനം ജനസമൂഹംതന്നെയായിരുന്നു. രാജാവു യുദ്ധങ്ങളിലും നായാട്ടുകളിലും ഏൎപ്പെട്ടുവന്നു. അദ്ദേഹം രാജ്യകാൎയ്യങ്ങൾ ശരിയാംവണ്ണം നിൎവ്വഹിക്കുന്നുണ്ടോ എന്നും, അലസനായും അസ്ഥാലിയായും സ്വാത്മതല്പരതയാ വിനോദിച്ചു വസിക്കുന്നുണ്ടോ എന്നും ഉള്ള സംഗതികൾ ഒന്നും ജനങ്ങളെയോ രാജ്യത്തെയൊ അശേഷം പീഡിപ്പിച്ചിരുന്നില്ല. അത്ര സഗൌരവം ഗൌനിക്കേണ്ടുന്ന ഒരു വിഷയവുമായിരുന്നില്ല. രാജാവു ധൎമ്മതല്പരതനല്ലെങ്കിൽ അതിന്നുള്ള സമാധാനം ധൎമ്മസ്വരൂപനായ ഭഗവാന്റെ അടുക്കൽ അദ്ദേഹം പറഞ്ഞുകൊള്ളും. അധൎമ്മത്തിന്നുള്ള ശിക്ഷ അദ്ദേഹത്തിന്നു ലഭിയാതെ പോകുന്നതുമല്ല. രാജാവിന്റെ ധൎമ്മനിഷ്ഠയോ അധൎമ്മഭീതിയോ അല്ല ജനങ്ങളുടെ ക്ഷേമസുഖാദികൾക്കു കാരണവും അവലംബവും ആയിരുന്നത്. അതിന്നു ജനങ്ങൾ സമ്മതിച്ചിരുന്നതുമില്ല. ജനങ്ങളുടെ ക്ഷേമത്തിന്നുള്ള വഴികളെ ആരാഞ്ഞറിഞ്ഞു യഥാകാലം അതനുസരിച്ചു പ്രവൎത്തിക്കുന്നതിന്നുള്ള സകല ഭാരവും ജനങ്ങൾ തങ്ങൾതന്നെ വീതിച്ചെടുത്തിരുന്നു. അത്ഭുതകരമായ ആ ക്രമീകരണം വിപുലവും വിശ്വോത്തരവും ആയിരുന്നു.

തന്നിമിത്തം നാം 'ധൎമ്മം ധൎമ്മം' എന്നു പറഞ്ഞുവരുന്ന ആ ദിവ്യചൈതന്യം അന്നത്തെ സാമുദായികജീവിതത്തിന്റെ ഹൃദയംതന്നെയായിരുന്നു. ആ ധൎമ്മശക്തി സമുദായശരീരത്തെ ആപാദചൂഡം സജീവവും ശക്തിയുക്തവും മനോഹരവും ആക്കിച്ചെയ്തിരുന്നു. ഓരോരുത്തരും ഏറെക്കുറെ

ആത്മസംയമനം പരിശീലിക്കുന്നതിന്നു നിർബ്ബന്ധിതന്മാരായിരുന്നു; 'ധർമ്മം' അനുസരിച്ചു നടക്കുന്നതിന്നു ഏവരും ബാദ്ധ്യതപ്പെട്ടവരായിരുന്നു. ധർമ്മത്തിന്റെ അർത്ഥം അന്നു സുഗ്രാഹ്യവും ധർമ്മാനുഷ്ഠാനം സുപരിചിതവുമായിരുന്നു.

പാശ്ചാത്യപൌരസ്ത്യപരിഷ്കാരങ്ങളിൽ ഓരോന്നിലും സമുദായശരീരത്തിന്റെ ഓരോ ദിക്കിലാണ് അതാതിന്റെ ക്രമമായ വളർച്ചക്കും പ്രവൃത്തിക്കും അടിസ്ഥാനമായ ജീവചൈതന്യം സ്ഥിതിചെയ്യുന്നത് എന്നു സ്പഷ്ടമാകുന്നു. പുരാതനേന്ത്യയിലെ രാഷ്ട്രീയജീവിതം രാജ്യത്തിന്റെ ഹൃദയമായ ജനസമുദായത്തെത്തന്നേയും, പാശ്ചാത്യരാജ്യങ്ങളിലെ സാമുദായികജീവിതം രഷ്ട്രാധിപതിയായ മഹാരാജാവിനേയും കേവലം അവലംബിച്ചുനിന്നിരുന്നു ജനങ്ങളുടെ ഭൂരിസുഖത്തിന്നു വേണ്ടതു പ്രവർത്തിക്കുന്നതിന്നുള്ള പൂർണ്ണമായ ഉത്തരവാദിത്വം എവിടേയോ, ഏതിന്നോ, അവിടെയാകുന്നു, അതാകുന്നു, രാഷ്ട്രത്തിന്റെ ഹൃദയം. ആ ഹൃദയത്തിന്നു എപ്പോൾ പരുക്കേല്ക്കുന്നുവോ, എത്രത്തോളം ശക്തിക്ഷയം സംഭവിക്കുന്നുവോ, അപ്പോൾ അത്രത്തോളം രാഷ്ട്രീയജീവിതം ആപൽക്കരവും ബലഹീനവും ആയിത്തീരുന്നു. ഇംഗ്ലണ്ടിൽ രാജാവിന്റെ പരാജയംതന്നെയാകുന്നു രാജ്യത്തിന്റെ നാശവും. രാഷ്ട്രനാഥന്റെ തോൽമ സമുദായത്തെ നിർജ്ജീവമാക്കിച്ചെയ്യുന്നു. കാരണം സമുദായത്തിന്റെ ജീവനാഡിയായ രാജാവ് നിശ്ചേഷ്ടനായിത്തീന്നതുതന്നെ. എന്നാൽ ഇന്ത്യയിലെ സ്ഥിതി നേരെ വിപരീതമാകുന്നു. അവിടെ സമുദായകേന്ദ്രത്തിന്റെ വ്രണാവസ്ഥകൊണ്ടു മാത്രമേ, രാഷ്ട്രീയജീവിതത്തിന്നു ഹാനി തട്ടുകയുള്ളു. രാജാക്കന്മാരുടെ വരവോ പോക്കോ, അന്യ കോയ്മകളുടെ സ്ഥാപനമോ പഴയ രാജവംശങ്ങളുടെ നാശമോ ഒന്നും സാമുദായികജീവിതക്രമത്തെ ക്രമത്തിലധികം സ്പർശിച്ചിരുന്നില്ല. മീതെ സഞ്ചരിക്കുന്ന കപ്പലുകളുടെ വലിപ്പമോ എണ്ണമോ തിക്കോ

തിരക്കോ സമുദ്രത്തിലെ അഗാധജീവിതത്തിന്നു അശേഷവും ഹാനി വരുത്തുന്നില്ല. 'ഹൈന്ദവജീവിത'ത്തിന്റെ ഹൃദയം സമുദായമായിരുന്നു; രാജാവായിരുന്നില്ല. ആ ഹൃദയം തകരാറാകുന്ന അവസരത്തിലല്ലാതെ, സാമുദായികജീവിതം ജീൎണ്ണമായിത്തീരുമ്പോഴല്ലാതെ ആ ശരീരത്തിന്നു ഒരു ന്യൂനതയും സംഭവിച്ചിരുന്നില്ല. ഇംഗ്ലാണ്ടിലുള്ള എല്ലാ നന്മകൾക്കും കാരണഭൂതനും, എല്ലാ ക്ഷേമാഭിവൃദ്ധിക്കും ഉത്തരവാദിയും രാജാവായതും ഇന്ത്യയിൽ അപ്രകാരമുള്ള എല്ലാ ഭാരവാഹിത്വത്തിന്നും അധികാരിയും അവകാശിയും സമുദായം തന്നെ ആയതും ആകുന്നു, ഇംഗ്ലാണ്ടിൽ രാജാവിനെ രക്ഷിക്കുക എന്നുവെച്ചാൽ രാജ്യത്തെ രക്ഷിക്കുക എന്നാണൎത്ഥമെന്നും, ഇന്ത്യയിൽ രാജ്യത്തെ രക്ഷിക്കുക എന്നു പറഞ്ഞാൽ സമുദായത്തെ രക്ഷിക്കുക എന്നാണുദ്ദേശമെന്നും, ഞാൻ ദൃഢമായി പ്രസ്താവിക്കുന്നതിന്നുള്ള കാരണം.

ആകയാൽ എന്നെന്നും രാഷ്ട്രത്തെ—രാജശക്തിയെ—ജാഗ്രദവസ്ഥയിലും പൂൎണ്ണബലത്തിലും നിലനിൎത്തിപ്പോരുന്നതിന്നു ഇംഗ്ലാണ്ട് അശ്രാന്തം പരിശ്രമിക്കുന്നു. നേരെ മറിച്ചു നാമാകട്ടെ, ഹൈന്ദവശാസ്ത്രസിദ്ധാന്തങ്ങളിൽ തത്തികളിച്ചുവളൎന്നുവന്നിട്ടുള്ള നാമാകട്ടെ, അഗാധമായ അലസതയിൽ അടിപ്പെട്ടു കിടക്കുന്ന നമ്മുടെ ഗവൎമ്മേണ്ടിനെ ഉണൎത്തുന്നതിന്നുള്ള നിരന്തരശ്രമം മാത്രമാണ് ഒരു ഇന്ത്യക്കാരന്റെ ഏകകൎത്തവ്യമെന്നു വിശ്വസിച്ചുപോരുന്നു. നമ്മുടെ വ്രണം പൊറുക്കുവാൻ മറെറാരാളുടെ ശരീരത്തിൽ പൊള്ളിച്ചാൽ മതിയെന്നു മനസ്സിലാക്കുവാൻ എങ്ങിനേയോ എന്തോ, നമുക്കു അസാദ്ധ്യമായിത്തീൎന്നിരിക്കുന്നു!

വാഗ്വാദത്തിന്നു നമുക്കു വലിയ വാസനയാണ്. നമുക്കു ഈ പതനത്തിലും ഒന്നു വാദപ്രതിവാദംചെയ്തു നോക്കുക. പൊതുജനങ്ങളുടെ ക്ഷേമപരിപാലനത്തിന്നുള്ള പൂൎണ്ണബാദ്ധ്യത ക്രമീകരിക്കപ്പെട്ട ഒരു സംസ്ഥാനഗവൎമ്മേണ്ടിൽ

മാത്രമായി സമർപ്പിക്കപ്പെടുന്നതല്ലേ, ആ ബാദ്ധ്യത ആരും ഏതും ഇല്ലാതെ അനാഥമായ നിലയിൽ സമുദായാംഗങ്ങളിൽ ഓരോരുത്തരുടേയും ചുമതലയായി സങ്കല്പിക്കപ്പെടുന്നതിനേക്കാൾ വളരെ ഉചിതവും ഉപകാരപ്രദവും ആയിട്ടുള്ളത്? കൊള്ളാം, അതു വിദ്യാർത്ഥികളുടെ സാഹിത്യസമാജങ്ങളിൽ തർക്കത്തിന്നെടുക്കുന്നതിന്നു പററിയതായ ഒരു വിഷയമാണ്. അല്ലാതെ അതുസംബന്ധമായുള്ള വാഗ്വാദം കൊണ്ട് നമുക്കു യാതൊരു ഫലവും സിദ്ധിക്കുന്നതല്ല. ഇംഗ്ലാണ്ടിലെ 'ഗവർമ്മേണ്ട്' എന്നു പറയുന്നതു പൊതുജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ അനുസരിച്ചു പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അതു പല പരിണാമങ്ങൾക്കു ശേഷമാണ് ഇന്നത്തെ നിലയെ പ്രാപിച്ചിട്ടുള്ളതും. വാദപ്രതിവാദങ്ങൾകൊണ്ടുമാത്രം നമുക്കാർക്കും പെട്ടന്നു ആ നിലയിൽ എത്തിച്ചേരുവാൻ സാധിക്കുന്നതല്ല. അതു പരിപൂർണ്ണതയുടെ പരമകാഷ്ഠ തന്നെയായിരുന്നാലും അതു കൂടാതെ കഴിക്കുവാനല്ലാതെ ഇപ്പോൾ നമുക്കു ഗത്യന്തരമില്ല.

ഈ രാജ്യത്തെ സർക്കാരിന്നു—ഗവർമ്മേണ്ടിന്നു— നമ്മുടെ സാമുദായികജീവിതവുമായി— നമ്മളുമായിത്തന്നെ— ഒരു സംബന്ധവുമില്ലാതിരിക്കുന്നു. തന്നിമിത്തം നാം ആ സർക്കാരിനോടു ആവശ്യപ്പെടുന്നതെല്ലാം വിലകൊടുത്തു വാങ്ങേണ്ടതായിരിക്കുന്നു. നമുക്കുള്ള സ്വാതന്ത്ര്യസമ്പത്തിൽ നിന്നാണ് നാം അവക്ക് വില കൊടുക്കുന്നത്. ഈ ക്രയവിക്രയത്തിൻെറ പര്യവസാനം നമ്മുടെ പൂർണ്ണമായ സ്വാതന്ത്ര്യശൂന്യതയാകുവാനേ നിർവ്വാഹമുള്ളൂ. സമുദായം നിർവ്വഹിക്കേണ്ടതായ— പണ്ടുകാലങ്ങളിൽ നിർവിഘ്നം നിർവ്വഹിച്ചുപോന്നിരുന്നതായ— ഒരു ഭാരത്തേയോ, ചുമതലയേയോ, നാം സർക്കാരിനെ ഏല്പിച്ചുകൊടുക്കുന്നതായാൽ പഴയകാലത്തു ഹിന്ദുസമുദായത്തിന്നുണ്ടായിരുന്ന പ്രാപ്തിക്കും ശേഷിക്കും അത്രത്തോളം ഇടിച്ചൽ തട്ടിക്കഴിഞ്ഞു എന്നുള്ളതു നിർവ്വിവാദ

മാകുന്നു. സമുദായം സസന്തോഷം നടത്തേണ്ടതായ നാനാവിധങ്ങളായ എല്ലാ നടവടികളേയും ഗവമ്മേണ്ട് ഏറെറടുക്കുന്നതിന്നുള്ള പരിശ്രമങ്ങളാണു നാം നമ്മുടെ അന്ധതയാൽ ഇപ്പോൾ സ്വയമേവ ചെയ്തുവരുന്നത്. വിഭിന്നങ്ങളായ അഭിപ്രായഗതികളോടും ആദശ്ഭേദങ്ങളോടും കൂടിയ പല കക്ഷികളും വ്യക്തികളും ഇന്നവരെയായി ഹിന്ദുസമുദായത്തിൽ അപ്പപ്പോൾ ഉത്ഭവിച്ചുവളന്നുവന്നിട്ടുണ്ട്. ഇന്നുവരെ അപ്രകാരമുള്ള വളച്ചകൾ തടയപ്പെടുകയൊ, പരസ്പരം മത്സരിച്ചു നശിക്കുന്നതിന്നു കാരണമാക്കുകയൊ ഉണ്ടായിട്ടില്ല. മററുസമുദായത്തിൻെറ അപ്രീതിക്കും വിദ്വേഷത്തിന്നും പാത്രമാകാതെത്തന്നെ ആന്തരമായ ഉൾപ്പിരിവുകളും ഉൾവിഭാഗങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ ഇംഗ്ലീഷുകാരൻെറ നിയമശക്തി ആ വിഭാഗങ്ങളേയും വ്യക്തികളേയും എല്ലാം പരസ്പരസംബന്ധമില്ലാത്ത ദൃഢീഭൂതങ്ങളായ പ്രത്യേകരൂപങ്ങളാക്കിത്തീത്തിരിക്കുന്നു. "ഹിന്ദു" എന്നും "അഹിന്ദു" എന്നും ഉള്ള വിഭാഗവിശേഷം എല്ലാ വ്യക്തികളിലും മുദ്രിതമാക്കിത്തീത്തിരിക്കുന്നു. നാം നമ്മുടെ സമുദായശരീരത്തിൻെറ അന്തർഭാഗത്ത് ഹൃദയകുഹരങ്ങളിൽ അതിഭദ്രമായി ഇത്ര നീണ്ട കാലത്തോളം അടക്കി സൂക്ഷിച്ചിരുന്ന നമ്മുടെ ചൈതന്യബീജം ഇതാ ഇപ്പോൾ ബാഹ്യങ്ങളായ കയ്യേററങ്ങൾക്കു ലാക്കായിത്തീന്നിരിക്കുന്നു. നമ്മുടെ സമുദായശരീരത്തിൻെറ ഹൃദയം ഇതാ പുറത്തുനിന്നു കൊണ്ടതായ ഒരു കല്ലേറേറു വ്രണപ്പെട്ടിരിക്കുന്നു. ആ ഹൃദയത്തിൻെറ സ്പന്ദനം മന്ദീഭവിച്ചിരിക്കുന്നു. ഇതാണു നമുക്കു നേരിട്ടിരിക്കുന്ന അത്യാപത്ത്. അതാണ് നമ്മെ ബാധിച്ചിരിക്കുന്ന മഹാരോഗം.

പുത്തേഴത്ത് രാമമേനോൻ,

ബി. ഏ., ബി. എൽ.

# നാടകസാഹിത്യം.

ഒരു ജനസമുദായത്തിൻെറ ഇടയിൽ സ്വതന്ത്രചിന്താശീലന്മാർ ധാരാളം ഉണ്ടാവുകയും, സംസ്കാരത്തിലും പരിഷ്കാരത്തിലും ആ ജനസമുദായത്തിന്ന് ഗണനീയമായ ഒരു പദവി സിദ്ധിക്കുകയും ചെയ്യുമ്പോഴാണ് ആ ജനസമുദായം സംസാരിക്കുന്ന ഭാഷയ്ക്കു പൂർണ്ണമായ പുഷ്ടിയുണ്ടാകുന്നത്. ഭാഷയുടെ ലാവണ്യലളിതമായ താരുണ്യത്തിലാണ് സാഹിത്യകലയ്ക്കു സ്വതന്ത്രമായ വളർച്ചയുണ്ടാവുന്നതെന്നും, സാഹിത്യകലയ്ക്കു പൂർണ്ണമായ പുഷ്ടിയുണ്ടാകുമ്പോഴാണ് ദൃശ്യകാവ്യങ്ങളായ നാടകപ്രബന്ധങ്ങൾ ധാരാളം ഉണ്ടാകുന്നതെന്നും ഓരോ സാഹിത്യചരിത്രങ്ങൾ നോക്കിയാൽ കാണാവുന്നതാണ്. നാടകനിർമ്മാണമാണ് കവിത്വത്തിൻെറ പരമമായ മാനദണ്ഡം എന്നു സിദ്ധാന്തിക്കുന്ന 'നാടകാന്തം കവിത്വം' എന്നുള്ള അഭിയുക്തോക്തിയും മേൽപ്പറഞ്ഞ സംഗതിയെത്തന്നെയാണ് ഉപോൽബലപ്പെടുത്തുന്നത്. ഇത്രയും സംഗതികൾ പറഞ്ഞു കഴിഞ്ഞാൽപ്പിന്നെ മലയാളഭാഷയിൽ സ്വതന്ത്രമായ ഒരു നാടകസാഹിത്യം രൂഢമൂലമായിത്തീർന്നു കാണാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നു പ്രത്യേകം പ്രതിപാദിച്ചേ കഴിയൂ എന്നില്ല. മറ്റൊരാൾ കാണിച്ചതു കാണിപ്പാനല്ലാതെ, തന്നെത്താൻ ഒന്നാലോചിച്ചു കണ്ടുപിടിച്ച സ്വന്തവും സ്വതന്ത്രവുമായ ഒരു വഴിയിലൂടെ പോകുന്നതിനു മടിയനായ മലയാളി ശ്രമിക്കുന്നതല്ല. അനുകരണശീലം അല്ലെങ്കിൽ 'കാട്ടിയതു കാട്ടുക' എന്ന സ്വഭാവം കേരളീയരുടെ ഒരു പ്രത്യേകതയായി ഉറച്ചുപോയിരിക്കുന്നതിൻെറ ഫലമായി കേരളത്തിൻെറ സാന്മാർജ്ജികവും സാമ്പത്തികവുമായിട്ടുള്ള അഭിവൃദ്ധികളും, കേരളഭാഷയുടെ സാഹിത്യവിഷയകമായും ശാസ്ത്രീയമായുമുള്ള പ

രിപുഷ്ടിക്കും ഗണ്യമായ വിഘാതവും വിഹതിയും നേരിട്ടിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. മലയാളികൾ ബുദ്ധിശക്തിയിലും കാർയ്യപ്രാപ്തിയിലും മററുള്ള രാജ്യക്കാരേക്കാൾ ഒട്ടും പിന്നോക്കം നിൽക്കുന്നവരായിട്ടല്ല ഈ ശോച്യസ്ഥിതി വന്നുകൂടിയിട്ടുള്ളതെന്നുള്ള പരമാൎത്ഥം ഓക്കുമ്പോഴാണ് ഇസ്സംഗതി കുറെക്കൂടി പരിതാപകരമായിത്തോന്നുന്നത്.

ആധുനികകേരളഭാഷയുടെ പിതാവെന്നു പറയാവുന്ന പരേതനായ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ, കവികുലകോകിലമായ കാളിദാസന്റെ ശ്രേഷ്ഠകൃതിയായ ശാകുന്തളം നാടകം മലയാളത്തിലേയ്ക്കു തജ്ജിമചെയ്തതു കണ്ടതുമുതൽക്കു പിന്നെ കുറച്ചു കാലത്തേയ്ക്കു മിക്ക കേരളീയകവികളുടെയും സംരംഭം സംസ്കൃതനാടകങ്ങൾ പരിഭാഷപ്പെടുത്തുന്നതിലായിരുന്നു. എന്നാൽ സംസ്കൃതനാടകങ്ങളുടെ തജ്ജമയിൽ കേരളവ്യാസനെന്നു കേളികേട്ട കുഞ്ഞിക്കുട്ടൻതമ്പുരാനവർകൾക്കും, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാക്കും മാത്രമേ പറയത്തക്ക വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുള്ളു. പ്രധാനപ്പെട്ട സംസ്കൃതനാടകങ്ങൾ പലതും ഭാഷയിൽ ആക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഭാഷാസാഹിത്യലോകത്തിൽ ഒരു പ്രതിഷ്ഠ കിട്ടിയിട്ടുള്ളതു ചുരുക്കം ചിലതിനു മാത്രമാണെന്നു കാണാം.

ഇതോടുകൂടി മലയാളത്തിൽ സ്വതന്ത്രങ്ങളായ ദുർല്ലഭം ചില നാടകങ്ങൾ ഉണ്ടായി എങ്കിലും, അവ കേവലം സംസ്കൃതനാടകങ്ങളുടെ കരുവിൽ വാക്കപ്പെട്ടവയാകയാലും, സാഹിത്യകലയും നാട്യകലയും അവയിൽ ഒന്നിച്ചിണങ്ങിനില്ക്കാത്തതിനാലും അവ മിക്കവാറും ഇപ്പോൾ സാഹിത്യലോകത്തിൽ വിസ്മൃതങ്ങളായിത്തീൎന്നിരിക്കുന്നു എന്നു തന്നെ പറയാം. സംസ്കൃതസാഹിത്യശാസ്ത്രകാരന്മാർ നിബന്ധിച്ചിട്ടുള്ള നാടകീയനിയമങ്ങളെ കണ്ണടച്ചനുകരിക്കയാലും, സംസ്കൃതനാടകങ്ങളെ സൎവ്വാത്മനാ മാതൃകകളായി സ്വീകരിച്ച

തിനാലും മലയാളത്തിൽ സ്വതന്ത്രനാടകനിർമ്മാണത്തിനു പുറപ്പെട്ടവരുടെ സംരംഭം തീരെ പരാജയത്തിൽ പര്യവസാനിക്കുകയാണുണ്ടായത്. ചക്രപാണിവാരിയരുടെ ഹരിശ്ചന്ദ്രചരിതം, കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ കുചേലഗോപാലം, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ 'ലക്ഷണാസംഗം' മുതലായ നാടകകൃതികളെസ്സംബന്ധിച്ചിടത്തോളം മലയാളഭാഷയ്ക്കു ഒട്ടുംതന്നെ അഭിമാനിക്കുവാൻ അവകാശമില്ലാതെയാണിരിക്കുന്നത്. പിന്നീടു തമിഴുനാടകസംഘക്കാരുടെ ആക്രമണത്തോടുകൂടി തമിഴുനാടകങ്ങളുടെ മാതൃകയിലുള്ള ചില നാടകങ്ങൾ മലയാളത്തിൽ തലപൊന്തിക്കുകയുണ്ടായി. കഥാഗ്രഥനത്തിലാവട്ടെ, രസഭാവാദിവിനിവേശത്തിലാവട്ടെ, വർണ്ണനരീതിയിലാവട്ടെ വ്യവസ്ഥിതമായ യാതൊരു നയവും നിയമവും ദീക്ഷിക്കാതെ, പാടുന്നതിനു കുറെ പദങ്ങളും, ആടുന്നതിനു കുറെ രംഗസംവിധാനങ്ങളും വാരിവലിച്ചു ചേർത്തു കൂട്ടിക്കെട്ടിയുണ്ടാക്കിവിട്ട അത്തരം നാടകകൃതികൾ ഉദയത്തോടുകൂടിത്തന്നെ അസ്തമയം പ്രാപിക്കുകയും ചെയ്തു. അവയുടെ ഉപജീവ്യഗ്രന്ഥങ്ങളായ തമിഴുനാടകങ്ങൾക്കു തന്നെ സാഹിത്യദൃഷ്ട്യാ നോക്കിയാൽ യാതൊരു നിലയും വിലയും കല്പിക്കുവാൻ കാണുന്നതല്ലെന്നു തീർത്തുപറവാൻ സാധിക്കും. തമിഴുനാടകങ്ങൾ മിക്കതും ആടുന്നതിനും പാടുന്നതിനും അല്ലാതെ വായിച്ചു രസിക്കുന്നതിനു തീരെ പററുന്നവയല്ല. പാടാനുള്ള പദങ്ങളുടെ സംഗീതസ്വരാനുവിധായിത്വംകൊണ്ടും നടന്മാരുടെ നടനനൈപുണ്യത്താലും, കൃത്രിമങ്ങളായ സീനുകളുടെ സഹായം ഹേതുവായും മാത്രമാണ് തമിഴുനാടകങ്ങൾ നിലനില്ക്കുന്നത്. പാട്ടിൻെറ മിരട്ടും, സീനുകളുടെ പകിട്ടും ഉണ്ടായിരുന്നാൽ മാത്രമേ ഒരു നാടകത്തിനു കാണികളെ ആകർഷിച്ചു വിനോദിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്നു വന്നാൽ, സാഹിത്യഗുണത്തിലും, നാട്യകലാനുവിധായിത്വത്തിലും

ആ നാടകത്തിനുള്ള ദയനീയമായ ദാരിദ്ര്യം ആണ് അതിൽനിന്നു ഉന്നേയമായിരിക്കുന്നത്. അതിന്റെ കർത്താവായ കവി, കവിത്വത്തിലും ഭാവനാശക്തിയിലും കേവലം കുചേലനിലയെ വഹിക്കുന്ന ആളാണെന്നുള്ളതിന്നു തെളിവു വേറെയൊന്നും ആവശ്യമില്ല.

ഇനി മലയാളത്തിൽ മൂന്നാമതൊരുവക നാടകകൃതികൾകൂടി ഉണ്ടു്. ഇവ ഇംഗ്ലീഷുവിദ്യാഭ്യാസത്തോടുകൂടി ഇറക്കുമതിചെയ്യപ്പെട്ടവയാണെന്നു കാണുന്നു. സാഹിത്യസംബന്ധമായ യോഗ്യതയിൽ ഇവയും തമിഴുനാടകച്ഛായയിലുള്ള കൃതികളുടെ നില തന്നെയാണ് വഹിക്കുന്നത്. കഥയുടെ കെട്ടും, കഥാപാത്രങ്ങളുടെ സംസാരവും പ്രവൃത്തികളും ഇംഗ്ലീഷു മട്ടിലും, കഥാപാത്രങ്ങളും കഥാരംഗങ്ങളും മലയാളത്തിലുള്ളവയും, സാഹിത്യഗുണം തീരെ സ്പർശിക്കാത്തവയുമായിട്ടുള്ള ആ വക കൃതികൾക്കു എന്തൊരു ഔചിത്യവും ആസ്വാദ്യതയുമാണുണ്ടായിരിക്കുക എന്നു ഏറക്കുറെ ആർക്കും ഊഹിച്ചാൽ തന്നെ അറിയാവുന്നതാണ്. ഇംഗ്ലീഷു രൂപകങ്ങളുടെ മാതൃകയിൽ മലയാളത്തിൽ കരുപ്പിടിപ്പിച്ചിട്ടുള്ള ദൃശ്യപ്രബന്ധങ്ങളിൽ, പ്രഹസനങ്ങൾ അല്ലെങ്കിൽ 'ഫാൾസ്സ്'കൾ എന്നു പറയപ്പെടുന്ന കൃതികളാണ് എണ്ണത്തിൽ തുലോമധികമുള്ളത്. സംസ്കൃതക്കാരോടു പേരും, ഇംഗ്ലീഷുകാരോടു രീതിയും കടംമേടിച്ചു രചിച്ചുവിട്ടിട്ടുള്ളവയും വിടുന്നവയും ആയ ഈ വകുപ്പിൽപ്പെട്ട കൃതികൾ ഉഭയഭ്രഷ്ടങ്ങളായ ഒരു വക 'നപുംസകഗ്രന്ഥ'ങ്ങൾ ആണെന്നു തന്നെ വേണം പറവാൻ. മലയാളത്തിലെ പ്രഖ്യാതനായ ആഖ്യായികാകർത്താവായിരുന്ന സി.വി. രാമൻപിള്ള അവർകളുടെ 'പ്രഹസമാല'കൾ മാത്രമെ ഈ ഇനത്തിൽ കുറച്ചെങ്കിലും ഗുണം ഉള്ളവയായി കാണപ്പെടുന്നുള്ളൂ. മനുഷ്യശാസ്ത്രതത്വപ്രകാരം, കഥാപാത്രങ്ങളെക്കൊണ്ടു പ്രവർത്തിപ്പിക്കുക, മനശ്ശാസ്ത്രസിദ്ധാന്തവും രസശാസ്ത്രനിബന്ധനയും അനുസരിച്ചു ര

സ്വഭാവങ്ങളെ സ്ഫുരിപ്പിക്കുക, വണ്ണനകളേയും രംഗസംവിധാനങ്ങളേയും ഭാവനോത്തേജകങ്ങളാക്കിത്തീക്കുക എന്നിങ്ങിനെ രൂപകനിമ്മാതാക്കളായ കവികഠം ശ്രദ്ധിക്കേണ്ടു പല കൂട്ടങ്ങളും 'പ്രഹസനമാല'യിൽ ഒരുവിധം ഒപ്പിച്ചു മാറിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

രസികശിരോമണിയായിരുന്ന രാമക്കുറുപ്പു മുൻഷിയുടെ 'ചക്കീചങ്കര'ത്തിന്റെ പുറപ്പാടോടുകൂടി മലയാളത്തിൽ പ്രഹസനങ്ങളുടെ രചനയ്ക്കല്ലാതെ മറ്റുതരം രൂപകങ്ങളുടെ നിമ്മാണത്തിനാരും കച്ചകെട്ടിയിറങ്ങാതെയായിത്തീന്നു എന്നു പറയാം. 'ചക്കീചങ്കര'ത്തിലെ തീക്ഷ്ണനിശിതങ്ങളായ പരിഹാസശസ്ത്രങ്ങഠം ഏറ്റു നാടകമെഴുത്തും മലയാളനാടകസംഘങ്ങളും നില്ക്കക്കള്ളി മുട്ടി രംഗത്തിൽനിന്നു അന്തദ്ധാനം ചെയ്യുകയാണുണ്ടായത്.

ലോകോത്തരഗുണോത്തരമായ ശാകുന്തളവും, ഭാവഗംഭീരമായ ഉത്തരരാമചരിതവും തജ്ജമകളായി ലഭിച്ചിട്ടും കൈരളിക്കു നാടകസാഹിത്യത്തെപ്പറ്റി അഭിമാനിക്കുവാൻ അവകാശമില്ലാതെ വന്നതിനും കാലത്താലെ നാടകനിമ്മാണപ്രസ്ഥാനം ഖിലീഭൂതമായിത്തീന്നതിനും ഉള്ള ഹേതുക്കഠം സംക്ഷിപ്തമായി മുകളിൽ വിവരിച്ചു കഴിഞ്ഞുവല്ലൊ. സംസ്കൃതം ഇംഗ്ലീഷു മുതലായ മറ്റിന്നു ഭാഷകഠം സാഹിത്യസമ്പത്തിൽ എത്രതന്നെ കൌബേരപദവിയിൽ ഇരിക്കുന്നവയായാലും, അതുകൊണ്ടു ആ ഭാഷകഠംക്കു പ്രശസ്തിയും പ്രാധാന്യവും ഉണ്ടെന്നല്ലാതെ, ആ ഭാഷകളുടെ സാഹിത്യസമ്പത്തുകളിൽ ചിലതു കുറേശ്ശ കടം വാങ്ങി കഴിഞ്ഞുകൂടുന്ന മലയാളത്തെപ്പോലെയുള്ള അന്യഭാഷകഠംക്കു തന്മൂലം വലിയ ഉയച്ചയൊന്നും യഥാത്ഥത്തിൽ ഉണ്ടാകുന്നതല്ല. സംസ്കൃതം ഒരു ജീവൽഭാഷയല്ലാത്തതിനാൽ, ആ ഭാഷയിലുള്ള സാഹിത്യഗ്രന്ഥങ്ങളിലെ ആശയങ്ങഠംക്കും അവയുടെ രീതികഠംക്കും പഴക്കവും കാലൌചിത്യക്കുറവും ധാരാളമുള്ള

ത്തുകൊണ്ട് ആ ഭാഷയേയും, ഇംഗ്ലീഷ് ഒരു വിദേശ്യഭാഷയാകയാൽ അതിലുള്ള ഗ്രന്ഥങ്ങളിലെ ചില ആശയങ്ങൾക്കും ആദർശങ്ങൾക്കും ഭാരതീയസംസ്കാരത്തിൽ സാത്മ്യം ഉണ്ടാകുവാൻ പാടില്ലാത്തതുകൊണ്ട് ആ ഭാഷയേയും കേരളഭാഷ സർവ്വാത്മനാ കണ്ണടച്ചു പിന്തുടരുന്നതു അനാവശ്യവും അനാശാസ്യവും ആയിട്ടുള്ളതാകുന്നു. അഭിനയപ്രധാനങ്ങളായ ദൃശ്യകാവ്യ (നാടക)ങ്ങളിൽ സജാതീയത തീരെ ഇല്ലാത്ത സാഹിത്യങ്ങളിലുള്ള സങ്കേതങ്ങളേയും സമ്പ്രദായങ്ങളേയും ഇറക്കുമതി ചെയ്യുന്നതായിരുന്നാൽ ദേശകാലൌചിത്യലംഘനദോഷം ഉണ്ടാകുന്നതും അനുഭവപ്രതീതി കുറയുന്നതുമാകയാൽ നാടകകൃതികളെസ്സംബന്ധിച്ചിടത്തോളം വിജാതീയസാഹിത്യാനുവർത്തനം വിശേഷിച്ചും വർജ്ജനീയമായിട്ടാണിരിക്കുന്നത്. സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളെ അല്പമെങ്കിലും വ്യതിയാനം വരുത്താതെ അതേനിലയിൽ പകർത്തിയിരിക്കുന്നവയായ ചില സാഹിത്യശാസ്ത്രകൃതികൾ ഇയ്യിടെ മലയാളത്തിലുണ്ടായിട്ടുണ്ട്. ഭിന്നഗോത്രോല്പന്നവും ജീവൽഭാഷയുമായിട്ടുള്ള കൈരളിയെ, പ്രായോഗികോപയോഗം ഇല്ലാതെയായിട്ടുള്ള ഒരു അതിപ്രാചീനഭാഷയായ ഗൈർവ്വാണിക്കു കൊണ്ടുപോയി ദാസ്യപ്പെടുത്തുന്നവയായ ഇത്തരം പുസ്തകങ്ങളിൽ പറയുന്നപ്രകാരത്തിലൊരുനാടകം മലയാളത്തിൽ നിർമ്മിക്കുകയാണെങ്കിൽ അതെത്ര വിചിത്രമായിരിക്കുമെന്ന് ഒന്നാലോചിച്ചുനോക്കുക! കാവ്യരചനയ്ക്കു് ഇമ്മാതിരിയുള്ള പുസ്തകങ്ങളെ ഉപാധീകരിച്ചുകൊണ്ടാൽ അവയിലുള്ള കർക്കശനിബന്ധനകളായ കാളായസശൃംഖലകളുടെ ദൃഢബന്ധനത്തിൽപ്പെട്ടു സാഹിത്യത്തിന്റെ സ്വാതന്ത്ര്യമായ വളർച്ച വിഹതമായിത്തീരുമെന്നുള്ളതിനു സംശയമുണ്ടോ?

ബഹളവും അസ്വാസ്ഥ്യവും നിറഞ്ഞ ഇന്നത്തെ ഭൌതികജീവിതത്തിന്റെ രീതി ശരിയായ നാട്യകലയുടെ വള

ച്ചിട്ടു വലുതായ വിഘാതം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതും മലയാളത്തിൽ സമഞ്ജസമായ ഒരു നാടകസാഹിത്യം ഉണ്ടാകാതേയിരിക്കുന്നതിന് ഒരു കാരണമായിരിക്കുന്നുണ്ട്. ജീവിതമത്സരം പ്രതിനിമിഷമെന്നപോലെ അധികമധികം തീക്ഷ്ണമായിത്തീരുകയും, പാശ്ചാത്യപരിഷ്കാരവും പൌരസ്ത്യാദർശങ്ങളും തമ്മിലുള്ള ഘോരമായ ഘട്ടനത്താൽ പ്രശാന്തസുഭഗമായ ഒരന്തരിക്ഷം (Peacefull atmosphere) ഇല്ലാതെയായി വരികയും ചെയ്തതോടുകൂടി ജനങ്ങൾക്കു, തുച്ഛമായ താല്ക്കാലിക മനസ്സന്തോഷത്തിനുള്ള സാമഗ്രികളെയല്ലാതെ Intelectual enjoyment എന്നു പറയുന്നതും, ബുദ്ധിശക്തിയുടെയും ഭാവനാശക്തിയുടെയും സഹായത്തോടുകൂടി അനുഭവിക്കേണ്ടതുമായ കേവലാനന്ദത്തിൻെറ അനുഭൂതിക്കുവേണ്ട വകകളെ അന്വേഷിച്ചു കണ്ടുപിടിക്കുവാനുള്ള ക്ഷമയും ശക്തിയും തീരെ കുറഞ്ഞുപോയിരിക്കുന്നു. ഇപ്പോഴത്തെ നാടകസംഘക്കാർ നാടകങ്ങളിൽ പ്രദർശിപ്പിക്കാറുള്ള സീനുകളിൽ ആളുകൾക്കു അധികം അഭിനിവേശവും, നിരാഡംബരമായ കഥകളി എന്ന നൃത്യനാടകത്തിൽ വലിയ ശ്രദ്ധാജാഡ്യവും ഉണ്ടായിത്തീർന്നിട്ടുള്ളതിനു കാരണം, ബുദ്ധിശക്തിയുടേയും ഭാവനാശക്തിയുടെയും സാഹായ്യത്തോടുകൂടി ആസ്വദിക്കേണ്ട ശരിയായ നാട്യകലയിൽ രസിക്കുന്നതിനു തക്ക ഒരു മനഃസ്ഥിതി ഇല്ലാതെയായി വന്നിട്ടുള്ളതല്ലാതെ മറെറാന്നുമല്ല. ശകുന്തള തപോവനത്തിൽ വൃക്ഷസേചനം ചെയ്തുകൊണ്ടിരിക്കുന്നതും, ദുഷ്യന്തൻ മരങ്ങളുടെ മറവിൽനിന്നു ആ സർവ്വാംഗസുന്ദരിയുടെ രൂപലാവണ്യം നോക്കി രസിക്കുന്നതും, അനുഭവപ്പെടുന്നതിന്നു വാചികാംഗിക സാത്വികാഹാര്യരൂപങ്ങളായ നടാഭിനയവ്യാപാരങ്ങൾ മാത്രം പോരാ, അരങ്ങത്തു കുറെ പൂച്ചട്ടികളും മരക്കൊമ്പുകളും കൂടി വേണമെന്നു വന്നാൽ അതു നാട്യകലയുടെ പരാജയമെന്നല്ല, കാഴ്ചക്കാരുടെ നിർഭാഗ്യമെന്നാണ്

പറയേണ്ടത്. ഈ സ്ഥിതിക്കു, കാലകേയവധത്തിലെ അൎജ്ജുനൻ യാതൊരു ആഡംബരമോടിയും ഇല്ലാത്ത നഗ്നമായ ഒരരങ്ങത്തു വന്ന് ഉരൽപ്പുറത്തു കയറിയിരുന്ന് മൂകഭാഷയിൽ സ്വൎഗ്ഗവൎണ്ണനം ചെയ്യുന്നതു കാണുമ്പോൾ വിളക്കിന്റെ മുമ്പിലിരിക്കുന്നവരെല്ലാം 'കുംഭകൎണ്ണസേവ'യ്ക്കു വട്ടംകൂട്ടുന്നതിൽ വല്ല ആശ്ചൎയ്യവുമുണ്ടോ? അപ്രതീക്ഷിതമായ ഒരു ശബ്ദം പെട്ടെന്നു കേൾക്കുന്നതായി നടൻ അഭിനയിക്കുമ്പോൾ നാടകം കാണുന്നവന്നു അതിൽ അനുഭവപ്രതീതി വരേണമെങ്കിൽ അണിയറയിൽവെച്ച് ഒരു ഏറുപടക്കം പൊട്ടിച്ചേ മതിയാവു എന്നുള്ളത് ആ നാടകദ്രഷ്ടാവിന്റെ രസികത്വത്തിനും ഭാവനാശക്തിക്കും ഉള്ള ദാരിദ്ര്യത്തെയല്ലാതെ മറ്റൊന്നിനെയാണ് വിളിച്ചുപറയുന്നത്. ഇങ്ങിനെയുള്ള ജനങ്ങൾ അധികപ്പെട്ടുവരുന്ന ഒരു രാജ്യത്തു ശരിയായ നാട്യകല വളൎന്നു വരുന്നതിനും, ആ രാജ്യത്തെ ഭാഷയിൽ സമുൽകൃഷ്ടമായ ഒരു നാടകസാഹിത്യം ഉണ്ടായിത്തീരുന്നതിനും, ഒട്ടധികം പ്രയാസമുണ്ടെന്ന് എടുത്തു പറയേണ്ടതില്ലല്ലൊ.

കഥകളി, തുള്ളൽ, ചാക്യാർക്കൂത്ത്, കൂടിയാട്ടം മുതലായ ദേശീയങ്ങളായ ചില പ്രത്യേകകലകൾ, മലയാളത്തിൽ സാധാരണ നാട്യകലയുടേയും നാടകങ്ങളുടേയും പ്രയോജനങ്ങളെ ഏതാണ്ടൊന്നു നിൎവ്വഹിച്ചുപോരുന്നുണ്ടെന്നുള്ള സംഗതികൂടി ഈ ഘട്ടത്തിൽ വക്തവ്യമായിട്ടുണ്ട്. നാടകങ്ങളുടെ സാഹിത്യസംബന്ധമായ പ്രയോജനത്തെ നിൎവ്വഹിക്കുന്ന കാൎയ്യത്തിൽ, നോവലുകൾ എന്നു പറയുന്ന പുതിയ ജാതികഥാപുസ്തകങ്ങളുടെ ആവിൎഭാവവും ഒട്ടൊന്നുപയോഗപ്പെട്ടിട്ടുണ്ടെന്നുള്ളതിന്നും സംശയമില്ല. നാടകകൎത്താവ് തിരശ്ശീലയുടെ മറവിൽ ഇരുന്നു കഥാപാത്രങ്ങൾ മുഖാന്തരം വായനക്കാരോട് ഇടപെടുമ്പോൾ നോവൽകാരൻ ചിലപ്പോൾ മറയ്ക്കുള്ളിലിരുന്നു കഥാപാത്രങ്ങൾ വഴിയായും, ചി

ലപ്പോൾ, തിരശ്ശീല നീക്കി രംഗത്തിൽ വന്നുനിന്നു നേരിട്ടും വായനക്കാരുമായി ഇടപാടു നടത്തുന്നു. നോവലുകളിലെ കവിവാക്യങ്ങൾ എടുത്തു കളഞ്ഞുനോക്കിയാൽ അവ ഏതാണ്ടു് നാടകങ്ങളുമായി രൂപാന്തരപ്പെടുന്നതു കാണാം. കൃത്യാകൃത്യപ്രബോധനത്തിൽ നാടകങ്ങൾക്കും നോവലുകൾക്കും ജനസമുദായമദ്ധ്യത്തിൽ മിക്കവാറും ഒരേനിലയിലുള്ള ചുമതലയും സ്വാധീനശക്തിയുമാണുള്ളതെന്നു് അനുഭവത്തിൽ നിന്നറിയുന്നുണ്ടു്. ശാകുന്തളം, ഉത്തരരാമചരിതം മുതലായ നാടകരത്നങ്ങൾ ജനസമുദായത്തിന്നിടയിൽ സാധിക്കുന്ന പ്രയോജനങ്ങൾ ഇന്ദുലേഖ, മാർത്താണ്ഡവർമ്മ തുടങ്ങിയ ആഖ്യാനകങ്ങൾക്കും നിർവ്വഹിക്കുവാൻ കഴിയുന്നവയായിട്ടാണിരിക്കുന്നതു്. വിവാഹവിഷയത്തിൽ വധൂവരന്മാർ സ്വന്തം മനോഗമനികയനുസരിച്ചു പ്രവർത്തിക്കുന്നതാണു് ആശാസ്യമായിട്ടുള്ളതെന്നും, അനുരാഗപൂർവ്വകമായ ഗാന്ധർവ്വവിവാഹം ആണു് തുലോം പരിഷ്കൃതമായിട്ടുള്ളതെന്നും എന്നാൽ, അനുരാഗത്തെ പരീക്ഷിച്ചു ബോദ്ധ്യപ്പെടുന്നതുവരേയും വിശ്വസിക്കരുതെന്നും, മറിച്ചായാൽ അനർത്ഥം അനുഭവിക്കേണ്ടിവരുമെന്നും മഹാകവി കാളിദാസൻ ശാകുന്തളനാടകം മുഖേന ജനസമുദായത്തെ പ്രബോധനം ചെയ്യുന്നു. രസികാഗ്രഗണ്യനായ ചന്തുമേനോൻ ഇന്ദുലേഖ വഴിയായും ഏറക്കുറെ ഈ ആശയങ്ങളെത്തന്നെയാണു് നമ്മളെ പഠിപ്പിക്കുന്നതു്. സ്ത്രീകൾക്കു് ന്യായമായ സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നും, രക്ഷിതാക്കന്മാർ വിവാഹവിഷയത്തിൽ വധൂപുരുഷന്മാരെ സ്വേച്ഛാധികാരത്തോടുകൂടി ശാസിക്കരുതെന്നും, 'നമ്പൂരിസ്സംബന്ധം' തീരെ ആഭാസവും വിഗർഹണീയവുമായിട്ടുള്ളതിനാൽ വിവർജ്ജനീയമാണെന്നും ഇന്ദുലേഖ തന്മയത്വത്തോടുകൂടി കേരളീയജനസമുദായത്തെ ഗ്രഹിപ്പിച്ചിരിക്കുന്നു.

ഇത്രയും പറഞ്ഞതിൽ നിന്നു നാടകങ്ങളുടേയും നോവലുകളുടേയും പരമോദ്ദേശ്യം, ഇമ്മാതിരിയുള്ള ലൌകികങ്ങ

മായ ചില ചില്ലറക്കാൎയ്യങ്ങളാണെന്നു ആരും അൎത്ഥമാക്കുകയില്ലെന്നു വിശ്വസിക്കുന്നു. തുച്ഛങ്ങളായ ചില ലൌകികകാൎയ്യങ്ങളെ മുൻനിൎത്തി സാഹിത്യകൃതികൾ നിൎമ്മിക്കുന്നതു ഒരുവിധത്തിലും ആശാസ്യമായിട്ടുള്ളതല്ല. കേവലം ലൌകികങ്ങളായ ഓരോ ആവശ്യങ്ങൾക്കായി സാഹിത്യം മുതലായ കലാവിദ്യകളെ ഉപയോഗപ്പെടുത്തുന്നതായിരുന്നാൽ, ആ കലാവിദ്യകൾ ഒരുവക കച്ചവടവിദ്യകളായിപ്പരിണമിക്കുന്നതാണ്. ശസ്ത്രക്രിയയെ അപേക്ഷിക്കുന്ന ചികിത്സാരീതിയെ ആക്ഷേപിക്കുന്നതിനുവേണ്ടി മാത്രമായി ഒരു മികച്ച ഇംഗ്ലീഷുസാഹിത്യകാരനായ ബൎണ്ണാഡ്ഷാ ഒരു ആഖ്യായിക എഴുതിയിട്ടുള്ളതിനെപ്പററി ചില കാവ്യമീമാംസകന്മാർ കഠശലായി ആക്ഷേപിക്കാതിരുന്നിട്ടില്ല. സാഹിത്യകലയുടെ ഉദ്ദേശ്യം, ലൌകികകാൎയ്യങ്ങളേയും അതിലംഘിച്ച് അവയ്ക്കപ്പുറത്തുള്ള ഒരു ലോകത്തെക്കൂടി അഭിവ്യാപിച്ചുനില്ക്കുന്ന ഒന്നാകയാൽ, സാഹിത്യഗ്രന്ഥങ്ങൾ സങ്കുചിതങ്ങളായ ആശയങ്ങളുടേയും ആദൎശങ്ങളുടേയും പ്രയോജനങ്ങളുടേയും പേരിൽ പ്രവൃത്തങ്ങളായിരിക്കുവാൻ പാടുള്ളതല്ല. ജനസഞ്ചയത്തിൻെറ ഭൌമവും ആദ്ധ്യാത്മികവുമായ ശ്രേയസ്സുകൾക്കു മാൎഗ്ഗദൎശകങ്ങളായിരിക്കുന്ന ഉത്തമങ്ങളായ ആദൎശങ്ങളെ നിൎദ്ദേശിക്കുകയാണ് സാഹിത്യം ചെയ്യേണ്ടിയിരിക്കുന്നത്.

പ്രസക്താനുപ്രസക്ത്യാ ഇത്രയും ഇവിടെ പ്രസ്താവിച്ചുപോയത്, മലയാളത്തിൽ, ഇയ്യിടയിൽ ഏററവും ഇടുങ്ങിയ ഉദ്ദേശത്തിൻപേരിൽ പ്രവൃത്തങ്ങളും, ഉൽകൃഷ്ടങ്ങളായ ആദൎശങ്ങൾ യാതൊന്നുമില്ലാത്തവയും ആയിട്ടുള്ള പല കൃതികളും അവതരിച്ചുകാണുവാൻ ഇടയായതുകൊണ്ടാണ്. അമ്മാതിരിയുള്ള ക്ഷുദ്രകൃതികൾകൊണ്ട് സാഹിത്യത്തിനും ജനസഞ്ചയത്തിനും യാതൊരു പ്രയോജനവും സിദ്ധിക്കുന്നതല്ല എന്നു പ്രത്യേകം ധരിച്ചിരിക്കേണ്ടതാണ്. ഈ ശാഖാ

ചംക്രമണം ഇതോടുകൂടി നിൎത്തി വീണ്ടും നമുക്ക് പ്രകൃതത്തിലേയ്ക്കു കടക്കാം.

ഇന്ത്യക്കാൎക്കു പൊതുവേയുള്ളതും, പൊതുവെ അഭിമാനിക്കാവുന്നതുമായ സംസ്കൃതസാഹിത്യത്തിലെ നാടകസാഹിത്യശാഖ ഏതുവിധം സ്ഥിതിചെയ്യുന്നുവെന്നും, ഇന്ത്യൻ നാട്യകല അതിൽ ഏതുപ്രകാരം പ്രതിഫലിച്ചിരിക്കുന്നുവെന്നും ഉള്ള സംഗതികളാണ് അടുത്തു നമുക്കു ചിന്തിക്കുവാനുള്ളത്. സംസ്കൃതസാഹിത്യവും ഇന്ത്യൻ നാട്യകലയും ചരിത്രകാലാതീതമായ ഒരതിപ്രാചീനകാലത്തുതന്നെ ലബ്ധപ്രതിഷ്ഠങ്ങളായിട്ടുള്ളവയും അനന്യോപജീവികളായിരിക്കുന്നവയുമാകുന്നു. സംസ്കൃതഭാഷയിൽ പ്രത്യേകമായ പ്രതിപത്തിയോടും ശ്രദ്ധയോടും കൂടി പഠനവും പൎയ്യേഷണ (Research) വും നടത്തിയിട്ടുള്ളവരായ ജൎമ്മൻ പണ്ഡിതന്മാർ മിക്കപേരും ഈ അഭിപ്രായംതന്നെയാണ് പറഞ്ഞുകാണുന്നത്. എന്നാൽ പ്രൊഫസർ വേബർ മുതലായ ഒന്നുരണ്ടു പണ്ഡിതന്മാർ മാത്രം സംസ്കൃതനാടകസാഹിത്യവും ഭാരതീയനാട്യകലയും ഗ്രീക്കുകാരുമായുള്ള സമ്പൎക്കത്തിന്റെ സന്താനങ്ങളായി ആവിൎഭവിച്ചിട്ടുള്ളവയാണെന്നു വാദിക്കാതിരുന്നിട്ടില്ല. സംസ്കൃതനാടകങ്ങളെസ്സംബന്ധിച്ചു സവിശേഷമായ പഠനം ചെയ്തിട്ടുള്ള പ്രൊഫസർ, സിൽവയിൻലെവി എന്ന പണ്ഡിതൻ "Theatre Indion" എന്ന തന്റെ ഗ്രന്ഥത്തിൽ വേബർ മുതലായവരുടെ ഈ വാദങ്ങളെ ശരിയായി ഖണ്ഡിച്ചിട്ടുമുണ്ട്. സംസ്കൃതരൂപകങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ 'പ്രകരണ'ത്തിനും ഗ്രീക്കിലെ "New Comedy" എന്നു പറയുന്നതരം നാടകകൃതികൾക്കും പരസ്പരസാദൃശ്യം ധാരാളമുണ്ടെങ്കിലും അതൊരു തുച്ഛമായ യദൃച്ഛാസംവാദം മാത്രമാണെന്നല്ലാതെ ഗ്രീക്കുകാരുടെ നാടകസാഹിത്യം ഇന്ത്യക്കാരുടെ നാടകസാഹിത്യത്തിനു മാൎഗ്ഗദൎശിയായിരുന്നിട്ടുണ്ടെന്നു സ്ഥാപിക്കുന്നതിനു തക്ക ഒരു പ്രബലയുക്തിയാകുമോ എന്നു സംശയമാണ്.

ഗ്രീസ്സ് പൌരസ്ത്യരാജ്യങ്ങൾക്ക് അടുത്തുകിടക്കുന്ന ഒരു രാജ്യമാണെന്നും ഗ്രീസ്സിലെ സംസ്കാരവും പരിഷ്കാരവും അന്യരാജ്യങ്ങളിൽ പ്രചരിച്ച് സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടെന്നും ഉള്ളതു വാസ്തവംതന്നെ; അതുകൊണ്ട് അന്യത്ര അനുപലഭ്യമാനമായ ചില പ്രത്യേകതകളോടുകൂടിയ ഇന്ത്യൻനാടകസാഹിത്യത്തിനു ഗ്രീക്കുകാരുടെ സാഹിത്യത്തിൻെറ കരാവലംബമുണ്ടായിട്ടുണ്ടെന്നു സമത്ഥിക്കുവാൻ ന്യായമില്ലെന്നു തീൎത്തുപറയാം.

സംസ്കൃതരൂപകങ്ങളുടെ അപഗ്രഥനവും, വിഭജനവും, വിഭാഗോപാധികളും, ലക്ഷണനിൎവ്വചനവും, നിബന്ധനകളും അസാധാരണരീതിയിലുള്ളവയാണെന്നു കാണാം. ലോകത്തിലുള്ള മറേറതൊരു സാഹിത്യത്തിലും സംസ്കൃതസാഹിത്യത്തിൻെറ ശാസ്ത്രീയമായ നിഷ്കൎഷവും പരിഷ്കാരവും കാണുമാൻ കഴിയുന്നതല്ല. ശാസ്ത്രീയനിഷ്കൎഷം നിൎബ്ബന്ധരൂപത്തിലായിത്തീരുന്നിടത്തോളം, നാടകകൎത്താക്കന്മാരുടെ ഭാവനാശക്തിക്കും മനോധൎമ്മത്തിനും സ്വാതന്ത്ര്യമായി വ്യാപരിക്കുന്നതിനു പ്രതിബന്ധം വൎദ്ധിച്ചുവരുന്നതും, തന്നിമിത്തം നാടകസാഹിത്യത്തിൻെറ പുരോഗതി പ്രതിഹതമായിത്തീരുന്നതുമാണെന്നുള്ളതു ശരിതന്നെ. ശാസ്ത്രങ്ങളിൽ ശാസിക്കുന്ന നിയമങ്ങളൊന്നും തെററിക്കാതെ ലക്ഷണമൊപ്പിച്ചു രചിക്കുന്ന കൃതികളിൽ കൃത്രിമത്വം കൂടുകയും ആസ്വാദ്യത കുറയുകയും ചെയ്യുമെന്നുള്ളത് സംസ്കൃതസാഹിത്യത്തിൽ കാളിദാസകൃതികൾക്കിപ്പുറം ഉണ്ടായിട്ടുള്ള ദൃശ്യശ്രവ്യകാവ്യങ്ങൾ പരിശോധിച്ചാലറിയാവുന്നതാണ്. അകൃത്രിമരമണീയങ്ങളായ ഭാസനാടകങ്ങളിൽ നാട്യശാസ്ത്രനിയമങ്ങളും നാടകീയനിബന്ധനകളും സ്വേച്ഛാധികാരം ചെലുത്തിയിട്ടില്ലാത്തതുകൊണ്ട് അവയുടെ സ്വാഭാവികമായ സൌന്ദൎയ്യത്തിനു ലേശവും ഹാനി തട്ടിയിട്ടില്ല. ഭാസൻെറ കാലത്തിൽനിന്നു കാളിദാസൻെറ കാലമായപ്പോഴേക്കും, കാ

ളിദാസന്റെ കാലത്തിൽനിന്നു ഭവഭൂതിയുടെ കാലമായപ്പോഴേക്കും സാഹിത്യശാസ്ത്രനിബന്ധനകളുടെ അധികാരപ്രയോഗം ക്രമേണ അധികമധികം അനിയന്ത്രിതമായും പ്രബലമായും തീൎന്നു കഴിഞ്ഞതിന്നുള്ള ലക്ഷ്യങ്ങൾ ആ മൂന്നു കവികളുടേയും കൃതികൾ തട്ടിച്ചു വായിച്ചു വിമൎശം ചെയ്യുന്നവൎക്കു് സുദൃശ്യങ്ങളാണ്. ഭാസന്റേയും കാളിദാസന്റേയും ഭവഭൂതിയുടേയും നാടകങ്ങളോളം പ്രകൎഷവും പ്രശസ്തിയും ഉള്ള നാടകപ്രബന്ധങ്ങൾ സംസ്കൃതസാഹിത്യത്തിൽ വേറെയില്ലെന്നുതന്നെ വേണം പറയുവാൻ. ഈ മൂന്നു കവികളും തങ്ങളുടെ കാലങ്ങളിൽ സാഹിത്യശാസ്ത്രനിബന്ധനകൾക്കുള്ള പ്രാബല്യത്തിന്റെ സ്ഥിതിയനുസരിച്ചു ഏറക്കുറെ അവയുടെ വരുതികൾക്കു കീഴടങ്ങിയിട്ടുണ്ടെങ്കിലും, യുക്തമായുരുന്ന സന്ദൎഭങ്ങളിൽ മിക്കവാറും സാഹിത്യനിയമങ്ങളെ വിഗണിച്ച് സ്വാതന്ത്ര്യപ്രകടനം ചെയ്തിട്ടുള്ളതായിട്ടു കാണാം. നാടകത്തിൽ വീരമോ ശൃംഗാരമൊ അല്ലാതെ മറെറാരു രസത്തേയും അംഗിയായ സ്ഥായിരസമാക്കിത്തീൎക്കുവാൻ പാടില്ലെന്നും, കഥാപരിസമാപ്തി മംഗളപരമായിരിക്കേണമെന്നുമുള്ള നാടകീയനിയമങ്ങളെ വിലംഘനം ചെയ്ത കുററത്തിന്നു 'ചാൎജ്ജു ചെയ്യപ്പെടാതെ' കഴിക്കുന്നതിന്നു വേണ്ടി, കരുണരസപ്രിയനായ ഭവഭൂതി, ശോകപൎയ്യവസായിയായ ഉത്തരരാമായണകഥയെ തന്റെ നാടകത്തിൽ ശുഭപൎയ്യവസായിയാക്കിത്തീൎത്ത് കരുണത്തെ കരുണവിപ്രലംഭശൃംഗാരമായി പരിണമിപ്പിച്ചുവെങ്കിലും സാഹിത്യശാസ്ത്രശാസനപ്രകാരം രംഗത്തിൽ പ്രയോഗിക്കുവാൻ പാടില്ലാത്ത വധത്തെ രണ്ടാമങ്കത്തിൽ (ശംബൂകവധപ്രകരണം) രംഗത്തിൽ വെച്ച് നടത്തിക്കുവാൻ ഒട്ടും അധൈൎയ്യപ്പെട്ടില്ല.

പ്രകൃതിയുടെ സൌന്ദൎയ്യത്തിലും, പ്രകൃതിസിദ്ധമായ രാമണീയകത്തിലും, മനുഷ്യരുടെ മനോഭാവങ്ങളിലും, പ്രകൃ

തിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും സൂക്ഷ്മദൃഷ്ടി പതിപ്പിക്കുന്നവരും അവയുടെ തത്വങ്ങളെ അവലോകനം ചെയ്തു രസിക്കുന്നവരുമായതുകൊണ്ടാണ് ഭാസനും കാളിദാസനും ഭവഭൂതിയും ശാസ്ത്രകാരന്മാരുടെ അടിമകളായി തീരാതേയും ആഹാൎയ്യശോഭയുടെ ആധാനത്തിന്നു വേണ്ടി കൃത്രിമകല്പനാപങ്കത്തിൽ ചെന്നു ചാടാതേയും തങ്ങളുടെ കാവ്യങ്ങളെ രചിച്ചിട്ടുള്ളത്. മൂന്നുപേൎക്കും പ്രകൃതിസിദ്ധമായ സൌന്ദൎയ്യത്തിലുള്ള സ്വാരസ്യത്തെ വിലോകനംചെയ്തു രസിക്കുവാനുള്ള ചാതുൎയ്യവും വാസനയും ഒരേവിധത്തിലാണ് ഉള്ളത് എന്നു ക്രമേണ താഴെ ഉദ്ധരിക്കുന്ന ഉദാഹരണങ്ങളിൽനിന്നു വിശദപ്പെടുന്നതാണ്. പ്രതിമാനാടകത്തിൽ ഭാസൻ സൎവ്വാഭരണഭൂഷിതാംഗിയായ രാജകുമാരിക്കനുരൂപമായ ആഡംബരങ്ങളോടുകൂടി വൎത്തിക്കുന്ന സീതയെ വൎണ്ണിക്കാതെ, "കാണുന്നുകമ്മലുടനൂരിവളഞ്ഞുകാതും കൈരണ്ടുമേവളയഴിച്ചതിനാൽ വിളൎത്തും. എന്നല്ല, മെയ്യിൽ മണിഭൂഷകളിട്ടു താഴേ ഭാഗങ്ങളിപ്പോഴുമുയൎന്നു നികന്നതില്ല" എന്നിങ്ങിനെ ആഭരണങ്ങളഴിച്ച സീതയെ വൎണ്ണിച്ചിരിക്കുന്നതു നോക്കുക. പ്രകൃതിസുഭഗയായ സീത പെട്ടെന്നു ആഭരണങ്ങളഴിച്ചപ്പോൾ പ്രത്യക്ഷപ്പെട്ട അകൃത്രിമമായ അഭിനവമാധുൎയ്യവിശേഷത്തിൽ ഭാസന്റെ രാമന്റെ ദൃഷ്ടി പതിയുന്നു. 'കമ്മലുടനൂരിവളഞ്ഞകാതി'ലും, വളയൂരിയ കൈകളിൽ ഉള്ള വിളൎത്ത വളയുടെ പാടിലും, ആഭരണങ്ങൾ അഴിച്ചിട്ടു അധികസമയമായിട്ടില്ലാത്തതിനാൽ ഉയൎന്നു നികന്നിട്ടില്ലാത്ത ആഭരണസ്ഥാനങ്ങളുടെ താണ ഭാഗങ്ങളിലും ഉള്ള 'കവിത' കണ്ടെത്തിയ കവിയുടെ അകൃത്രിമസൌന്ദൎയ്യനിരീക്ഷണത്തിന്നുള്ള നൈപുണ്യവും രസികത്വവും എത്ര സ്പൃഹണീയങ്ങളായിരിക്കുന്നു!

"ശ്രമാംബുശിശിരീഭവൽപ്രസൃതമന്ദമന്ദാകിനീ-
മരുത്തരളിതാലകാകുലലലാടചന്ദ്രദ്യുതി,

അകുങ്കുമകളങ്കിതോജ്ജ്വലകപോലമുൽപ്രേക്ഷ്യതേ
നിരാഭരണസുന്ദരശ്രവണപാശമുഗ്ദ്ധംമുഖം"

എന്നിങ്ങിനെ ഭവഭൂതിയുടെ രാമനും നിരാഭരണസുന്ദരിയായ സീതയെ വർണ്ണിക്കുന്നതു കാണുക. നിരാഭരണസുന്ദരമായ കർണ്ണയുഗളത്തിലും, അകുങ്കുമകളങ്കിതമായ പൃങ്കവിളിണയിലും, തെന്നലേററു ചലിക്കുന്ന കുറുകുന്തളങ്ങൾ വിയർപ്പണിഞ്ഞ മൃദുലഫാലത്തിൽ ചിന്നിക്കിടക്കുന്നതിലും രസികജനദൃഷ്ടികൾക്കു ആക്കും ദർശിക്കാവുന്ന വിലോചനാസേചനകമായ രാമണീയകവിശേഷമൊന്നുള്ളതു നിരീക്ഷണചതുരനായ ഭവഭൂതി സചേതസ്സുകളുടെ സങ്കല്പദൃഷ്ടിക്കു മുന്നിൽ ചിത്രീകരിച്ചു നിർത്തിയിരിക്കുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്തിട്ടുള്ളത്.

വൃക്ഷസേചനശ്രാന്തയായ ശകുന്തളയുടെ താൽക്കാലികമായ മധുരാത്രപത്തെ വിഭാവനാദൃഷ്ടിക്കു മുമ്പിൽ കണ്ട് ചമൽകൃതചിത്തനായിത്തീൻ വർണ്ണിക്കുന്ന രസികകുലശിഖാമണിയായ കാളിദാസൻെറ,

സ്രസ്താംസാവതിമാത്രലോഹിതതലൌ
ബാഹൂഘടോൽക്ഷേപണാ-
ദദ്യാപിസ്തനവേപഥുംജനയതി-
ശ്വാസഃപ്രമാണാധികഃ
ബദ്ധംകർണ്ണശിരീഷരോധിവദനേ
ഘർമ്മാംഭസാംജാലകം
ബന്ധേസ്രംസിനിചൈകഹസ്തയമിതാഃ
പര്യാകുലാമൂർദ്ധജാഃ

എന്ന പദ്യവും, അകൃത്രിമരമണീയമായ സൌന്ദര്യത്തെ എത്ര തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിരിക്കുന്നു എന്നു നോക്കുക. ഏററവും പ്രധാനമായിട്ടുള്ളതും, ഏററവും ആസ്വാദ്യമായിരിക്കുന്നതും എന്നാൽ ആരും കാണാതെ കിടക്കുന്നതുമായ ഒന്നിനെ എല്ലാവക്കും കാണിച്ചുകൊടുക്കുന്ന

തിലാണല്ലോ കവിവൎണ്ണനത്തിന്റെ വിജയം അടിയുറച്ചുനില്ക്കുന്നത്. ഇവിടെ ഉദാഹരിച്ച പദ്യങ്ങളെല്ലാം തത്തൽ കവികളുടെ തദ്വിഷയകമായ പ്രകൃതിനിരീക്ഷണത്തിലുള്ള ശക്തിയേയും വിനോദശീലത്തേയും നല്ലപോലെ വ്യഞ്ജിപ്പിക്കുന്നുണ്ട്.

ഭാസന്റേയും കാളിദാസന്റേയും നാടകങ്ങളിലെ കഥാപാത്രങ്ങൾ കുറെക്കൂടി ലൌകികച്ഛായയും തന്മയത്വവും ഉള്ളവരും, സന്ദൎഭങ്ങൾ തുലോം സ്വാരസ്യങ്ങളും ആകയാൽ അഭിനയയോഗ്യത അവക്കു അധികമുണ്ട്. ഭവഭൂതിയുടെ നാടകങ്ങൾക്കു അഭിനയയോഗ്യത കുറയുമെങ്കിലും അഗാധാലോചനാവിഷയത്വം എന്ന പ്രശംസനീയമായ ഒരു പ്രത്യേകതയുള്ളതായി കാണാം. ഭവഭൂതിയെപ്പോലെ ഇങ്ങിനെ മനശ്ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുകയും മനുഷ്യദുഃഖത്തിന്റെ വിവിധങ്ങളായ സൂക്ഷ്മഭാവങ്ങളെ ഗ്രഹിക്കുകയും ചെയ്തിട്ടുള്ള ഒരു കവി, ലോകത്തിൽ വേറെയില്ലെന്നുതന്നെ വേണം പറയുവാൻ. ഉത്തരരാമചരിതം പോലെ പ്രൌഢഗംഭീരവും എന്നാൽ കരുണമയവും ആയിട്ടുള്ള ഒരു നാടകം നിൎമ്മിക്കുവാനും, ജനകൻ, ശ്രീരാമൻ എന്നിവരെപ്പോലെയുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുവാനും, മനുഷ്യരുടെ സാത്വികങ്ങളായ മനോഭാവങ്ങളെ മുഴവൻ ഇളക്കിമറിച്ച് അവരേക്കൊണ്ട് തുടക്കം മുതൽ ഒടുക്കംവരെ കരയിക്കുവാനും ഇനിയൊരാൾ വേണമെങ്കിൽ അതിന്നു ഭവഭൂതിതന്നെ വീണ്ടും ഭവഭൂതിയായിട്ടു ജനിക്കേണ്ടിയിരിക്കുന്നു. ഇത്രയും പറഞ്ഞു ഈ വിസ്തരം നിൎത്തിയേക്കാം.

സംസ്കൃതരൂപകങ്ങളിൽ നാടകങ്ങൾ, പ്രകരണങ്ങൾ, ഭാണങ്ങൾ, എന്നിങ്ങിനെ മൂന്നുതരം പ്രബന്ധങ്ങളാണ് പ്രധാനങ്ങളായി കാണപ്പെടുന്നത്. നാടകങ്ങളിൽ ചക്രവൎത്തിസ്ഥാനം ശാകുന്തളത്തിനാണെങ്കിൽ പ്രകരണങ്ങളിൽ പ്രാഥമ്യം മൃച്ഛകടികത്തിനാകുന്നു. ഭവഭൂതിയുടെ മാലതീമാധവ

ത്തിനും, ഹർഷന്റെ രത്നാവലിക്കും മൃച്ഛകടികത്തോളം മെച്ചമില്ലതന്നെ. തിരുവിതാംകൂർ ഗവൺമെണ്ടിന്റെ ആഭിമുഖ്യത്തിൽപ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഭാസനാടകചക്രത്തിൽ ഉൾപ്പെട്ടുകാണുന്ന ചതുരങ്കമായ 'ചാരുദത്ത' നാടകത്തെ ചില്ലറയായ ചില മാററങ്ങൾ വരുത്തിയും, ആറങ്കങ്ങൾ അധികമായി കൂട്ടിച്ചേർത്തും രൂപാന്തരപ്പെടുത്തിയിട്ടുള്ള ഒരു കൃതിയാണ് മൃച്ഛകടികമെന്നാകുന്നു ചില സാഹിത്യചരിത്രജ്ഞന്മാരുടെ അഭിപ്രായം. മൃച്ഛകടികത്തിലെ കഥാവസ്തു തീരെ ലൗകികമാകയാൽ അഭിനയിച്ചാൽ അനുഭവപ്രതീതി അതിൽ അധികമുണ്ടായിരിക്കുമെന്നു തീർച്ചയാണ്. മുദ്രാരാക്ഷസം, അനർഘരാഘവം, വേണീസംഹാരം, നാഗാനന്ദം, ജാനകീപരിണയം മുതലായ മററുള്ള സംസ്കൃതരൂപകങ്ങൾ മിക്കവാറും ഗുണംകുറഞ്ഞ മൂന്നാംതരം കൃതികളാകയാൽ അവയ്ക്കു സഹൃദയന്മാരുടെ ഇടയിൽ പറയത്തക്ക പ്രചാരമൊന്നുമില്ല. പതിനൊന്നാംനൂററാണ്ടുമുതൽ തുടരെത്തുടരെയുണ്ടായ മുഹമ്മദീയാക്രമണങ്ങളുടെ ഫലമായുണ്ടായ പരിവർത്തനത്താലും ഹൈന്ദവരാജാക്കന്മാരുടെ അധഃപതനത്താലും സംസ്കൃതഭാഷയുടെ പ്രചാരം ചുരുങ്ങിച്ചുരുങ്ങി വന്നതോടുകൂടി സംസ്കൃതനാടകസാഹിത്യത്തിന്റെ വളർച്ച പെട്ടെന്നങ്ങോട്ടു നിൽക്കുകയാണുണ്ടായത്. കാവ്യനിർമ്മാണം,കവികളുടെ പാണ്ഡിത്യവിജൃംഭിതത്തിന്റെ പ്രകടനത്തിനും ബുദ്ധിശക്തികൊണ്ടുസർക്കസ്സുവിദ്യകൾ കാണിക്കുന്നതിനും ഉള്ള ഒന്നായിത്തീർന്നതും നാടകസാഹിത്യത്തിന്റെ അധഃപതനത്തിന്നു ഹേതുവായിത്തീരാതിരുന്നിട്ടില്ല.

സംസ്കൃതസാഹിത്യത്തിൽ അശുഭപര്യവസായി (Tragedy) കളായ പ്രബന്ധങ്ങൾ വളരെ വിരളമാണ്. വാത്മീകിരാമായണവും മഹാഭാരതവുമാകുന്ന ഇതിഹാസ കാവ്യങ്ങൾ മാത്രമേ അശുഭപര്യവസായികളായി കാണു

നുള്ളു. അവയുടെ അശുഭപര്യവസായിത്വംതന്നെയും പ്രശാന്തമായ ഒന്നാകയാൽ പാശ്ചാത്യസാഹിത്യങ്ങളിലുള്ള അശുഭപര്യവസായിഗ്രന്ഥങ്ങൾ വായിക്കുമ്പോളുണ്ടാകുന്നതുപോലെയുള്ള ഒരു ചിത്തവിക്ഷോഭം അവ വായിക്കുമ്പോളുണ്ടാകുന്നില്ലതാനും. ഭാസന്റെ ഊരുഭംഗം എന്ന നാടകം മാത്രം ശോകപരിണാമിയായി കാണുന്നതു് ഉത്സർഗ്ഗവിധിക്കുള്ള ഒരപവാദ (Exceptional) വിധിയായി വിചാരിക്കേണ്ടതേയുള്ളു. സംസ്കൃതസാഹിത്യത്തിലുള്ള ഗ്രന്ഥങ്ങൾ ആകമാനം ഇങ്ങിനെ ശുഭപര്യവസായി(Comedy) കളായിരിക്കുന്നതിനുള്ള കാരണം എന്താണെന്നുള്ളതു ചിന്തനീയമായ ഒരു സംഗതിയാണു്. ഇന്ത്യക്കാർ സാഹിത്യത്തിന്റെ പരമപ്രയോജനമായി ഗണിക്കുന്നതു കൃത്യാകൃത്യോപദേശത്തേയും ധർമ്മബോധത്തേയുമാകയാൽ, ഇന്ത്യൻ സാഹിത്യം 'ഐഡിയലിസം' എന്നു പറയുന്ന പരിപൂർണ്ണമാതൃകാധർമ്മത്തെയാണുപ്രതിനിധീകരിച്ചുകാണിക്കുന്നതു്. എങ്ങിനെയാണു് ഒന്നായിരിക്കുന്നതു് എന്നല്ലാ, എങ്ങിനെയാണു് ഒന്നായിരിക്കേണ്ടതു് എന്നാണു് പൌരസ്ത്യസാഹിത്യം കാണിച്ചുകൊടുക്കുന്നതു്. ഒരാൾ ഏതു വിധത്തിൽ ഇരിക്കുന്നു എന്നു കാണിച്ചുകൊടുക്കുമ്പോൾ ആയാളുടെ ഗുണദോഷസമിശ്രമായ സ്വഭാവവും, ശുഭാശുഭരൂപങ്ങളായ കർമ്മങ്ങളും, സുഖദുഃഖരൂപങ്ങളായ ജീവിതാനുഭവങ്ങളും ശരിക്കു വർണ്ണിച്ചു കാണിക്കുന്നതു അത്യാവശ്യമായിട്ടുള്ളതാണു്. എന്നാൽ ഒരാൾ ഏതു വിധത്തിലാണു് ആയിരിക്കേണ്ടതു് എന്നു കാണിച്ചുകൊടുക്കുമ്പോൾ ആ ആളുടെ ഗുണപൂർണ്ണമായ സ്വഭാവവും, ശുഭമായ കർമ്മവും, സുഖമയമായ അനുഭവവും മാത്രമെ വർണ്ണിക്കുവാൻ നിർവ്വാഹമുള്ളു. അപ്പോൾ ഒന്നു എങ്ങിനെയാണു് ആയിരിക്കേണ്ടതു് എന്നുള്ള അവസ്ഥ അല്ലെങ്കിൽ ഐഡിയലിസം എന്നതിനെ ഉപാധീകരിക്കുന്ന ഒരു സാഹിത്യത്തിനു്, ഉത്തമകഥാപാത്രങ്ങളെല്ലാം

ഒത്ത മാതൃകകളായിരിക്കുവാൻ യോഗ്യതയുള്ള നിലയിൽ വർണ്ണിക്കപ്പെടേണ്ടിവരുന്നതും, തന്നിമിത്തം അവരുടെ സൽപ്രവൃത്തികളെ കാണിച്ച് അവക്കു സന്തോഷമയങ്ങളായ സൽഫലങ്ങൾ ലഭിക്കുന്നതായി വർണ്ണിക്കേണ്ടിവരുന്നതുമാകുന്നു. മാതൃകാധർമ്മത്തെ ഉദാഹരിച്ചു കാണിക്കുവാൻ ഉദ്ദേശിച്ചു രചിക്കുന്ന ഒരു സാഹിത്യഗ്രന്ഥം അശുഭപര്യവസായിയും ശോകാന്ധവുമായിനിർമ്മിക്കപ്പെടുകയാണെങ്കിൽ, മാതൃകയായി ഉദ്ദേശിക്കുന്ന ഉത്തമകഥാപാത്രത്തിൻെറ സൽപ്രവൃത്തി ദുഷ്ഫലമായോ നിഷ്ഫലമായോപരിണമിക്കുന്നതായി കാണിക്കപ്പെട്ടിരിക്കുന്നതും, ആയതു ധർമ്മാധർമ്മങ്ങളുടെ സുഖദുഃഖഫലങ്ങളേപ്പററി വിധേയജനത്തിന്ന് അവിശ്വാസം ജനിക്കുവാൻഇടയാക്കിത്തീക്കുന്നതുമാകുന്നു. ഇതുകൊണ്ടാണ 'Idialism'എന്ന ധർമ്മത്തെ പുരസ്കരിക്കുന്ന ഭാരതീയസാഹിത്യത്തിൽഅശുഭപര്യവസായികളായഗ്രന്ഥങ്ങൾ ആവിർഭവിക്കാതെയിരുന്നിട്ടുള്ളതെന്നുവേണം വിചാരിക്കുവാൻ. ഒന്ന് എങ്ങിനെയിരിക്കുന്നു എന്ന അവസ്ഥ അല്ലെങ്കിൽ റിയാലിസം എന്ന ധർമ്മത്തെ പുരസ്കരിക്കുന്നപാശ്ചാത്യസാഹിത്യങ്ങളിൽ അശുഭപര്യവസായികളായ ഗ്രന്ഥങ്ങൾ ധാരാളം കാണുന്നതിന്നുള്ള കാരണവും ഇനി വിവരിക്കേണമെന്നില്ലല്ലൊ.

പൌരസ്ത്യർ ആസ്തികത്വത്തിലും മതവിശ്വാസത്തിലും പ്രത്യേകനിഷ്ഠയുള്ളവരാകയാൽ അവരുടെ വിചാരങ്ങളും സാഹിത്യവും ഏറക്കുറെ ആദർശപരങ്ങളും മാതൃകാധർമ്മാന്വേഷികളും ആയിരിക്കുന്നതു സ്വാഭാവികമാണ്. പൌരസ്ത്യരുടെ സാഹിത്യത്തിൻെറ, വിശേഷിച്ചു നാടകസാഹിത്യത്തിൻെറ, ഉൽപ്പത്തിതന്നെ മതത്തിൽനിന്നാകുന്നു. വൈദികകാലത്ത് യാഗക്രിയകൾ നടക്കുന്ന അവസരങ്ങളിൽ, യാഗശാലകളിൽവെച്ചു ഒരു വക ധർമ്മോപദേശപരമായ നാട്യവിദ്യ പ്രയോഗിക്കപ്പെട്ടിരുന്നുവെന്നും, അതാ

ണ് പിൽക്കാലത്തു പരിഷ്കരിച്ച നാട്യവിദ്യയായി പരിണമിച്ചതെന്നും, അതുകൊണ്ടു ഭാരതീയനാട്യകലയുടേയും സംസ്കൃതനാടകങ്ങളുടെയും ആഗമം മതത്തിൽനിന്നാണെന്നും ആണ് പ്രൊഫസർ കീത്ത് (Keith) മുതലായ പണ്ഡിതന്മാർ പറയുന്നത്. എന്നാൽ നാട്യകലയുടേയും നാടകങ്ങളുടേയും ആഗമം വൈദികമായിട്ടുള്ളതല്ലെന്നും, പൌരാണികവും ഐതിഹാസികവുമായിട്ടുള്ളതാണെന്നും ചില വിമർശകന്മാർക്ക് അഭിപ്രായമില്ലാതില്ല. ആദ്യം പറഞ്ഞ അഭിപ്രായമാണ് സർവ്വാത്മനാ യുക്തിയുക്തവും ആദരണീയവുമായിരിക്കുന്നതെന്നു പറയാം. പ്രൊഫസർ കീത്ത് എന്ന പണ്ഡിതൻെറ പക്ഷം, പണ്ഡിതപാമരപര്യന്തമുള്ള ജനസമുദായത്തെ മുഴുവൻ സ്വാധീനപ്പെടുത്തുവാൻ ഉദ്ദേശിക്കപ്പെടുന്നതായ നാടകസാഹിത്യം ഒരു മതരാജ്യമായ ഇന്ത്യയിൽ മതത്തിൽനിന്നു തന്നെ ഉണ്ടായിട്ടുള്ളതും ഐഡിയലിസത്തെ പുരസ്കരിക്കുന്നതും ആയിരിക്കുവാനെ യുക്തിയുള്ളു എന്താണ്.

മലയാളത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്ന നാടകസാഹിത്യം കേവലം സംസ്കൃതനാടക സാഹിത്യത്തേയോ, ഇംഗ്ലീഷ് നാടകസാഹിത്യത്തേയോ മാതൃകയാക്കിക്കൊണ്ടുള്ള ഒന്നായിരിക്കരുത് എന്നും, രണ്ടിൽനിന്നും നല്ലതു സ്വീകരിച്ചു സ്വതന്ത്രമായ ഒരു സ്വന്തം വഴിയിൽക്കൂടെ പുരോഗതി ചെയ്യുന്നതായിരിക്കേണം അതെന്നും ഇതിനു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. രസഭാവങ്ങളെ വിനിവേശിപ്പിക്കുന്നതിലുള്ള അടക്കം ചിട്ടയും മുഖപ്രതിമുഖാദിസന്ധികളുടെ ഉപാധികളും സംസ്കൃതത്തിൽനിന്നു സ്വീകരിക്കുന്നതു നന്നായിരിക്കും. രംഗസംവിധാനം, കഥാഗ്രഥനം, തുടങ്ങിയ പല ക്ലിപ്തങ്ങളും ഇംഗ്ലീഷുനാടകങ്ങളിൽനിന്നു പഠിക്കുവാനുണ്ട്. കരുണാരസമയങ്ങളായ അശുഭപര്യവസായിഗ്രന്ഥങ്ങൾക്ക തീർച്ചയായും മലയാളനാടകസാഹിത്യത്തിൽ സ്ഥാനം കല്പിക്കേണ്ട

താണ്. ശുഭപൎയ്യവസായികളായിരിക്കേണം നാടകഗ്രന്ഥങ്ങളെന്നും, വീരശൃംഗാരവ്യതിരിക്തങ്ങളായ രസങ്ങളെ അംഗികളായി കല്പിക്കുവാൻ പാടില്ലെന്നും മററുമുള്ള സംസ്കൃതക്കാരുടെ നിർബ്ബന്ധങ്ങളെ നിങ്ങൾ വകവെക്കേണ്ട ആവശ്യമില്ല. അനുഗൃഹീതകവിയായ ഭവഭൂതി മുതലായ മഹാരഥന്മാർപോലും ഇമ്മാതിരിയുള്ള നിബന്ധനകളെ അനുസരിച്ചുകൊണ്ട് അപകടത്തിൽ ചാടിയിരിക്കുന്നു. ഏകാന്തകരുണവും സ്വതവേ ശോകാന്ധവും ആയിട്ടുള്ള ഉത്തരരാമായണകഥയെ ശുഭപൎയ്യവസായിയാക്കിത്തീൎക്കുവാൻ വേണ്ടി ഭവഭൂതി, വായനക്കാർ തീരെ പ്രതീക്ഷിച്ചിട്ടില്ലാത്ത സീതാരാമന്മാരുടെ പുനസ്സമാഗമത്തെ വൎണ്ണിച്ചു, രാമായണകഥയുടെ പ്രശാന്തമായ അന്തിമഘട്ടത്തെ എത്ര വികൃതമാക്കിത്തീൎത്തു എന്നു നോക്കുക! കവികൾ യഥാസ്ഥിതികത്വം കൈക്കൊള്ളാതെ സ്വതന്ത്രമായി തങ്ങളുടെ കല്പനാശക്തിയെ വ്യാപരിപ്പിക്കുന്നപക്ഷം സമഞ്ജസമായ ഒരു നാടകസാഹിത്യം നമ്മുടെ ഭാഷയിൽ ഉണ്ടായിവരുന്നതിന് അധികകാലം പ്രതീക്ഷിച്ചിരിക്കേണ്ടി വരികയില്ല. ലാസ്യലളിതയും വൎണ്ണരൂപിണിയുമായ വാഗ്ദേവി അതിന് അനുഗ്രഹിക്കുമാറാകട്ടെ!

സി. ശങ്കുണ്ണിനായർ.

# പ്രേമരോമന്ഥം.

മാഞ്ഞതില്ലാ! വിജനമേ, മൽപ്രാണേശ്വരിവീണ്ടും
മാററണേകനിഞ്ഞൊന്നാമുഗ്ദ്ധതൻമൂടുപടം,
എത്രനേരമായ്കാണ്ണിക്കുന്നുഞാ;നെഴുതിക്കു-
കെൻകണ്ണിലൊന്നുകൂടിയദ്ദിവ്യസുഖാഞ്ജനം!

വന്നീടുംനിലാച്ചിരിയടക്കിക്കൊണ്ടുമെല്ലെ-
പ്പിന്നിൽച്ചെന്നെത്തിനോക്കുംനിശയെക്കണ്ടിട്ടാവാം,
വ്യോമമാംഫലകത്തിലേതാനും വരച്ചൊര-
ക്കാമുകരൂപംമാച്ചുപാഞ്ഞൊളിച്ചിതുസന്ധ്യ-

വെൺമുകിൽ മാലസ്സുള്ളിൽനിഭൃതംനിശീഥിനി
വെച്ചയച്ചൊരത്താരാലിപിയാംപ്രേമലേഖം
അഞ്ജസാകണ്ടുവായിച്ചാലോചിച്ചാലോചിച്ചു
പുഞ്ചിരിക്കൊൾവൂചന്ദ്രനാഹ്ളാദാൽചുററുംനോക്കി.

സാനന്ദമത്തുകിളുക്കുന്നതേനോക്കിനോക്കി
വാണിരുന്നൊരുതേന്മാവിൻെറതൈത്തടവെന്യേ
ചുംബനംചെയ്വൂതളിർച്ചുണ്ടുകൾകൊണ്ടുബോധം
തൻമെയ്യിൽച്ചാഞ്ഞുറങ്ങുമോമനലതികയെ!

മാഞ്ഞല്ലോവിജനമേ,മൽപ്രാണേശ്വരി;യൊന്നു
മാററണേദയചെയ്തുമൂശ്ചതൻമൂടുപടം!

പാവപ്പെട്ടൊരുയുവാവിൻെറപൂംകരളിൽനി-
ന്നാവത്തിച്ചാവത്തിച്ചുണ്ടിങ്ങിനെപുലമ്പുന്നു.

ഓമലാളൊത്തുവാണോരാനന്ദമയമാമ-
ക്കൌമാരമുൻപോയപ്പൂങ്കാവിൻനടക്കല്ലോ
ആശുവന്നടുത്തെന്തോകൊണ്ടുചെന്നാക്കിഗ്ഗൂഢ-
മാശുഗാതീതവേഗമാമൊന്നായുവിനെ!

കണ്ടമാത്രസ്സുറിഞ്ഞുവല്ലികളവരുടെ
കുഞ്ഞുതയാൻവാഴുംസ്വാമിനിതൻപ്രിയനെ
മിണ്ടുവാൻമാത്രമല്ലേവയ്യാസ്സയുള്ളതോഷം
കൊണ്ടവർപുളച്ചാടിക്കളിച്ചുബഹുവിധം!

തന്നുടെവരവുംകാത്തിരിക്കുംസ്വാമിപുത്രി-
തന്നെക്കണ്ടറിയാതെചെന്നുകൺപൊത്തീടവേ,

വീണ്കൈകനിരാലംബംതാഴെ,നോക്കുന്നുചുററും
കാണുന്നില്ലോമനയേ,പ്പൂങ്കാവുമില്ലങ്ങളും,
ഇളകീട്ടില്ലതാനംപ്പുഴവക്കത്തുനി,ന്നു-
ണ്ടിളിച്ചുകാട്ടീടുന്നുശൂന്യമാമൊരുലോകം!
ചിത്ര!മപ്പോഴിപ്പാവമാസ്വാദിച്ചിരുന്നതെ-
ന്തത്രയുംഹാഹാ!ഭൂതകാലത്തിൻരോമഹർഷമോ!!
ത്തുടങ്ങിനെടുവീർപ്പിൽതടഞ്ഞുതട,ഞ്ഞുററ-
മിടർപ്പൂണ്ടിഴഞ്ഞൊരക്കരുണാർദ്രനവീണ്ടും
മാഞ്ഞല്ലോവിജനമേ,മൽപ്രാണേശ്വരി;യൊന്നു
മാററണേയെച്ചസ്സാമുഗ്ദ്ധതൻമൂടുപടം!

രാമുണ്ണി.

# കോമപ്പൻ

(പച്ചമലയാളത്തിലുള്ള ഒരു ലഘുനിരൂപണം.)

പലതരം കമ്പം പലപ്പോഴും പലരേയും പിടിപെടാറുള്ളതുപോലെ ഒരിക്കൽ പച്ചമലയാളക്കമ്പം മലയാള എഴുത്തുകാരിൽ ചില തലയാളികളെയൊക്കെ പിടിപെടുകയുണ്ടായി. നമ്മുടെ വക മൊഴികൾ കൊണ്ട് ഉള്ളിൽ തോന്നുന്നതങ്ങനെ തന്നെ യാതൊരു കോട്ടവും കുറവും കൂടാതെ പറഞ്ഞറിയിപ്പാൻ ഒട്ടും തന്നെ പണിയില്ലെന്നോർത്തിട്ടാണിവരെല്ലാം ഇപ്പണിക്കു് കാപ്പു കെട്ടിയതെന്നു തോന്നുന്നില്ല. ഉള്ളുകള്ളികളെല്ലാമറിയുന്നവർക്കാർക്കും തന്നെ അങ്ങനെയൊരു ഉള്ളുണ്ടായിരിപ്പാനും തരമില്ല. തനി മലയാളത്തിൽ കൊള്ളാവുന്നവർ വല്ലതുമൊക്കെ എഴുതിയാൽ അതിന്നൊരു മോടിയും പുതുമയുമില്ലാതിരിക്കയില്ല.

എന്നുതന്നെയല്ല പണിയുടെ നന്മയും തിന്മയും തിരിച്ചറിവാൻ കഴിയുന്നവരൊക്കെ അതിനെ പുകഴ്ത്തുകയും ചെയ്യും. 'പച്ച മലയാള'ത്തിൽ വാനോർമൊഴി കൂടിക്കൂടെന്നല്ലാതെ വെള്ളക്കാരുടേയോ, തമിഴരുടേയോ, മററാരുടെയെങ്കിലുമൊ മൊഴികളുമൊക്കെച്ചേർപ്പാൻ തരക്കേടില്ലെന്നാണ് വെച്ചിട്ടുള്ളത്.

'പച്ച മലയാള'മെന്ന പേരിൽ "ഉള്ളൂരു, പീ. ജി, യൊടു, വുണ്ണി" തുടങ്ങി പല വമ്പന്മാരും ചിലതെല്ലാമെഴുതീട്ടുണ്ടെങ്കിലും അതിൽ 'കുണ്ടൂരി'നെപ്പോലെ മെച്ചം നേടിയവരാരുമില്ലെന്നുതന്നെവേണം പറവാൻ. നല്ല നോട്ടക്കാരൊക്കെ 'കുണ്ടൂരി'നെ കൊണ്ടാടുന്നവരാണ്. കഴിച്ചലിന്നുതന്നെ വളരെ ഞരുക്കമായ മലയാളമൊഴികൾകൊണ്ടു എല്ലാ തരത്തിലുമെഴുതുന്നതിന്നും, പലേ മട്ടിൽ ചെപ്പടിക്കളി കാണിക്കുന്നതിന്നും മേനവനവർകളേപ്പോലെ അറിവും നെറിവുമുള്ള പേരാരാൾമലയാളത്തിലില്ലതന്നെ. മേലേക്കിടയിൽ ഇതിന്റെ ഒരു നോട്ടം നോക്കി നന്മയും തിന്മയും വേർതിരിച്ചു കാണിപ്പാനുള്ള അറിവൊന്നും എന്നെപ്പോലെ എളിയ നിലയിലുള്ള ഒരാൾക്ക് ഉണ്ടാവാൻ തരമില്ലെന്ന് വായനക്കാരോട് പറഞ്ഞേ കഴിയുവെന്നില്ലല്ലോ. മേനവനവർകളുടെ പച്ച മലയാളത്തിൽ കണക്കിലേറെക്കമ്പം പിടിപെട്ടു കൊണ്ടാണ് ഞാനിപ്പണിയ്ക്ക് കാപ്പു കെട്ടിയതെന്ന് എന്റെ വായനക്കാരെ ഓർമ്മിപ്പിയ്ക്കുകയും ഇതിലുണ്ടാവാനിടയുള്ള വീഴ്ചകൾക്കും പോരായ്മകൾക്കും എനിക്കു മാപ്പു തരുവാൻ താഴ്മയോടു കൂടി അറിയിയ്ക്കയും ചെയ്യു കൊള്ളുന്നു.

"പച്ചമലയാള"ത്തിൽ 'കോമപ്പൻ' 'കണ്ണൻ' 'പാക്കനാരു' 'കൊച്ചിത്തമ്പുരാൻ' എന്നിങ്ങനെ നാലെണ്ണം അടങ്ങീട്ടുണ്ടെങ്കിലും അതിൽ ഒന്നാമത്തേതിനേക്കുറിച്ചാണിപ്പോളിവിടെ എഴുതുവാൻ പോകുന്നത്. 'ഊണും കഴി

ഞ്ഞിരവിലൊന്നു മുറുക്കി മിന്നൽ നാണിച്ചിടുന്ന മടവാരൊടുമൊത്തുമച്ചിൽ വാണീടുമപ്പോ'ഴാണ് മേനവനവർകൾ 'കോമപ്പ'നെക്കുറിച്ചു പറഞ്ഞു തുടങ്ങുന്നത്. അതു ചുരുക്കത്തിൽ താഴെ കാണുംപോലെയുമാണ്.

"പണ്ടു — എന്നു വെച്ചാൽ 'ശീമപ്പയറുമുറ'കളും വെടിമരുന്നും മററും ഈ നാട്ടിലെത്തുംമുമ്പു, 'പണ്ടുള്ള നല്ല പതിനെട്ടടവും പയററി''യ വളരെ പടയാളിത്തലവന്മാരുണ്ടാകയാൽ ഒട്ടേറെക്കേളികേട്ട കടത്തനാട്ടിൽ 'പാലാട്ടുനായന്മാ'രുടെയും 'ഒന്നുററുകുറുപ്പ'ന്മാരുടേയും പേരും പെരുമയും തികഞ്ഞ രണ്ടു തറവാടുകളുണ്ടായിരുന്നു. ഈ തറവാട്ടുകാർ പണ്ടേക്കുപണ്ടേ കുടിപ്പകയുള്ളവരാകയാൽ അവർ തമ്മിൽ വഴക്കിന്നല്ലാതെ കൊഴപ്പിന്നൊരിക്കലും വഴിയുണ്ടായിരുന്നില്ല. എന്നു തന്നേയല്ല അവർ കണ്ടാൽ കണ്ടേടത്തുവെച്ചെല്ലാം 'കടിപിടി' കൂടുകയും ചെയ്തിരുന്നു. ഇവർ നാടുവാഴികളായിരുന്നതിനാൽ ആ നാട്ടുകാരായ നായന്മാർക്കു രണ്ടു വീട്ടുകാരേയും അടിയന്തരങ്ങൾക്കു വരുത്താതേയും കഴിഞ്ഞിരുന്നില്ല. അന്നു 'പാലാട്ടു' 'കോമപ്പൻ' എന്നു പേരായ ഒരു ചെറുപ്പക്കാരനേ ഉണ്ടായിരുന്നുള്ളൂ; എന്നാൽ എതിരാളിവീട്ടിലാകട്ടെ മിടുമിടുക്കന്മാരായ ഏഴു പടയാളിത്തലവന്മാരുണ്ടായിരുന്നു. ഒരിക്കൽ അവിടെ അടുത്തുണ്ടായ ഒരു താലികെട്ടടിയന്തരത്തിന്നു നമ്മുടെ 'കോമപ്പൻ' ചെന്നുചേരുകയും, ആ വീട്ടുകാർ ആയാളെ 'നാടുവാഴിയ്ക്കൊന്നും കുറിയ്ക്കുമൊരു കട്ടിലി'ലിരുത്തുകയും ചെയ്തു. അപ്പോഴയ്ക്കും ഒരു ചെറുപ്പക്കാരിപ്പെണ്ണ് കോമപ്പന്റെ കണ്ണും കരളും കവന്നുകൊണ്ടു അതിലെ കടന്നുപോകയും അവൾ അയാൾക്കെതിരായിത്തന്നെ ഒരിടത്തിരിക്കുകയും ചെയ്യുന്നു. കുറച്ചുകഴിഞ്ഞപ്പോഴയ്ക്കും രണ്ടാളും തമ്മിലറിഞ്ഞു. 'മാററലർ മങ്ക'യാണിവളെന്നറിഞ്ഞു നായരുടേയും 'പാലാട്ടുനായരി'ലാണു താൻ കണ്ണുവെച്ചതെന്നോർത്തു ആ നല്ലാരിന്റേയും

നില തെല്ലൊന്നു പരുങ്ങലിലായി. എന്തിനേറെപ്പറയുന്നു? താലികെട്ടും കഴിഞ്ഞു; പിരിയേണ്ടവരും പിരിഞ്ഞു. കോമപ്പൻ പല ഒഴികഴിവുകൾകൊണ്ടും കരളടക്കി നിൎത്തുവാൻ നോക്കിയതെല്ലാം വെറുതെയാവുകയാൽ അയാൾ നാൾതോറും 'ഉണ്ണി' കുളിപ്പാൻ പോകുമ്പോൾ മരം മറഞ്ഞുനിന്ന് അവളെക്കണ്ടു കണ്ണും കരളും കുളിൎപ്പിയ്ക്കു പതിവായി. ഒരുനാൾ പതിവിൻപടി ഉണ്ണി കുളിപ്പാൻ വന്നു കാണായ്കയാൽ "അവൾ കുളിച്ചു കളിച്ച നീരിൽ പൊൽത്താർ പെറും മണമണിഞ്ഞൊരു കാറ്റുമേറ്റു" അയാൾ കുളിപ്പാൻ ചെന്നിറങ്ങുകയും, അപ്പോഴയ്ക്കും ഉണ്ണിച്ചിരിയെന്ന വീട്ടിലെ മറ്റൊരു പെണ്ണിനോടുകൂടി ഉണ്ണി അവിടെ എത്തിച്ചേരുകയും ചെയ്യുന്നു. 'ഉണ്ണിച്ചിരിയമ്മ'ക്കിതൊന്നും അത്ര പിടിച്ചില്ല. 'ചേലായിതെന്തൊരു കുറുമ്പിവിടത്തിലായോ പാലാട്ടുകാൎക്കു കുളി?' എന്നു വെച്ചു അവൾ വീട്ടിലേക്കു ആങ്ങളമാരോടു പറവാനായിപ്പോവുകയും, മേലാലുണ്ടാവാനിടയുള്ള തകരാറുകളോൎത്തു ഉണ്ണി അതെല്ലാം നായരോടു പറവാനായി കുളത്തിലേയ്ക്കിറങ്ങുകയും ചെയ്തു. താൻ വളരെ നാളായി ഇടവിടാതെ കൊതിച്ചുവരുന്ന ഉണ്ണി തന്നെത്താൻ കടവിലേക്കിറങ്ങിവരുന്നതു കണ്ടപ്പോൾ ഉള്ളിൽ തിങ്ങിവിങ്ങുന്ന വെമ്പലോടുകൂടി കോമപ്പനും അടുത്തുകൂടി. പൂവമ്പനും ചില പൂവമ്പുകളെടുത്തു പൂവില്ലിൽ തൊടുത്തു. "കോമങ്കലെത്തിടമൊരുങ്ങലോടുകോൾമയിക്കൊണ്ടാമങ്ക മണ്ണിലൊരു കാൽവിരലാൽവരച്ചു"കൊണ്ടു അടുത്തുണ്ടാവാനിടയുള്ള തകരാറുകളെക്കുറിച്ചെല്ലാം അയാളോടു പറഞ്ഞു. ഉശിരന്മാരുടെ മുടിക്കല്ലായ ആ പടയാളി നായരുണ്ടോ ഇതുകൊണ്ടൊക്കെ കുലുങ്ങുന്നു? 'പുല്ലാണെനിക്കു പടയാളികൾ നിൻ കടക്കൺതല്ലാണു തേന്മൊഴി തടുത്തിടുവാൻ ഞെരുക്കം' എന്നു പറഞ്ഞു ചിരിച്ചുംകൊണ്ടു നിന്നതല്ലാതെ അയാളൊരടിയും പിന്മാറിയില്ല. ഒടുവിൽ വളരെ പണിപ്പെട്ടു ഒരു

തരത്തിൽ തന്റെ കാർകൂന്തൽ കെട്ടഴിച്ച പിന്നിലേക്കിട്ട് കോമപ്പനെ അതിനുള്ളിൽ ഒളിപ്പിച്ചുനിൎത്തുകയും, അപ്പോഴക്കും ഉണ്ണികയറിയ കുറുപ്പന്മാർ അയാളെ കൊല ചെയ്വാനായി അവിടെ എത്തിച്ചേരുകയും ചെയ്യുന്നു. മൂത്ത കുറുപ്പ "എങ്ങോട്ടുകിങ്ങിവിടെവന്നൊരുനായർ?" എന്നായി. "ഇങ്ങോട്ടടുത്തുവരുമെന്നുടെമട്ടുകണ്ടിട്ടങ്ങോരുമാറിയുട"നെന്നും 'എന്റെ പിന്നിലവനങ്ങനെ പോയ്മറഞ്ഞു'വെന്നും ഉണ്ണി ശരിക്കു മറുവടിയും കൊടുത്തു. പൊണ്ണന്മാരായ കുറുപ്പന്മാൎക്കു ഇതിലൊളിഞ്ഞു കിടക്കുന്ന പൊരുളൊന്നും അറിവാൻ കഴിയാത്തതിനാലും, അരിശം അതിരു കവിഞ്ഞതുകൊണ്ടും അവർ നേരെ കിഴക്കോട്ടു കോമപ്പനെ പിടിപ്പാനോടി. ഈ തമാശ കഴിഞ്ഞപ്പോൾ ഊണും കഴിഞ്ഞാങ്ങളമാർ പോയാൽ എന്റെ വാതിൽ തുറന്നു കാണാമെന്നും അപ്പോൾ അവിടെ കാണണമെന്നും ഉണ്ണി പറഞ്ഞപോലെ അവർ പിരികയും, പിന്നീട്ടു കോമപ്പൻ രാവിൽ വാതില്ക്കലെത്തിച്ചേരുകയും ചെയ്തു. 'നേരം പുലൎന്നിട്ടുവതിന്നു കുറച്ചുടുത്ത നേരം'വരെ പൂവമ്പപ്പൂത്തുകളിയിൽ മാഴ്കിക്കിടന്നുറങ്ങിയിരുന്ന അവർ കാക്ക കരഞ്ഞപ്പോഴേ എഴുന്നീറ്റുള്ളു. ഉണ്ണി "ഉണ്ടാക്കിടാം പണ്ണിയുടുത്തിടുവാൻ മുഷിഞ്ഞുമുണ്ടാക്കിടേണ്ണമുടലിൽച്ചുളിചേൎത്തിടേണം, കണ്ടാൽ കണക്കിലൊരു പാണനിതെന്നുതോന്നിക്കൊണ്ടാൽ കുഴക്കുവരികില്ല വഴിക്കതെല്ലും" എന്നും പറഞ്ഞു അയാളെ പാണനാക്കി പുറത്താക്കി. ഇങ്ങനെയിരിക്കെ ഒരിക്കൽ ഉണ്ണിക്കു തീണ്ടാരിയായിരുന്നതിനാൽ അവൾക്കു മുണ്ടെടുത്തു കൊടുക്കുവാനായി ഉണ്ണിച്ചിരിയമ്മ ചെന്നു പെട്ടി തുറക്കുകയും അതിൽ കണ്ടെത്തിയ കോമപ്പന്റെ വാളും പലിശയുമെടുത്തു അവൾ ആങ്ങളമാൎക്കു കൊടുക്കുകയും ചെയ്യുന്നു. ആങ്ങളമാർ ഈ വാളും പലിശയും കോട്ടയ്ക്കലെ കുഞ്ഞിമരയ്ക്കാരുടേതാണെന്നും ഈ പെണ്ണിന്നു അവനുമായി ചുററ (ഒളിസേവ) മുണ്ടെന്നും,

അതുകൊണ്ടു തറവാടിൻെറ മേന്മക്കും കേൾവിക്കും പഴുക്ക പററിച്ച പെങ്ങളെ വെട്ടിനുറുക്കണമെന്നും തീച്ചയാക്കി. അപ്പോഴക്കും അവിടത്തെ അയൽനാട്ടിലുള്ളവനും പെൺകൊതിയനുമായ ഒരു വെളിച്ചപ്പാടു അവിടേച്ചാടിവീണ് 'ഇവളെക്കൊല്ലേണ്ട'ന്നും, 'അമ്പലത്തിലിരുന്നു പല നോൽമ്പുകളും നോററാൽ മതി' എന്നും പറഞ്ഞു പിരട്ടി കുറപ്പന്മാരുടെ കണ്ണിൽ പൊടി ഇട്ടു പെണ്ണിനെത്തട്ടിക്കൊണ്ടുപോയി. വെളിച്ചപ്പാടു പല അടവുകളും എടുത്തുനോക്കിയെങ്കിലും അതൊന്നും ഉണ്ണിയോടു പററിയില്ല. ഒടുവിൽ അയാൾ 'മാസ്റ്റാരെ നിന്നോടു ചേത്ത് അവനോടു ഞാൻ വേണ്ട മുതൽ കൈക്കലാക്കിക്കൊള്ളാ'മെന്നും പറഞ്ഞു വാതിലുമടച്ചു പൂട്ടി എങ്ങോട്ടോ പോയി. ഉണ്ണിക്കിപ്പോഴാണു കുനിൽക്കുരു കൂടിയായതു്. അവൾ ജനലിൽ കൂടി പുറത്തേക്കു നോക്കിയപ്പോൾ അവിടെ ഒരു 'വേലൻ' ഇരിക്കുന്നതു കാണുകയും, അവനെ വിളിച്ചു 'പാലാട്ടു കോമനൊരെഴുത്തു' കൊടുത്തയക്കുകയും ചെയ്തു.

രാവായപ്പോൾ 'മാലാമലക്കണകളാലുള്ളവായതാററാൻ' മാപ്പിള വന്നു അറയിൽ കടക്കുകയും ഉണ്ണി 'പാലാട്ടു കോമനുടെ പെണ്ണിവളെ'ന്നും,ഇനിയൊരടി മുമ്പോട്ടു വെച്ചാൽ നിയെൻെറ വാളിന്നുണ്ണായിപ്പോയേക്കുമെന്നും പറഞ്ഞു വാളുമൂലച്ചു നില്ക്കുകയും ചെയ്യുന്നു. പെണ്ണിൻെറ മുമ്പിൽ 'പന്തം കണ്ട പെരുച്ചാഴിയേപ്പോലെ' മിഴിച്ചുനില്ക്കുന്ന മാപ്പിളയെക്കണ്ടു പൊട്ടിച്ചിരിച്ചുകൊണ്ടു പെട്ടെന്നു കോമപ്പനും അവിടെ ചാടിവീണു. അവിടെ വെച്ചു അപ്പോഴുണ്ടായ പോരിൽ ആ മാപ്പിളത്തലവൻേറയും, കൂട്ടുകാരുടെയും, ചതിയൻ വെളിച്ചപ്പാടിൻേറയും തലകളറുത്തു് ആ പടയാളിത്തലവൻ പന്താടി. അങ്ങനെയിരിക്കുമ്പോൾ ഉണ്ണിയമ്മയുടെ ആങ്ങളമാരും വളരെ പടയാളികളും അവിടെ എത്തിക്കഴിഞ്ഞു. അപ്പോൾ ഉണ്ണി മുമ്പോട്ടു ചെന്നു

അതേവരെയുണ്ടായ എല്ലാ ഉള്ളുകള്ളികളും പറഞ്ഞറിയിക്കുകയും അവർ ചെയ്ത കുററത്തെയോത്തു കുറുപ്പന്മാർ വല്ലാത്ത അല്ലലിൽ പെടുകയും ചെയ്തു. കോമപ്പൻ ചെയ്ത നന്മക്കു പകരമായി അയാൾ അവരുടെ പെണ്ണുങ്ങളെ വേൾക്കണമെന്നു കുറുപ്പന്മാർ തീച്ചയാക്കുകയും, എല്ലാം അതുപോലെ തന്നെ നടക്കുകയും ചെയ്യുന്നു. ഇതാണു കോമപ്പൻെറ ചുരുക്കം"

ഇനി നമുക്കിതിലുൾപ്പെട്ടിട്ടുള്ളവരിൽ ഓരോരുത്തരേയും വെവ്വേറെ നോക്കി അവരുടെ നന്മയും, തിന്മയും തിരിച്ചറിയേണ്ടതുണ്ട്. ഒന്നാമതു് കോമപ്പനേത്തന്നെയെടുക്കാം. ഇയ്യാൾ പണ്ടത്തെപ്പടയാളിനായന്മാരുടെ ഒരൊന്നാന്തരം പകപ്പാണ്. ഇന്നത്തേപ്പോലെ അടിമത്തത്തിലകപ്പെട്ട് ആണത്തവും വിട്ട് വല്ല സക്കാർപ്പണിയിലും ഏപ്പെട്ടോ വല്ല കോടതിയുടേ മുക്കിലും ചെന്നിരുന്ന് കടലാസ്സെഴുതിത്തള്ളുന്ന ഗൃമസ്ഥാക്കളായോ അല്ല അന്നത്തേ ചെറുപ്പക്കാർ നാൾ കഴിച്ചിരുന്നത്. ചെറുപ്പത്തിലേ പല അടവുകളും പയററിയും എല്ല മുറിയേ, പണിയെടുത്തു പല്ലു മുറിയേ തിന്നും അവരൊക്കെ നല്ല ചോരക്കൊഴുപ്പും ആണത്തവും ഉള്ളവരായിത്തന്നേ വളന്നു വന്നു.

'കാളക്കുകാണുമൊരുതോളുകരിമ്പനാക്കു
കാളുംകുറുമ്പുകളയുന്നുടൽമാർവിരിഞ്ഞ്
നീളത്തിലുക്കുടയകൈകളുമായ്പടക്കു
കേളിപ്പെട്ടുംപടിവിളങ്ങുവിളങ്ങികോമൻ'

എന്നു മേനവനവർകൾ കോമപ്പനേക്കുറിച്ചെഴുതിട്ടുള്ളതിൽ, അന്നത്തെച്ചെറുപ്പക്കാരുടെ നിലയോത്താൽ ഒട്ടും തന്നെ കൂട്ടിപ്പറഞ്ഞിട്ടുണ്ടെന്നു കരുതുക വയ്യ. അയാൾക്ക് ഉണ്ണിയിലുള്ള ഉള്ളഴിവ് വെറും പുറംപൂച്ചല്ല. 'കുന്നുകാററടികളാൽ കുലുങ്ങി'ല്ലെന്നു കോമപ്പൻ പലേടത്തും തെളിയിച്ചിട്ടുണ്ട്.

മാപ്പിളക്കൂട്ടത്തോടു വലിയൊരു പോർ കഴിഞ്ഞു നില്ക്കേ പിന്നേയും പടക്കു പുറപ്പെട്ടുവന്ന മറെറാരു കൂട്ടത്തെക്കണ്ട പ്പോൾ ഇയ്യാൾ ഉണ്ണിയോടു പറയുന്നതു നോക്കുക:—

"വാളേ! തെളിഞ്ഞിടുക നിൻപണി തീന്നതില്ല
നാളേക്കു നിത്തിടുക നിൻെറയുറക്കമെല്ലാം
ആളേറെയുണ്ടിതാ പടക്കു വരുന്നു തേൻചൊ-
ല്ലാളേ! നിനക്കിനിയുമിന്നൊരു കാഴ്ചകാണാം."

മറെറാരിടത്തു് ഇങ്ങിനെ പറയുന്നു.

"തേടിക്കയത്തു പടയിൽപ്പലർ കൂടിവന്നാൽ-
ക്കൂടിക്കരുത്തുടയ കയ്ക്കിതു കൂസുകില്ല;
മോടിക്കു വേണ്ടിയരവാളിതെടുത്തതല്ല
പേടിക്കു വേണ്ട പിടമാൻമിഴി തെല്ലുപോലും."

"കയ്യുള്ള നാളിലിതിലിങ്ങൊരു വാളിരിക്കെ
മെയ്യുള്ള മാററലരിലാരുമെതിത്തടുത്താൽ
ഇയ്യുള്ളവന്നൊരു കുലുക്കവുമില്ലയെന്നു
നിയ്യുള്ളിലോക്ക കലരമ്പനെഴുന്ന വമ്പേ!"

ഉശിരുള്ള ഒരു പടയാളിത്തലവൻെറ കുലുക്കമില്ലാത്ത നിലയ്ക്ക ഇതിലുമേറെ നന്നാക്കി എഴുതിക്കാണിപ്പാൻ വേറെ യൊരാൾക്കു കഴികയില്ലെന്നു തീച്ചയായും പറയാം.

ഉണ്ണിയും തൻെറ നായക്കൊത്ത ഒരു പെണ്ണുതന്നേയാ ണു്. കോമപ്പൻ തകരാറു വല്ലതും പിണഞ്ഞേക്കുമെന്നു കണ്ട പ്പോൾ അവൾ കാണിക്കുന്ന തൻേറടം പുകഴ്ത്തത്തക്കതത്രെ. താൻ കരളുകൊണ്ടു വേട്ടിട്ടുള്ളതല്ലാതെ അടുത്തു പെരുമാറു ന്നതിന്നോ, ഒരിക്കലെങ്കിലും കോമപ്പനുമായി എന്തെങ്കിലും പറവാനോ ഇതേവരേയും അവൾക്കു കഴിഞ്ഞിട്ടില്ല. ഈ നി ലയിലാണു് ഉണ്ണിയമ്മ കുളക്കടവിലേക്കിറങ്ങിച്ചെന്നതും, കോമപ്പനോടു് തകരാറുകളെക്കുറിച്ചു പറയുന്നതും. ഉണ്ണിയു ടെ നിലയിലുള്ള ഒരു പെണ്ണിന്നു് ഈ പണി ചെയ്യാൻ ക ഴിയാത്ത ഒന്നുതന്നെയാണെന്നു അത്തരം പെണ്ണുങ്ങളുടെ മട്ടു

റിയുന്നവൎക്കൊക്കെയറിയാം. ഇങ്ങനേ തന്നെ അവൾ കോമപ്പനെ പാണനാക്കിപ്പറഞ്ഞയക്കുന്നതും, 'മരസ്സാരു'ടെ അടുത്തു നിന്നും മററും ഉശിരും തന്റേടവും കാണിയ്ക്കുന്നതും ആൎക്കും പുകഴ്ത്തത്തക്കതാണ്.

പെൺകൊതിയന്മാരായ വെളിച്ചപ്പാടിന്നും മരസ്സാൎക്കും അവരുടെ പണിയ്ക്കൊത്ത കൂലിതന്നെ കിട്ടി. കുറുപ്പന്മാർ ചോരത്തിളപ്പുകൊണ്ട് ഒരുതരം കണ്ണുകാണാത്തകൂട്ടരാണെങ്കിലും നല്ലവണ്ണം ഉള്ളലിവുള്ളവർ തന്നെയാണെന്നു വേണം പറവാൻ.

ഒരുതരം താണനിലയിലുള്ള 'വടക്കൻ പാട്ടിലെ കോമപ്പൻ' 'കുണ്ടൂരി'ന്റെ പേനയിൽക്കൂടി പുറത്തു വന്നപ്പോൾ മുത്തുച്ചിപ്പിയ്ക്കുള്ളിൽപ്പെട്ട മഴത്തുള്ളി കാണുന്നവരുടെ കണ്ണും കരളും കവരുന്ന മുത്തായിപ്പുറത്തുവരുംപോലെ ഇതാ എണ്ണിയാലൊടുങ്ങാത്ത നന്മയോടുകൂടി പുറത്തുവന്നിരിക്കുന്നു. ചില എഴുത്തുകാർ പല പഴമ്പാട്ടുകളുമെടുത്തു പലപ്പോഴും അയവിറക്കുന്നതും അതുകാണുന്ന നമുക്കൊക്കെ ഓക്കാനിക്കാൻ വരുന്നതും എപ്പോഴും പതിവാണല്ലോ. എഴുത്തുകാർ എഴുതുവാൻ തിരഞ്ഞെടുക്കുന്നത് പഴയതായതുകൊണ്ട് യാതൊരു തരക്കേടുമില്ലെന്നു തന്നെയല്ല, വേണ്ടതുപോലെ നന്നാക്കുവാൻ കഴിയുന്നവരാണെങ്കിൽ പഴയതുതന്നെയായിരിയ്ക്കും ഏറെ നന്നായിരിയ്ക്കുക എന്നുകൂടി മേനവനവർകൾ കോമപ്പനിൽ തെളിയിച്ചിട്ടുണ്ട്.

ഇങ്ങനെത്തന്നെ മൊഴികൾക്ക് അകത്തും പുറത്തും ഒരേ മാതിരി അണിവുകൾ ചേൎക്കുന്നതിൽ തനിയ്ക്ക് യാതൊരു കൂസലുമില്ലെന്നു മേനവൻ വേണ്ടപോലെ വെളിവാക്കിയിരിക്കുന്നു. നോക്കുക:—

'നേരുംമറച്ചുചിലതെന്നൊടുരച്ചുതഞ്ചം-
മേറുന്നുണിച്ചിരിതിരിച്ചുചതിച്ചുകൊൾവാൻ
ചേരുംചൊടിച്ചുടനെയാങ്ങളമാർകളേഴു-

പേരുംപിടിച്ചുപൊടികാച്ചണമെന്നുവെച്ചു. ൪൩

ഇതുപോലെത്തന്നെ താതൊരു തടവുമില്ലാതെ പാലാഴിയിലെത്തിരകൾ പോലെ അലച്ചുകൊണ്ടിരിക്കുന്ന മൊഴികളത്രെ നാം കോമപ്പനിൽ എങ്ങും കാണുന്നതു്. ഒരിടത്തെങ്കിലും മലയാളമൊഴിമങ്കയുടെ തൃത്താലിയായ 'എതുക' (ദ്വിതീയാക്ഷരപ്രാസം)യ്ക്കു് ഉടവോ, ചതവോ പററീട്ടില്ലെന്നും തീർത്തു പറയാവുന്നതാണു്; എന്നാൽ മേനവനവർകളുടെ 'പാക്കനാരിൽ' കാണുന്നതും

'ഉണ്ടോനേരത്തൂട്ടക്കുംതള്ളിരൊടമാടി-
യ്ക്കുംചൊടിക്കുംചൊടിയ്ക്കും
കൊണ്ടൽക്കേറെക്കൂട്ടക്കുന്നഴകുമൊരുമിട്ട-
ക്കുംമുടിയ്ക്കുംമുടിയ്ക്കും
കണ്ടാലുൾക്കാമ്പിടിയ്ക്കുന്നഴലുകിടപിടി-
യ്ക്കുംപിടിയ്ക്കുംപിടിക്കും
കൊണ്ടാടേണ്ടുംനടയ്ക്കുംമുടിയഴിയുമിട-
യ്ക്കൊന്നടിയ്ക്കുന്നടിയ്ക്കും

ഇത്തരത്തിലുള്ളതുആരെയും അമ്പരപ്പിക്കുന്നതുമായചെപ്പടിക്കളികൾ കോമപ്പനിൽ ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വായനക്കാർ ചുഴിഞ്ഞുനോക്കുംതോറും ഏറെയേറെ ക്കൊള്ളാമെന്നു തോന്നുന്ന പല ഇടങ്ങളും ഇതിൽ കാണാം; നോക്കുക:—

"കണ്ണിൽക്കവിഞ്ഞിട്ടമടപ്പുമെഴുന്നു കോമ-
നുണ്ണിയ്ക്കെഴും ചൊടിയിലിന്നതുപോലെയായാൽ
എന്നിൽക്കളിക്കുമിവനുള്ളിനിയെന്നു ചോര-
തന്നിൽക്കളിപ്പതിനു വാളുടനേതുടങ്ങി. ൧൦൨"

ഇതിൽ ഉണ്ണിയുടെ ചെഞ്ചൊടിയ്ക്കും കോമപ്പന്റെ കണ്ണിണയ്ക്കും നിറംകൊണ്ടു് വളരെ അടുപ്പമുണ്ടായതുകൊണ്ടാണു് അവർതമ്മിൽ ഇത്രയ്ക്കു കൊഴുപ്പെന്നോർത്തു, താനും ചുവന്ന നിറത്തിലായി കോമപ്പന്റെ കാൾ കവരുവാൻ വേണ്ട

വാൾ ചോരയിൽക്കളിപ്പാൻ തുടങ്ങുന്നതും, മററും മേനവന വർകളുടെ അതിരില്ലാത്ത തലച്ചോറിൻെറ മേന്മയെയാണ് കാണിക്കുന്നതെന്നല്ലാതെ മററൊന്നും പറവാൻ കാണുന്നില്ല.

ഒരേടത്തെങ്കിലും ഇതിൽ പൊരുളില്ലാത്ത മൊഴികളോ, വല്ല പൊട്ടോ, പൊടിയോ വെച്ച് വിടവടക്കേണ്ടിവന്നിട്ടില്ല. ചിലേടത്തു കുറച്ചൊക്കെ ചായ്ച്ചും ചരിച്ചും വെക്കേണ്ടിവന്നിട്ടുണ്ടെന്നു പറയാതെ കഴികയില്ല.

"ഇച്ചട്ടമോത്തൊരിടമുള്ളൊരു താലികെട്ടി-

നായ്ചെന്നു കോമനിണയാകിയ ചാപ്പനോടും. ൧൪"

ഇവിടെ "താലികെട്ടി—നായ്ചെന്നു" കയറിയതു് തീരെ പ്പററിയില്ലെന്നാണ് ചിലർ പറയുന്നത്.

"തീവെച്ചപോലുയിർചുടും നെടുവീപ്പിനാൽ ക-

ണ്ണീർ വാച്ച കോമനതുമുള്ളിലൊതുക്കിതാനും. ൧൯"

എന്നു വായിക്കുമ്പോൾ വായനക്കാക്കും 'കണ്ണീർ വാച്ച' പോകുന്നുവെന്നും, അവർ പറയാതിരിക്കുന്നില്ല. 'കാ—ണ്മാനേറെ വെമ്പലൊടണഞ്ഞ' (൩൭)തു് ഒരുമട്ടിൽക്കഴിച്ചുകൂട്ടാമെങ്കിലും 'ഇപ്പാടിവൻെറ തറവാട്ടടനേ കുളംകോ—രിപ്പാനൊരുങ്ങലൊടിറങ്ങിയ' (൧൧൪)തു് വലിയ ഒരു പുറപ്പാടുതന്നെയായിപ്പോയെന്നും ആവലാതിയുണ്ട്.

'.................. .......... ..........................കോമനോ ഇ-

ങ്ങോട്ടുകേറിവരികെന്നുവരുന്നതല്ല. ൯' എന്നും

'മൊട്ടുക നമ്മുടെ ചൊടിപ്പറിയിക്കുവാന-

ങ്ങോട്ടുക കേറിവരികെന്നുവരുന്നതല്ല. ൯൭' എന്നും എഴുതിയതു ഓട്ടയടപ്പാനുംകൂടി ഒരു വകയാണെന്നു പറയുന്നവരും ഇല്ലാതെയില്ല.

ഇങ്ങിനെ ഒടിച്ചുകുത്തുന്ന പണി വളരെ നല്ലതാണെന്ന് എനിക്കും തോന്നുന്നില്ല; എന്നാലങ്ങിനെ ചെയ്യുന്നതുകൊണ്ടു കൂടുതൽ മെച്ചം കിട്ടുമെങ്കിൽ അതു ചെയ്യുവരെ

കൊഞ്ഞനംകാണിക്കുന്നതെന്തിനാണെന്നറിയുന്നില്ല.

ആളുകളുടെ കരളിന്റെ പോക്കിനെക്കുറിച്ചും, അതിന്നു പലപ്പോഴും ഉണ്ടാവാനിടയുള്ള മാററത്തെപ്പററിയും അറിഞ്ഞുകൂടാത്ത എഴുത്തുകാരുടെ പുറപ്പാട് തോൽമയിൽ കലാശിപ്പാനാണെളുപ്പം. മേനവനവർകൾക്കു ഇതുകൾ ഒന്നാന്തരമായറിയാമെന്ന് ഇതിലെ പലേടങ്ങളും വിളിച്ചുപറയുന്നുണ്ട്. നോക്കുക:—

‘നില്ലെന്നുപേടി, മലരമ്പനടുത്തുചെല്ല-
ചെല്ലെന്ന്,പേടിയതുവയ്യ വരട്ടെ;യെന്ന്
ചൊല്ലെന്നുടൻ കൊതിയു,മൊന്നുമുരക്കുവാനാ-
ളല്ലെന്നുപിന്നെയവനൊന്നു പരുങ്ങിനിന്നു. നന.’

കോമപ്പനും ഉണ്ണിയുംകൂടി ഒന്നാമതായി കുളക്കടവിൽവെച്ചു കണ്ടുമുട്ടുമ്പോഴുള്ള അയാളുടെനിലയാണല്ലോ ഇവിടെ പകത്തിയിരിക്കുന്നത്. പല തരത്തിൽ അയാളുടെ കരൾ കിടന്നോളംതുള്ളുന്നതും, അതുകൊണ്ടുണ്ടാകുന്ന പരുങ്ങലും ഇതിലുംനന്നായി എഴുതിക്കാണിപ്പാൻ മററാക്കെങ്കിലും കഴിയുമൊ എന്ന് കണ്ടുതന്നെ അറിയേണ്ടതാണ്. നമുക്കു മറെറാരിടത്തുകൂടി നോക്കാം:—

‘പോയീ കുറുപ്പുമതുകേട്ടവരെപ്പിടിപ്പാ-
നായിട്ടു മററവരൊടൊത്തു കിഴക്കുനോക്കി
ആയീ തൊടാസ്സുരുതിതെങ്ങിനെയാണിവണ്ണ-
മായീടിലെന്നുടനെയുണ്ണിയുമൊന്നകന്നു. നന.’

വലിയ തകരാറുകളിൽപ്പെട്ടു കുഴങ്ങി വലയുമ്പോൾ ആളുകളവരുടെ മററു നിലകളെല്ലാം കുറെ നേരത്തേക്കു മറന്നുവെന്നു വരാം; എന്നാൽ ആ തകരാറുതീന്നുകഴിഞ്ഞാൽപ്പിന്നെ മുമ്പേത്തേപ്പോലെത്തന്നെ അവരുടെ മററു നിലകളും തിരികെ വന്നുചേരുന്നു. ഇതാണ് മേൽ എടുത്തു കാണിച്ചതിൽ ഒടുവിലത്തെ രണ്ടുവരിയിൽ മേനവനവർകൾ കാണിച്ചിരിക്കുന്നത്. കുറുപ്പന്മാർ കോമപ്പനെ കൊലചെയ്യാൻ

ഓടിയെത്തിയപ്പോൾ പെട്ടെന്നു് ഉണ്ണിയമ്മ അയാളെ കാർകുന്തലിന്നുള്ളിലൊളിപ്പിച്ചുവെച്ചുവെങ്കിലും, അവർ പോയപ്പോഴെക്കും ആ യമ്മയുടെ കൂടപ്പിറപ്പായ നാണവും മററും മുമ്പേത്തെപ്പോലെത്തന്നെ വന്നുകഴികയും 'അയ്യീ തൊടാസ്സരുതിതെങ്ങിനെയാണിവണ്ണമായീടി?'ലെന്നൊക്കെ ആവലാതിപറവാൻ തുടങ്ങുകയും ചെയ്യുന്നു. പണ്ടുതന്നെ യാതൊരു കുലുക്കവുമില്ലാത്ത നമ്മുടെ കോമപ്പൻ കുറുപ്പന്മാർപോയപ്പോൾ അടുത്തുകിട്ടിയ ഈ തരത്തെ വെറുതെ കളവാൻ കഴികയില്ലെന്നുവെച്ചു് എന്തൊക്കെയൊ വഷളത്തങ്ങൾ ചെയ്യാൻ തുടങ്ങിയെന്നും മുൻകാണിച്ച വരികളിൽനിന്നു തെളിയുന്നുണ്ടല്ലോ. നമുക്കു കണ്ണുണ്ടെങ്കിലും നാം എല്ലാം കാണുന്നില്ല. തെളിഞ്ഞുകിടക്കുന്നവ തന്നെയാണെങ്കിലും പലതും നമ്മുടെ കണ്ണുകൾക്കു ഒളിവിൽത്തന്നെ ഇരിക്കുന്നേയുള്ളു. അറിവുംനെറിവുമുള്ള മിടുക്കന്മാരായ എഴുത്തുകാർ അവരുടെ കണ്ണുകൾകൊണ്ടു് വേണ്ടമാതിരി കാണുകയും, കണ്ടവയെ നമുക്കു കൂടി കാണിച്ചുതരികയും ചെയ്യുന്നു. കുറുപ്പന്മാർ കുളക്കരയിൽനിന്നു പോയപ്പോൾ അവിടെ ചില നേരമ്പോക്കുകൾ നടന്നതു നാം കാണുന്നില്ല; എന്നാൽ മേനോനവർകൾ അതൊക്കെക്കണ്ടുപിടിക്കുകയും, അവയെ നമുക്കുകൂടിക്കാണിച്ചുതരികയും ചെയ്യുന്നു. ഇനി നമുക്കു് വേറൊരിടത്തുകൂടി നോക്കാം:—

'പററീലെനിക്കൊരുപതുക്കെ പയററിലൊന്നും-
തെററീല ചോരയിതു കാണുവതെൻെറയല്ല;
തെററീടുകില്ലിവനൊരമ്പതുപേർ മരസ്സോ-
രേററീടിലെന്നടവിലുണ്ണിയെ നോക്കി കോമൻ. ൧൦൭

വല്ലരെപ്പോരാളികളുടെ തലയരിഞ്ഞു് വാളിലെച്ചോരയും തുടച്ചു് വരുന്ന കോമപ്പൻ തൻെറ കാമനയെ നോക്കുന്ന ആ ഒരു നോട്ടം നാമും കണ്ടുവെന്നുവരാം; എന്നാൽ ആ ഒരു നോട്ടത്തിൽ ഈ മാതിരിയുള്ള പൊരുളുകളെല്ലാം ഒളിഞ്ഞു

കിടക്കുന്നുണ്ടെന്ന് മേനവൻ പറയുമ്പോളാണ് നമ്മളും തല കലുക്കുവാൻ തുടങ്ങുന്നത്. ഈ തരത്തിലെല്ലാം ആഴത്തിലാണ്ടുകിടക്കുന്ന പൊരുളിനെ കണ്ടുപിടിക്കുകയും, അതിനെ മററോരാൾക്കും കഴിയാത്തവണ്ണം അത്രയും മെച്ചമായി നമുക്കു പറഞ്ഞുതരികയും ചെയ്യുന്ന കണ്ണിന്റെ കൂർമ്മതയേയോ, നാക്കിന്റെ ഊക്കിനേയോ, ഏതിനെയാണേറെപ്പുകഴ്ത്തേണ്ടതെന്നറിയുന്നില്ല. ഏതായാലും കുഞ്ഞൂരിന്റെ പേനയുടെ മുമ്പിൽ, ഇങ്ങിനെ പലേടങ്ങളിലും കാണിച്ച പണികൾ കാണുമ്പോൾ ആരുടെ തലയും താണുപോകാതിരിക്കയില്ല, തീർച്ചതന്നെ.

കേൾക്കുമ്പോൾത്തന്നെ തോന്നുന്ന പൊരുളിന്നു പുറമെ, ഒളിഞ്ഞുകിടക്കുന്ന പൊരുൾ വേറെയുണ്ടായിരിക്കേണമെന്നും, അങ്ങിനെയുള്ള മൊഴികൾക്കാണ് ഏറെ മെച്ചമെന്നുമാണ് കൊള്ളാവുന്നവരിൽപ്പലരും പറയുന്നത്. ഇങ്ങിനത്തെ മൊഴികൾ ഇതിൽ വളരെ എടുത്തു കാണിപ്പാനുണ്ട്; എന്നാൽ അവയും, വേറെ ഒരു നോട്ടക്കാരൻ തീർച്ചയായും ചൂണ്ടിക്കാണിക്കുണ്ട മററു പല ഇടങ്ങളും എനിക്കിവിടെ വിടേണ്ടിവന്നിരിക്കുന്നു. എന്റെ അറിവില്ലായ്മകൊണ്ടും, ഉള്ളിൽത്തോന്നുന്നതു തുറന്നു പറവാൻ ഏതുതരത്തിൽ നോക്കിയാലും വഴി കാണാത്തതിനാലും, ഈ ആവാത്തപണിക്കു ചാടിപ്പുറപ്പെട്ടതിന്ന് വായനക്കാരോടു ഒരിക്കൽക്കൂടി മാപ്പിന്നായി താണിരന്നുംകൊണ്ട് ഇതിനെ ഇവിടെ നിർത്തിക്കൊള്ളുന്നു.

കുറുവാൻതൊടിയിൽ ശങ്കരനെഴുത്തച്ഛൻ.

UNIVERSITY LIBRARY
27.APR.1935
MADRAS